ബൈബിൾ തീർത്ഥാടനം 12

MAR LOUIS PUBLICATIONS

## സാമൂഹ്യനീതിയുടെ പ്രവാചകൻ

# ആമോസ്



ഡോ. മൈക്കിൾ കാരിമറ്റം




തലശ്ശേരി അതിരൂപതയിലെ വൈദികൻ. 1942ൽ ജനനം. 1968ൽ റോമിൽവച്ച് പൗരോഹിത്യം സ്വീകരിച്ചു. 1979ൽ റോമിലെ പൊന്തിഫിക്കൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ബൈബിളിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ഇപ്പോൾ മേരിമാതാ മേജർ സെമിനാരിയിൽ പ്രൊഫസറായി സേവനമനുഷ്ഠിക്കുന്നു.

ഡോ. മൈക്കിൾ
കാരിമറ്റം


ബൈബിൾ തീർത്ഥാടനം 12

# ആമോസ്

"സാമൂഹ്യനീതിയുടെ പ്രവാചകൻ" എന്നാണ് ആമോസിനെ സാധാരണയായി വിശേഷിപ്പിക്കുക.
"നീതി ജലം പോലെ ഒഴുകട്ടെ, സത്യം ഒരിക്കലും വറ്റാത്ത നീർച്ചാൽ പോലെയും" (ആമോസ് 5:24)
എന്ന ആഹ്വാനം പ്രവാചകസന്ദേശത്തിന്റെ രത്നച്ചുരുക്കമായി പരിഗണിക്കപ്പെടുന്നു. ഇസ്രായേൽ ജനത്തെ ദൈവവചനം അറിയിക്കുകയും മാനസാന്തരത്തിന് ആഹ്വാനം ചെയ്യുകയും, വഴിമാറിയില്ലങ്കിൽ വരാൻപോകുന്ന ഭീകരദുരന്തത്തെക്കുറിച്ച് ശക്തമായ താക്കീതു നല്കുകയും ചെയ്ത പ്രവാചകന്മാരുടെ നിര ആമോസിൽ ആരംഭിക്കുന്നു. അതിനാൽ
ബൈബിൾ തീർത്ഥാടന പരമ്പരയിൽ പ്രവാചകന്മാരുടെ പഠനം ആമോസിൽത്തന്നെ തുടങ്ങുന്നു.


**Mar Louis Publications**
Broadway, Ernakulam, Kochi - 682 031
Ph: 0484 - 2352110
website:www.marlouiskochi.com
e-mail:mlbookcentre@gmail.com
mlpekam@gmail.com

ISBN 978-81-950096-7-1

ബൈബിൾ തീർത്ഥാടനം - 13

# ആമ്മോസ്

മൈക്കിൾ കാരിമറ്റം

AMOS
(Malayalam)
Michael Karimattam

Printed & Published by
Divine Printers & Publishers
Muringoor P.O. Chalakudy
Ph : 0488 - 842513, 843413
First Published : July 1998
Copy right : The author
All Rights Reserved
No Part of this book may be reproduced in any from
without the written permission of the Author
Price Rs. 30.00

# ഉള്ളടക്കം

**ആമുഖം** **പേജ്**

**പ്രവാചകഗ്രന്ഥങ്ങൾ - ആമോസിന്റെ പുസ്തകം**

**ഭാഗം ഒന്ന്**
**പൊതുനിരീക്ഷണങ്ങൾ**

1. **ചരിത്രപശ്ചാത്തലം**
   രാഷ്ട്രീയതലം - സാമ്പത്തികതലം -
   സാമൂഹികസംവിധാനം - മതസംവിധാനം.
2. **ആമോസിന്റെ വ്യക്തിത്വം**
3. **ആമോസിന്റെ സന്ദേശം**
   യാഹ്വേ - ഇസ്രായേൽ ജനം
4. **വിഭജനം**

**ഭാഗം രണ്ട്**
**വ്യാഖ്യാനം**

**ആമുഖം 1,1-2**

1. **ജനതകളുടെ മേൽ ശിക്ഷാവിധി 1,3-2,16**
   **a.** **പൊതുനിരീക്ഷണങ്ങൾ**
   രൂപഘടന - പ്രധാനാശയങ്ങൾ
   **b.** **കുറ്റവും ശിക്ഷയും**
   ഡമാസ്കസ് - ഗാസാ - ടയിർ - ഏദോം -
   അമ്മോൻ - മൊവാബ് - യൂദാ - ഇസ്രായേൽ

**2. ഇസ്രായേലിന്റെ അതിക്രമങ്ങൾ 3,1–6,16**

1. പ്രത്യേക പരിഗണന – ഉത്തരവാദിത്വം 3,1–15
2. താക്കീതു വകവയ്ക്കാത്തവർ 4,1–13
   ബാഷാൻ പശുക്കൾ – പാപമായിത്തീരുന്ന ആരാധന – വിഫലമായ താക്കീതുകൾ – കർത്താവിന്റെ സന്ദർശനം

**3. വിലാപഗാനം 5,1–17**

വിലാപഗാനം – ആഹ്വാനം, വാഗ്ദാനം – കുറ്റാരോപണം – കീർത്തനം – കുറ്റവും ശിക്ഷയും – ആഹ്വാനം – വാഗ്ദാനം – വിലാപം –

**4. കർത്താവിന്റെ ദിവസം 5,18–27**

കർത്താവിന്റെ ദിവസം – മതാനുഷ്ഠാനങ്ങളും സാമൂഹ്യനീതിയും

**5. അഹന്തയുടേയും ധൂർത്തിന്റേയും അന്ത്യം 6,1–14**

അഹങ്കാരികളുടെ ധൂർത്ത് – അഹന്തയുടെ അന്ത്യം

**3. ദർശനങ്ങൾ 7,1–9,10**

1. ഒന്നാം ദർശനം – വെട്ടുക്കിളിപ്പറ്റം 7,1–3
2 രണ്ടാം ദർശനം – സംഹാരാഗ്നി 7,4–6
3. മൂന്നാം ദർശനം – തൂക്കുകട്ട 7,7–9
4. പ്രവാചകനു മുടക്ക് 7,10–17
5. നാലാം ദർശനം – ഗ്രീഷ്മഫലങ്ങൾ 8,1–3
6. അത്യാഗ്രഹികളുടെ അന്ത്യം 8,4–14
7. അഞ്ചാം ദർശനം – മാറ്റമില്ലാത്ത വിധി 9,1–10

**അനുബന്ധം**

**ഇസ്രായേലിന്റെ പുനരുദ്ധാരണം 9,11–15**

# ആമോസ്

## ആമുഖം

ബൈബിൾ തീർത്ഥാടനം ഒരു പുതിയ ഘട്ടത്തിലേക്ക് പ്രവേശിക്കുയാണ്. കഴിഞ്ഞ പന്ത്രണ്ടു ലക്കങ്ങളിലായി പ്രപഞ്ചോൽപത്തി മുതൽ ബാബിലോൺ പ്രവാസം വരെയുള്ള രക്ഷാചരിത്രത്തിന്റെ വിവരണമാണ് അവതരിപ്പിച്ചത്. രക്ഷാകരപദ്ധതി ഘട്ടം ഘട്ടമായി ചുരുൾ വിടരുന്നതു നാം കണ്ടു. ഉല്പത്തി മുതൽ ദിനവൃത്താന്തം രണ്ടാം പുസ്തകം വരെയുള്ള പതിനാലുപുസ്തകങ്ങൾ മുഖ്യമായും ചരിത്രപുസ്തകങ്ങളാണ്. ബാബിലോണിലെ അടിമത്വത്തിൽ നിന്നു മടങ്ങിവന്ന ഇസ്രായേൽ ജനത്തിന്റെ ഗതിവിഗതികളിലൂടെ  കടന്ന് യേശുക്രിസ്തുവിൽ എത്തിനില്ക്കുന്ന പഴയനിയമചരിത്രം എസ്രാ, നെഹമിയ, തോബിത്ത്, യൂദിത്ത്, എസ്തേർ , 1,2 മക്കബായർ എന്നീ ഏഴു പുസ്തകങ്ങളിൽ വിവരിക്കുന്നുണ്ട്. ആ ചരിത്രം അപഗ്രഥിക്കുന്നതിനുമുമ്പേ പഴയനിയമത്തിന്റെ വളരെ പ്രധാനപ്പെട്ട മറ്റൊരു ഭാഗമായ പ്രവാചകഗ്രന്ഥങ്ങളിലേക്ക് ശ്രദ്ധ തിരിക്കുകയാണ്.

### 1. പ്രവാചകഗ്രന്ഥങ്ങൾ

ഇരുവരെ പഠിച്ച ചരിത്രഗ്രന്ഥങ്ങളിൽത്തന്നെ, പ്രത്യേകിച്ചും രാജഭരണത്തിന്റെ ആവിർഭാവം മുതൽ പ്രവാസം വരെയുള്ള ആറുപുസ്തകങ്ങളിൽ നാഥാൻ, ഏലിയാ, ഏലീഷാ, മക്കായ, മുതലായ അനേകം പ്രവാചകന്മാരെ നാം കണ്ടുമുട്ടുകയായി. ജോഷ്വാ മുതൽ 2 രാജാക്കന്മാർ വരെയുള്ള ആറു പുസ്തകങ്ങൾ ആദികാല പ്രവാചകന്മാർ എന്ന പേരിലാണ് അറിയപ്പെടുന്നത് എന്ന് നാം കണ്ടു. ഈ ഗ്രന്ഥങ്ങളിലെല്ലാം പ്രവാചകന്മാരുടെ പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം നല്കിയിട്ടുള്ളത്. അവരുടെ പ്രബോധനങ്ങൾ ചുരുക്കമായേ അവതരിപ്പിച്ചിട്ടുള്ളൂ. എന്നാൽ പ്രവാചകന്മാരുടെ പ്രബോധനങ്ങൾ സമഗ്രമായി അവതരിപ്പിക്കുന്ന പതിനെട്ടു പുസ്തകങ്ങൾ ബൈബിളിലുണ്ട്. അവയിൽ ബാറൂക്ക്, വിലാപങ്ങൾ എന്നീ രണ്ടു പുസ്തകങ്ങൾ ഒഴികെ ബാക്കിയുള്ളവ

യെല്ലാം ഓരോ പ്രവാചകന്റെ പേരിലാണ് അറിയപ്പെടുന്നത്.

ഈ പതിനാറു പ്രവാചകന്മാരെ പൊതുവെ രണ്ടു ഗണമായി തിരിക്കാറുണ്ട്. ആദ്യഗണത്തെ വലിയപ്രവാചകന്മാർ എന്നും രണ്ടാം ഗണത്തെ ചെറിയ പ്രവാചകന്മാർ എന്നും വിളിക്കുന്നു. ഏശയ്യ, ജറമിയ, എസക്കിയേൽ, ദാനിയേൽ എന്നിവയാണ് ആദ്യഗണത്തിലുള്ളത്. ബാക്കിയുള്ള ഗ്രന്ഥങ്ങളെ "പന്ത്രണ്ടു ചെറിയ പ്രവാചകന്മാർ" എന്ന് വിളിക്കുന്നു. പ്രബോധനത്തിന്റെ പ്രാധാന്യത്തേയോ, വ്യക്തികളുടെ മാഹാത്മ്യത്യേയോ, അവർക്ക് രക്ഷാചരിത്രത്തിലും ദൈവികവെളിപാടിലുള്ള പങ്കിനെയോ അല്ല, മറിച്ച് പുസ്തകങ്ങളുടെ ദൈർഘ്യത്തെമാത്രം ആസ്പദമാക്കിയാണ് വലുത്, ചെറുത് എന്ന വിശേഷണം നല്കിയിരിക്കുന്നത്. 66 അദ്ധ്യായങ്ങളുള്ള ഏശയ്യായുടെ പുസ്തകമാണ് പ്രവാചകഗ്രന്ഥങ്ങളിൽ ഏറ്റം വലുത്. പ്രവാചകഗ്രന്ഥങ്ങൾ ബൈബിളിൽ ചേർത്തിരിക്കുന്നതും പുസ്തകങ്ങളുടെ ദൈർഘ്യത്തിന്റെ ക്രമത്തിലാണ്. അങ്ങനെ ഏശയ്യായുടെ പുസ്തകം ആദ്യമേ വരുന്നു. തുടർന്ന് 56 അധ്യായങ്ങളുള്ള ജറമിയ, 48 അധ്യായങ്ങളുള്ള എസക്കിയേൽ, 14 അധ്യായങ്ങളുള്ള ദാനിയേൽ.

വലിയ പ്രവാചകന്മാരെ സംബന്ധിച്ച് കാലക്രമവും പാലിച്ചിട്ടുണ്ട്. ജറമിയായുമായി ബന്ധപ്പെട്ട രണ്ടുപുസ്തകങ്ങളാണ് ബാറൂക്ക്, വിലാപങ്ങൾ എന്നിവ. ബാറൂക്ക് ജറെമിയായുടെ ശിഷ്യനും ഗുമസ്തനുമായിരുന്നു. വിലാപങ്ങളാകട്ടെ ജറുസലേമിന്റെ നാശത്തെക്കുറിച്ച് ജറെമിയ രചിച്ച വിലാപഗാനങ്ങളാണെന്ന് ഒരു കാലത്ത് കരുതപ്പെട്ടിരുന്നു. "വിലാപങ്ങൾ" എന്ന പുസ്തകം "ജറമിയ" എന്ന പുസ്തകത്തിന്റെ അനുബന്ധമായിക്കരുതി രണ്ടും കൂടി ഒറ്റ പുസ്തകമായി എണ്ണുക പതിവായിരുന്നു. അതിനാൽ ബൈബിളിൽ മൊത്തം 72 പുസ്തകങ്ങൾ എന്നു കരുതിപ്പോന്നു. എന്നാൽ ഈ രണ്ടു ഗ്രന്ഥങ്ങളും ജറെമിയായുമായി അത്ര അടുത്ത ബന്ധമുള്ളവയല്ല എന്ന് ഇന്ന് പൊതുവെ കരുതപ്പെടുന്നു. എന്നാലും ജറെമിയാ, എസക്കിയെൽ എന്നീ രണ്ടു പുസ്തകങ്ങൾക്കു മധ്യേയാണ് ഇവ ചേർത്തിരിക്കുത്. പന്ത്രണ്ടു ചെറിയ പ്രവാചകന്മാരുടെ പുസ്തകങ്ങൾ ബൈബിളിൽ ചേർത്തിരിക്കുന്നത് പുസ്തകത്തിന്റെ ദൈർഘ്യമോ കാലമോ അടിസ്ഥാനമാക്കിയ ക്രമത്തിലല്ല. അതിനാൽ ബൈബിളിൽ ആദ്യം കാണുന്ന പുസ്തകം ചരിത്രപരമായി ആദ്യം പ്രത്യക്ഷപ്പെട്ട പ്രവാചകന്റെ താണന്നു പറയാനാവില്ല.



ഒരു പ്രവാചകന്റ പേരിൽ അറിയപ്പെടുന്നതുകൊണ്ടു മാത്രം പുസ്തകം മുഴുവൻ ആ പ്രവാചകൻ തന്നെ എഴുതിയതാവണം എന്നില്ല. പ്രവാചകന്മാർ മുഖ്യമായും എഴുത്തുകാരായിരുന്നില്ല. പ്രസംഗകരായിരുന്നു. തങ്ങൾക്കു ലഭിച്ച ദൈവവചനം അവർ ജനങ്ങളോടു പ്രസംഗിച്ചു. അധികപങ്കും മനഃപാഠമാകത്തക്കവിധത്തിൽ പദ്യരൂപത്തിലാണ് പ്രസംഗങ്ങൾ അവതരിപ്പിച്ചിരുന്നത്. അവയിൽ കുറെയൊക്കെ അതതു പ്രവാചകന്മാർതന്നെ രേഖപ്പെടുത്തിയിട്ടുണ്ടാകാം. ജറെമിയാ ബാറൂക്കിനു പറഞ്ഞുകൊടുത്ത് എഴുതിപ്പിച്ചതായി ജറെമിയായുടെ പുസ്തകത്തിൽത്തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവചനങ്ങൾ അധിപങ്കും മനഃപാഠമാക്കുകയും പകർത്തിയെഴുതുകയും ചെയ്തത് പ്രവാചകന്മാരുടെ ശിഷ്യഗണങ്ങളാണ്.

പ്രവാചകഗ്രന്ഥങ്ങൾ ബൈബിളിൽ അവതരിപ്പിക്കുന്ന അവതരിപ്പിക്കുന്ന ക്രമത്തിലെന്നതുപോലെ ഓരോ പുസ്തകത്തിലും അവതരിപ്പിക്കുന്ന പ്രവചനങ്ങളുടെ കാര്യത്തിലും കാലക്രമം പാലിച്ചിട്ടുണ്ടെന്നു പറയാനാവില്ല. ഒരു പുസ്തകത്തിൽ ആദ്യം പ്രത്യക്ഷപ്പെടുന്ന പ്രവചനങ്ങൾ പ്രവാചകൻ ആദ്യം പറഞ്ഞവയും അവസാനം പ്രത്യക്ഷപ്പെടുന്നവ അവസാനം പറഞ്ഞവയും ആയിരിക്കണമെന്നില്ല. പ്രവാചകന്മാർ പലപ്പോഴായി നടത്തിയ പ്രഭാഷണങ്ങൾ സമാഹരിച്ച് തങ്ങൾക്ക് ഉചിതമെന്നു തോന്നിയ ക്രമത്തിലാണ് ശിഷ്യഗണം അവതരിപ്പിച്ചിരിക്കുന്നത്. എന്താണ് ആ ക്രമം എന്ന് നമുക്ക് പലപ്പോഴും വ്യക്തമല്ല. പ്രവചനങ്ങളുടെ കാലക്രമമല്ല, അവയിലൂടെ ലഭിക്കുന്ന സന്ദേശമാണ് പ്രധാനം. അതാകട്ടെ സ്ഥലകാലങ്ങൾക്ക് അതീതമാണുതാനും.

## 2. ആമോസിന്റെ പുസ്തകം

വലുതും ചെറുതുമായ പതിനാറു പ്രവാചകന്മാരിൽ ആമോസാണ് ഇസ്രായേലിന്റെ ചരിത്രത്തിലേക്ക് ആദ്യമായി കടന്നു വന്നത്. അദ്ദേഹത്തിന്റെ പേരിലുള്ള പുസ്തകം പ്രവാചകഗ്രന്ഥങ്ങ

ളുടെ പട്ടികയിൽ ഒമ്പതാമത്തെയാണ്, പന്ത്രണ്ടു ചെറിയ പ്രവാചകന്മാരിൽ മൂന്നാമത്തേതും. ഒമ്പത് അധ്യായങ്ങളിലായി 146 വാക്യങ്ങൾ മാത്രമുള്ളതും വെറും 30 മിനിറ്റുകൊണ്ട് വായിച്ചു തീർക്കാവുന്നതുമാണ് ആമോസിന്റെ പേരിൽ അറിയപ്പെടുന്ന പ്രവാചകഗ്രന്ഥം. എന്നാൽ സന്ദേശത്തിന്റെ പ്രാധാന്യവും വെളിപാട് ചരിത്രത്തിലുള്ള സ്ഥാനവും ഇസ്രായേൽ ചരിത്രത്തിന്മേൽ ചെലുത്തിയ സ്വാധീനവും പരിഗണിച്ചാൽ ആമ്മോസ് മറ്റാരുടെയും പിന്നിലല്ല, ലിഖിതപ്രവാചകന്മാരുടെ മുന്നണിയിലാണന്നു കാണാം.

ഇസ്രായേൽ ജനത്തെ ഒന്നടങ്കം ദൈവവചനം അറിയിക്കുകയും വചനത്തിന്റെ വെളിച്ചത്തിൽ ജനജീവിതത്തെ വിലയിരുത്തി തെറ്റുകൾ ചൂണ്ടിക്കാണിച്ച് മാനസാന്തരത്തിന് ആഹ്വാനം ചെയ്യുകയും, വഴിമാറിയില്ലങ്കിൽ വരാൻപോകുന്ന ഭീകരദുരന്തത്തെക്കുറിച്ച് ശക്തമായ താക്കീതു നല്കുകയും ചെയ്ത പ്രവാചകന്മാരുടെ ഒരു പുതിയ നിര ആമ്മോസിലാണ് ആരംഭിക്കന്നത്. അതിനാൽ ബൈബിൾ തീർത്ഥാടന പരമ്പരയിൽ പ്രവാചകന്മാരുടെ പഠനം ആമോസിൽത്തന്നെ തുടങ്ങുന്നു. തുടർന്നുള്ള പ്രവാചഗ്രന്ഥങ്ങളും കാലക്രമമനുസരിച്ചായിരിക്കും പഠനവിഷയമാക്കുക.

***"സാമൂഹ്യ നീതിയുടെ പ്രവാചകൻ"*** എന്നാണ് ആമോസിനെ സാധാരണയായി വിശേഷിപ്പിക്കുക. "നീതി ജലം പോലെ ഒഴുകട്ടെ, സത്യം ഒരിക്കലും വറ്റാത്ത നീർച്ചാൽ പോലെയും" (ആമ്മോസ് 5:24) എന്ന ആഹ്വാനം പ്രവാചകസന്ദശത്തിന്റെ രത്നച്ചുക്കമായി പരിഗണിക്കപ്പെടുന്നു. എന്നാൽ ഈ ആഹ്വാനത്തേക്കാൾ ശക്തമാണ് "ഇസ്രായേൽ കന്യക വീണുപോയി, ഇനി ഒരിക്കലും അവൾ എഴുന്നേല്ക്കുകയില്ല" (ആമ്മോസ് 5:2) എന്ന പ്രഖ്യാപനം. പ്രവാചകഗ്രന്ഥം വിശദമായി അപഗ്രഥിക്കുന്നതിനുമുമ്പേ പ്രവാചകൻ ജീവിച്ചിരുന്ന ചരിത്രപശ്ചാത്തലം, പ്രവാചകന്റെ വ്യക്തിത്വം, അവതരണശൈലി മുതലായവയെക്കുറിച്ച് ഒരു ഏകദേശരൂപമുണ്ടായിരിക്കുന്നത് പുസ്തകത്തിലെ സന്ദേശവും അതിന്റെ ആനുകാലികപ്രസക്തിയും മനസ്സിലാക്കാൻ സഹായിക്കും.



# ഭാഗം ഒന്ന്

## പൊതു നിരീക്ഷണങ്ങൾ

### 1. ചരിത്ര പശ്ചാത്തലം

യൂദാരാജാവായ ഉസിയായുടെയും ഇസ്രായേൽ രാജാവും യോവാഷിന്റ പുത്രനുമായ ജെറോബൊവാമിന്റയും കാലത്ത് ഭൂകമ്പത്തിന് രണ്ടു വർഷം മുമ്പ് (ആമോ 1:2) ആമോസിനു ലഭിച്ച അരുളപ്പാടുകളാണ് പുസ്തകത്തിന്റെ ഉള്ളടക്കമെന്ന് ആമുഖമായി പറഞ്ഞിരിക്കുന്നു. ജെറോബൊവാം രണ്ടാമൻ ബി.സി. 783 മുതൽ 743 വരെയാണ് ഇസ്രായേൽ ഭരിച്ചത്. അദ്ദേഹത്തിന്റെ സമകാലികനായ ഉസിയ (അസറിയ) 781–740 യൂദായിൽ രാജാവായിരുന്നു. ജെറോബൊവാം ഭരിച്ച വടക്കൻ രാജ്യമായ ഇസ്രായേലിലാണ് ആമോസ് പ്രസംഗിച്ചത്. രാജ്യത്തുനിലവിലിരുന്ന സാമൂഹികവും സാമ്പത്തികവുമായ സ്ഥിതിവിശേഷങ്ങളെക്കുറിച്ച് പുസ്തകത്തിൽ നല്കുന്ന വിവരണങ്ങൾ പരിഗണിച്ചുകൊണ്ട് ജെറോബൊവാമിന്റെ ഭരണത്തിന്റെ രണ്ടാം പകുതിയിലാണ് ആമോസ് രംഗപ്രവേശനം ചെയ്തത് എന്ന് വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു. "ഭൂകമ്പത്തിനു രണ്ടുവർഷം മുമ്പ്" എന്ന കാലസൂചനയും കൂടി കണക്കിലെടുത്തുകൊണ്ട് ബി.സി. 760–നോടടുത്ത കാലഘട്ടത്തിലാണ് അദ്ദേഹം പ്രവർത്തിച്ചത് എന്ന നിഗമനത്തിൽ ഭൂരിഭാഗം വ്യാഖ്യാതാക്കളും എത്തി നില്ക്കുന്നു. ആമോസിന്റെ പ്രവർത്തനങ്ങൾ ചുരുങ്ങിയ കാലത്തേക്കു മാത്രമേ ദീർഘിച്ചുള്ളു. അത് ഏതാനും ആഴ്ചകളോ മാസങ്ങളോമാത്രം ആയിരിക്കാം. ബെഥേലിലെ പുരോഹിതനായ അമാസിയ കല്പിച്ച മുടക്ക് (ആമോ 7:3) ആമോസിന്റെ പ്രവാചകവൃത്തിയുടെ അന്ത്യം കുറിക്കുന്നതായി പരിഗണിക്കപ്പെടുന്നു.

എന്തായിരുന്നു ഈ കാലഘട്ടത്തിന്റെ പ്രത്യേകത? എന്തുകൊണ്ടാണ് ആമോസിന്റെ പുസ്തകം ഇതര ബൈബിൾ ഗ്രന്ഥങ്ങളിൽ നിന്നു വ്യത്യസ്തമായി സമൂലനാശത്തിന്റെ സംഭ്രമജനകമായ മുന്നറിയിപ്പും ഇസ്രായേൽ ജനത്തിന്റെ മരണമണിമുഴക്ക

വുമായി പ്രത്യക്ഷപ്പെടുന്നത്? രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവും മതപരവുമായ തലങ്ങളിൽ ഇസ്രായേലിൽ നില വിലിരുന്ന പ്രത്യേകതകൾ എന്തൊക്കെയാണ്? ഇങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നത് പ്രവാചകസന്ദേശം ഗ്രഹി ക്കാൻ സഹായിക്കും. ഇസ്രായേൽ രാജാവായ ജെറോബൊവാം രണ്ടാമന്റെയും യൂദാരാജാവായ ഉസിയായുടെയും ഭരണത്തെക്കു റിച്ചുള്ള ബൈബിൾ വിവരണങ്ങൾ (2 രാജാ.14:23-15,7; 2ദിന 26, 1-23), ആമോസിന്റെയും തൊട്ടു പിന്നാലെ വന്ന ഹോസിയായു ടെയും പുസ്തകത്തിലെ പരാമർശങ്ങൾ സമകാലിക ചരിത്രരേ ഖകൾ പുരാവസ്തു ഗവേഷകരുടെ കണ്ടെത്തലുകൾ എന്നിവ യൊക്കെ ഈ കാലഘട്ടത്തിന്റെ പ്രത്യകതകളിലേക്കു വെളിച്ചം വീശുന്നുണ്ട്. ബൈബിൾ തീർത്ഥാടനം 12, പേജ് 205-212 ൽ ഈ കാലഘട്ടത്തെക്കുറിച്ച് ചുരുക്കമായി നാം കണ്ടതാണ്.

### a. *രാഷ്ട്രീയതലം*

ബി. സി. എട്ടാം നൂറ്റാണ്ടിന്റെ ഒന്നാം പകുതി യൂദാ രാജ്യ ത്തെ സംബന്ധിച്ച് ഒരു സുവർണ്ണ ദശയായിരുന്നു. മധ്യപൗരസ്ത്യ ദേശത്തെ വലിയ ശക്തികളായ ഈജിപ്തും മെസൊപൊട്ടാമിയാ യിലെ സാമ്രാജ്യങ്ങളും അന്നു പ്രായേണ ദുർബ്ബലമായിരുന്നു. ആഭ്യന്തരകലാപങ്ങളും വടക്കും കിഴക്കുമുള്ള രാജ്യങ്ങളുടെ കട ന്നാക്രമണങ്ങളും വഴി അസീറിയാ തകർന്നുകൊണ്ടിരുന്നു. സ്വന്തം അതിർത്തികൾ കാത്തു സൂക്ഷിക്കാനോ രാജ്യത്തിനകത്തുതന്നെ സമാധാനം ഉറപ്പുവരുത്താനോ കഴിവുള്ള രാജാക്കന്മാരായിരു ന്നില്ല അസീറിയ ഭരിച്ച ഷൽമനേസർ IV 782-774, അസൂർദാൻ III 774-756, അസൂർ നിരാരി 756-746 എന്നിവർ. ബി. സി. 802-ൽ അസീറിയൻ ചക്രവർത്തിയായ അദാദ് നിരാരി മൂന്നാമന്റെ (ബി. സി. 811-782) ആക്രമണത്തിൽ നിന്നുണ്ടായ നാശനഷ്ടങ്ങളിൽ നിന്ന് സിറിയായ്ക്ക് മുക്തിനേടാൻ കഴിഞ്ഞിരുന്നില്ല. അതിനാൽ മധ്യപൗരസ്ത്യദേശത്ത്, പ്രത്യേകിച്ചും കാനാൻ ദേശത്ത്, സാമ്രാ ജ്യശക്തികളുടെ സ്വാധീനമില്ലാതായി.

രാജ്യത്തിന്റെ വിഭജനത്തിനുശേഷം ഏതാണ്ട് ഒന്നരനൂ റ്റാണ്ടു കാലത്തേക്ക് യൂദായും ഇസ്രായേലും തമ്മിൽ നിരന്തരം യുദ്ധത്തിലായിരുന്നു. ആത്മഹത്യാപരമായ ഈ യുദ്ധങ്ങൾക്ക്



വിരാമമിട്ടത് ജെറൊബൊവാമും ഉസിയായുമാണ്. സഹോദര രാ ജ്യങ്ങൾ തമ്മിൽ സഖ്യത്തിലായതോടെ അവരുടെ ശക്തി വർദ്ധി ച്ചു. ചുറ്റുപാടുമുള്ള ടയിർ, ഹാമാത്ത്, സിറിയ, അമ്മോൻ, മൊവാ ബ്, ഏദോം, ഫിലിസിത്യ മുതലായ ചെറുരാജ്യങ്ങളെ തോല്പിച്ച് സാമന്തരായി നിലനിർത്തുകയോ കരാറുകൾ വഴി സമാധാനം ഉറപ്പിക്കുകയോ ചെയ്തു. അങ്ങനെ രാഷ്ട്രീയതലത്തിൽ രാജ്യത്തു സമാധാനമുണ്ടായി. അന്താരാഷ്ട്രകരാറുകളും ശക്ത മായ സൈന്യസന്നാഹങ്ങളും അതിർത്തികൾക്കു സുരക്ഷിതത്വം ഉറപ്പുവരുത്തി. യൂദായും ഇസ്രായേലും ഒറ്റ രാഷ്ട്രമായിത്തീർന്നി ല്ലെങ്കിലും ദാവീദിന്റെയും സോളമന്റെയും കാലത്തേതുപോലെ വിശാലമായ ഒരു ഭൂപ്രദേശത്തിന്റെ അധിപതികളായിത്തീർന്നു അവർ.

### *b. സാമ്പത്തിക തലം*

ദേശത്തു സമാധാനമുണ്ടായതോടെ കൃഷിയും വ്യാപാ രവും വഴി നാട് സമ്പൽ സമൃദ്ധമായി. മെസൊപ്പൊട്ടോമിയായിൽ നിന്ന് ഈജിപ്തിലേക്കും അറേബിയായിൽ നിന്ന് ഏഷ്യാമൈനറി ലേക്കും പോകുന്ന അന്തർദേശീയ വാണിജ്യപാതകൾ ഇസ്രായേ ലിന്റെ നിയന്ത്രണത്തിൽ വന്നു. ആക്രമണഭീതി കൂടാതെ കാര വൻ സംഘങ്ങൾക്ക് യാത്ര ചെയ്യാൻ കഴിഞ്ഞു. വ്യാപാരികളിൽ നിന്ന് ഈടാക്കിയ ചുങ്കം പൊതുഖജനാവിൽ വലിയ മുതൽക്കൂ ട്ടായി. ഇസ്രായേലിലും വ്യാപാരം തഴച്ചുവളർന്നു. മുഖ്യമായും കയറ്റുമതി ലക്ഷ്യമാക്കിയുള്ള കൃഷിയും വികസിച്ചു. എണ്ണ, വീഞ്ഞ്, ധാന്യങ്ങൾ, പഴവർഗ്ഗങ്ങൾ, കന്നുകാലികൾ, ആടുമാടു കൾ മുതലായവയായിരുന്നു ഇസ്രായേലിന്റെ മുഖ്യ കയറ്റുമതി ഉല്പന്നങ്ങൾ. പുതുതായി കൈവന്ന സാമ്പത്തിക പുരോഗതിയുടെ വ്യക്തമായ അടയാളങ്ങൾ ദേശത്തു ദൃശ്യമായി. മനോഹരമായ മാളികകൾ നഗരത്തിൽ വർദ്ധിച്ചു. മാറി വരുന്ന കാലവസ്ഥയ്ക്ക നുസൃതം സുഖവാസത്തിനുവേണ്ട വേനൽക്കാല വസതികളും ശീതകാലവസതികളും നിർമ്മിക്കാൻ പലർക്കും കഴിഞ്ഞു (ആമോ 5:11; 3:15). വളരെ വേഗം പണക്കാരായവരുടെ ജീവിതരീതിയിലും മാറ്റം വന്നു. വിരുന്നാഘോഷങ്ങൾ വർദ്ധിച്ചു. പ്രത്യേകം തയ്യാറാ ക്കിയ വിലപിടിച്ച ലഹരിപാനീയങ്ങൾ, ശ്രദ്ധയോടെ വളർത്തികൊ

ഴുപ്പിച്ച ആടുമാടുകൾ ഇറക്കുമതി ചെയ്ത സുഗന്ധലേപനങ്ങൾ, വിരുന്നുകൾക്ക് ഹരം പകരുന്ന ഗായകസംഘങ്ങൾ ഗാനമേളകൾ ഇവയെല്ലാം ധനികരുടെ അനുദിനാവശ്യങ്ങളായിത്തീർന്നു. ( ആമോ 6:4-6) ആനക്കൊമ്പും രത്നങ്ങളും പതിച്ച കട്ടിലുകളും മറ്റു ഗൃഹോപകരണങ്ങളും ധനികരുടെ പ്രൗഢി വിളിച്ചറിയിച്ചു.

പുരാവസ്തു ഗവേഷകർ ഈ സാമ്പത്തിക നിലയുടെ തെളിവുകൾ നിരത്തുന്നു. ആനക്കൊമ്പു പതിച്ച അഞ്ഞൂറിൽപരം ഉപകരണങ്ങൾ സമറിയായിലും മുന്നൂറിൽപരം അവശിഷ്ടങ്ങൾ മെഗിദോയിലും നിന്ന് കണ്ടെടുത്തിട്ടുണ്ട്. ചെത്തിമിനുക്കിയ കല്ലുകൾ കൊണ്ടു പണിത കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ സമറിയ, തിർസ എന്നീ നഗരങ്ങളിൽ നടത്തിയ ഗവേഷണങ്ങൾ പുറത്തുകൊണ്ടു വന്നിട്ടുണ്ട്. എട്ടാം നൂറ്റാണ്ടിലുണ്ടായ സാമ്പത്തിക പരിവർത്തനത്തിന്റെ തെളിവുകളും ഈ നഷ്ടാവശിഷ്ടത്തിൽ നിന്നു ലഭിക്കുന്നു.

ഇസ്രായേലിന്റെ ആദ്യത്തെ തലസ്ഥാനമായ തിർസായിലെ ഭവനങ്ങൾ ബി.സി.10-9 നൂറ്റാണ്ടകളിൽ പൊതുവെ ചെറുതും ഏതാണ്ട് ഒരേ രൂപത്തലും വലുപ്പത്തിലും ഉള്ളവയുമായിരുന്നു. എന്നാൽ എട്ടാം നൂറ്റാണ്ടിൽ നഗരത്തിന്റെ ഒരു ഭാഗത്ത് വളരെ വലുതും എല്ലാവിധ സൗകര്യങ്ങളോടു കൂടിയതുമായ ഭവനങ്ങളും മറ്റൊരു ഭാഗത്ത് "ചേരികൾ" എന്ന് വിശേഷിപ്പിക്കാവുന്ന വിധത്തിൽ അടുത്തടുത്തായുള്ള ചെറിയ കുടിലുകളും ആണ് ഉണ്ടായിരുന്നത്. ജെറോബോവാമിന്റെ കാലത്ത് ദേശത്തുണ്ടായ സമ്പൽസമൃദ്ധി എല്ലാവർക്കും ലഭ്യമായില്ല.

ന്യായവും അനുവദനീയവുമായ മാർഗ്ഗങ്ങളിലൂടെ മാത്രമല്ല ധനികർ സ്വത്തു സമ്പാദിച്ചതെന്ന് ആമോസിന്റെ ആരോപണങ്ങളിൽ നിന്നു വ്യക്തമാക്കുന്നു. വ്യാപാരികൾ കച്ചവടച്ചരക്കുകളിൽ മായം ചേർത്തു; തൂക്കത്തിലും അളവിലും തട്ടിപ്പു നടത്തി (ആമോ 8:5-6), ഉദ്യോഗസ്ഥവൃന്ദം കോഴവാങ്ങി, അന്യായമായ നികുതിയും പിഴയും ഈടാക്കി (2:7-8; 4:1; 5:1112; 7:4; 8:6); കടത്തിന് കനത്ത പലിശവാങ്ങി; കൊടുത്തുവീട്ടാൻ കഴിയാതെ വന്നവരുടെ വസ്തുവകകൾ കണ്ടുകെട്ടി. അതുകൊണ്ടും തൃപ്തിയാകാതെ മനുഷ്യരെ മൃഗങ്ങളെപ്പോലെ ചന്തയിൽ ലേലം വിളിച്ചു



വിറ്റു (2:6; 8:6). ദേശത്തിനു കൈവന്ന സമ്പൽ സമൃദ്ധിയുടെ ഫലം ചുരുക്കം പേർക്കു മാത്രമേ അനുഭവിക്കാൻ കഴിഞ്ഞുള്ളു. ഇത് സാമൂഹികതലത്തിൽ വലിയൊരു വ്യതിയാനത്തിന് വഴിയൊരുക്കി.

### *c. സാമൂഹികസംവിധാനം*

എല്ലാ മനുഷ്യരെയും തുല്യരായിക്കാണുന്ന ഒരു സാമൂഹിക സംവിധാനമായിരുന്നു പരമ്പരാഗതമായി ഇസ്രായേൽ ജനത്തിനിടയിൽ നിലവിലിരുന്നത്. സീനായ് ഉടമ്പടിയുടെ നിബന്ധനകൾ ഈ തുല്യതക്ക് ഉറപ്പുവരുത്താൻ പര്യാപ്തമായിരുന്നു.

ഈജിപ്തിൽ അടിമകളായിരുന്നവർ ഇനി ഒരിക്കലും ആരുടെയും അടിമകളായിരിക്കരുത്, ആരും ആരെയും അടിമകളാക്കുകയും ചെയ്യരുത് എന്ന നിലപാടാണ് സ്വീകരിച്ചിരുന്നത്. എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതായിരുന്നു ഉടമ്പടി നിയമങ്ങൾ. കാനാൻ ദേശത്തു വാസമുറപ്പിച്ചപ്പോൾ ഗോത്രാടിസ്ഥാനത്തിലുള്ള ജീവിതരീതിയും ഭരണക്രമവും നിലവിൽ വന്നു. എല്ലാ ഗോത്രങ്ങൾക്കും ഓരോ കുടുംബത്തിനും സ്വന്തമായി ഭൂമിയുണ്ടായിരുന്നു. അത് അന്യാധീനപ്പെട്ടുപോകാതിരിക്കാൻ വേണ്ട സംവിധാനങ്ങളും നിയമസംഹിതയിൽ ഉണ്ടായിരുന്നു. കുടുംബത്തലവന്മാരുടെ സമിതികളാണ് നീതിന്യായം ഉറപ്പ്വരുത്തിയിരുന്നത്. നഗരകവാടത്തിൽ സ്ഥാപിച്ചിരുന്ന ഈ കുടുംബകോടതികൾ പരാധികൾ കേൾക്കുകയും ന്യായമായ വിധി തീർപ്പു കല്പിക്കുകയും ചെയ്തുപോന്നു.

രാജഭരണത്തിന്റെ ആവിർഭാവത്തോടെ ഈ സംവിധാനങ്ങൾക്ക് സാവധാനം മാറ്റം വന്നു. രാജാവും ഉദ്യാഗസ്ഥവൃന്ദവും അടങ്ങുന്ന ഒരുപറ്റം അളുകൾ സമൂഹത്തിലെ ഉന്നതന്മാരായി പരിഗണിക്കപ്പെടാൻ തുടങ്ങി. നിയമനിർമ്മാണവും നീതിപാലനവും ഗോത്ര-കുടുംബത്തലവന്മാരിൽ നിന്ന് രാജാവിന്റെയും ഉദ്യോഗസ്ഥന്മാരുടെയും കൈകളിലേക്കു മാറി. പൊതു ജനത്തിന്റെ താത്പര്യങ്ങൾ അന്വേഷിക്കുകയോ പരിഗണിക്കുകയോ ചെയ്യാതെ രാജാധികാരത്തിന്റെ അകത്തളങ്ങളിൽ വെച്ച് നിയമങ്ങൾ നിർമ്മിക്കപ്പെട്ടു. അവ അധികപങ്കും അധികാരികൾക്കും അധികാരസംവി

ധാനത്തിനും സംരക്ഷണം നല്കുന്നവയായിരുന്നു. നിർബന്ധിത സൈനികസേവനം നടപ്പിലാക്കിയതോടെ തങ്ങൾക്ക് താത്പര്യമോ ഉപകാരമോ ഇല്ലാത്ത യുദ്ധങ്ങളിൽ ഏർപ്പെടാനും രാജാവിനു വേണ്ടി പടവെട്ടി മരിക്കാനും സാധാരണക്കാർ നിർബന്ധിതരായി. രാജകുടുംബവും പ്രഭുക്കന്മാരും ഉദ്യോഗസ്ഥവൃന്ദവും സൈന്യവും എല്ലാം അടങ്ങുന്ന ഭരണകൂടത്തിന്റെ ഭാരിച്ച ചില വുകൾക്കായി കനത്ത നികുതി ഈടാക്കി. നികുതി ഭാരവും അധി കപങ്കും താങ്ങേണ്ടി വന്നത് സാധാരണ ജനമാണ്.

സ്വജനത്തിൽ പെട്ടവരിൽ നിന്ന് കടത്തിനു പലിശ ഈടാ ക്കരുതെന്നും സാബത്തു വർഷം കടം ഇളവു ചെയ്തു കൊടു ക്കണമെന്നും ജൂബിലി വർഷത്തിൽ സകല ഉച്ചനീചത്വങ്ങളും അവസാനിപ്പിച്ച് സാമൂഹികവും സാമ്പത്തികവുമായ തലങ്ങളിൽ തുല്യത പുനഃസ്ഥാപിക്കണമെന്നും നിയമങ്ങളുണ്ടായിരുന്നു. എന്നാൽ രാജഭരണകാലത്ത് ഇവയെല്ലാം തന്നെ വിസ്മരിക്കപ്പെട്ടു. ഉടമ്പടിയുടെ നിയമങ്ങളുടെ സ്ഥാനത്ത് പുതിയ രാജനിയമങ്ങൾ നിലവിൽ വന്നു. യൂദായിൽ ഈ നിയമങ്ങൾ കുറെയെല്ലാം ഉടമ്പ ടിയുടെ സ്വാധീനത്താൽ നിയന്ത്രിക്കപ്പെട്ടിരുന്നു. എന്നാൽ വട ക്കൻ രാജ്യമായ ഇസ്രായേലിൽ സ്ഥിതിഗതികൾ തികച്ചും പരി താപകരമായിരുന്നു.

അനേകം വിജാതിയ ജനതകളെയും ഉൾക്കൊള്ളുന്നതാ യിരുന്നു വടക്കൻ രാജ്യമായ ഇസ്രായേൽ. ആഹാസിന്റെ കാലത്ത് ജെസബെൽ രാജ്ഞിയുടെ സ്വാധീനം മൂലം നാട്ടിൽ നില വിൽവന്ന പുതിയ വ്യവസ്ഥിതി നാം കണ്ടതാണ് (ബൈ.തീ.12, പേജ് 123-125). രാജ്യം മുഴുവൻ രാജാവിന്റെ സ്വകാര്യസ്വത്തു പോലെ പരിഗണിക്കപ്പെട്ടു. ജനമാകട്ടെ രാജാവിനും ഉദ്യോഗസ്ഥ ന്മാർക്കും സേവനം അനുഷ്ഠിക്കാൻ കടപ്പെട്ട പ്രജകളും. അതി നാൽ സമൂഹം പല തട്ടുകളായി വിഭജിക്കപ്പെട്ടു. തുല്യമഹത്വവും അവകാശവുമുള്ള സഹോദരങ്ങൾ എന്ന നിലയിൽ നിന്ന് വലിയ വരം ചെറിയവരുമുള്ള ഒരു സമൂഹം രൂപം കൊണ്ടു. ചെറിയവർ വലിയവർക്കു സേവനം ചെയ്യാൻ കടപ്പെട്ടിരുന്നു. ഉത്തരവാദിത്വ ങ്ങളും കടമകളും എല്ലാം താഴെ നിന്നു മുകളിലേക്കും അവകാ ശങ്ങളും അധികാരങ്ങളുമെല്ലാം മുകളിൽ നിന്നു താഴേക്കും



മാത്രമായിരുന്നു.

ഈ സംവിധാനത്തിൽ പാവപ്പെട്ടവരുടെ അവകാശങ്ങൾ സംരക്ഷിക്കാനോ അവർക്കുവേണ്ടി വാദിക്കാനോ ആരും ഉണ്ടാ യിരുന്നില്ല. നീതിന്യായകോടതികളിൽ വിധി പ്രസ്താവിച്ചിരുന്നത് രാജാവ് നിശ്ചയിക്കുന്ന ഉദ്യോഗസ്ഥന്മാരായിരുന്നു. വിധികൾക്ക് ആധാരമായി നിന്നത് രാജകീയനിയമങ്ങളും. സാക്ഷികളെയും ന്യായാധിപന്മാരെയും കോഴകൊടുത്തു പ്രീണിപ്പിച്ചും കോഴയ്ക്കു വഴങ്ങാത്തവരെ ഭീഷണിപ്പെടുത്തിയും സമ്പന്നർ തങ്ങളുടെ താല്പര്യങ്ങൾ സാധിച്ചെടുത്തു. നീതിയുടെ ഉറവിട മായിരിക്കേണ്ട കോടതികൾ പാവപ്പെട്ടവർക്ക് ചൂഷണത്തിന്റെയും മർദ്ദനത്തിന്റെയും കേന്ദ്രങ്ങളായിത്തീർന്നു. പണവും സ്വാധീ നവും ഉള്ളവർക്ക് ഏതു അന്യായവും നടപ്പിലാക്കാൻ കഴിഞ്ഞു. ദരിദ്രർ കൂടുതൽ ദാരിദ്രരും ധനികർ കൂടുതൽ സമ്പന്നരു മായിത്തീർന്നു.

ദൈവം നല്കിയ വാഗ്ദത്ത ഭൂമിയിൽ ദൈവജനത്തിലെ ഒരു വലിയ വിഭാഗം ഈജിപ്തിലേതിനേക്കാൾ ക്രൂരമായ അടിമ ത്വത്തിനിരയായി. അവർക്കു ജന്മാവകാശമായി കിട്ടിയ ഭൂമി സമ്പ ന്നർ ബലാല്കാരമായി പിടിച്ചെടുത്തു. അവരുടെ സ്ത്രീകൾ മാന ഭംഗം ചെയ്യപ്പെട്ടു. എല്ലാം നഷ്ടപ്പെട്ട ഈ പാവപ്പെട്ടവരുടെ നില വിളി കേൾക്കാനെ അവർക്കു നീതി നടത്തിക്കൊടുക്കാനോ ആരും ഇല്ലാതെയായി. അതേസമയം അന്യായമായി പിടിച്ചെടുത്ത സ്വത്ത് കൊണ്ട് ധനികർ ആഢംബരങ്ങളിലും ആർഭാടങ്ങളിലും മുഴുകി.

## *d. മതസംവിധാനം*

പീഡിതരുടെ നിലവിളി കേൾക്കുന്നവനും അടിമകൾക്ക് വിടുതൽ നല്കുന്നവനുമാണ് ഈജിപ്തിലും സീനായിലും വെച്ച് ഇസ്രായേൽ ജനം അടുത്തറിഞ്ഞ ദൈവമായ യാഹ്‌വേ. പ്രപഞ്ച സൃഷ്ടാവും അധിനാഥനുമായ അവിടുത്തേക്ക് ആരാധനയർപ്പി ക്കേണ്ടത് ഉടമ്പടി നിയമങ്ങളിലൂടെ വെളിപ്പെടുത്തപ്പെട്ട അവി ടുത്തെ തിരുഹിതം അനുസരിച്ചുകൊണ്ടാണ്. ഉടമ്പടിയുടെ അനു സ്മരണവും നിയമങ്ങൾ അനുസരിക്കാനുള്ള പ്രചോദനവും

ആകണം തിരുന്നാൾ; ബലിയർപ്പണമാകട്ടെ നന്ദിയുടെയും സ്നേഹത്തിന്റെയും സമ്പൂർണ്ണമായ ആത്മാർപ്പണത്തിന്റെയും പ്രകടനവും. ഉടമ്പടി നിയമങ്ങൾ അനുസരിക്കുന്നിടത്തോളം കാലം മാത്രമേ ഇസ്രായേലിന് ദൈവജനം എന്ന പദവിയിൽ നില നില്ക്കാൻ കഴിയൂ. സമൂഹത്തിൽ നീതിയും നിലനിർത്താൻ പ്രേരിപ്പിക്കുന്നതായിരുന്നു ഇസ്രായേൽ ജനത്തിന്റെ പരമ്പരാഗതമായ മതാത്മകത.

എന്നാൽ കാലക്രമത്തിൽ മതാത്മകതയിലും മാറ്റം വന്നു, പ്രത്യേകിച്ചും വടക്കൻ രാജ്യമായ ഇസ്രായേലിൽ. കാനാൻകാരുമായുള്ള ബന്ധം ഈ മാറ്റങ്ങൾക്ക് ഒരു പ്രധാന കാരണമായിരുന്നു. ജെസബെൽ രാജ്ഞിയുടെ സ്വാധീനത്തിൽപ്പെട്ട ആഹാബുരാജാവ് ബാൽ ആരാധന നാട്ടിൽ നടപ്പാക്കിയതും യാഹ്വേ വിശ്വാസത്തിനു തുരങ്കം വച്ചതും രാജാക്കന്മാരുടെ പുസ്തകത്തിൽ നാം കണ്ടു കഴിഞ്ഞു. (ബൈ. തീ. 12,പേജ്. 124-125) ജെസബെൽ പ്രോത്സാഹിപ്പിച്ച വിഗ്രഹാരാധനയും അതിന്റെ പിന്നിൽ പ്രവർത്തിച്ചിരുന്ന മനോഭാവവും ജനജീവിതത്തിന്റെ സകല മേഖലകളെയും സ്വാധീനിച്ചു.

കാനാൻകാർ ആരാധിച്ചിരുന്ന ബാൽ, അഷേറാ മുതലായ ദൈവങ്ങൾ മനുഷ്യരുടെ സങ്കല്പ സൃഷ്ടികളായിരുന്നു. അവയ്ക്കു ധാർമ്മികമായ ഇഛാശക്തിയോ സ്വാധീനമോ ഉണ്ടായിരുന്നില്ല. ലഭിക്കുന്ന കാഴ്ചകളിൽ പ്രസാദിച്ച് ഭക്തന്റെ ആഗ്രഹങ്ങൾ സാധിച്ചു കൊടുക്കുന്നവരാണ് ഈ ദൈവങ്ങൾ എന്ന് കരുതപ്പെട്ടിരുന്നു. ഈ ദൈവങ്ങളെ പ്രസാദിപ്പിക്കാനായി ഉത്സവാഘോഷങ്ങളും ബലിയർപ്പണങ്ങളും നടത്തിയിരുന്നു. ആഘോഷങ്ങൾ പലപ്പോഴും മദിരോത്സവമായി പരിണമിച്ചിരുന്നു. സമ്പന്നർക്കു തങ്ങളുടെ പ്രൗഢി പ്രകടിപ്പിക്കാനുള്ള അവസരങ്ങളായി ഉത്സവങ്ങൾ പരിണമിച്ചു. ഈ ദൈവങ്ങൾക്കുവേണ്ടി ദേശത്ത് ഉടനീളം ക്ഷേത്രങ്ങളും ബലിപീഠങ്ങളും നിർമ്മിച്ചിരുന്നു. ബാഹ്യാനുഷ്ഠാനങ്ങളിൽ ഒതുങ്ങിനിന്ന ഒരു മതാത്മകത ജനഹൃദയങ്ങളിൽ രൂപം കൊണ്ടു. ഭക്തന്റെ ഹൃദയമല്ല, അവൻ അർപ്പിക്കുന്ന കാണിക്കകളാണ് പ്രധാനം എന്ന ചിന്താഗതി നിലവിൽ വന്നു.



വിഗ്രഹാരാധനയിൽ നിന്നു രൂപം കൊണ്ട ഈ കാഴ്ചപ്പാട് ഇസ്രായേലിന്റെ പരമ്പരാഗതമായ മതാത്മകതയെ ഉള്ളിൽ നിന്നു കാർന്നു തിന്നു. യാഹ്വേയെക്കുറിച്ച് ചിന്തിക്കുമ്പോഴും ബാലിന്റെ രൂപമാണ് മനസ്സിൽ തെളിയുക. യാഹ്വേയ്ക്കു പ്രതിഷ്ഠിതമായിരുന്ന ബെഥേൽ, ഗിൽഗാൽ, ദാൻ മുതലായ ആരാധനാലയങ്ങളിൽ നടന്ന ഉത്സവാഘോഷങ്ങളും ബലിയർപ്പണങ്ങളും ബാൽ ആരാധനയിൽ നിന്നു വ്യത്യസ്ഥമായിരുന്നില്ല. തന്നെയുമല്ല, പലേടത്തും ബാൽദേവനും യാഹ്വേയെക്കും ഒരുമിച്ച് ബലിയർപ്പണങ്ങളും നടന്നു. മറ്റ് ദേവന്മാരെപ്പോലെ ഒരുവനാണ് യാഹ്വേ എന്ന ചിന്തയും സാവകാശം കടന്നു വന്നു. ഈ ചിന്താഗതി ഇസ്രായേലിന്റെ തനതായ ദൈവാനുഭവത്തെയും മതാത്മകതയെയും പാടേ നിഷേധിക്കുന്നതായിരുന്നു.

ഇതൊക്കെയാണങ്കിലും തങ്ങൾ ദൈവത്തിന്റെ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ജനമാണെന്ന ബോധ്യം ഇസ്രായേലിൽ നില നിന്നു. തിരുന്നാളുകളും ബലിയർപ്പണങ്ങളും മറ്റു മതാചാരങ്ങളും മുടങ്ങാതെ നടക്കുന്നിടത്തോളം കാലം ദൈവം തങ്ങളിൽ സംപ്രീതനാണന്നും അവർ കരുതി. നാട്ടിൽ നിലവിൽ വന്ന സമാധാനവും സമ്പൽ സമൃദ്ധിയും ദൈവപ്രീതിയുടെ അടയാളമായി വ്യാഖ്യാനിക്കപ്പെട്ടു. അങ്ങിങ്ങായി ഉണ്ടായ വരൾച്ചയും കൃഷിനാശവും അവർ കണക്കിലെടുത്തില്ല. തന്നെയുമല്ല, ഇനിയും വലിയ അനുഗ്രഹങ്ങൾ ലഭിക്കാൻ പോകുന്ന എന്ന പ്രതീക്ഷയും അവർ വച്ചുപുലർത്തി. സകല ജനതകളെയും തങ്ങളുടെ ആധിപത്യത്തിൻ കീഴിലാക്കി തങ്ങളെ ഏറ്റം വലിയ സാമ്രാജ്യശക്തിയായി ഉയർത്തുന്ന ദിവസമായ കർത്താവിന്റെ ദിവസം ഏറെ വൈകാതെ ഉദയം ചെയ്യുമെന്നും അവർ വിശ്വസിച്ചു. ആ ദിവസത്തെ ത്വരിതപ്പെടുത്താനായി കൂടുതൽ മേളക്കൊഴുപ്പാർന്ന ഉത്സവങ്ങളും ബലിയർപ്പണങ്ങളും ആരാധനാലയങ്ങളിലെല്ലാം ആഘോഷിക്കപ്പെട്ടു. പുറമെനിന്നു നോക്കുമ്പോൾ വളരെ സജീവമായ മതാത്മകതയുള്ള ഒരു ജനമായിരുന്നു ജെറൊബൊവാമിന്റെ കാലത്തെ ഇസ്രായേൽ.

എന്നാൽ പാവപ്പെട്ടവനു സംരക്ഷണം നല്കാനോ നീതി നടത്തിക്കൊടുക്കുവാനോ ഈ മതാത്മകതയ്ക്കു കഴിഞ്ഞില്ല.

നേരെമറിച്ച്, നിലവിലിരുന്ന അനീതി നിറഞ്ഞ രാഷ്ട്രീയ-സാമ്പത്തിക-സാമൂഹിക വ്യവസ്ഥിതികളെ ന്യായീകരിക്കാനും പ്രോത്സാഹിപ്പിക്കാനും സഹായിക്കുകയത്രേ അത് ചെയ്തത്. പാവപ്പെട്ടവനിൽ നിന്നുപിഴയായി ഈടാക്കിയ തുകകൊണ്ടു വാങ്ങിയ മദ്യം കുടിച്ച് ഉന്മത്തരാകാനും പണയമായി വാങ്ങിയ വിധവയുടെ വസ്ത്രം ബലിപീഠത്തിനുമുമ്പിൽ വിരിച്ച് കാമകേളികളിൽ മുഴുകാനും സമ്പന്നർക്കു കഴിഞ്ഞു (ആമോസ് 2:8). ഇതെല്ലാം ദൈവം അംഗീകരിച്ചിരിക്കുന്നുവെന്നും തങ്ങളുടെ ആഘോഷങ്ങളിലും കാണിക്കകളിലും ദൈവം പ്രസാദിച്ചിരിക്കുന്നുവെന്നും ഭക്തർക്കു പുരോഹിതന്മാർ ഉറപ്പു നല്കി. അടിമകൾക്കു വിടുതൽ നല്കുകയും അനീതി തുടച്ചുമാറ്റുകയും ചെയ്യേണ്ടവർ ക്രൂരമായ മർദ്ദനത്തിനും നിർലജ്ജമായ ചൂഷണത്തിനും കൂട്ടു നിന്നു. ദേവാലയങ്ങളിൽ നിന്നുയർന്ന ശബ്ദഘോഷങ്ങളുടെയും ബലിപീഠത്തിൽ നിന്നുയർന്ന ധൂമപടലങ്ങളുടെയും മറവിൽ സമ്പന്നർ തങ്ങളുടെ ചൂഷണം തുടർന്നു. പാവപ്പെട്ടവരുടെ നിലവിളി വനരോദനമായി പരിണമിച്ചു. ഈ സാഹചര്യത്തിലാണ് ആമോസ് പ്രവാചകൻ രംഗപ്രവേശനം ചെയ്തത്.

## 2. ആമോസിന്റെ വ്യക്തിത്വം

*ഭാരം, ചുമട്* എന്നൊക്കെയാണ് '*'ആമോസ്''*എന്ന പേരിന്റെ അർത്ഥം. ദൈവവചനത്തിന്റെ ഭാരം ചുമക്കാനായി വിളിക്കപ്പെട്ട കരുത്തനായ പ്രവാചകനാണ് ആമോസ്. ബൈബിളിലെ മറ്റൊരു പുസ്തകത്തിലും അദ്ദേഹത്തെക്കുറിച്ച് പരാമർശിക്കുന്നില്ല. ഈ പേരിൽ അറിയപ്പെടുന്ന മറ്റൊരു വ്യക്തിയും ബൈബിളിലില്ല. ഏശയ്യാ പ്രവാചകന്റെ പിതാവിനെയും ആമോസ് എന്നാണ് വിളിക്കുന്നത്. എങ്കിലും ഹീബ്രുഭാഷയിൽ എഴുതുന്നത് വ്യത്യസ്ഥരൂപത്തിലാണ്. അതിനാൽ ആമോസ് പ്രവാചകനെക്കുറിച്ച് അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന പുസ്തകത്തിൽ നിന്നു ലഭ്യമായ അറിവുകളേ നമുക്കുള്ളൂ. അതാകട്ടെ വളരെ പരിമിതമാണുതാനും. ആമോസിന്റെ പിതാവ് ആരെന്നോ ഏതുപ്രായത്തിൽ വിളിക്കപ്പെട്ടെന്നോ കുടുംബാവസ്ഥ എന്തെന്നോ പ്രവർത്തനം എത്രകാലത്തോളം ദീർഘിച്ചെന്നോ ബൈബിൾ പറയുന്നില്ല. ജീവി



തത്തെക്കുറിച്ചുള്ള വിവരണം വളരെ പരിമിതമാണെങ്കിലും അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്ന് അവയുടെ ഉടമയെക്കുറിച്ച് സാമാന്യം വ്യക്തമായ ഒരു രൂപം നമുക്ക് മനസ്സിലാക്കാൻ കഴിയും.

“തെക്കോവായിലെ ആട്ടിടയന്മാരിലൊരുവൻ” എന്നാണ് ബൈബിളിൽ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത് (ആമോ 1:1). ജറുസലേമിൽ നിന്ന് ഏകദേശം 15 കിലോമീറ്റർ തെക്ക്, സമുദ്രനിരപ്പിൽ നിന്ന് 2700 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഒരു കൊച്ചുഗ്രാമമാണ് തെക്കോവാ. ഇന്നും ആ പേരിൽത്തന്നെ ഗ്രാമം അറിയപ്പെടുന്നു. അവിടെനിന്ന് കിഴക്കോട്ട് കിഴുക്കാം തൂക്കായ മരുഭൂമിയാണ്. 25 കിലോമീറ്റർ അകലെയുള്ള ചാവുകടൽ തെക്കോവായിൽ നിന്നും 4000 അടി താഴെയാണ്. “ശൂന്യത ഓരിയിടുന്ന” മരുഭൂമിയുടെ വക്കിലാണ് ആമോസ് ജീവിച്ചിരുന്നത്.

“ആട്ടിടയന്മാരിൽ ഒരുവൻ” എന്നു വിശേഷണം പ്രത്യേകശ്രദ്ധയർഹിക്കുന്നു. ആടുമേയ്ക്കുന്നവരെ സൂചിപ്പിക്കാൻ സാധാരണ ഉപയോഗിക്കാറുള്ള ''റോ ഏ'' എന്ന ഹിബ്രൂ പദമല്ല “നോഖെദ്” എന്ന അസാധാരണ പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഈ പദം ബൈബിളിൽ ഒരിക്കൽക്കൂടി മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളൂ. മൊവാവു രാജാവായ മെഷായെ വിശേഷിപ്പിക്കാനാണ് 2രാജാ3,4-ൽ ഈ പദം ഉപയോഗിച്ചിരുന്നത്. “മേഷായ്ക്ക് ധാരാളം ആടുകളുണ്ടായിരുന്നു” എന്ന പി.ഒ.സി വിവർത്തനം ഒരു വിശദീകരണമാണ്. വർഷം തോറും ഒരു ലക്ഷം കുഞ്ഞാടുകളും ഒരു ലക്ഷം മുട്ടാടുകളുടെ രോമവും ഇസ്രായേൽ രാജാവിനു കൊടുത്തിരുന്ന മേഷാ ഒരു “നോഖെദ്” ആയിരുന്നു. അതിനാൽ സാധാരണക്കാരനായ ഒരു ആട്ടിടയനെയല്ല, വിപുലമായ തോതിൽ ആടുകളെ വളർത്തുകയും വ്യാപാരം നടത്തുകയും ചെയ്യുന്ന ഒരുവനെയാണ് ‘നോഖെദ്” എന്ന പദം സൂചിപ്പിക്കുന്നത് എന്ന് അനുമാനിക്കാം.

ബെഥേലിലെ പുരോഹിതനായ ആമാസിയായോട് ആമോസ് തന്റെ വിളിയെക്കുറിച്ച് പറയുമ്പോൾ രണ്ടു ജോലികളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. “ആട്ടിടയൻ” എന്നാണ് ആദ്യത്തെ വിശേഷണം. ഇതിന്റെ ഹീബ്രുമൂലം “ബോഖെർ” എന്നത്രെ. കന്നുകാ

ലികളെ വളർത്തുന്നവൻ എന്നാണ് ഈ പദത്തിന്റെ അർത്ഥം. ആടുകൾ മാത്രമല്ല, കന്നുകാലികളും ആമോസിന്റെ സമ്പത്തായിരുന്നു. രണ്ടാമത്തെ തൊഴിൽ "സിക്കമൂർ മരം വെട്ടിയൊരുക്കുക" എന്നതാണ്. ഒരു തരം അത്തിവൃക്ഷമാണ് സിക്കമൂർ. ചാവുകടൽത്തീരത്തും മധ്യധരണ്യാഴിയുടെ തീരപ്രദേശത്തുമാണ് ഈ മരം വളരുന്നത്. ഇതിന്റെ പഴത്തിന് സാധാരണ അത്തിപ്പഴത്തിന്റെ സ്വാദില്ല. അതിനാൽ കാലിത്തീറ്റയായിട്ടാണ് ഇത് അധികപങ്കും ഉപയോഗിക്കുക. പാവപ്പെട്ടവർ ഇത് ആഹാരമാക്കിയിരുന്നു. കായഞെരിക്കുകയോ കത്തികൊണ്ട് ചെറുതായി കുത്തുകയോ ചെയ്താൽ വേഗം പഴുക്കും. ഇപ്രകാരമൊരു ജോലിയാണ് ഇവിടെ വിവക്ഷിക്കുന്നത് എന്ന് വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു. സിക്കമൂർ മരങ്ങൾ തെക്കോവായിൽ വളരുന്നില്ല. അതിനാൽ ഈ തൊഴിലുമായി ബന്ധപ്പെട്ട് ആമോസ് കുറെയെല്ലാം യാത്ര ചെയ്യേണ്ടി വന്നിട്ടുണ്ടാവാം. ഏതായാലും വെറും ഒരു കൂലിവേലക്കാരനായിരുന്നില്ല, സാമാന്യം നല്ല സാമ്പത്തികശേഷിയുള്ള ഒരു വ്യക്തിയായിരുന്നു ആമോസ് എന്ന് തൊഴിലിനെക്കുറിച്ചുള്ള ഈ പരാമർശങ്ങളിൽനിന്ന് വ്യക്തമാക്കുന്നു. ജീവിക്കാൻ മാർഗ്ഗമില്ലാഞ്ഞിട്ട് പ്രവാചകന്റെ കുപ്പായം അണിഞ്ഞിറങ്ങിയതല്ലാതാൻ എന്ന് ആമോസിയായ്ക്ക് നല്കുന്ന മറുപടിയിൽ സൂചിപ്പിക്കുന്നുണ്ട്.

തന്റെ നാട്ടിലും അയൽരാജ്യങ്ങളിലും നടക്കുന്ന സംഭവവികാസങ്ങളെക്കുറിച്ചും ജനങ്ങളുടെ ജീവിശൈലിയെയും ജീവൽപ്രശ്നങ്ങളെയും കുറിച്ചും വ്യക്തമായ അറിവു അദ്ദേഹത്തിനുണ്ടായിരുന്നുവെന്ന് പ്രസംഗങ്ങളിൽ നിന്നു തെളിയുന്നു. ഒമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലും എട്ടാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും ഇസ്രായേലിലും ചുറ്റുപാടും നടന്ന യുദ്ധങ്ങളും അവയോടനുബന്ധിച്ചുണ്ടായ വലിയ ക്രൂരതകളും ആമോസ് എടുത്തു പറയുന്നുണ്ട്. ഇസ്രായേലിനു ചുറ്റുമുള്ള ഏഴു രാജ്യങ്ങളുടെ മേൽ കർത്താവിന്റെ വിധി പ്രസ്താവിക്കുമ്പോൾ അവയുടെ സമീപകാല ചരിത്രത്തെക്കുറിച്ച് പരാമർശിക്കുന്നതിൽ നിന്ന് അന്താരാഷ്ട്ര സംഭവത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അറിവ് വ്യക്തമാകുന്നു. ഇസ്രായേലിലെ സമ്പന്നരുടെ ആഢംബരപൂർണ്ണമായ ജീവിതരീതികളും കോടതികളിലെ അനീതിയും



ദേവാലയങ്ങളിലെ അന്തഃസത്ത നഷ്ടപ്പെട്ട ആഘോഷങ്ങളും പാവപ്പെട്ടവരുടെ ദയനീയാവസ്ഥയും അദ്ദേഹത്തിനു നന്നായി അറിയാം. സാമ്പത്തിക പുരോഗതിയുടെ മുഖം മൂടിക്കു പിന്നിൽ നടന്ന അക്രമങ്ങളും അഴിമതികളും വ്യക്തമായി മനസ്സിലാക്കിയ ഒരു ക്രാന്തദർശിയാണ് ആമോസ്.

അറിയാവുന്ന കാര്യങ്ങൾ ശക്തമായ വിധത്തിൽ അവതരിപ്പിക്കാൻ ആവശ്യമായ ഭാഷാസ്വാധീനവും സാഹിത്യനൈപുണ്യവും ആമോസിനുണ്ടായിരുന്നു. വൈവിധ്യമാർന്നതാണ് അദ്ദേഹത്തിന്റെ പ്രസംഗശൈലി. അരുളപ്പാടുകൾ, ശപഥങ്ങൾ, ശാപങ്ങൾ, പ്രബോധനങ്ങൾ, ഉപമകൾ, പ്രാർത്ഥനകൾ തുടങ്ങിയ അനേകം സാഹിത്യരൂപങ്ങൾ അദ്ദേഹം ഉപയോഗിച്ചതായി കാണാം. ആമോസിന്റെ ഭാഷക്ക് അനുഭവത്തിന്റെ തീക്ഷണതയുണ്ട്. അക്രമത്തിനെതിരെ ഉള്ളിൽ നിറഞ്ഞുകവിയുന്ന ക്രോധത്തിന്റെ തീവ്രതയുണ്ട്. അക്ഷരജ്ഞാനമില്ലാത്ത ഒരു ആട്ടിടയന്റെ ഭാഷയല്ല ആമോസിന്റേത്. ഉദ്ദേശിക്കുന്ന കാര്യങ്ങൾ കുറിക്കൊള്ളുന്ന വിധത്തിൽ അവതരിപ്പിക്കാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു.

നിർഭയനായ ഒരു വ്യക്തിയാണ് ആമോസ്. സമൂഹത്തിന്റെ ഉന്നതതലത്തിലിരുന്ന് അക്രമവും അഴിമതിയും അഴിച്ചുവിട്ട സകലരെയും ദൈവവചനവുമായി നേരിടാൻ അദ്ദേഹം ഭയന്നില്ല. രാജാവും പ്രഭുക്കന്മാരും ന്യായാധിപന്മാരും പുരോഹിതന്മാരും എന്നല്ല, സമ്പന്നവർഗ്ഗം ഒന്നടങ്കം ആമോസിന്റെ നിശിതമായ വിമർശനശരങ്ങൾക്ക് ഇരയായി. മയമുള്ള വാക്കുകൾ തിരഞ്ഞെടുത്ത് ഉപയോഗിക്കുകയല്ല., അവരുടെ ദുഷ്കൃത്യങ്ങളെ നിർദ്ദാഷിണ്യം തുറന്നുകാട്ടി കുറ്റം വിധിക്കുകയാണ് ആമോസ് ചെയ്തത്. ദരിദ്രരെ ചവിട്ടിയരക്കുന്ന സമരിയായിലെ ബാഷാൻ പശുക്കൾ (4,1), ചഷകങ്ങളിൽ നിന്നു വീഞ്ഞു കുടിച്ചും വിശിഷ്ടലേപനങ്ങൾ പൂശിയും ദന്തനിർമ്മിതമായ തല്പങ്ങളിൽ നിവർന്നു കിടന്നു വിരുന്നാഘോഷിക്കുന്ന സമ്പന്നർ (6,4-7), കള്ളത്തുലാസും കള്ളപ്പറയും ഉപയോഗിച്ചു മോഷണം നടത്തുന്ന കച്ചവടക്കാർ (8,4-7) മുതലായ പരാമർശങ്ങൾ ഉദാഹരണങ്ങളാണ്. തനിക്കു മുടക്ക് കല്പിച്ച പുരോഹിതന്റെ മുമ്പിൽ ഭയന്നു മുടക്കുകല്പിച്ച പുരോ

ഹിതന്റെ മുമ്പിൽ ഭയന്നു മുട്ടുമടക്കുകയില്ല, കർത്താവ് തന്നെ ഏല്പിച്ച വചനം പൂർവ്വാധികം ശക്തമായി പ്രഖ്യാപിക്കുകയാണ് ആമോസ് ചെയ്തത്. കാരണം മനുഷ്യനെയല്ല, ദൈവത്തെയാണ് അനുസരിക്കേണ്ടത് എന്ന വ്യക്തമായ ബോധ്യം ആമോസിനുണ്ടായിരുന്നു.

ഒരു പ്രത്യക ദൗത്യത്തിനായി ദൈവം തന്നെ വിളിച്ചിരിക്കുന്നു എന്ന അവബോധമാണ് ആമോസിനെ ഒരു പുതിയ മനുഷ്യനാക്കി മാറ്റിയത്. തന്റെ ജന്മസ്ഥലവും തൊഴിലും ആർജ്ജിച്ച സമ്പത്തും എല്ലാം ഉപേക്ഷിച്ച് വിദേശത്തു ചെന്ന്, ശക്തമായ എതിർപ്പിന്റെയും ഭീഷണികളുടെയും നടുവിൽ നിന്ന്, വിനാശത്തിന്റെ വചനം പ്രഘോഷിക്കാൻ അദ്ദേഹത്തിനു ശക്തിയും ധൈര്യവും പകർന്ന് ഈ ദൈവവിളിയായിരുന്നു. തന്നെ വിളിച്ച ദൈവത്തോടു മാത്രമേ അദ്ദേഹത്തിനു വിധേയത്വമുണ്ടായിരുന്നുള്ളു. തന്നെ എതിർക്കുകയും ഭീഷണിപ്പെടുത്തുകയും നിശബ്ദനാക്കാൻ ശ്രമിക്കുകയും ചെയ്ത അധികാരികൾക്കു മുമ്പിൽ കൂസലില്ലാതെ ദൈവവചനം പ്രഘോഷിച്ചു. അത് ആസന്നമായിരിക്കുന്ന സമൂലനാശത്തിന്റെ മുന്നറിയിപ്പായിരുന്നു. ദേവാലയത്തിലും ന്യായാസനത്തിലും , രാജകൊട്ടാരത്തിലും, വിരുന്നുശാലകളിലും, ചന്തസ്ഥലങ്ങളിലും വഴിയോരങ്ങളിലും, ആ പ്രവാചകശബ്ദം പ്രതിധ്വനിച്ചു. "അവന്റെ വാക്കുകൾ നാടിനു പൊറുക്കുവാൻ കഴിയുന്നില്ല"(7,10) എന്ന പുരോഹിതന്റെ പരാധി ആമോസിന്റെ പ്രവചനം എത്ര ശക്തമായിരുന്നു എന്നതിനു തെളിവാണ്.

തനിക്ക് ലഭിച്ച വിളിയെയും ദൗത്യത്തെയും കുറിച്ച് ആമോസ് തന്നെ പലതവണ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. (7:1-8:1-3;9,1;3:3-8). ഇസ്രായേൽ ജനത്തിന്റെ മേൽ ദൈവം അയയ്ക്കാൻ പോകുന്ന ശിക്ഷയെക്കുറിച്ചുളള ദർശനങ്ങളിലൂടെയാണ് ഈ വിളി ലഭിച്ചത്. രാജ്യത്തു നടമാടുന്ന അഴിമതിയെയും അക്രമത്തെയും കുറിച്ചുള്ള വ്യക്തമായ അവബോധവും അതിന്റെ പോരിൽ ദൈവം അയക്കാൻ പോകുന്ന ശിക്ഷയുടെ ഭീകരതയും ആമോസിന്റെ ഹൃദയത്തിൽ ആഴമായി പതിഞ്ഞു. "അരുതോ എന്നു നിലവിളിച്ചപേക്ഷിച്ചെങ്കിലും ശിക്ഷ അനിവാര്യവും ആസന്നവുമാണെന്ന അവബോധമാണ് ഈ ദർശനങ്ങളിലൂടെ അദ്ദേഹത്തിനു ലഭിച്ചത്. ജനത്തിനെതിരെ ദൈവം പ്രഖ്യാപിച്ച ശിക്ഷാവിധി സിംഹഗർജ്ജനം പോലെ ആമോസിനു അനുഭവപ്പെട്ടു.. വനത്തിൽ വച്ച് അപ്രതീക്ഷിതമായി സിംഹഗർജ്ജനം കേൾക്കുമ്പോൾ ഭയന്നു വിറക്കുന്നതുപോലെ കർത്താവിന്റെ ശിക്ഷാവിധികേട്ട് അദ്ദേഹം ഞെട്ടിവിറച്ചു. ആ ശിക്ഷാവിധി അതിന്റെ സകല ഭീകരതയോടും കൂടെ ജനങ്ങൾക്കു മുമ്പിൽ ആവർത്തിക്കാൻ ആമോസ് നിയുക്തനായി. ഒഴിഞ്ഞുമാറാൻ കഴിയാത്ത വിധം ദൈവം തന്റെ മേൽ ദൈവം പിടിമുറുക്കിയിരിക്കുന്നുവെന്ന് അദ്ദഹത്തിനു ബോധ്യമായി. അതിനാൽ തന്റെ സകല കഴിവുകളും ജീവിതം മുഴുവനും ആമോസ് തന്നെ വിളിച്ച ദൈവത്തിനു വിട്ടുകൊടുത്തു. അദ്ദേഹത്തിലൂടെ ദൈവം ഇസ്രായേലിനെതിരെ ഗർജ്ജിച്ചു.



അക്രമത്തിനിരയായവരെ ആശ്വസിപ്പിക്കുകയും നിശബ്ദസഹനത്തിനു പ്രേരിപ്പിക്കുകയുമല്ല, നേരെ മറിച്ച് അക്രമികളുടെ ശക്തിദുർഗ്ഗങ്ങളെ കടന്നാക്രമിക്കുകയുമാണ് ആമോസ് ചെയ്തത്. രാജാവും പുരോഹിതന്മാരും ന്യായാധിപന്മാരും വ്യാപാരികളും അടങ്ങുന്ന അധികാരി വർഗ്ഗത്തെ ഒന്നടങ്കം വെല്ലുവിളിച്ചുകൊണ്ടുള്ള പ്രവാചകദൗത്യം അധികകാലം ദീർഘിച്ചില്ല എന്നതു തികച്ചും സ്വാഭാവികമത്രെ. ബെഥേലിൽ മുടക്കപ്പെട്ടതിനുശേഷം അദ്ദേഹം സ്വന്തനാട്ടിലേക്ക് തിരിച്ചുചെന്ന് പഴയതൊഴിൽ തുടർന്നു എന്നു കരുതുന്ന വ്യാഖ്യാതാക്കളുണ്ട്. എന്നാൽ ജീവിതത്തെ തകിടം മറിച്ച ദൈവവിളികളുടെയും ദൗത്യത്തിന്റെയും അനുഭവത്തിനുശേഷം അത് തികച്ചും അസാധ്യമായിരുന്നു എന്നുകരുതുകയാണ് കൂടുതൽ സ്വാഭാവികം. രാജാവിന്റെ അനുവാദത്തോടെയുള്ള ആമാസിയുടെ കല്പനപ്രകാരം ആമോസിനെ കൊന്നുകളഞ്ഞു എന്ന് വിശ്വസിക്കുന്ന യഹൂദപാരമ്പര്യങ്ങളുണ്ട്. ആമോസിന് എന്തു സംഭവിച്ചു എന്ന് നമുക്കറിയില്ല. ക്ഷണനേരം കൊണ്ട് മിന്നിപ്പൊലിഞ്ഞ ഒരു മേഘജ്യോതിസുപോലെയായിരുന്നു ആമോസ്. ഏതാനും ആഴ്ചകളോ മാസങ്ങളോ മാത്രം ദീർഘിച്ച ആ പ്രവാചക ജീവിതം ഇരുപത്തേഴു നൂറ്റാണ്ടു കഴിഞ്ഞിട്ടും ഇന്നും അതിശക്തമായി പ്രശോഭിക്കുന്നു- മനുഷ്യന്റെ അഹന്തയ്ക്കും

അക്രമത്തിനും അഴിമതിക്കും എതിരെയുള്ള ദൈവത്തിന്റെ പ്രതിഷേധമായി, ശിക്ഷാവിധിയായി.

### 3. ആമോസിന്റെ സന്ദേശം

ഭീകരമായ നാശത്തിന്റെ സംഭ്രമജനകമായ ചിത്രങ്ങളാണ് ആമോസിന്റെ പുസ്തകത്തിൽ നിറഞ്ഞുനില്ക്കുന്നത്. "എന്റെ ജനമായ ഇസ്രായേലിന്റെ അവസാനം വന്നു കഴിഞ്ഞു" (8,2) എന്ന പ്രഖ്യാപനം പുസ്തകത്തിന്റെ മുഴുവൻ രത്നച്ചുരുക്കമായി നിലകൊള്ളുന്നു. അനിവാര്യമായ ദുരന്തത്തിന് ജനത്തെ ഒരുക്കുക എന്നതാണ് ആമോസിന്റെ ദൗത്യം എന്നു തോന്നും. സിംഹഗർജ്ജനം പോലെ ഉയരുന്ന ശിക്ഷാവിധിയുടെ സ്വരം പുസ്തകത്തിലുടനീളം പ്രതിധ്വനിക്കുന്നു. കത്തിപ്പടരുന്ന ക്രോധാഗ്നി, തകർന്നടിയുന്ന മണിമന്ദിരങ്ങൾ, ഇടിഞ്ഞുവീഴുന്ന ദേവാലയഗോപുരങ്ങൾ, പ്രവാസത്തിലേക്കു നീങ്ങുന്ന അടിമകളുടെ നിരകൾ, തെരുവീഥിയിൽ ചിതറിക്കിടക്കുന്ന കബന്ധങ്ങൾ, വീർപ്പുമുട്ടിക്കുന്ന ദുർഗന്ധം, ശ്മശാനമൂകതയെ ഭേദിക്കുന്ന ആർത്തനാദങ്ങൾ, വിലാപങ്ങൾ-തികച്ചും ഭയാനകമായ ദൃശ്യങ്ങളാണ് ആമോസിന്റെ പുസ്തകം വായിക്കുന്നവരുടെ ശ്രദ്ധയിൽ പെടുക.

സമ്പൽസമൃദ്ധിയുടെ മധ്യത്തിൽ സുഖലോലുപരായി കഴിയുന്ന ഒരു ജനത്തിന്റെ മുമ്പിലാണ് ആമോസ് ഈ ചിത്രങ്ങൾ വരച്ചുകാട്ടിയത്. ശ്രോതാക്കൾക്ക് മനസ്സിലാക്കാനോ അംഗീകരിക്കാനോ കഴിയാത്തതായിരുന്നു ഈ സന്ദേശം. സമകാലികയാഥാർത്ഥ്യങ്ങളുമായി ഒരു വിധത്തിലും പൊരുത്തപ്പെടാത്തതായിരുന്നു ഇത്. എന്താണ് ഈ ശിക്ഷാവിധിയുടെ കാരണം? ആരാണ് ഈ ശിക്ഷ അയയ്ക്കുക? ശിക്ഷാവിധിക്കപ്പുറത്ത് എന്തെങ്കിലും പ്രതീക്ഷ ആമോസിന്റെ പുസ്തകം ഉൾക്കൊള്ളുന്നുണ്ടോ? ദൈവത്തേയും ഇസ്രായേൽ ജനത്തിന്റെയും ശിക്ഷാവിധിയെയുംകുറിച്ചുള്ള കാഴ്ചപ്പാടുകളിൽ ആമോസിന്റെ സന്ദേശത്തിന്റെ പ്രത്യകതകൾ കാണാനാവും.

### *a യാഹ്‌വേ*

സൃഷ്ടപ്രപഞ്ചത്തിന്റെ മുഴുവൻ അതിനാഥനാണ് ദൈവം. "കാർത്തികയെയും മകയിരത്തെയും സൃഷ്ടിക്കുകയും കൂരിരുട്ടിനെ പ്രഭാതമാക്കി മാറ്റുകയും പകലിനെ രാത്രിയാക്കുകയും സമുദ്രജലത്തെ വിളിച്ചുവരുത്തി ഭൂതലമാകെ മഴ വർഷിക്കുകയും ചെയ്യുന്ന അവിടുത്തെ നാമം യാഹ്‌വേ ന്നാണ്" (5,8;9,5). പ്രപഞ്ചശക്തികളെല്ലാം അവന്റെ ചൊല്പടിക്കു നില്ക്കുന്നു. അവന്റെ കരസ്പർശനത്താൽ ഭൂമി മെഴുകുപോലെ ഉരുകും (9,5), ഇളകിമറിയുന്ന (8,8) നദികളും കടലും പതഞ്ഞുയർന്ന് ആർത്തിരമ്പും (9,5). അവന്റെ കല്പന കൊള്ളിയാൻ പോലെ നാശം വിതക്കും (5,9). കാറ്റും മഴയും അവനെ അനുസരിക്കുന്നു. വെട്ടുക്കിളിയും പൂപ്പുരോഗങ്ങളും മഹാമാരികളും കർത്താവിന്റെ കല്പനയ്ക്കു കാതോർത്തിരിക്കുന്നു (4,6-10). പ്രകാശവും അന്ധകാരവും കർത്താവിന്റെ സൃഷ്ടിയാണ്. ആകാശവും ഭൂമിയും അതിലുള്ള സമസ്തവും ഉണ്ടായതും നിലനിൽക്കുന്നതും യാഹ്‌വേയുടെ കല്പനയാലാണ്. യുദ്ധവും ക്ഷാമവും രോഗവും മരണവും എല്ലാം അവിടുന്നാണ് അയക്കുന്നത്. കർത്താവ് അയയ്ക്കാതെ അനർത്ഥമുണ്ടാവില്ല (3,6)



ദൈവം ഒരുവൻ മാത്രമേയുള്ളൂ. യാഹ്‌വേ (കർത്താവ്) എന്നാണ് അവന്റെ നാമം. യാഹ്‌വേ അല്ലാതെ മറ്റൊരു ദൈവമില്ല. ഓരോ ജനതക്കും അതതിന്റെ ദൈവമുണ്ട്. ഇസ്രായേലിന്റെ ദൈവമാണ് യാഹ്‌വേ എന്ന ഇസ്രായേൽ ജനത്തിനിടയിൽ പരമ്പരാഗതമായി നിലനിന്നിരുന്നു. ഇതിനെ പൂർണ്ണമായി പുറന്തള്ളുന്നതാണ് ആമോസിന്റെ പ്രബോധനങ്ങൾ. അന്യദൈവങ്ങളുമായുള്ള വിവാദമോ വിഗ്രഹാരാധനയുടെ തിരസ്ക്കരണമോ ആമോസിന്റെ പ്രബോധനവിഷയമല്ല. ഏകനും സർവ്വശക്തനും സർവ്വാധിപനുമായ യാഹ്‌വേയിൽ മാത്രമാണ് ആമോസ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

ഇസ്രായേൽ ജനത്തിന്റെ മാത്രമല്ല, ഭൂമുഖത്തെ സകല ജനതകളുടെയും ദൈവമാണ് യാഹ്‌വേ. ഓരോ ജനതക്കും അസ്തിത്വവും നിലനില്പും നല്കുന്നത് അവിടുന്നാണ് (9,7). അവിടുത്തെ മുമ്പിൽ ആർക്കും അവകാശവാദമുന്നയിക്കാനാവില്ല. ഇസ്രായേൽ എന്നതുപോലെ ഓരോ ജനതയും കർത്താവിന്റെതാണ്. എന്നാൽ കർത്താവ് തങ്ങളുടെയാണ്, തങ്ങളുടെത് മാത്രമാണ് എന്ന് ആർക്കും പറയാൻ കഴിയില്ല. സ്രഷ്ടാവും നിയന്താവുമായ

കർത്താവിന്റെ ആജ്ഞയനുസരിക്കാൻ ഓരോ ജനതയും ഓരോ വ്യക്തിയും കടപ്പെട്ടിരിക്കുന്നു. ജനങ്ങൾ പരസ്പരം നീതിപാലിക്കണമെന്നും സമൂഹത്തിലെ ഏറ്റം താഴെക്കിടയിലുള്ളവർക്കു പ്രത്യകം സംരക്ഷണം നല്കണമെന്നും അവിടുന്ന് ആഗ്രഹിക്കുന്നു. ഈ ഒരൊറ്റ മാനദണ്ഡം വച്ചാണ് ഇസ്രായേലിന്റെയും ഇതര ജനതകളുടെയും ജീവിതത്തെ അളക്കുന്നത്.

ബലിയർപ്പണങ്ങളുടെ ബാഹുല്യവും ഉത്സവാഘോഷങ്ങളുടെ പ്രൗഢിയും ഗാനാലാപങ്ങളുടെ സ്വരമാധുരിയും അവിടുന്നു പരിഗണിക്കുന്നില്ല. എന്നുമാത്രമല്ല, അനീതി നിലനിൽക്കുന്ന സമൂഹത്തിൽ നിന്നുയരുന്ന ആരാധനകൾ കർത്താവിന് അറപ്പുളവാക്കുന്നു എന്ന് ആമോസ് ഉറക്കെ പ്രഘോഷിച്ചു (5,21-23). നീതി നടപ്പിലാക്കാതെ ബലിയർപ്പണത്തിലൂടെയും ഉത്സവാഘോഷങ്ങളിലൂടെയും ദൈവപ്രീതി നടത്താൻ ശ്രമിക്കുന്നത് കാപട്യമാണ്. അവ ദൈവത്തെ പ്രീതിപ്പെടുത്താൻ വേണ്ടിയല്ല, സ്വന്തം ആത്മസംതൃപ്തിക്കുവേണ്ടിയാണ് നടത്തുന്നത് (4,4-5). കോഴ വാങ്ങി കാര്യം നടത്തിക്കൊടുക്കുന്നവനല്ല, തന്റെ ഹിതം പ്രവാചകന്മാരിലൂടെ അറിയിക്കുകയും അതിനു വഴങ്ങാത്തവരെ നിർദ്ദാക്ഷിണ്യം ശിക്ഷിക്കുകയും ചെയ്യുന്നവനാണ് ആമോസ് തറപ്പിച്ചു പറഞ്ഞു. "നീതി ജലം പോലെ ഒഴുകട്ടെ, ന്യായവിധി ഒരിക്കലും വറ്റാത്ത നീർച്ചാൽ പോലെയും" (5,25) എന്ന ആഹ്വാനത്തിൽ കർത്താവിന്റെ കല്പനകളുടെ രത്നച്ചുരുക്കം കാണാം "തിന്മയെ വെറുക്കുവിൻ, നന്മയെ സ്നേഹിക്കുവിൻ, നഗരകവാടത്തിൽ നീതി സ്ഥാപിക്കുവിൻ" (5,15). ആസന്നമായിരിക്കുന്ന ദുരന്തത്തെ ഒഴിവാക്കാൻ ഈ ഏകമാർഗ്ഗമാണ് ആമോസ് നിർദ്ദേശിക്കുന്നത്.

### ***b* ഇസ്രായേൽ ജനം**

ദൈവം പ്രത്യകമായി തിരഞ്ഞെടുത്ത് ഉടമ്പടിയിലൂടെ തന്റെ സ്വന്തം ജനമാക്കി മാറ്റിയവരാണ് തങ്ങളെന്ന് ഇസ്രായേൽ ജനം വിശ്വസിച്ചുപോന്നു. "നിങ്ങൾ എന്റെ ജനമായിരിക്കും. ഞാൻ നിങ്ങളുടെ ദൈവവും" എന്ന കർത്താവിന്റെ വാഗ്ദാനം സീനായ് ഉടമ്പടിയുടെ കാതലായി പരിഗണിക്കപ്പെട്ടിരുന്നു. ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ദൈവം തങ്ങളെ നിരന്തരം കാത്തുപരിപാലി



ക്കുമെന്നും തങ്ങൾക്ക് യാതൊരനർത്ഥവും വരികയില്ലെന്നും അവർ വിശ്വസിച്ചു. തന്നെയുമല്ല, തങ്ങൾ മാത്രമാണ് ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം എന്ന അവബോധം അഹങ്കാരത്തിനും അവകാശവാദങ്ങൾക്കും വഴിയൊരുക്കി. ലോകജനതകളെ മുഴുവൻ ദൈവം ഒരിക്കൽ തങ്ങളുടെ ആധിപത്യത്തിൻ കീഴിൽ കൊണ്ടുവരുമെന്നും അവർ കരുതി. ഈ ലോകാധിപത്യം ലഭ്യമാകുന്ന ദിവസത്തെ "കർത്താവിന്റെ ദിവസം" എന്ന് അവർ വിളിച്ചു.

ഈ ചിന്താഗതിയെ തകിടം മറിക്കുന്നതാണ് ആമോസിലൂടെ നല്കപ്പെട്ട ദൈവവചനം. ഉടമ്പടിയെക്കുറിച്ച് ഒരു വാക്ക് പോലും ആമോസിന്റെ പുസ്തകത്തിലില്ല. തിരഞ്ഞെടുപ്പ്, ഈജിപ്തിൽ നിന്നുള്ള മോചനം, മരുഭൂമിയിലൂടെയുള്ള യാത്ര, വാഗ്ദത്തഭൂമി കൈയടക്കൽ, എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നത് (2,9-10;3,1-2) ഇസ്രായേൽ ജനത്തിന്റെ കുറ്റങ്ങളുടെ കാഠിന്യവും അത് വിളിച്ചുവരുത്തുന്ന ശിക്ഷാവിധിയുടെ രൂക്ഷതയും എടുത്തുകാട്ടാൻ വേണ്ടി മാത്രമാണ്. കഴിഞ്ഞ കാലത്ത് ദൈവം ചെയ്ത രക്ഷാകരപ്രവർത്തനങ്ങൾ ഇസ്രായേൽ ജനത്തിന് പ്രത്യേകമായ ഒരു മഹത്വവും നല്കുന്നില്ല, അവരുടെ ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നതേയുള്ളു. "സകല ജനതകളിലും വച്ച് നിങ്ങളെ മാത്രമാണ് ഞാൻ സ്വന്തമായി പരിഗണിച്ചത്. അതിനാൽ നിങ്ങളുടെ എല്ലാ പാപങ്ങൾക്കും ഞാൻ നിങ്ങളെ ശിക്ഷിക്കും." (3, 2). ഇസ്രായേൽ യാഹ്വേയുടെ മാത്രം ജനമാണ്, എന്നാൽ യാഹ്വേ ഇസ്രായേലിന്റെ മാത്രം ദൈവമല്ല. കർത്താവിന് ഇസ്രായേലിന്റെ മേൽ അവകാശമുണ്ട്, ഇസ്രായേലിന് കർത്താവിന്റെമേൽ യാതൊരവകാശവുമില്ല.

ഇസ്രായേൽ ജനത്തിന്റെ അവകാശവാദങ്ങൾ മാത്രമല്ല, ലോക ജനതകൾക്കിടയിൽ തങ്ങൾക്കുണ്ട് എന്നു അവർ ധരിച്ചുവശായ പ്രത്യേക സ്ഥാനവും ദൈവം ആമോസിലൂടെ നിഷേധിക്കുന്നു. ''കർത്താവ് അരുളിച്ചെയ്യുന്നു: ഇസ്രായേൽ ജനമേ, എനിക്ക് നിങ്ങൾ എത്യോപ്യക്കാരെപ്പോലെ അല്ലയോ?"(9,7). അഹങ്കാരത്തിന്റെയും അവകാശവാദങ്ങളുടെയും അടിത്തറ തകർത്തതിനുശേഷം മറ്റുജനതകൾക്കു നൽകുന്നതിനേക്കാൾ കഠിനമായ

ശിക്ഷാവിധിയാണ് ഇസ്രായേലിന്റെമേൽ പ്രഖ്യാപിക്കുന്നത്. യൂദാ അടക്കം ചുറ്റുപാടുമുള്ള ഏഴു ജനതകളുടെ മേൽ വിധി പ്രസ്താവിച്ചതിനുശേഷം അതേ ശൈലിയിൽ ഇസ്രായേലിനെയും കുറ്റം വിധിക്കുകയും ശിക്ഷാവിധി പ്രസ്താവിക്കുകയും ചെയ്യുന്നതിലൂടെ (1,3-2,16) വ്യക്തമാക്കുന്നു.

വിശദമായ കുറ്റപത്രം അവതരിപ്പിച്ചതിനുശേഷമാണ് കർത്താവ് വിധി പ്രസ്താവിക്കുന്നത്. സീനായ് ഉടമ്പടിയേയോ നിബന്ധനകളേയോ കുറിച്ചു പറയുന്നില്ലെങ്കിലും ഇവിടെ നിരത്തുന്ന കുറ്റാരോപണങ്ങൾ എല്ലാം ഉടമ്പടി നിയമങ്ങളുടെ ലംഘനങ്ങളാണ്. നിസ്സാരമായ കടങ്ങളുടെ പേരിൽ പാവപ്പെട്ടവരെ അടിമകളാക്കി ചന്തയിൽ ലേലം ചെയ്തു (2,6;8,6); ദരിദ്രരെ അന്യായമായി പീഡിപ്പിച്ചു (2,7;4, 1:5,11); ഹീനമായ വ്യഭിചാരകൃത്യങ്ങളിൽ ഏർപ്പെട്ടു (2,7); അന്യായമായ നികുതിയും പിഴയും ഈടാക്കി (2,8;3,10;8,11); കോടതിയിലെ സാക്ഷികളെയും ന്യായാധിപന്മാരെയും ഭീഷിപ്പെടുത്തിയും കോഴകൊടുത്തും അന്യായമായ വിധികൾ നേടിയെടുത്തും (5,11-12). ദരിദ്രരുടെ സ്വത്തു തട്ടിയെടുത്തും ഉടുതുണിപോലും പറിച്ചെടുക്കുന്ന സമ്പന്നർ ആഢംബരത്താൽ മുഴുകി. (2,8ച4,1;6,3-6); ചരക്കുകളിൽ മായം ചേർത്തും, അളവിലും തൂക്കത്തിലും കൃത്രിമം കാട്ടിയും കച്ചവടക്കാർ സ്വത്തു സമ്പാദിച്ചു (8,4-6); ഭക്തിയുടെ ബാഹ്യപ്രകടനം കൊണ്ട് അക്രമങ്ങൾക്കും അനീതിക്കും പുകമറതീർത്തു (5,4-5.21-22); പ്രവാചകന്മാർക്കു മുടക്കു കല്പിച്ചു. (2,12;7,12-13); കർത്താവിന്റെ സംരക്ഷണം തങ്ങളുടെ അവകാശമായി കരുതി (5,18-19;9,10); തങ്ങളുടെ സമ്പത്തിലും സൈനീകശക്തിയിലും വിജയങ്ങളിലും അഹങ്കരിച്ചു(6,8-13).

അനിഷേധ്യമാം വിധം കുറ്റം തെളിയിച്ചതിനുശേഷം കർത്താവ് ഇസ്രായേലിന്റെമേൽ ശിക്ഷാവിധി പ്രസ്താവിക്കുന്നു. കുറ്റപത്രം പോലെ തന്നെ വിശദവും വ്യക്തവുമാണ് ശിക്ഷാവിധി. “എന്റെ ജനത്തിന്റെ അവസാനം വന്നു കഴിഞ്ഞു” എന്ന ഒറ്റ വാക്യം ശിക്ഷയുടെ ഭീകരത മുഴുവൻ ഉൾക്കൊള്ളുന്നതാണ്. കർത്താവ് ഇനി ക്ഷമിക്കുകയില്ല. എല്ലാ അതിക്രമങ്ങൾക്കും അവരെ ശിക്ഷിക്കും (7,8;3,2); അവരുടെ വിരുന്നും മദിരോത്സവും



അവസാനിക്കും (6,7); മണിമന്ദിരങ്ങൾ തകർന്നടിയും (3,15); ബലിപീഠങ്ങളും ദേവാലയഗോപുരങ്ങളും തല്ലിത്തകർക്കും (3,14;9,1); ഊരിയ വാളുമായി അനുധാവനം ചെയ്യും (5,17;7,9;9,1-3); തെരുവീഥികൾ മൃതശരീരങ്ങൾക്കൊണ്ടു നിറക്കും (8,3) ജനസംഖ്യപത്തിലൊന്നായി കുറയും (5,3) അവശേഷിക്കുന്നവരെ പ്രവാസികളായി വിദൂരദേശത്തേക്ക് വലിച്ചിഴക്കും (4,2;5,27). ശത്രുക്കളുടെ ആക്രമണത്തിലൂടെ ആയിരിക്കും കർത്താവ് ഈ ശിക്ഷാവിധി നടപ്പിലാക്കുക (3,11;6,8-14). എന്നാൽ ആരാണ് ഈ ശത്രു എന്ന് വ്യക്തമാക്കുന്നില്ല.“ദമാസ്കസിനപ്പുറത്തേക്ക് നിങ്ങളെ പ്രവാസികളായി അയക്കും” (5,27) എന്ന താക്കീതിൽ അസീറിയായെക്കുറിച്ച് ഒരു സൂചനകാണാം.

മതാചാരങ്ങളുടെ കുറവോ വീഴ്ചകളോ അല്ല കർത്താവിന്റെ ക്രോധത്തിനും ശിക്ഷണത്തിനും കാരണം, മറിച്ച് മനുഷ്യർ തമ്മിൽത്തമ്മിലുള്ള ബന്ധങ്ങളിൽ കടന്നുകൂടിയ അക്രമങ്ങളും അനീതിയുമാണ്. അയൽക്കാരന്റെ നിലവിളിക്കു കാതോർക്കാത്തവന്റെ പ്രാർത്ഥന കർത്താവ് കേൾക്കുകയില്ല. അതിനാൽ ശിക്ഷ ഒഴിവാക്കാൻ ഒരേ ഒരു മാർഗ്ഗമേയുള്ളൂ-നീതി പ്രവർത്തിക്കുക, അക്രമവും ചൂഷണവും അവസാനിപ്പിക്കുക” എന്നു പറയുന്നതുകൊണ്ട് ആമോസ് ഇതാണ് അർത്ഥമാക്കുന്നത് (5, 15-24). എന്നാൽ ജനത്തിന്റെ ഭാഗത്തുനിന്ന് ഇങ്ങനെയൊരു മാനസാന്തരത്തിന്റെ യാതൊരു ലക്ഷണവും കാണുന്നില്ല. ജനം മാനസാന്തരപ്പെടുമെന്ന പ്രതീക്ഷയും ആമോസിനില്ല. അതിനാൽ ഇസ്രായേലിന് ഒരു ജനമെന്ന നിലയിൽ യാതൊരു പ്രതീക്ഷയും ആമോസ് കാണുന്നില്ല. പുസ്തകത്തിന്റെ അവസാനത്തിൽ നല്കിയിരിക്കുന്ന ഭാസുരമായ ഭാവിയെ സംബന്ധിച്ച പ്രവചനം (9,11-15) പുസ്തകത്തിൽ നിറഞ്ഞു നില്ക്കുന്ന സന്ദേശവുമായി പൊരുത്തപ്പെടുന്നില്ല. അതിനാൽ ഇതു പിൽക്കാലത്തു കൂട്ടിച്ചേർക്കപ്പെട്ടതായി വ്യാഖ്യാതാക്കൾ കരുതുന്നു. അഥവാ ഇത് ആമോസിന്റെ തന്നെ പ്രവചനമാണങ്കിൽപ്പോലും വിദൂരഭാവിയിൽ സംഭവിക്കാനിരിക്കുന്ന ഒരു പുനരുദ്ധാരണത്തെക്കറിച്ചാണ് ഈ പ്രവചനം സൂചിപ്പിക്കുന്നത്. തന്റെ സമകാലികർക്ക് ആമോസ് നല്കുന്നത് ഭീകരമായ ശിക്ഷയുടെയും സമൂലനാശത്തിന്റെയും ശക്തമായ താക്കീതുകൾ മാത്രമാണ്.

### 4. വിഭജനം

ആമോസിന്റെ പുസ്തകത്തിലെ ചില പ്രവചനങ്ങൾ ആമോസിന്റെ കാലത്തിനു ശേഷം ശിഷ്യഗണത്തിൽപ്പെട്ടവർ കൂട്ടിച്ചേർത്തതാണെന്ന് അഭിപ്രായപ്പെടുന്ന വ്യാഖ്യാതാക്കളുണ്ട്. അവ വേർതിരിച്ചെടുക്കുവാനുള്ള ശ്രമത്തിൽ അഭിപ്രായ സമന്വയമില്ല. അതൊരു പാഴ്‌വേലയായിത്തീരുകയാണ്. ഇപ്പോൾ ലഭിക്കുന്ന പുസ്തകം മുഴുവനായും എല്ലാ കാലത്തും പ്രസക്തമായ ദൈവവചനമാണ്. അതിനാൽ പുസ്തകം ഇപ്പോഴത്തെ അവസ്ഥയിൽ പഠിക്കുകയാണ് കരണീയം. കുറ്റാരോപണങ്ങൾ, ശിക്ഷാവിധികൾ, ആഹ്വാനങ്ങൾ, ദർശനങ്ങൾ മുതലായവ ഇടകലർന്നാണ് നമുക്ക് ലഭിച്ചിരിക്കുന്നത്. വിഷയത്തിന്റെ അടിസ്ഥാനത്തിലോ കാലക്രമത്തിലോ ഒരു വിഭജനം എളുപ്പമല്ല. വ്യാഖ്യാതാക്കളുടെ ഇടയിൽ കൂടുതൽ അംഗീകാരം നേടിയിട്ടുള്ള ഒരു വിഭജനമാണ് പഠന സൗകര്യാർത്ഥം താഴെ കൊടുക്കുന്നത്.

| | | |
|---|---|---|
| | *ആമുഖം* | *1, 1–2* |
| *1.* | *ജനതകളുടെ മേൽ ശിക്ഷാവിധി* | *1, 3–2, 16* |
| *2.* | *ഇസ്രായേലിന്റെ കുറ്റവും ശിക്ഷയും* | *3, 1–6, 14* |
| *3.* | *ദർശനങ്ങൾ* | *7, 1–9, 11* |
| | *അനുബന്ധം* | *9, 12–15.* |



# ഭാഗം രണ്ട്

## വ്യാഖ്യാനം

### ആമുഖം 1,1–2

പ്രവാചകന്റെ പേര്, സ്ഥലം, തൊഴിൽ, കാലം എന്നിവ വളരെ ചുരുക്കം വാക്കുകളിൽ അവതരിപ്പിച്ചതിനുശേഷം പുസ്തകത്തിന്റെ മൊത്തം സ്വഭാവം വെളിപ്പെടുത്തുന്ന ഒരു ആമുഖ വാക്യത്തോടെയാണ് പുസ്തകം ആരംഭിക്കുന്നത്. ഈ രണ്ടു വാക്യങ്ങൾ പുസ്തകത്തിന്റെ ആമുഖമായി നിലകൊള്ളുന്നു.

### ആമോസിന്റെ വാക്കുകൾ

"വാക്കുകൾ എന്ന പദം കൊണ്ടാണ് പുസ്തകം ആരംഭിക്കുന്നത്. ഇതു പുസ്തകത്തിന്റെ സ്വഭാവത്തെയും ഉള്ളടക്കത്തെയും സൂചിപ്പിക്കുന്ന ശീർഷകമാണ്. ആമോസിന്റെ വാക്കുകളുടെ അഥവാ പ്രസംഗങ്ങളുടെ ഒരു സമാഹാരമാണ് ഈ പുസ്തകം. ജ്ഞാനികളുടെ സൂക്തങ്ങൾ സമാഹരിക്കുകയും അവയുടെ കർത്താവിന്റെ പേരിൽ സമാഹാരങ്ങൾ അറിയപ്പെടുകയും മധ്യപൗരസ്ത്യദേശത്ത് പതിവായിരുന്നു. ഉദാഹരണങ്ങൾ ബൈബിളിലും കാണാം. "മാസ്സായിലെ യാക്കേയുടെ മകനായ ആഗൂറിന്റെ വാക്കുകൾ" (സുഭാ 30,1)"മാസ്സാരാജാവായ സമുവേലിന്റെ വാക്കുകൾ"(സുഭാ 31,1)"ഹക്കാലിയായുടെ പുത്രൻ നെഹെമിയായുടെ വാക്കുകൾ"(നെഹ 1,1) "ഹിൽക്കിയായുടെ പുത്രൻ നെഹെമിയായുടെ വാക്കുകൾ"(ജറെ 1,1).

ആമോസിന്റെ വാക്കുകൾ എന്നു പറയുന്നുണ്ടെങ്കിലും ഇത് ആമോസ് സ്വന്തം ഇഷ്ടപ്രകാരം പറഞ്ഞവയല്ല. യഥാർത്ഥത്തിൽ ഈ വാക്കുകളുടെ ഉടമ ദൈവം തന്നെയാണെന്ന് തുടർന്ന് വ്യക്തമാക്കുന്നു."ഇസ്രായേലിനെക്കുറിച്ച് അവനുണ്ടായ അരുളപ്പാട്" എന്ന വിശേഷണം ഈ യാഥാർത്ഥ്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. "അവൻ കണ്ട കാര്യങ്ങൾ" എന്നാണ് അരുളപ്പാട്" എന്നു വിവർത്തനം ചെയ്യുന്ന വാക്കിന്റെ ഹീബ്രുമൂലം. ദൈവം ആമോ

സിനു വെളിപ്പെടുത്തിയ കാര്യങ്ങളാണ് പുസ്തകത്തിൽ പ്രതിപാദിക്കുന്നത്. തനിക്ക് ലഭിച്ച ദർശനങ്ങളെക്കുറിച്ച് ആമോസ് പിന്നീട് പല തവണ പരാമർശിക്കുന്നുണ്ട്. ദർശനങ്ങളിലൂടെ ദൈവം വെളിപ്പെടുത്തിയ കാര്യങ്ങളാണ് ആമോസ് ജനമധ്യത്തിൽ അവതരിപ്പിക്കുന്നത്. എന്നാൽ മറ്റാർക്കും ലഭിക്കാത്ത ആന്തരികാനുഭവങ്ങളിലൂടെ കർത്താവ് ആമോസിനു കാണിച്ചുകൊടുത്തവ മാത്രമായിരിക്കണം എന്നില്ല "കണ്ട കാര്യങ്ങൾ"-സമൂഹത്തിന്റെ അവസ്ഥയെക്കുറിച്ച് ആമോസ് നേരിട്ട് കണ്ടവയും ഈ കൂട്ടത്തിൽ പെടാം. കർത്താവിനു നല്കിയ പ്രത്യേക വെളിച്ചത്തിൽ സമൂഹത്തെ കാണാനും വിലയിരുത്താനും കഴിഞ്ഞവന്റെ വാക്കുകളാണ് പുസ്തകത്തിന്റെ ഉള്ളടക്കം. അത് ഒരേ സമയം കർത്താവിന്റെയും ആമോസിന്റെയും വാക്കുകളാണ്.

ആമോസിനെ പ്രവാചകൻ എന്നു പുസ്തകം വിശേഷിപ്പിക്കുന്നില്ല. താൻ പ്രവാചകനല്ല എന്ന് ആമോസ് തറപ്പിച്ചു പറയുന്നുമുണ്ട്(7,14). പ്രവചനം. ഉപജീവനത്തിനുള്ള ഒരു തൊഴിലാക്കിയ പ്രവാചകന്മാരുടെ ഗണത്തിൽ ആമോസ് പെടുന്നില്ല. എന്നാൽ 'ദൈവം കാണിച്ചുകൊടുത്ത കാര്യങ്ങൾ വിശ്വസ്തമായി പ്രഖ്യാപിക്കുന്നവൻ'എന്ന നിലയിൽ ആമോസ് പ്രവാചകത്വത്തിന് പുതിയൊരു അർത്ഥവും മാനവും നല്കുന്നു. ദൈവികവെളിപാടിന്റെ മധ്യസ്ഥനാണ് പ്രവാചകൻ. അവൻ ദൈവത്തിന്റെ ജിഹ്വയാണ്. ദൈവത്തിൽ നിന്ന് ലഭിക്കുന്ന സന്ദേശം വിട്ടുവീഴ്ച കൂടാതെ, മായം ചേർക്കാതെ, സധൈര്യം പ്രഘോഷിക്കുന്നു.

ആമോസിന്റെ സ്ഥലം, തൊഴിൽ, കാലം, മുതലായവയെക്കുറിച്ച് ആമുഖത്തിൽ നാം വിശദമായി കണ്ടു കഴിഞ്ഞു. യൂദാ മരുഭൂമിയിലുള്ള വക്കിലുള്ള തെക്കോവാ ഗ്രാമത്തിലെ, ആടുവളർത്തലും, കൃഷിയും തൊഴിലാക്കിയ, ഒരു സാധാരണക്കാരനെയാണ് ദൈവം ഇസ്രായേലിനു പ്രവാചകനായി നിയോഗിച്ചത്. ഇസ്രായേലിൽ ആമോസ് ഒരു വിദേശിയായിരുന്നു. ഇക്കാര്യം ബെഥേലിലെ പുരോഹിതൻ എടുത്തുപറയുന്നുണ്ട് (7,12). ദൈവം തനിക്ക് ഇഷ്ടമുള്ളവരെ തിരഞ്ഞെടുക്കുന്നു. തൊഴിലും പ്രായവും സമൂഹത്തിലെ സ്ഥാനവും ഒന്നും പരിഗണിക്കപ്പെടുന്നില്ല.

***"ഭൂകമ്പത്തിനു രണ്ടു വർഷം മുമ്പ്"*** എന്ന കാലസൂചന ആമോസിന്റെ പ്രവർത്തനകാലത്തെ കൃത്യമായി നിർണ്ണയിക്കുന്നു. ബി.സി. 760-നോടടുത്ത് ഇസ്രായേലിൽ ഒരു വലിയ ഭൂകമ്പമുണ്ടായതിന്റെ ചില തെളിവുകൾ ഹസോർ, സമറിയ എന്നീ നഗരങ്ങളിലെ പുരാവസ്തു ഗവേഷണങ്ങളിൽ നിന്ന് ലഭിച്ചിട്ടുണ്ട്. നൂറ്റാണ്ടുകൾക്ക് ശേഷവും ഈ ഭൂകമ്പത്തിന്റെ ഓർമ്മ ഇസ്രായേലിൽ നിലനിന്നുവെന്ന് സഖറിയാ 14,5-ലെ പരാമർശത്തിൽ നിന്നു കാണാം. വരാൻപോകുന്ന ഒരു ഭൂമികുലുക്കത്തെക്കുറിച്ച് ആമോസിന്റെ പ്രവചനങ്ങളിൽ സൂചനകളുണ്ട് (2,13;3,14-15;6,11;9,1). ഈ പ്രവചനങ്ങൾ വളരെ വേഗം നിറവേറിയതിനാലാവാം "ഭൂമികുലക്കത്തിന് രണ്ടു വർഷം മുമ്പ്" എന്നു എടുത്തു പറയുന്നത്. ആമോസിന്റെ പ്രവചനങ്ങൾ സമാഹരിച്ചു പുസ്തകമായി പ്രസാധനം ചെയ്തവർ എഴുതിച്ചേർത്തതാണ് ഈ ആമുഖവാക്യം എന്നു പൊതുവെ കരുതപ്പെടുന്നു.



പുസ്തകത്തിന്റെ മുഖ്യപ്രമേയം വ്യക്തമാക്കുന്നതാണ് ആമോസിന്റേതായി രേഖപ്പെടുത്തിയിരിക്കുന്ന ആദ്യവാക്യം.

***"സീയോനിൽനിന്നു കർത്താവ് ഗർജ്ജിക്കുന്നു.***
***ജറുസലേമിൽ നിന്നു തന്റെ സ്വരം മുഴങ്ങുന്നു.***
***ഇടയന്മാരുടെ മേച്ചിൽ സ്ഥലങ്ങൾ ഉണങ്ങുന്നു.***
***കാർമ്മൽ മലയുടെ മുകൾപ്പരപ്പ് കരിയുന്നു."***

ഒരേ അർത്ഥമുള്ള ഈ രണ്ടു സമാന്തരവാക്യങ്ങൾ ചേർന്ന ഈ ഈരടികൾക്ക് ഒരു കീർത്തനത്തിന്റെ സ്വഭാവമുണ്ട്. "അവൻ പറഞ്ഞു" എന്ന പ്രസാധകക്കുറിപ്പോടെയാണ് ആമോസിന്റെ വാക്കുകൾ അവതരിപ്പിക്കുന്നത്. കർത്താവിന്റെ ശബ്ദവും അതിന്റെ പ്രത്യാഘാതവുമാണ് പ്രമേയം.

### കർത്താവിന്റെ ശബ്ദം

"കർത്താവ് ഗർജ്ജിക്കുന്നു" എന്ന പ്രയോഗം സിംഹഗർജ്ജനത്തെയും അത് ഉളവാക്കുന്ന ഭയത്തെയും സൂചിപ്പിക്കുന്നു. 3,8-ൽ ആമോസ് വീണ്ടും ശബ്ദത്തെ സിംഹഗർജ്ജനമായി ചിത്രീകരിക്കുന്നുണ്ട്. എന്തെങ്കിലും കാര്യം പ്രത്യേകമായി അറിയിക്കുന്ന വാക്കുകളല്ല, ശ്രോതാക്കളിൽ സംഭ്രമം ജനിപ്പിക്കുന്ന ഭീകരശബ്ദം മാത്രമാണ് ഇവിടെ വിവക്ഷിക്കുന്നത്. തന്റെ ശത്രുക്കളുടെമേൽ ശിക്ഷാവിധി നടപ്പിലാക്കാൻ വരുന്ന കർത്താവാണ് സിംഹത്തെപ്പോലെ ഗർജ്ജിക്കുന്നത്. ജറെ. 25, 30; ജോയേൽ 3, 16; ഏശ.66, 6 തുടങ്ങിയ ബൈബിൾ ഭാഗങ്ങളിൽ ഈ പ്രയോഗം

വീണ്ടും കാണാം.

''അവിടുന്ന് അരുളിച്ചെയ്യുന്നു'' എന്ന പി. ഒ. സി. വിവർത്തനം ഒരു വ്യാഖ്യാനമാണ്."അവൻ തന്റെ ശബ്ദം മുഴക്കുന്നു" എന്നാണ് ഹിബ്രൂമൂലം. അലറുക, അട്ടഹസിക്കുക എന്നൊക്കെ ഇതു വിവർത്തനം ചെയ്യാം. ഇടിവെട്ടുമ്പോഴുണ്ടാകുന്നതുപോലെയുള്ള ശബ്ദത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. നാശം വിതയ്ക്കുന്നതാണ് ഈ ശബ്ദം സങ്കീ. 18,13;46,6 ഉദാഹറണങ്ങളാണ്. 29-ാം സങ്കീർത്തനം മുഴുവൻ കർത്താവിന്റെ ശക്തവും ഭീതിജനകവുമായ ശബ്ദത്തെ പ്രഘോഷിക്കുന്ന കീർത്തനമാണ്.

ശാന്തമായ ഉപദേശമോ സൗമ്യമായ സാന്ത്വനമോ അല്ല, ശ്രോതാക്കൾ ഭയംകൊണ്ടു ഞെട്ടി വിറയ്ക്കാൻ ഇടയാക്കുന്ന ശിക്ഷാവിധിയായിരിക്കും ആമോസിലൂടെ കർത്താവു നല്കുന്ന വാക്കുകൾ.

**സീയോനിൽ നിന്ന്**

സീയോൻ, ജറുസലെം എന്ന രണ്ടുപേരുകൾ സമാന്തരമായി ഉപയോഗിച്ചിരിക്കുന്നു. തനിക്കായി കർത്താവു തിരഞ്ഞെടുത്ത പട്ടണമാണ് ജറുസലെം. നഗരത്തിന്റെ ഹൃദയഭാഗത്തിലുള്ള മലയാണ് സീയോൻ. അവിടെയാണ് കർത്താവിന്റെ ആലയം. ഭൂമിയിലെ കർത്താവിന്റെ വാസസ്ഥലമായിട്ടാണ് ജറുസലെം ദേവാലയം പരിഗണിക്കപ്പെട്ടിരുന്നത്. ജറുസലെം യൂദാ രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു. അവിടെനിന്ന് പുറപ്പെടുന്ന കർത്താവിന്റെ ശബ്ദം ഇസ്രായേൽ ദേശത്തിന്റെ വടക്കുപടിഞ്ഞാറെ അതിർത്തിയിലൂടെ കാർമ്മൽ മലനിരകൾ വരെ എത്തുകയും ഭീകരമായ ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു. രാജ്യാതിർത്തികളോ ദൂരപരിധികളോ കർത്താവിനില്ല. അവിടുത്തെ ആജ്ഞ സകല ദിക്കിലും എത്തുന്നു. ആരും അവിടുത്തെ അധികാര പരിധിക്കു പുറത്തല്ല.

**വിനാശം വിതയ്ക്കുന്ന ശബ്ദം**

കർത്താവിന്റെ ശബ്ദത്തിന്റെ വിനാശകരമായ ശക്തിയാണ് അടുത്ത ഈരടിയിൽ വർണ്ണിക്കുന്നത്. തീക്കാറ്റുപോലെയാണ് അവിടുത്തെ ശബ്ദം. പച്ചയായതെല്ലാം ഉണങ്ങിക്കരിയാൻ അത്



ഇടയാക്കുന്നു. "മേച്ചിൽ സ്ഥലങ്ങൾ" സമൃദ്ധമായ പുല്ത്തകിടികൾ നിറഞ്ഞ താഴ്‌വരകളെയും "കാർമ്മൽ മലയുടെ മുകൾപരപ്പ്" വനനിബിഢമായ മലനിരകളെയും സൂചിപ്പിക്കുന്നു. "വിലപിക്കുന്നു" എന്നു പി.ഒ.സി. ബൈബിൾ വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കിന് "ഉണങ്ങിക്കരിയുന്നു" എന്നും അർത്ഥമുണ്ട്. രണ്ടു വാക്യങ്ങളും സമാന്തരമാകയാൽ രണ്ടാമത്തെ അർത്ഥമാണ് ഇവിടെ കൂടുതൽ അനുയോജ്യം. കൊടിയ വരൾച്ച ദേശത്തെ ബാധിക്കാൻ പോകുന്നു എന്ന സൂചനയാണ് ഈ ആമുഖ വാക്യത്തിലൂടെ നല്കുന്നത്. അത് കർത്താവയയ്ക്കുന്ന ശിക്ഷയായിരിക്കും.

**വിചിന്തനം**

ആടുവളർത്തലും കൃഷിയും കച്ചവടവും തൊഴിലാക്കി സാമാന്യം സുഖമായും സ്വസ്ഥമായും കഴിഞ്ഞിരുന്ന ഒരു "അത്മായൻ" ആയിരുന്നു ആമോസ്. കർത്താവിന്റെ വചനം അയാളെ തന്റെ സ്വസ്ഥതയിൽ നിന്നും ആർജ്ജിച്ച സുരക്ഷിതത്വത്തിൽ നിന്നും പിടിച്ചിറക്കി, കേൾവിക്കാർക്കു ഹിതകരമല്ലാത്ത ശിക്ഷാവിധി പ്രഖ്യാപിക്കാനായി അന്യനാട്ടിലേക്കു പറഞ്ഞയച്ചു. ചെറുത്തു നില്ക്കാൻ പററാത്തതായിരുന്നു ഈ ദൈവവിളി; അതിനെ എതിർക്കാൻ ആമോസ് തുനിഞ്ഞതുമില്ല. വചനം അയാളെ പരിപൂർണ്ണമായി ഗ്രസിച്ചു. രൂപാന്തരപ്പെടുത്തി. ശ്രോതാക്കളെ പ്രീണിപ്പിക്കുകയോ വചനപ്രഘോഷണത്തിലൂടെ സ്വത്തു സമ്പാദിക്കുകയോ ആമോസിന്റെ ലക്ഷ്യമായിരുന്നില്ല.

ആമോസിനെയെന്നതുപോലെ ഇന്നും കർത്താവ് തനിക്കായി പ്രവാചകന്മാരെ വിളിക്കുന്നു, വചനം നല്കി അയയ്ക്കുന്നു. അവർ ഏതെങ്കിലും സഭയുടെയോ സമൂഹത്തിന്റെയോ, സമുദായത്തിന്റെയോ അംഗീകാരമുള്ളവരായിരിക്കണമെന്നില്ല; അവർ പറയുന്ന വാക്കുകൾ ശ്രോതാക്കൾക്കു ഹിതകരമാകണമെന്നുമില്ല. ഇപ്രകാരം വചനം സ്വീകരിച്ചവരും വചനം പ്രഘോഷിക്കുന്നവരും നമ്മുടെ ഇടയിലുണ്ടോ? അവരെ തിരിച്ചറിയാൻ നമുക്കു കഴിയുന്നുണ്ടോ? കർത്താവിന്റെ വചനം ''സിംഹഗർജ്ജനം'' പോലെ എന്നെങ്കിലും നമുക്ക് അനുഭവപ്പെടാറുണ്ടോ? വചനത്തിനുവേണ്ടി ആമോസിനെപ്പോലെ സുരക്ഷിതത്വവും സ്വസ്ഥതയും ഉപേക്ഷിക്കാൻ നാം തയ്യാറാണോ?

# 1. ജനതകളുടെമേൽ ശിക്ഷാവിധി 1,3–2,16

## A. പൊതുനിരീക്ഷണങ്ങൾ

പുസ്തകത്തിന്റെ മുഖ്യപ്രമേയത്തെ സൂചിപ്പിക്കുന്ന ആമുഖവാകൃത്തിനുശേഷം എട്ടു രാജ്യങ്ങളുടെമേലുള്ള കർത്താവിന്റെ ശിക്ഷാവിധിയാണ് പ്രഖ്യാപിക്കുന്നത്. ആദ്യമേ ഇസ്രായേലിനു ചുറ്റുമുള്ള ഏഴു രാജ്യങ്ങളുടെ കുറ്റങ്ങളും അതിനുള്ള ശിക്ഷയും അറിയിക്കുന്നു. അതിനുശേഷം ഇസ്രായേലിന്റെ കുറ്റങ്ങളും അതിനുള്ള ശിക്ഷയും അറിയിക്കുന്നു. എട്ടുതവണയും ഒരേ രീതിയിലാണ് ശിക്ഷാവിധി അവതരിപ്പിക്കുന്നത്. ഇവിടെ വ്യക്തമായ ഒരു രൂപഘടന ദൃശ്യമാണ്.

### *a. രൂപഘടന*

*1. ദൗത്യവാക്യം – "കർത്താവ് അരുളിച്ചെയ്യുന്നു"*

*2. പൊതുവായ കുറ്റാരോപണം*

*3. പ്രത്യേകമായ കുറ്റാരോപണം*

*4. പൊതുവായ ശിക്ഷാവിധി*

*5. പ്രത്യേക ശിക്ഷ*

*6. ദൗത്യവാക്യം – "കർത്താവ് അരുളിച്ചെയ്തിരിക്കുന്നു"*

കർത്താവ് അരുളിച്ചെയ്യുന്നു എന്ന ആമുഖത്തോടെയാണ് ഓരോ രാജ്യത്തിനുമെതിരേയുള്ള പ്രഖ്യാപനം ആരംഭിക്കുന്നത്. പൊതുവായ ആരോപണം എട്ടുരാജ്യങ്ങൾക്കെതിരേയും ഒന്നുതന്നെയാണ്. "ആവർത്തിച്ചുചെയ്ത അതിക്രമങ്ങൾക്കുള്ള ശിക്ഷ ഞാൻ പിൻവലിക്കുകയില്ല എന്ന പി.ഒ.സി. വിവർത്തനം ഒരു വ്യാഖ്യാനമാണ്. ഓരോ രാജ്യത്തിന്റെയും പേരിനുശേഷം "..ചെയ്ത മൂന്നും നാലും അതിക്രമം മൂലം ഞാൻ അതു പിൻവലിക്കുകയില്ല" എന്നാണ് ഹീബ്രുമൂലം. സംഖ്യാക്രമത്തിലുള്ള ഈ പ്രയോഗം ജ്ഞാനഗ്രന്ഥങ്ങളിൽ ധാരാളമായി കാണാം. സുഭാ. 30,18–31; പ്രഭാ. 26,5–6 ഉദാഹരണങ്ങളാണ്. കുറ്റങ്ങളെ സംബന്ധിച്ച് ഒരു ആരോഹണക്രമം ഇവിടെ കാണാം. ലഘുവായവയിൽ തുടങ്ങി ഏറ്റം ഗൗരവമായവയിൽ അവസാനിക്കുന്നതാണ് ഈ



ക്രമം. മൂന്നും നാലും അതിക്രമങ്ങൾ എന്നു പറയുന്നെങ്കിലും ഇസ്രായേൽ ഒഴികെ മറ്റ് ഏഴു രാജ്യങ്ങളെയും സംബന്ധിച്ച് ഏറ്റം ഗൗരവാവഹമായ ഒരു കുറ്റം മാത്രമേ ആമോസ് എടുത്തു പറയുന്നുള്ളു. അതാകട്ടെ ഓരോ രാജ്യത്തിനും വ്യത്യസ്തമാണ്. എന്നാൽ ഇസ്രായേലിന്റെ കുറ്റങ്ങൾ കൂടുതൽ വിശദമായി അവതരിപ്പിക്കുന്നുണ്ട്.

കുറ്റാരോപണങ്ങൾക്കുശേഷം ശിക്ഷാവിധി പ്രസ്താവിക്കുന്നു. ഇവിടെയും ആദ്യമേ എല്ലാ രാജ്യത്തിനും ഒരേ ശിക്ഷയാണ് പ്രഖ്യാപിക്കുന്നത്: "......അഗ്നി അയയ്ക്കും....ശക്തിദുർഗ്ഗങ്ങളെ വിഴുങ്ങിക്കളയും" അതിനുശേഷം ശിക്ഷ കൂടുതൽ വ്യക്തമായി വിവരിക്കുന്നു. "കർത്താവ് അരുളിച്ചെയ്തിരിക്കുന്നു" എന്ന പ്രസ്താവനയോടെയാണ് ശിക്ഷാവിധി അവസാനിക്കുക. ഇതിൽ അഞ്ചും ആറും ഘടകങ്ങൾ ടയിർ, ഏദോം, യൂദാ എന്നീ രാജ്യങ്ങളെക്കുറിച്ചുള്ള പ്രതിപാദനത്തിൽ കാണുന്നില്ല. അതിനാൽ ഈ മൂന്നു പ്രഖ്യാപനങ്ങൾ പില്ക്കാലത്തു കൂട്ടിച്ചേർത്തതാണെന്നും മറ്റ് അഞ്ചു രാജ്യങ്ങൾക്കെതിരേയുള്ള ശിക്ഷാവിധികൾ മാത്രമേ ആമോസിന്റേതായുള്ളൂ എന്നും അഭിപ്രായപ്പെടുന്ന വ്യാഖ്യാതാക്കളുണ്ട്. എന്നാൽ, എന്തിനു വേണ്ടിയാണ് ഈ മൂന്നു രാജ്യങ്ങളെ കൂട്ടിച്ചേർത്തതെന്നോ, എന്തുകൊണ്ട് അഞ്ചും ആറും ഘടകങ്ങൾ വിട്ടുകളഞ്ഞെന്നോ വ്യക്തമല്ല. അതിനാൽ എട്ടു ശിക്ഷാവിധികളും ആമോസിന്റെതന്നെ പ്രവചനങ്ങളായാണ് വ്യാഖ്യാതാക്കളിൽ ഭൂരിഭാഗവും കരുതുന്നത്. ഓരോ രാജ്യത്തിന്റെയും കുറ്റവും അതിനുള്ള ശിക്ഷയും വിശദമായി അപഗ്രഥിക്കുന്നതിനുമുമ്പേ പൊതുവായ ചില കാര്യങ്ങൾ ശ്രദ്ധിക്കുന്നത് ഉപകാരപ്രദമാണ്.

### *b. പ്രധാന ആശയങ്ങൾ*

#### 1. കർത്താവിന്റെ വചനം

കർത്താവിന്റെ വചനമാണ് ഇവിടെ അവതരിപ്പിക്കുന്നത്. പ്രവാചകൻ കർത്താവിന്റെ വക്താവു മാത്രമാണ്. തന്നെ ഏല്പിച്ച വചനം വിശ്വസ്തമായി പ്രഖ്യാപിക്കുക മാത്രമേ പ്രവാചകൻ ചെയ്യുന്നുള്ളു. കർത്താവു തന്റെ സന്ദേശം അറിയിക്കാനായി അയയ്ക്കുന്ന ദൂതനാണ് പ്രവാചകൻ. ഇത് രാഷ്ട്രീയതല

ത്തിൽ പൊതുവേ നിലനിന്നതും ഇന്നും നിലനില്ക്കുന്നതുമായ ഒരു പതിവിനോടു സദൃശ്യമാണ്. രാജാക്കന്മാരും ഭരണകൂടങ്ങളും തങ്ങളുടെ സന്ദേശ വാഹകരായി ചില വ്യക്തികളെ ചുമതലപ്പെടുത്തി അയയ്ക്കുന്നു. ദൂതന്റെ വാക്കുകൾക്ക് അയാളെ അയച്ചവന്റെ അധികാരമുണ്ട്. 2 രാജാ. 18,19; 19,6 ഉദാഹരണമാണ്. ഇന്നും അന്താരാഷ്ട്ര നയതന്ത്രബന്ധങ്ങളിൽ അംബാസഡർമാർ തങ്ങളുടെ രാജ്യത്തെ പ്രതിനിധാനം ചെയ്യുകയും രാജ്യത്തിന്റെ പൊതുതാല്പര്യങ്ങളും തീരുമാനങ്ങളും മറ്റു രാജ്യങ്ങളെ അറിയിക്കുകയും ചെയ്യുന്നതുപോലെയാണിത്.

പ്രവാചകൻ കർത്താവിന്റെ അംബാസഡറാണ്. അയാളുടെ വാക്ക് കർത്താവിന്റെ തന്നെ വാക്കാണ്. ഈ യാഥാർത്ഥ്യം ഉറപ്പിച്ചു പറയാൻ വേണ്ടിയാണ് ഓരോ രാജ്യത്തിനുമുള്ള സന്ദേശത്തിന്റെ ആരംഭത്തിൽ "കർത്താവ് അരുളിച്ചെയ്യുന്നു" എന്നും അവസാനം ''കർത്താവ് അരുളിച്ചെയ്തിരിക്കുന്നു'' എന്നും ആവർത്തിക്കുന്നത്. കർത്താവിന്റെ വചനം അറിയിച്ചുകഴിഞ്ഞു അതിനു മാറ്റമില്ല.

## 2. മാറ്റമില്ലാത്ത ശിക്ഷാവിധി

"അത് ഞാൻ പിൻവലിക്കുകയില്ല" എന്ന് ഓരോ ശിക്ഷാവിധിയുടെയും ആരംഭത്തിൽ പ്രസ്താവിക്കുന്നു. ''അത്'' എന്തിനെ സൂചിപ്പിക്കുന്നു എന്ന കാര്യത്തിൽ തർക്കമുണ്ട്. "ശിക്ഷാവിധി" എന്നു വിവർത്തനം ചെയ്യുമ്പോൾ ഈ തർക്കത്തിന് ഒരു പരിഹാരം നിർദ്ദേശിക്കുകയാണ്. എന്നാൽ കർത്താവ് അയയ്ക്കുന്ന ''വചനം" എന്നും ഇതിന് അർത്ഥമാക്കാം. ശിക്ഷാവിധി നടപ്പിലാക്കുന്ന ഉപകരണം അഥവാ ഏജന്റ് ആയി വചനം പ്രത്യക്ഷപ്പെടുന്നു. കർത്താവ് അരുളിച്ചെയ്യുന്നത് നിറവേറുക തന്നെ ചെയ്യും. ഇത് അനുഗ്രഹത്തിനും ശാപത്തിനും ഒരുപോലെ ബാധകമാണ്. കർത്താവ് രണ്ടുതവണ ഇസ്രായേലിനെ ശിക്ഷിക്കാൻ ഒരുങ്ങുകയും പ്രവാചകന്റെ പ്രാർത്ഥന ശ്രവിച്ച് ശിക്ഷ ഒഴിവാക്കുകയും ചെയ്തതായി ആമോസ് 7,1-6ൽ വിവരിക്കുന്നുണ്ട്. എന്നാൽ "ഇനി ഞാൻ അവരെ വെറുതെ വിടുകയില്ല" (7,8) എന്ന തീരുമാനമാണ് ഈ ശിക്ഷാവിധികളിൽ പ്രതിധ്വനിക്കുന്നത്. മനുഷ്യന്റെ അതിക്രമങ്ങൾ സകല പരിധികളും ലംഘിച്ചിരിക്കുന്നു. ഇനി ക്ഷമയല്ല ശിക്ഷയാണ് നടപ്പിലാക്കാൻ പോകുന്നത്.



## 3. എല്ലാ ജനതകളും കർത്താവിന്റേത്

ഇസ്രായേലിനു ചുറ്റുമുള്ള ഏഴു രാജ്യങ്ങളെക്കുറിച്ച് ആദ്യമേ പ്രതിപാദിക്കുന്നു. ഇവിടെ സ്വീകരിച്ചിരിക്കുന്ന ക്രമം എന്തെന്നു വ്യക്തമല്ല. വടക്കു കിഴക്കുള്ള സിറിയാ ആണ് ആദ്യമേ പരാമർശവിഷയമാവുക. പിന്നീടു തെക്കു പടിഞ്ഞാറുള്ള ഫിലിസ്ത്യദേശത്തെ ഗാസാ. തുടർന്ന് വടക്കുകിഴക്കുള്ള ടയിർ, തെക്കു കിഴക്കുള്ള ഏദോം. അതിനുശേഷം ഇസ്രായേലിന്റെ കിഴക്കെ അതിർത്തിയിലുള്ള അമ്മോൻ, മൊവാബ് എന്നീ രാജ്യങ്ങൾ, ഏഴാമത്തേത് ഇസ്രായേലിന്റെ തെക്കെ അതിർത്തിയിലുള്ള യൂദായാണ്. ഏറ്റം അവസാനം ഇസ്രായേലും ഈ ക്രമത്തിന്റെ കാരണം വ്യക്തമല്ലെങ്കിലും ഒരു കാര്യത്തിൽ സംശയമില്ല - കർത്താവ് സകല ജനതകളുടെയും നാഥനും വിധിയാളനുമാണ്. യാഹ്‌വേയല്ലാതെ വേറൊരു ദൈവമില്ല; സകല ജനതകളും അവിടുത്തെ അധികാരത്തിൽ കീഴിലാണ്. യൂദായെയും ഇസ്രായേലിനെയും ഈ പട്ടികയിൽ പെടുത്തി, ഒരേ രീതിയിലുള്ള കുറ്റാരോപണവും ശിക്ഷാവിധിയും അവതരിപ്പിക്കുന്നതിലൂടെ ദൈവതിരുമുമ്പിൽ അവർക്കു പ്രത്യേകമായ യാതൊരവകാശവും ഇല്ലെന്നു വ്യക്തമാക്കുന്നു. തന്നെയുമല്ല, എട്ടാമത്തേതെന്ന നിലയിൽ കുറ്റകൃത്യങ്ങളുടെയും ശിക്ഷാവിധിയുടെയും ഉച്ചകോടിയിലാണ് അവർ നില്ക്കുന്നത്. അവരുടെ കുറ്റങ്ങളും അവർക്കു ലഭിക്കാൻപോകുന്ന ശിക്ഷാവിധിയും കൂടുതൽ വിശദമായി പ്രതിപാദിക്കുന്നുമുണ്ട്.

## 4. അതിക്രമങ്ങൾ

പാപം, കുറ്റം, അകൃത്യം, അക്രമം, അതിക്രമം എന്നൊക്കെ വിവർത്തനം ചെയ്യുന്നത് "പെഷാ" എന്ന ഹീബ്രുവാക്കാണ്. എട്ടു തവണയും ഈ വാക്കുതന്നെയാണ് ആവർത്തിക്കുന്നത്. "പാപം" എന്ന ആശയം സൂചിപ്പിക്കാൻ ''ഹത്താ", ''ആവോൻ" എന്നീ പദങ്ങളാണ് ബൈബിളിൽ സാധാരണയായി ഉപയോഗിക്കുക. "പെഷാ" എന്നത് മതേതര (സെക്കുലർ) സ്വഭാവമുള്ള ഒരു പദമാണ്. കുറ്റവാളികൾക്കെതിരേ കോടതിയിൽ അവതരിപ്പിക്കുന്ന കുറ്റപത്രവുമായി ബന്ധപ്പെട്ട ഒരു സാങ്കേതിക പദമാണിത്. വീണ്ടും തണ്ടുതവണ കൂടി (3,14;5,12) ആമോസിൽ ഈ പദം പ്രത്യക്ഷപ്പെടുന്നുണ്ട്. ഇവിടെയെല്ലാം മനുഷ്യർ തമ്മിലുള്ള ബന്ധത്തിൽ

വന്ന ക്രമക്കേടിനെയാണ് ഇതു സൂചിപ്പിക്കുന്നത്.

മനുഷ്യൻ മനുഷ്യനെതിരേ ചെയ്യുന്ന അതിക്രമമാണ് ദൈവ ശിക്ഷ വിളിച്ചുവരുത്തുന്ന "പെഷാ" പാവപ്പെട്ടവരുടെ അവകാശങ്ങൾ ലംഘിക്കുകയും അവരെ നിർദ്ദയം ചൂഷണം ചെയ്യുകയും പീഡിപ്പിക്കുകയും ചെയ്യുന്നതാണത്. സുഭാഷിതങ്ങളിൽ ഈ പദം അനേകം തവണ ഉപയോഗിക്കുന്നുണ്ട്. ആമോസിന്റെ പുസ്തകത്തിൽ മനുഷ്യന്റെ ആത്മാഭിമാനത്തിനും സ്വത്തിനും, സ്വാതന്ത്ര്യത്തിനും ജീവനുമെതിരേയുള്ള കടന്നാക്രമണങ്ങളെയാണ് ഈ പദം സൂചിപ്പിക്കുന്നത്. "മനുഷ്യാവകാശലംഘനം" എന്ന് ഇതിനെ വിശേഷിപ്പിക്കാം.

ഓരോ മനുഷ്യന്റെയും മനഃസാക്ഷിയിൽ ദൈവംതന്നെ ആലേഖനം ചെയ്തിട്ടുള്ള നിയമത്തിന്റെ ലംഘനമാണ് ജനതകൾക്കെതിരേയുള്ള കുറ്റമായി ആമോസ് എടുത്തുകാട്ടുന്നത്. ഇതിന് ഉപോദ്ബലകമായി തിരഞ്ഞെടുപ്പോ ഉടമ്പടിയോ നിയമങ്ങളോ ഒന്നും അവതരിപ്പിക്കുന്നില്ല. സർവ്വജനതകളുടെയും സ്രഷ്ടാവും വിധിയാളനുമായ ദൈവം തന്റെ നിയമം ഓരോരുത്തരുടെയും ഉള്ളിൽ മനഃസാക്ഷിയുടെ സ്വരമായി നിക്ഷേപിച്ചിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് വിധി പ്രസ്താവിക്കുന്നത്. അന്ധവിശ്വാസങ്ങളോ വിഗ്രഹാരാധനയോ മതാചാരങ്ങളിലെ അപാകതകളോ ഒന്നും ഇവിടെ പരാമർശവിഷയമാകുന്നില്ല. ദൈവം എല്ലാ മനുഷ്യർക്കും നല്കിയിരിക്കുന്ന അടിസ്ഥാന അവകാശങ്ങൾ പാലിക്കാൻ എല്ലാവർക്കും കടമയുണ്ട്. എന്താണ് ഈ കടമകൾ എന്ന് സ്വാഭാവികമായിത്തന്നെ ഓരോരുത്തർക്കും അറിയാം. അതിന്റെ ലംഘനം കഠിനമായി ദൈവശിക്ഷ വിളിച്ചുവരുത്തും.

ഓരോ രാജ്യത്തിനും എതിരേ നിരത്തുന്ന പ്രത്യേക കുറ്റപത്രത്തിൽ ഈ അതിക്രമം എന്തെന്ന് കൂടുതൽ വ്യക്തമായി നിർവ്വചിക്കുന്നുണ്ട്. ഇസ്രായേലിനെതിരേ അവതരിപ്പിക്കുന്ന കുറ്റപത്രത്തിലും ഇപ്രകാരമുള്ള ആരോപണങ്ങളാണ് മുന്നിട്ടുനില്ക്കുന്നത്. പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ടവരാണെങ്കിലും ഇസ്രായേൽ മറ്റു ജനതകളേക്കാൾ ഒട്ടും മെച്ചമല്ല. അതിനാൽ അവർക്കെതിരേയുള്ള ശിക്ഷാവിധി കൂടുതൽ കഠിനമായിരിക്കും. വ്യക്തിബന്ധങ്ങളിലും അന്തർദ്ദേശീയ ബന്ധങ്ങളിലും നിലനില്ക്കുന്ന അക്രമങ്ങളും ചൂഷണങ്ങളും ദൈവത്തിന്റെ അതികഠിനമായ



ശിക്ഷയ്ക്കു കാരണമാകും എന്ന് അതിക്രമങ്ങളെക്കുറിച്ചുള്ള ഈ പരാമർശങ്ങളിലൂടെ പഠിപ്പിക്കുന്നു.

### 5. ശക്തി ദുർഗ്ഗങ്ങളിൽ അഗ്നി

കോട്ടയുടെ ബലവും സൈന്യത്തിന്റെ ശക്തിയുമാണ് രാജാക്കന്മാർക്ക് സുരക്ഷിതത്വബോധം നല്കിയിരുന്നത്. അവരുടെ സ്വയം പര്യാപ്തതാബോധത്തിനും അഹങ്കാരത്തിനും അടിസ്ഥാനമായ കോട്ടകൾ കർത്താവു തന്നെ നശിപ്പിക്കും എന്നതാണ് പൊതുവായ ശിക്ഷാവിധി. തങ്ങൾ അജയ്യരാണെന്ന ചിന്ത ആദ്യമേ എടുത്തുകളയുന്നു. കർത്താവിന്റെ ശിക്ഷോപകരണമാണ് അഗ്നി. ആകാശത്തിൽ നിന്ന് ഇറങ്ങുന്ന ഇടിത്തീയെയാണ് ഇത് സൂചിപ്പിക്കുക. സീയോനിൽ നിന്ന് ഇടിമുഴങ്ങുന്നതുപോലെ ഗർജ്ജിക്കുന്ന കർത്താവ് എല്ലാ നഗരങ്ങളുടെയുംമേൽ അഗ്നി അയയ്ക്കും. എന്നാൽ ശത്രുക്കളുടെ ആക്രമണത്തിലൂടെ ആയിരിക്കും. അതു നടപ്പിലാക്കുക. പട്ടണം ആക്രമിക്കുന്ന സൈന്യം ആദ്യമേ മതിലുകൾ തകർക്കും. പിന്നെ കൊട്ടാരങ്ങളും മാളികകളും അഗ്നിക്കിരയാക്കും. പട്ടണങ്ങൾ നാശകൂമ്പാരമായിത്തീരും. രണ്ടു പതിറ്റാണ്ടു കഴിഞ്ഞപ്പോൾ ഈ ഭീഷണി ഒരു യാഥാർത്ഥ്യമായി – അസീറിയാ ഈ രാജ്യങ്ങളെയെല്ലാം തകർത്തു തരിപ്പണമാക്കി.

### 6. ജനതകളുടെ ഉത്തരവാദിത്വം

ദൈവതിരുമുമ്പിൽ എല്ലാവരും തുല്യരാണ്. ശിക്ഷിക്കപ്പെടും എന്ന ഭയം കൂടാതെ അക്രമങ്ങൾ തുടരാൻ അവിടുന്ന് ആരെയും അനുവദിക്കുകയില്ല. സകലത്തിന്റെയും നാഥനായ ദൈവത്തിന്റെ മുമ്പിൽ കണക്കുകൊടുക്കാൻ സർവ്വരും കടപ്പെട്ടിരിക്കുന്നു. സഹജീവികളോടു സ്വീകരിച്ച നിലപാട് ആയിരിക്കും വിധിയുടെ മാനദണ്ഡം. വ്യക്തികളും രാജ്യങ്ങളും അവർ എത്ര സമ്പന്നനോ ശക്തരോ ആകട്ടെ, തങ്ങളുടെ ചെയ്തികൾക്ക് ഉത്തരം പറഞ്ഞേ മതിയാകൂ. ശക്തി ദുർഗ്ഗങ്ങളെ അഗ്നി വിഴുങ്ങുന്നതിനു മുമ്പേ സഹോദരനോടു നീതിപുലർത്തുകയാണ് കരണീയം.

### 7. ചരിത്രസംഭവങ്ങൾ

ഓരോ രാജ്യവും പ്രവർത്തിച്ച അതിക്രമങ്ങൾ വിവരിക്കു

മ്പോൾ അവ ഏതു ചരിത്ര വസ്തുതകളെയാണ് സൂചിപ്പിക്കുന്നത് എന്ന കാര്യത്തിൽ തർക്കമുണ്ട്. ബി.സി. ഒമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പലസ്തീനായിൽ നടമാടിയ യുദ്ധങ്ങളും അവയോടു ബന്ധപ്പെട്ട അതിക്രമങ്ങളുമാണ് എന്ന ഭൂരിഭാഗം വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നു, എന്നാൽ, അനേകവർഷങ്ങൾക്കു മുമ്പു നടന്ന സംഭവങ്ങളുടെ പേരിലല്ല, അടുത്ത കാലത്തു സംഭവിച്ചതും തന്റെകാലത്തുതന്നെ സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ കാര്യങ്ങളാണ് ആമോസ് കുറ്റപത്രത്തിൽ അവതരിപ്പിക്കുന്നത് എന്ന് കരുതുന്നവരുമുണ്ട്. ഓരോ രാജ്യത്തിന്റെയും അതിക്രമങ്ങളെക്കുറിച്ചു പഠിക്കുമ്പോൾ അവയെക്കുറിച്ചു ലഭ്യമായ വിവരങ്ങൾ നല്കുന്നതാണ്.

## B കുറ്റവും ശിക്ഷയും

എട്ടു രാജ്യങ്ങൾക്കും പൊതുവായ കാര്യങ്ങൾ കണ്ടതിനു ശേഷം ഇനി ഓരോ രാജ്യത്തിനും ഉന്നയിക്കുന്ന ആരോപണങ്ങളും പ്രഖ്യാപിക്കുന്ന ശിക്ഷകളും വിശദമായി അപഗ്രഥിക്കാൻ ശ്രമിക്കാം.

### 1. സിറിയാ - ഡമാസ്കസ് 1,3-5

ഇസ്രായേലിന്റെ വടക്കുകിഴക്കെ അതിർത്തിയിലുള്ള സിറിയായ്ക്കെതിരെയാണ് പ്രവാചകൻ ആദ്യമേ ശ്രദ്ധ തിരിക്കുന്നത്. തലസ്ഥാനമായ ഡമാസ്കസിന്റെ പേരാണ് എടുത്തു പറയുന്നതെങ്കിലും രാജ്യം മുഴുവനുമാണ് വിവക്ഷിക്കപ്പെടുന്നത് എന്നതിൽ സംശയമില്ല. ദാവീദു കീഴടക്കുകയും സോളമന്റെ കാലത്തിനുശേഷം സ്വതന്ത്രമാവുകയും ചെയ്ത സിറിയാ ഇസ്രായേലിന്റെ ബദ്ധശത്രുവായിരുന്നു. ഇരുരാജ്യങ്ങളും തമ്മിൽ ചുരുക്കം അവസരങ്ങളൊഴിച്ചാൽ നിരന്തരമായ പോരാട്ടം നടന്നിരുന്നതായി രാജാക്കന്മാരുടെ പുസ്തകങ്ങളിൽ വിവരിച്ചിട്ടുണ്ട്.

ഹസായേൽ, ബെൻഹദാദ് എന്നീ രണ്ടു രാജാക്കന്മാരെ ആമോസ് എടുത്തു പറയുന്നുണ്ട്. "ഏൽ (ദൈവം) കാണുന്നു" എന്നാണ് ഹസായേൽ എന്ന പേരിന്റെ അർത്ഥം. ബെൽഹദാദിനു പകരം അയാളെ രാജാവായി അഭിഷേകം ചെയ്യാൻ കർത്താവ് ഏലിയാ പ്രവാചകനെ ചുമതലപ്പെടുത്തിയിരുന്നു (1 രാജാ 19,15). എലീഷായാണ് ആ ദൗത്യം നിറവേറ്റിയത് (2 രാജാ 8,7-15). തന്റെ



യജമാനനായ സെൻഹദാദിനെ വധിച്ച ഹസായേൽ അതിശക്തനായ രാജാവായിരുന്നു. "ഹസായേലിന്റെ കുടുംബം" എന്നാണ് അസീറിയൻ രേഖകളിൽ സിറിയായെക്കുറിച്ചു പരാമർശിക്കുന്നത്. ഏകദേശം 40 വർഷം (ബി.സി. 843-798) സിറിയാ ഭരിച്ച അയാൾ ഇസ്രായേലിനും യൂദായ്ക്കും നിരന്തരമായ ഭീഷണിയായിരുന്നു. പല തവണ അയാൾ ഇസ്രായേലിനെ യുദ്ധത്തിൽ തോല്പിക്കുകയും ചെയ്തു.

ജോർദ്ദാൻ നദിയുടെ കിഴക്ക് റൂബെൻ, ഗാദ്, മനാസ്സെ (സംഖ്യ 32) ഗോത്രങ്ങൾക്ക് അവകാശമായി ലഭിച്ച പ്രദേശമായിരുന്നു ഗിലയാദ്. ഹസായേൽ ഈ പ്രദേശം മുഴുവൻ പിടിച്ചടക്കുകയും (2 രാജാ 10, 32-33) ഇസ്രായലിനെ അതികഠിനമായി പീഡിപ്പിക്കുകയും ചെയ്തു (2 രാജാ 13,22). അന്താരാഷ്ട്ര വാണിജ്യ പാതകൾ കടന്നുപോകുന്ന പ്രദേശമായിരുന്നു ഗിലയാദ്. ഭൂമി കൈയടക്കുന്നതോടൊപ്പം വാണിജ്യപാതകളുടെമേൽ നിയന്ത്രണം നേടുകയും ഹസായേലിന്റെ ലക്ഷ്യമായിരുന്നു. എന്നാൽ അതിനുവേണ്ടി നടത്തിയ യുദ്ധത്തിലെ ക്രൂരതയാണ് ഇവിടെ പ്രവാചകൻ എടുത്തു പറയുന്നത്.

"ഗിലയാദിനെ ഇരുമ്പു മെതിവണ്ടികൊണ്ടു മെതിച്ചു". ഗോതമ്പു മെതിക്കുന്നതിനുവേണ്ടി ഉപയോഗിച്ചിരുന്ന ഒരു ഉപകരണമാണ് മെതിവണ്ടി. താഴേക്കു തള്ളിനില്ക്കുന്ന വിധത്തിൽ ഇരുമ്പാണികൾ തറച്ച പലകയാണത്. കൊയ്തു നിരത്തിയ കതിരിനുമുകളിൽ കാളയെകൊണ്ട് ഈ പലക വലിപ്പിച്ചാണ് ഗോതമ്പു മെതിക്കുക. ധാന്യമണികൾ കതിരിൽ നിന്ന് വേഗം ഉതിർന്നുകിട്ടാൻ പലകയ്ക്കു ഭാരം കൂട്ടാനായി മെതിക്കുന്നവർ അതിൽ കയറി നിന്നുകൊണ്ടായിരിക്കും കാളയെ തെളിക്കുക. ഈ പ്രതീകമാണ് ഗിലയാദിന്റെമേൽ സിറിയാ നടത്തിയ അതിക്രമത്തെ വിശേഷിപ്പിക്കാനായി ആമോസ് ഉപയോഗിച്ചിരിക്കുന്നത്. ഗിലയാദിൽ നിന്നു കീഴടക്കിയവരെ നിലത്തുകിടത്തി അവരുടെ മുകളിലൂടെ മെതിവണ്ടി വലിച്ചു എന്ന് അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കുന്നവരുണ്ട്. പൂർണ്ണമായി പരാജയപ്പെടുത്തുകയും ക്രൂരമായി പീഡിപ്പിക്കുകയും ചെയ്തു എന്നു സൂചിപ്പിക്കുന്ന പ്രതീകമായി കരുതുന്നവരുമുണ്ട്. "സിറിയാ രാജാവ് നശിപ്പിച്ച് മെതിക്കളത്തിലെ ധൂളി പോലെയാക്കി" (2 രാജാ. 13,7) എന്ന് രാജാക്കന്മാരുടെ പുസ്തകത്തിൽ പറയുന്ന സംഭവത്തെ ആയിരിക്കും ആമോസ് വിവക്ഷി

ക്കുന്നത്.

ഹസായേലിനുശേഷം രാജാവായ പുത്രൻ ബെൻഹദാദ് എന്ന പേരിലാണ് അറിയപ്പെടുന്നത് (2 രാജാ 13,24-25). ഹദാദിന്റെ പുത്രൻ എന്നാണ് "ബെൻഹദാദ്" എന്ന പേരിന്റെ അർത്ഥം. ഇടിയുടെയും കൊടുങ്കാറ്റിന്റെയും അധിപനായി സിറിയാക്കാർ ആരാധിച്ചിരുന്ന ദേവനാണ് ഹദാദ്. പല സിറിയാ രാജാക്കന്മാരും ഉപയോഗിച്ചിരുന്ന ഒരു സ്ഥാനപ്പേരായിരുന്നു. ബെൻഹദാദ്. ഇവിടെ വിവക്ഷിക്കുന്നത് ബെൻഹദാദ് മൂന്നാമൻ (ബി.സി. 796-77-) ആണെന്നു കരുതപ്പെടുന്നു.

സിറിയാ രാജാക്കന്മാരുടെ ക്രൂരതയ്ക്കുള്ള ശിക്ഷ വളരെ വിശദമായി ചിത്രീകരിക്കുന്നുണ്ട്. ശത്രുക്കളുടെ ആക്രമണമാണ് ഈ ചിത്രങ്ങളിലെല്ലാം തെളിഞ്ഞു നില്ക്കുന്നത്. കർത്താവു തന്നെയാണ് സിറിയായ്ക്കെതിരേ യുദ്ധം നയിക്കുന്നത്. കോട്ടയുടെ വാതിൽ അടച്ചുഭദ്രമാക്കാൻ ഉപയോഗിക്കുന്ന ഇരുമ്പുദണ്ഡാണ് ഓടാമ്പൽ. ഓടാമ്പലൊടിക്കുന്നത് വാതിൽ തകർത്ത് കോട്ടയിൽ പ്രവേശിക്കുന്നതിനെ സൂചിപ്പിക്കുന്നു നഗരത്തിനു സംരക്ഷണം നല്കിയിരുന്ന കോട്ട തകർക്കുകയും രാജകൊട്ടാരവും മാളികകളും അഗ്നിക്കിരയാക്കുകയും ചെയ്യുന്നത് കർത്താവായിരിക്കും.

തല്സ്ഥാന നഗരിയുടെ നാശം വിവരിച്ചതിനുശേഷം ദേശത്തിനും ദേശവാസികൾക്കും സംഭവിക്കാൻ പോകുന്ന ദുരന്തത്തിലേക്ക് പ്രവാചകൻ ശ്രദ്ധ തിരിക്കുന്നു. ഇവിടെ ഉപയോഗിക്കുന്ന രണ്ടു സ്ഥലപ്പേരുകൾക്കും പ്രതീകാത്മകമായ പ്രാധാന്യമുണ്ട്. ഡമാസ്കസിനു വടക്ക് ലെബനോൻ മലനിരകളുടെ അടിവാരത്തുള്ള സമതലമാണ് ആവോൻ താഴ്വര. "പാപത്തിന്റെ താഴ്വര" എന്നാണ് പേരിന്റെ അർത്ഥം. യുഫ്രട്ടിസ് നദിയുടെ പടിഞ്ഞാറെ തീരത്ത്, കർക്കെമിഷ് നഗരത്തിനുതെക്കായി സ്ഥിതി ചെയ്തിരുന്ന ചെറിയ നഗരമാണ് "ബേത് ഏദെൻ". വിനോദഭവനം എന്നാണ് പേരിന്റെ അർത്ഥം. കർത്താവിന്റെ ശിക്ഷ സിറിയാ രാജ്യത്തെ മുഴുവൻ ഗ്രസിക്കും. അധികാരികളും അധീനരും, രാജാവും പ്രജകളും ശിക്ഷയ്ക്ക് ഇരയാകും. നാടുകടത്തലാണ് അവർക്കു ലഭിക്കാൻ പോകുന്ന ശിക്ഷ. ടൈഗ്രിസ് നദിയുടെ കിഴക്ക്, ഏലാം രാജ്യത്തിനടുത്തുള്ള പ്രദേശമാണ് കീർ. അവിടെനിന്നാണ് അരമായർ എന്നറിയപ്പെടുന്ന ജനവിഭാഗം സിറിയായിൽ വന്നു വാസമുറപ്പിച്ചത് (ആമോ. 9,7), ഇസ്രായേൽക്കാർ ഈജിപ്തിൽനിന്ന്



കാനാൻദേശത്തേക്കു കുടിയേറിയതുപോലെ. അവരെ കീറിലേക്കു മടക്കി അയയ്ക്കുമ്പോൾ അവരുടെ ചരിത്രം പൂർണ്ണമായി മായിച്ചുകളയുകയാണ്.

ബി.സി. 734-ൽ ഈ പ്രവചനങ്ങൾ പൂർത്തിയായി (2 രാജാ 16,9). തിഗ്ലാത്പിലേസർ മൂന്നാമൻ സിറിയാ കീഴടക്കിയതിന്റെ വിവരണം അദ്ദേഹത്തിന്റെ വിജയങ്ങൾ വിവരിക്കുന്ന ശിലാഫലകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്: "ഡമാസ്കസ് രാജ്യത്തിന്റെ പതിനാറു പ്രവിശ്യകളിലെ 592 പട്ടണങ്ങൾ ഉരുൾപൊട്ടിയൊഴുകിയ മലകൾ പോലെ, ഞാൻ തകർത്ത് നാശകൂമ്പാരമാക്കി (ANET 283)

## വിചിന്തനം

നാടു കീഴടക്കാനും അന്താരാഷ്ട്ര വാണിജ്യം സ്വന്തം അധീനതയിലാക്കാനും വേണ്ടിയാണ് സിറിയാ ഗിലയാദിനെ ആക്രമിച്ചത്. ലാഭത്തിനും ആധിപത്യത്തിനും വേണ്ടിയുള്ള മോഹത്തിൽ നിരപരാധരായ മനുഷ്യരെ അവർ ക്രൂരമായി നശിപ്പിച്ചു. മനുഷ്യൻ മനുഷ്യനെതിരേ, ശക്തൻ അശക്തനെതിരേ നടത്തിയ പീഡനമാണ് കർത്താവിന്റെ ക്രോധം ആളിക്കത്താൻ ഇടയാക്കിയത്. ഇന്നും ഒരു തുണ്ടു ഭൂമിക്കുവേണ്ടി അയല്ക്കാരനെ, സ്വന്തം സഹോദരനെപ്പോലും, വെട്ടിനുറുക്കാൻ മടിക്കാത്തവരുണ്ട്. അധികാരമോഹവും ലാഭേച്ഛയും ദേശീയവും അന്തർദേശീയവുമായ തലങ്ങളിൽ ശക്തിപ്പെടുന്നതേയുള്ളൂ. രാജ്യാതിർത്തി വികസിപ്പിക്കാനും വ്യവസായ - വാണിജ്യമേഖലകൾ കയ്യടക്കാനും ഒളിഞ്ഞുംതെളിഞ്ഞും നടക്കുന്ന യുദ്ധങ്ങൾ മാത്രമല്ല, മൂന്നാം ലോകത്തിന്മേൽ ഒന്നാംലോകം നടത്തുന്ന കടന്നാക്രമണങ്ങളും നിർലജ്ജമായ ചൂഷണവും, ശതകോടികളെ ദാരിദ്ര്യത്തിലാഴ്ത്തുകയും പട്ടിണി മരണത്തിലേക്കു തള്ളിവിടുകയും ചെയ്തുകൊണ്ടിരിക്കുന്നതിന് നാമെല്ലാം സാക്ഷികളാണ്. വ്യക്തിതലത്തിൽ തുടങ്ങി ആഗോളതലം വരെ എത്തിനില്ക്കുന്ന ഈ അതിക്രമങ്ങൾ കർത്താവിന്റെ ക്രോധാഗ്നി ആളിക്കത്താൻ ഇടയാക്കുകയില്ലേ? മനുഷ്യൻ വസ്തുവിനേക്കളും, സ്നേഹം സുഖത്തെക്കാളും, ജീവൻ ലാഭത്തെക്കാളും വിലപ്പെട്ടതാണെന്ന് എല്ലാവരും മനസ്സിലാക്കാൻ ഇനിയും എത്ര ഓടാമ്പലുകൾ തകരണം? എത്ര കോട്ടകൾ അഗ്നിക്കിരയാകണം?

## 2. ഫിലിസ്ത്യർ – ഗാസാ 1,6-8

അടുത്തതായി ഇസ്രായേലിലെ തെക്കുപടിഞ്ഞാറെ അതിർത്തിയിലുള്ള ഫിലിസ്ത്യരിലേക്ക് പ്രവാചകൻ ശ്രദ്ധ തിരിക്കുന്നു. സിറിയായെ മുഴുവൻ സൂചിപ്പിക്കാനായി "ഡമാസ്കസ്" എന്നു പറഞ്ഞതുപോലെ "ഗാസാ" ഫിലിസ്ത്യദേശത്തിന്റെ മുഴുവൻ പ്രതീകമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. ഇസ്രായേൽക്കാർ കാനാൻ ദേശത്തു പ്രവേശിച്ച കാലത്തുതന്നെ കടൽമാർഗ്ഗം വന്ന് കാനാന്റെ തെക്കുപടിഞ്ഞാറെ അതിർത്തിയിൽ പ്രവേശിച്ചു വാസമുറപ്പിച്ചവരാണ് ഫിലിസ്ത്യർ. അവരിൽ നിന്നാണ് 'പലസ്തീന' എന്ന പേരുണ്ടായത്. ഗാസാ, അഷ്ദോദ്, അഷ്കലോൺ, എക്രോൺ, ഗത്ത് എന്നീ അഞ്ചു നഗരങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു ഫിലിസ്ത്യരുടെ പ്രദേശം. "പഞ്ചനഗരങ്ങൾ" എന്ന് അർത്ഥമുള്ള 'പെന്താപ്പൊളിസ്" എന്നും ഈ പ്രദേശം അറിയപ്പെട്ടിരുന്നു.

കാനാൻദേശം സ്വന്തമാക്കാനുള്ള ശ്രമത്തിൽ ഇസ്രായേലും ഫിലിസ്ത്യരും തുടർച്ചയായ പോരാട്ടത്തിൽ ഏർപ്പെട്ടിരുന്നു. ദാവീദ് അവരെ കീഴടക്കിയെങ്കിലും സോളമന്റെ കാലത്തിനു ശേഷം അവർ ഇസ്രായേലിനു നിരന്തരം ഭീഷണിയായിരുന്നു. "കിഴക്ക് സിറിയായും പടിഞ്ഞാറ് ഫിലിസ്ത്യരും ഇസ്രായേലിനെ വാ പിളർന്നു വിഴുങ്ങുകയാണ്" (ഏശ. 9,12) എന്ന പ്രവാചകവചനം ഇതു വ്യക്തമാക്കുന്നു. ഇസ്രായേലിന്റെ പ്രമുഖ ശത്രുക്കളായിരുന്നതിനാലാവാം സിറിയായ്ക്കു പിന്നാലെ ഫിലിസ്ത്യരെക്കുറിച്ചു പരാമർശിക്കുന്നത്. തന്നെയുമല്ല, വടക്കു കിഴക്കു നിന്ന് തെക്കുപടിഞ്ഞാറേയ്ക്ക് ശ്രദ്ധതിരിക്കുന്നതിലൂടെ ദേശം മുഴുവൻ കർത്താവിന്റെ ആധിപത്യത്തിൻകീഴാലാണെന്ന സത്യം എടുത്തുകാട്ടുകയും ചെയ്യുന്നു.

ഫിലിസ്ത്യ നഗരങ്ങളിൽ പ്രമുഖ സ്ഥാനമാണ് ഗാസായ്ക്കുള്ളത്. ഈജിപ്തിന്റെ അതിർത്തിയോടു ചേർന്ന്, മധ്യധരണ്യാഴിയുടെ തീരത്തുനിന്ന് അഞ്ചു കിലോമീറ്റർ കിഴക്കായി സ്ഥിതി ചെയ്യുന്ന ഗാസാ നഗരത്തിന് വാണിജ്യപരമായ വലിയ പ്രാധാന്യമുണ്ടായിരുന്നു. ഈജിപ്തിൽ നിന്നു കാനാൻദേശത്തേക്കും ഏദോമിൽനിന്ന് മധ്യധരണ്യാഴിയിലേക്കുള്ള വാണിജ്യപാതകൾ ഗാസായിലൂടെയാണ് കടന്നുപോയിരുന്നത്. ഇന്ന് ഇസ്രായേൽ



രാജ്യവും പലസ്തീൻകാരും തമ്മിലുണ്ടാക്കിയ കരാറിന്റെ ഫലമായി പലസ്തീൻകാർക്കു വിട്ടുകൊടുത്തിരിക്കുന്ന പ്രദേശമാണ് ഗാസാ.

ഗാസായ്ക്കെതിരേ ഉന്നയിക്കുന്ന "ഏദോമിനു വിട്ടുകൊടുക്കാൻ വേണ്ടി ഒരു ജനത്തെ മുഴുവൻ അവർ തടവുകാരായി കൊണ്ടുപോയി" എന്ന ആരോപണം ഏതു ചരിത്ര സംഭവത്തെയാണ് സൂചിപ്പിക്കുന്നത് എന്നു വ്യക്തമല്ല. ഏതു ജനത്തെയാണ് തടവുകാരാക്കിയതെന്നോ എന്തിനുവേണ്ടിയാണ് അവരെ ഏദോമിനു വിട്ടുകൊടുത്തതെന്നോ പ്രവാചകൻ പറയുന്നതുമില്ല. എന്നാൽ അടിമക്കച്ചവടമാണ് ഇവിടെ ഉദ്ദേശിക്കുന്നത് എന്ന് വ്യാഖ്യാതാക്കൾ പൊതുവേ അഭിപ്രായപ്പെടുന്നു.

ചെറുതെങ്കിലും വലിയ സൈനിക ശക്തിയുള്ള ഒരു നഗരമായിരുന്നു ഗാസാ. അവർ യൂദായുടെയും ഇസ്രായേലിന്റെയും അതിർത്തിപ്രദേശങ്ങളിൽ മിന്നലാക്രമണം നടത്തി ഗ്രാമവാസികളെ മുഴുവൻ തടവുകാരാക്കുകയും തുടർന്ന് അവരെ അടിമകളായി ഏദോമിനു വില്ക്കുകയും ചെയ്തിരുന്നതായി ചരിത്രകാരന്മാർ കരുതുന്നു. ഏദോം ഇവരെ തങ്ങളുടെ ഖനികളിലും തുറമുഖങ്ങളിലും കപ്പലുകളിലും അടിമകളായി ഉപയോഗിക്കുകയോ അറേബ്യായിലേക്കും ആഫ്രിക്കായിലേക്കും കയറ്റി അയയ്ക്കുകയോ ചെയ്തിരിക്കാം. ചരിത്രവസ്തുതകളുടെ വിശദാംശം ഇന്നു വ്യക്തമല്ലെങ്കിലും മനുഷ്യനെ കച്ചവടച്ചരക്കാക്കിയ പ്രവൃത്തിയാണ് ഗാസായുടെ ഏറ്റം വലിയ അപരാധമായി ആരോപിക്കുന്നത് എന്ന കാര്യത്തിൽ സംശയമില്ല.

സിറിയായുടെ കുറ്റം ക്രൂരതയായിരുന്നെങ്കിൽ ഗാസായുടേത് മനുഷ്യാവകാശലംഘനമാണ്. സമാധാനത്തിൽ കഴിഞ്ഞിരുന്ന ഗ്രാമവാസികളെ യാതൊരു പ്രകോപനവും കൂടാതെ, ലാഭേച്ഛയാൽ മാത്രം പ്രേരിതരായി, ബലം പ്രയോഗിച്ച് പിടിച്ചെടുക്കുകയും മൃഗങ്ങളെപ്പോലെ ചന്തയിൽ വിലപേശി വില്ക്കുകയും ചെയ്തതാണ് ഗാസായുടെ കുറ്റം. ഇതു ഗാസായുടെ മാത്രമല്ല, ഫിലിസ്ത്യ നഗരങ്ങളുടെ മുഴുവൻ കുറ്റമായി കരുതുകയും അതിനുള്ള കഠിനമായി ശിക്ഷ തുടർന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു.

ഡമാസ്കസിനും സിറിയായ്ക്കും എതിരേ പ്രഖ്യാപിച്ച

ശിക്ഷകൾ തന്നെയാണ് ഫിലിസ്ത്യ നഗരങ്ങൾക്കെതിരേയും പ്രഖ്യാപിക്കുന്നത്. എന്നാൽ സിറിയാക്കാർ പ്രവാസികളായി നാടു കടത്തപ്പെടും എന്നു പറഞ്ഞിടത്ത് ഫിലിസ്ത്യർക്ക് സമ്പൂർണ്ണ നാശമാണ് വിധിക്കുന്നത്. നഗരങ്ങൾ നശിപ്പിക്കപ്പെടും. രാജാക്ക ന്മാരും ജനങ്ങളും ഒന്നൊഴിയാതെ ഉന്മൂലനം ചെയ്യപ്പെടും. കർത്താവ് ഇവിടെ കരമുയർത്തുന്നത് ശിക്ഷിക്കാൻ വേണ്ടിയാ ണ്. അതിനെ തടയാൻ ആർക്കും സാധിക്കുകയില്ല.

ഗാസായിൽ നിന്ന് ഏകദേശം 30 കിലോമീറ്റർ വടക്ക്, മധ്യധരണ്യാഴിയിൽ നിന്ന് 5 കിലോമീറ്റർ കിഴക്കായിട്ടാണ് അഷ്ദോദ് സ്ഥിതി ചെയ്യുന്നത്. ഗാസായ്ക്കും അഷ്ദോദിനും മധ്യേ, മധ്യധരണ്യാഴിയുടെ തീരത്താണ് അഷ്കലോൺ. ഫിലി സ്ത്യനഗരങ്ങളിൽ ഏറ്റം വടക്കുള്ള എക്രോൺ മധ്യധരണ്യാഴി യിൽനിന്ന് ഏകദേശം ഇരുപതു കിലോമീറ്റർ കിഴക്ക്, യൂദായുടെ അതിർത്തിയിൽ നിന്ന് പത്തുകിലോമീറ്റർ മാത്രം അകലെ സ്ഥിതി ചെയ്യുന്നു. പഞ്ചനഗരങ്ങളിൽ ഗത്ത് മാത്രം ഇവിടെ പരാമർശ വിഷ യമാകുന്നില്ല. ആമോസിന്റെ കാലത്ത് സ്വതന്ത്രമായ അസ്തിത്വം നഷ്ടപ്പെട്ടതിനാലായിരിക്കാം അതിനെക്കുറിച്ചു പറയാത്തത് എന്ന് വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു.

## വിചിന്തനം

മനുഷ്യരെ അടിമകളാക്കി വിറ്റതാണ് ഗാസായുടെ കുറ്റം. എന്നാൽ ഇതു ഗാസായുടെയും ഫിലിസ്ത്യരുടെയും മാത്രം കുറ്റ മാണോ? ആഫ്രിക്കൻ വനങ്ങളിൽ നിന്ന് മനുഷ്യരെ ബലമായി പിടിച്ചുകൊണ്ടുപോയി അമേരിക്കയിൽ അടിമകളാക്കി വിറ്റതിന്റെ ചരിത്രം മാത്രമല്ല നമ്മുടെ മുമ്പിലുള്ളത്. യുദ്ധങ്ങളും തടവുകാ രുടെ അടിമപ്പാളയങ്ങളും നമ്മുടെ നൂറ്റാണ്ടിനും അന്യമല്ലല്ലോ. നല്ല ശമ്പളമുള്ള തൊഴിൽ വാഗ്ദാനം ചെയത് മൂന്നാംലോകത്തെ മനുഷ്യരെ സമ്പന്ന രാജ്യങ്ങളിലേക്ക് അടിമകളായി കൈമാറുന്ന ഏജൻസികൾ, കുട്ടികളെ, പ്രത്യേകിച്ചു പെൺകുട്ടികളെ ബല മായി പിടിച്ചുകൊണ്ടുപോയി വില്ക്കുന്ന അധോലോകസംഘട നകൾ, തലമുറകളായി മോചനം നേടാൻ കഴിയാത്തവിധം കട ക്കെണിയിൽ കുടുക്കി മനുഷ്യരെ അടമത്തൊഴിലാളികളാക്കി (bonded labour) സൂക്ഷിക്കുന്ന സംവിധാനങ്ങൾ തുടങ്ങിയവ യെല്ലാം ആമോസ് ആലപിക്കുന്ന അടിമക്കച്ചവടത്തിന്റെ ആധു



നിക പതിപ്പുകളല്ലേ?

### 3. ടയിർ 1,9-10

ഇസ്രായേലിന്റെ വടക്കുപടിഞ്ഞാറ്, ആഷേർ ഗോത്രാ തിർത്തിയിലുള്ള ഒരു ഫെനീഷ്യൻ തുറമുഖനഗരമാണ് ടയിർ. ഇന്ന് ലെബനോന്റെ കീഴിലുള്ള ഈ നഗരം. കരയിലും കടലിലുമായി സ്ഥിതിചെയ്യുന്ന ഈ നഗരത്തിന്റെ മുഖ്യഭാഗം കരയിൽ നിന്ന് ഏകദേശം ഒരു കിലോമീറ്റർ അകലെ പാറക്കെട്ടുകൾ നിറഞ്ഞ ഒരു തുരുത്തായിരുന്നു. മധ്യധരണ്യാഴിയുടെ തീരപ്രദേശത്തു വാസമുറപ്പിച്ചിരുന്ന ഫെനീഷ്യാക്കാരുടെ ഏറ്റം പ്രധാനപ്പെട്ട നഗ രമായിരുന്നു ടയിർ. ഖനനം, കപ്പൽ നിർമ്മാണം, കടൽ യാത്ര, വസ്ത്രങ്ങൾക്കു വേണ്ട ചായം ഉണ്ടാക്കൽ, കല്ലും മരവും ലോഹവും ഉപയോഗിച്ചുള്ള ശില്പവേല മുതലായവയിൽ അതി വിദഗ്ധരായിരുന്നു ടയിർ നിവാസികൾ. ഈജിപ്ത്, സൈപസ്, സിസിലി, സ്പെയിൻ, ആഫ്രിക്കയുടെ വടക്കുഭാഗങ്ങൾ മുതലാ യവയുമായി ടയിർ വാണിജ്യബന്ധത്തിൽ ഏർപ്പെട്ടിരുന്നു. ലോക പ്രസിദ്ധമായ ലെബനോനിലെ ദേവദാരു ടയിറിൽ നിന്നാണ് കയറ്റി അയച്ചിരുന്നത്. അതുപോലെതന്നെ എണ്ണ, ഗോതമ്പ്, തുണിത്തര ങ്ങൾ മുതലായവയ്ക്കുപുറമേ അടിമകളും ടയിറിന്റെ വ്യാപാരവ സ്തുക്കളുടെ ഭാഗമായിരുന്നു. എസെ. 26-28 ൽ ടയിറിന്റെ പ്രൗഢി യെക്കുറിച്ചുള്ള വിശദമായ വിവരണം കാണാം.

ഫിലിസ്ത്യർക്കെതിരേ ഉന്നയിച്ച ആരോപണങ്ങൾ തന്നെ യാണ് ടയിറിനെതിരെയും ഉന്നയിക്കുന്നത്. "ഒരു ജനത്തെ മുഴു വൻ ഏദോമിന് ഏല്പിച്ചുകൊടുത്തു". അടിമ വ്യാപാരത്തെക്കു റിച്ചുള്ള സൂചനയെന്നതിലുപരി ഏതു ചരിത്രസംഭവത്തെയാണ് ആമോസ് വിവക്ഷിക്കുന്നത് എന്നു വ്യക്തമല്ല. "സാഹോദര്യ ത്തിന്റെ ഉടമ്പടി അവർ വിസ്മരിച്ചു". എന്ന വിശദാംശം കുറ്റ ത്തിന്റെ കാഠിന്യം വർദ്ധിപ്പിക്കുന്നു. ദാവീദിന്റെ കാലം മുതൽ ടയിറും ഇസ്രായേലും തമ്മിൽ നല്ല ബന്ധങ്ങൾ നിലനിന്നു... സോള മൻ ഒരു ഉടമ്പടിയിലൂടെ ബന്ധം കൂടുതൽ ശക്തമാക്കി. ടയിർ രാജാവായ ഇത്തോബാലിന്റെ മകൾ ജെസബെലിനെ ഇസ്രായേൽ രാജാവായ ആഹാബ് വിവാഹം ചെയ്തതും ഒരു ഉടമ്പടിയുടെ ഭാഗമായിരുന്നു. ഈ ഉടമ്പടികളെ ആയിരിക്കും ആമോസ് സൂചി പ്പിക്കുന്നത്. ഉടമ്പടിയിൽ ഒപ്പുവയ്ക്കുന്ന രാജ്യങ്ങൾ പരസ്പരം

സഹോദരങ്ങളായിട്ടാണ് പരിഗണിക്കപ്പെടുക. അന്യോന്യം ആദരിക്കാനും സംരക്ഷിക്കാനുമുള്ള കടമയെ അവഗണിച്ചുകൊണ്ട് ഇസ്രായേൽക്കാരെ അടിമകളാക്കി വിറ്റതാണ് ടയിറിനെതിരേ ആരോപിക്കുന്ന കുറ്റം എന്ന് അനുമാനിക്കാം.

ടയിറിനെതിരേയുള്ള ശിക്ഷാവിധി എല്ലാ രാജ്യങ്ങൾക്കും എതിരേ പൊതുവായി പ്രസ്താവിക്കുന്നതുതന്നെയാണ്. എന്നാൽ ഗാസായും ഡമാസ്കസും പോലെ ടയിർ അത്ര പെട്ടെന്ന് നശിപ്പിക്കപ്പെട്ടില്ല. അസീറിയായുടെ ആക്രമണത്തെ ചെറുത്തുനില്ക്കാൻ നഗരത്തിനു കഴിഞ്ഞു. 13 വർഷത്തെ ഉപരോധത്തിനുശേഷമാണ് ബി.സി. 572-ൽ നബുക്കദ്നേസർ ടയിർ കീഴടക്കിയത്. എന്നാൽ, അധികം വൈകാതെ അവർക്കു സ്വാതന്ത്ര്യം വീണ്ടെടുക്കാൻ കഴിഞ്ഞു. ബി.സി. 332-ൽ അലക്സാണ്ടർ ചക്രവർത്തിയാണ് നഗരം കീഴടക്കി നശിപ്പിച്ചത്. ആദ്യമേ കടൽത്തീരത്തുണ്ടായിരുന്ന കെട്ടിടങ്ങൾ മുഴുവൻ തകർത്തു. അവയുടെ അവശിഷ്ടങ്ങൾകൊണ്ട് ഏകദേശം അമ്പതുമീറ്റർ വീതിയും ഒരു കിലോമീറ്ററോളം നീളവുമുള്ള ചിറ കെട്ടിയാണ് സൈന്യം തുരുത്തിൽ എത്തിയത്. ഏഴു മാസം എടുത്തു മഹാനായ അലക്സാണ്ടറിന് ടയിർ കീഴടക്കാൻ. ടയിറിലെ 2000 നോതാക്കന്മാരെ അലക്സാണ്ടർ തൂക്കിക്കൊന്നു. 30,000 പേരെ അടിമകളാക്കി വിറ്റു.

### 4. ഏദോം 1,11-12

ഇസ്രായേലിന്റെ തെക്കുകിഴക്കായി സ്ഥിതി ചെയ്യുന്ന രാജ്യമാണ് ഏദോം. ഇന്ന് ഇസ്രായേൽ - ജോർദ്ദാൻ രാജ്യങ്ങളുടെ കീഴിലാണ് ഈ ഭൂപ്രദേശം. "ചുവന്നത്" എന്നാണ് ഏദോം എന്ന പേരിന്റെ അർത്ഥം. ചെങ്കല്ലുനിറഞ്ഞ പ്രദേശമായതിനാലാണ് ഈ പേരുണ്ടായത് എന്നു വ്യാഖ്യാതാക്കൾ കരുതുന്നു. എന്നാൽ ഏദോമിന്റെ പൂർവ്വപിതാവായ ഏസാവു ജനിച്ചപ്പോൾ ശരീരം ചുവന്നിരുന്നിതിനാലും ചുവന്ന പായസത്തിനുവേണ്ടി കടിഞ്ഞൂലവകാശം വിറ്റതിനാലും അവന് ഏദോം എന്ന പേരു ലഭിച്ചു എന്ന വ്യാഖ്യാനമാണ് ബൈബിൾ നല്കുന്നത്. (ഉൽപ 25,25-30). ഇസ്രായേൽക്കാർ കാനാൻ ദേശത്തു പ്രവേശിക്കുന്നതിനു മുമ്പുതന്നെ ഏദോം ശക്തമായ ഒരു രാജ്യമായി രൂപം കൊണ്ടു കഴിഞ്ഞിരുന്നു. യാക്കോബിന്റെ സന്തതികളായ ഇസ്രായേൽക്കാരും ഏസാവിന്റെ മക്കളായ ഏദോമ്യരും സഹോദരങ്ങളായിരുന്നു (ഉൽപ



25,19-26;36,1-8; സംഖ്യ 20,14; നിയമാ 2,4). ഏദോമിന്റെ തെക്കുഭാഗത്തുള്ള ഏറ്റം വലിയ നഗരമായിരുന്നു തേമാൻ. തത്വചിന്തകരുടെയും ജ്ഞാനികളുടെയും കേന്ദ്രമായിട്ടാണ് തേമാൻ അറിയപ്പെട്ടിരുന്നത്. (ജോബ് 2,11; ജറെ 49,7). ഏദോമിന്റെ വടക്കുള്ള ഏറ്റം വലുതും ശക്തവുമായ നഗരമായിരുന്നു തലസ്ഥാനമായ ബൊസ്രാ.

സഹോദരനോടു കരുണ കാണിച്ചില്ല. ഉഗ്രകോപത്തോടെ അവനെ ഊരിയ വാളുമായി അനുധാവനം ചെയ്തു എന്നതാണ് ഏദോമിനെതിരേ ആരോപിക്കുന്ന കുറ്റം. "സഹോദരൻ" എന്നതുകൊണ്ട് ഇസ്രായേലിനെയാണ് ഉദ്ദേശിക്കുന്നത് എന്നു ന്യായമായും അനുമാനിക്കാം. ഇസ്രായേലിന്റെ പൂർവ്വികനായ യാക്കോബും ഏദോമിന്റെ പൂർവ്വികനായ ഏസാവു സഹോദരങ്ങളായിരുന്നുവല്ലോ. എന്നാൽ ഏതു ചരിത്രസംഭവത്തെയാണ് ആമോസ് വിവക്ഷിക്കുന്നത് എന്നു വ്യക്തമല്ല.

ഏദോമ്യരും ഇസ്രായേൽക്കാരും തമ്മിൽ നിരന്തരം ശത്രുതയിലാണ് കഴിഞ്ഞിരുന്നത്. ദാവീദ് അവരെ കീഴടക്കി (2 സാമു. 8,13-14). പിന്നീട് ദീർഘകാലത്തേക്ക് ഏദോം ഇസ്രായേലിന്റെ ആധിപത്യത്തിൽ കീഴിലായിരുന്നു. സ്വതന്ത്രരാകാൻ പലപ്പോഴും ശ്രമിച്ചിരുന്നെങ്കിലും ചുരുക്കമായേ അവർ വിജയിച്ചുള്ളു (2 രാജാ 8,20-22). എന്നാൽ ബാബിലോൺ ചക്രവർത്തിയായ നബുക്കദ്നേസർ ജറുസലേം ആക്രമിച്ചപ്പോൾ ഏദോം ബാബിലോണിനെ സഹായിക്കുകയും തങ്ങൾക്കു കഴിയുന്നത്ര ഇസ്രായേലിനെ ദ്രോഹിക്കുകയും ചെയ്തു. ബി.സി. 587-ൽ ജറുസലെം നശിപ്പിക്കപ്പെട്ടപ്പോൾ അവർ അത്യധികം ആഹ്ലാദിച്ചു (ഒബാദിയാ 10-12; വിലാ 4,21). ഈ സംഭവത്തെ അനുസ്മരിച്ചുകൊണ്ട് പ്രവാസകാലത്ത് ആമോസിന്റെ പുസ്തകം അന്തിമമായി പ്രസാധനം ചെയ്തവർ കൂട്ടിച്ചേർത്തതാണ് ഏദോമിനെതിരേയുള്ള ശാപം എന്നു കരുതുന്ന വ്യാഖ്യാതാക്കളുണ്ട്. അല്ല, ഇത് ആമോസിന്റെ തന്നെ വചനങ്ങളാണെന്നും നമുക്ക് ഇന്ന് അജ്ഞാതമായ ഏതോ ഒരു യുദ്ധത്തിൽ ഏദോം ചെയ്ത ക്രൂരതയാണ് ഇവിടെ പരാമർശവിഷയമെന്നും കരുതുന്നവരുമുണ്ട്.

ഏതു സംഭവത്തെ സൂചിപ്പിക്കുന്നു എന്ന് രചിക്കപ്പെട്ടു, എന്നതിനേക്കാൾ പ്രധാനം എന്തു പറയുന്നു എന്നതാണ്. സഹോ

ദരനോടു കരുണ കാട്ടിയില്ല, ക്രൂരമായി അവനെ പീഡിപ്പിച്ചു എന്ന താണ് ഏദോമിന്റെ കുറ്റം. മനുഷ്യരെല്ലാം സഹോദരങ്ങളാണെന്ന സത്യം അനുസ്മരിക്കുമ്പോൾ ആമോസിന്റെ കുറ്റാരോപണം എന്നും എല്ലാവർക്കും പ്രസക്തമാണ്. ടയിറിന്റെ കാര്യത്തിലെന്ന തുപോലെ ഏദോമിനെതിരേയും പൊതുവായ ശിക്ഷാവിധി മാത്രമേ പ്രഖ്യാപിക്കുന്നുള്ളു.

### 5. അമ്മോൻ 1,13-15

ജോർദ്ദാൻ നദിയുടെ കിഴക്ക് വസിച്ചിരുന്ന ജനതയാണ് അമ്മോന്യർ. അവരുടെ തെക്ക് മൊവാബ്യർ വസിച്ചിരുന്നു. വടക്കെ അതിർത്തി ഇസ്രായേൽ ഗോത്രങ്ങൾ വസിച്ചിരുന്ന ഗില യാദ് ആയിരുന്നു. ഈ പ്രദേശങ്ങൾ മുഴുവൻ ഇന്ന് ജോർദ്ദാൻ രാജ്യത്തിലാണ്. ലോത്തിന് തന്റെ ഇളയ മകളിൽ ജനിച്ച "ബെൽ അമ്മി"യുടെ സന്തതിപരമ്പരയാണ് അമ്മോന്യർ; മൂത്തമകളിൽ ജനിച്ചവരുടെ പിൻമുറക്കാർ മൊവാബ്യരും (ഉൽപ 19,30-38). അമ്മോന്യർ തങ്ങളുടെ വടക്കും പടിഞ്ഞാറും വസിച്ചിരുന്ന ഇസ്രാ യേല്യരെ പലപ്പോഴും കടന്നാക്രമിച്ചിരുന്നു (ന്യായാ 10,7-9; 11,4). അവരുടെ ക്രൂരത വെളിവാക്കുന്നതാണ് ഇസ്രായേൽക്കാരുടെ നഗ രമായ യാബെഷ് ഗിലയാദിനെ ഉപരോധിച്ച നാഹാഷ് സന്ധി ചെയ്യാൻ വച്ച വ്യവസ്ഥ. ഓരോരുത്തരുടെ വലത്തുകണ്ണു ചുഴ ന്നെടുക്കും (1 സാമു 11,1-2). സാവൂൾ അവരെ പലവട്ടം തോല്പി ച്ചെങ്കിലും (1 സാമു 11,1-11; 14,47-48) ദാവീദാണ് സുദീർഘമായ യുദ്ധത്തിനുശേഷം അമ്മോന്യരെ സാമന്തരാക്കിയത് (2 സാമു 10 -12). സോളമന്റെ മരണത്തിനുശേഷം അവർ വീണ്ടും സ്വതന്ത്ര രായി.

9-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ സിറിയാ രാജാവായ ഹസാ യേൽ വടക്കുനിന്ന് ഗിലയാദ് ആക്രമിച്ച അവസരത്തിലായിരിക്കാം ആമോസ് പറയുന്ന ക്രൂരകൃത്യം അമ്മോന്യർ ചെയ്തത്. ഫലപു ഷ്ടമായ മേച്ചിൽ പുറമാണ് ഗിലയാദ്. ആ പ്രദേശം കീഴടക്കാൻ അമ്മോന്യർ പലപ്പോഴും ശ്രമിച്ചിരുന്നു. വടക്കുനിന്ന് സിറിയാ ആക്രമിച്ചപ്പോൾ തെക്കുനിന്ന് അമ്മോന്യരും അക്രമിച്ചു. "അതിർത്തി വിസ്തൃതമാക്കാൻവേണ്ടി ഗിലയാദിൽ വന്ന് ഗർഭി ണികളുടെ ഉദരം പിളർന്നു" എന്ന ആമോസിന്റെ ആരോപണം യുദ്ധത്തിൽ നടന്ന ക്രൂരതയെ എടുത്തുകാട്ടുന്നു. വന്യമൃഗങ്ങൾ



ഇരയെ കടിച്ചുകീറുന്നതിനെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദ മാണ് ആമോസ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഏറ്റം കൂടുതൽ ആദരവും സംരക്ഷണവും അർഹിക്കുന്നവരാണ് ഒരു ജീവനെ ഉള്ളിൽ വഹിച്ചു വളർത്തുന്ന ഗർഭിണികൾ. അവർക്കെതിരേയുള്ള ക്രൂരത മനുഷ്യനെ മൃഗത്തെക്കാൾ അധമനാക്കുന്നു. ഇത് ഒറ്റ പ്പെട്ട സംഭവമായിരുന്നില്ല എന്ന് ബൈബിളിലെ പല പരാമർശ ങ്ങളും വ്യക്തമാക്കുന്നുണ്ട് (2 രാജാ 8,12; 15,16). അന്യരുടെ ഭൂമി പിടിച്ചെടുത്ത് സ്വന്തം അതിർത്തികൾ വികസിപ്പിക്കാൻവേണ്ടി ദുർബ്ബലർക്കെതിരേ നടത്തിയ ഈ ക്രൂരത കർത്താവിന്റെ ശിക്ഷ വിളിച്ചുവരുത്തുന്നു.

അമ്മോന്യരുടെ തലസ്ഥാന നഗരിയാണ് റബ്ബാ. ഇന്ന് അമ്മോൻ എന്ന് അറിയപ്പെടുന്നു. ഭീകര നാശവും നാടുകടത്ത ലുമാണ് ശിക്ഷയായി വിധിക്കുന്നത്. "യുദ്ധദിനം" എന്ന പ്രയോഗം അതിക്രമങ്ങൾക്കു ശിക്ഷിക്കാൻ വരുന്ന ''കർത്താവിന്റെ ദിന"ത്തെ അനുസ്മരിപ്പിക്കുന്നു. ശത്രുക്കളുടെ ആക്രമണം വഴി യാണ് ഇവിടെയും ശിക്ഷാവിധി നടപ്പിലാക്കുന്നത്. "അട്ടഹാസം" പടയാളികൾ ഉയർത്തുന്ന ഭീകരശബ്ദമാണ് (ജോഷ്വാ 6, 5. 20; ജറെ. 4,19; 49,2). അഗ്നി ആളിപ്പടരാൻ സഹായിക്കുന്നതാണ് ചുഴ ലിക്കാറ്റ്. അത് കർത്താവിന്റെ തന്നെ ആയുധമാണ് (ഏശ 41,16; ജറെ 23, 19; എസെ 13,13; നാഹും 1,3. നഗരങ്ങൾ നാശകൂമ്പാരമാ ക്കിയശേഷം നേതാക്കന്മാരെ നാടു കടത്തലിനു വിധിക്കപ്പെടുക. അന്യരുടെ നാട് ക്രൂരമായ അക്രമത്തിലൂടെ പിടിച്ചെടുക്കാൻ ശ്രമി ച്ചവർ സ്വന്തം നാട്ടിൽനിന്ന് പുറത്താക്കപ്പെടും. അന്യനാട്ടിൽ അടി മകളായി അലയും.

## വിചിന്തനം

ഗർഭിണികളുടെ ഉദരം പിളർന്ന പടയാളികളുടെ ക്രൂരത നമുക്ക് ബീഭത്സവും ഭയാനകവുമായി തോന്നാം. തങ്ങൾ കീഴട ക്കുന്ന ജനതകളിൽ ഭയം ജനിപ്പിക്കുന്നതിനുവേണ്ടി അന്നു സ്വീക രിച്ചിരുന്ന ഒരു യുദ്ധമുറയാണിത്. എന്നാൽ പ്രതിവർഷം ആറു കോടി കുഞ്ഞുങ്ങളെ മാതാക്കളുടെ ഉദരത്തിൽ വച്ചുതന്നെ തുണ്ടം തുണ്ടമായി വെട്ടിനുറുക്കുന്ന ആധുനിക ഡോക്ടർമാരുടെയും അതിന് ആവശ്യപ്പെടുന്ന മാതാപിതാക്കളുടെയും അതിനെ പ്രോത്സാഹിപ്പിക്കുന്ന സ്ഥാപനങ്ങളുടെയും ആ പ്രവൃത്തിക്കു

നിയമസാധ്യത നല്കുന്ന സർക്കാരുകളുടെയും അത് അംഗീകരിക്കുന്ന ആഗോള മനഃസാക്ഷിയുടെയും കാര്യത്തിൽ എന്തു പറയും? എന്തു ശിക്ഷയായിരിക്കും ഇതിനു കർത്താവു നല്കുക?

### 6. മൊവാബ് 2,1-3

ചാവുകടലിനു കിഴക്ക് വസിക്കുന്ന മൊവാബ്യരുടെ നേരെയാണ് ആമോസ് അടുത്തതായി ശ്രദ്ധ തിരിക്കുന്നത് തെക്ക് ഏദോമും വടക്ക് അമ്മോനും കിഴക്ക് അറേബ്യൻ മരുഭൂമിയും അതിരിട്ട ഭൂപ്രദേശമാണ് മൊവാബ്യരുടെ വാസസ്ഥലം. ഇതോടെ ഇസ്രായേലിനു ചുറ്റുമുള്ള ജനതകളുടെ പട്ടിക പൂർത്തിയാകുന്നു. ദാവീദിന്റെ കാലം മുതൽ മൊവാബ് ഇസ്രായേലിന്റെ സാമന്തരാജ്യമായി. കപ്പം കൊടുത്തു കഴിഞ്ഞിരുന്നു. ദാവീദിന്റെ മുത്തശ്ശിയായ റൂത്ത മൊവാബുകാരിയായിരുന്നു. താരതമ്യേന ചെറുതും ദുർബ്ബലവുമായിരുന്നു ഈ രാജ്യമെങ്കിലും തെക്കും പടിഞ്ഞാറുമുള്ള കിഴക്കാംതൂക്കായ പാറയെ സംരക്ഷണം നല്കിയിരുന്നു. തെക്കുള്ള ഏദോമുമായി പലപ്പോഴും അവർ യുദ്ധത്തിൽ ഏർപ്പെട്ടിരുന്നു. അങ്ങനെയുണ്ടായ ഏതെങ്കിലും ഒരു യുദ്ധത്തിനിടയിൽ അവർ ചെയ്ത ഒരു ഹീനകൃത്യമാണ് ആമോസ് അവരുടെ ഏറ്റം വലിയ കുറ്റമായി ആരോപിക്കുന്നത്.

"ഏദോം രാജാവിന്റെ അസ്ഥികൾ കത്തിച്ചു ചാമ്പലാക്കി" എന്നതാണ് മൊവാബിന്റെ കുറ്റം. ശവകുടീരത്തിൽ നിന്ന് അസ്ഥികളെടുത്തു കത്തിച്ചതാവാം. അല്ലെങ്കിൽ യുദ്ധത്തിൽ വധിച്ച രാജാവിനെ ചുട്ടുചാമ്പലാക്കിയതാവാം. "ചാമ്പലാക്കി" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കിന് "കുമ്മായമാക്കി" എന്നും അർത്ഥമുണ്ട്. കല്ലുകൾക്കു വെള്ള പൂശാൻ ഉപയോഗിക്കുന്നതാണല്ലോ കുമ്മായം. ഈ അർത്ഥത്തിലാണ് തർഗും ഈ വാക്യം വിവർത്തനം ചെയ്തിരിക്കുന്നത്. അതിനാൽ മരിച്ചവനോടുള്ള അനാദരവും അവഹേളനവും മാത്രമല്ല, മരിച്ചവന്റെ അവശിഷ്ടങ്ങൾ വെറും ഒരു വസ്തുപോലെ ഉപയോഗിച്ചു എന്നത് കുറ്റകൃത്യത്തിന്റെ കാഠിന്യം വർദ്ധിപ്പിക്കുന്നു. മൃതശരീരം അഗ്നിക്കിരയാക്കുന്നത് ഏറ്റം കഠിനമായ ശിക്ഷയായിട്ടാണ് പഴയ നിയമം വിവക്ഷിക്കുന്നത് (ഉൽപ 38,25; ലേവ്യ 20,14;21,9). ഇസ്രായേലുമായി യാതൊരു ബന്ധവുമില്ലാത്തതാണ് ഈ കുറ്റകൃത്യം. അതിനാൽ ആമോസിലൂടെ കുറ്റാരോപണവും വിധി പ്രഖ്യാപനവും



നടത്തുന്ന ദൈവം ഇസ്രായേലിനുമാത്രം സംരക്ഷണം നല്കുന്നവനല്ല, സകല ജനതകളും നീതിയും ന്യായവും പാലിക്കണമെന്ന് ആവശ്യപ്പെടുകയും അതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവരെ ശിക്ഷിക്കുകയും ചെയ്യുന്നവനാണ്.

മറ്റു രാജ്യങ്ങളുടെമേൽ പ്രഖ്യാപിച്ച ശിക്ഷാവിധി തന്നെയാണ് മൊവാബിനെതിരെയും അറിയിക്കുന്നത്. മൊവാബിലെ മുഖ്യപട്ടണമാണ് കെറിയോത്ത്. അവിടെ മൊവാബ്യർ ദൈവമായി ആരാധിച്ചിരുന്ന കെമോഷിന്റെ പ്രധാനപ്പെട്ട ഒരു ക്ഷേത്രമുണ്ടായിരുന്നു. ആർപ്പുവിളിയും അട്ടഹാസങ്ങളും സൈന്യങ്ങൾക്കു സൂചന നല്കുന്ന കാഹളധ്വനിയും എല്ലാം ഭീകരമായ യുദ്ധത്തിന്റെ ഭാഗങ്ങളാണ്. ഇവിടെയും രാജാവും നേതാക്കന്മാരുമാണ് മുഖ്യശിക്ഷ ഏറ്റുവാങ്ങുന്നത്. അതു നാടുകടത്തലും പ്രവാസവുമല്ല, വധശിക്ഷയാണ്.

### വിചിന്തനം

ദൈവത്തിനു പക്ഷപാതമില്ല. മനുഷ്യർ മനുഷ്യർക്കെതിരേ ചെയ്യുന്ന അതിക്രമങ്ങൾ ദൈവകോപം വിളിച്ചുവരുത്തുന്നു. അനീതിക്കും അക്രമങ്ങൾക്കും അവഹേളനങ്ങൾക്കും ഇരയാകുന്നവർ ഏതു ജാതിയിലോ വർഗ്ഗത്തിലോ മതത്തിലോ പെട്ടവരാണെങ്കിലും ദൈവം അവരുടെ പക്ഷത്താണ്; അവിടുന്ന് അവർക്കുവേണ്ടി നിലകൊള്ളും.

മൊവാബ്യരുടെ അതിക്രമം പ്രത്യക്ഷത്തിൽ അത്ര കഠിനമല്ല എന്നു തോന്നാം. മരിച്ചവന്റെ അസ്ഥികൾ കത്തിച്ചുകൊണ്ട് ആർക്ക് എന്തു നഷ്ടം എന്നു ചോദിച്ചേക്കാം. എന്നാൽ മരിച്ചവനോടു ചെയ്ത ഈ അതിക്രമം ഒരു ജനത്തിന്റെ മുഴുവൻ വികാരങ്ങളെ വ്രണപ്പെടുത്തുന്നതും അവരുടെ ആത്മാഭിമാനത്തിനു മുറിവേല്പിക്കുന്നതുമായിരുന്നു. വ്യക്തികളുടെയും സമൂഹങ്ങളുടെയും വിശ്വാസങ്ങളെയും ആത്മാഭിമാനത്തെയും ആദരിക്കാൻ ഏവർക്കും കടമയുണ്ട്. തങ്ങളുടെതിൽ നിന്നും വ്യത്യസ്തമായൊരു വിശ്വാസം വച്ചുപുലർത്തുന്നു എന്നതിന്റെ പേരിൽ ആരും ആരെയും നിന്ദിക്കരുത്. കഠിനമായ കുറ്റ കൃത്യങ്ങളാൽ കർത്താവിന്റെ ശിക്ഷാവിധി ഏറ്റുവാങ്ങിയവരാണ് ഏദോമ്യർ. എന്നാൽ അവർക്കെതിരേ ഹീനമായ അവഹേളനം നടത്താൻ മൊവാബ്യർക്ക് അവകാശമില്ല. കർത്താവ് തന്റെ ശിക്ഷാവിധി നടപ്പിലാ

ക്കിക്കൊള്ളും. ആരും കർത്താവിന്റെ സ്ഥാനം ഏറ്റെടുക്കേണ്ടതില്ല.

**7. യൂദാ 2,4-5**

ചുറ്റുപാടുമുള്ള ആറു ജനതകൾക്കെതിരേ കുറ്റപത്രം അവതരിപ്പിക്കുകയും ശിക്ഷാവിധി പ്രഖ്യാപിക്കുകയും ചെയ്തതിനു ശേഷം പ്രവാചകൻ സ്വന്തം നാടായ യൂദായ്ക്കെതിരേ തിരിയുന്നു. "ഏഴ്" പൂർണ്ണതയെ സൂചിപ്പിക്കുന്ന സംഖ്യയാകയാൽ ഏഴാമത്തെ സ്ഥാനം പരമ്പരയുടെ ഉച്ചകോടിയാണ്. ഇതര ജനതകൾക്കെതിരേ നടത്തിയ ആരോപണങ്ങളുടെയും ശിക്ഷാവിധിയുടെയും ശൈലി തന്നെയാണ് യൂദായ്ക്കെതിരേയും ഉപയോഗിച്ചിരിക്കുന്നത്. ദൈവം തനിക്കായി പ്രത്യേകം തിരഞ്ഞെടുത്ത ജനമാണ് അവർ. അവരുടെ മധ്യത്തിലാണ് കർത്താവിന്റെ ആലയം സ്ഥിതി ചെയ്തിരുന്നത്. യൂദായുടെ തലസ്ഥാനമായ ജറുസലെമിൽ നിന്നാണ് കർത്താവ് ജനതകൾക്കെതിരെ ശിക്ഷാവിധി പ്രഖ്യാപിക്കുന്നത് (1,2). എന്നാൽ, ഈ ശിക്ഷാവിധിയിൽ നിന്ന് ദൈവജനം ഒഴിവാക്കപ്പെടുന്നില്ല എന്നു മാത്രമല്ല. അക്രമികളുടെ പട്ടികയിൽ ഏറ്റം പ്രധാനസ്ഥാനമാണ് അവർക്കു നല്കിയിരിക്കുന്നത്. ദൈവതിരുമുമ്പിൽ എല്ലാവരും തുല്യരാണ്. തെറ്റു ചെയ്യുന്നവർ ആരായാലും ശിക്ഷിക്കപ്പെടുകതന്നെ ചെയ്യും.

മനുഷ്യമഹത്വത്തിനും മനുഷ്യാവകാശങ്ങൾക്കും എതിരേ, മുഖ്യമായും യുദ്ധത്തിൽ, ചെയ്ത അതിക്രമങ്ങൾക്കാണ് ചുറ്റുമുള്ള ജനതകൾ ശിക്ഷിക്കപ്പെടുന്നത്. എന്നാൽ യൂദായുടെമേൽ ആരോപിക്കുന്ന കുറ്റങ്ങൾ വ്യത്യസ്തമത്രേ. "അവർ കർത്താവിന്റെ നിയമത്തെ പരിത്യജിച്ചു. അവിടുത്തെ കല്പനകൾ അനുസരിച്ചില്ല. അവരുടെ പൂർവ്വികർ പിൻചെന്ന വ്യാജദേവന്മാർ അവരെ വഴി തെറ്റിച്ചു" - ഇതാണ് ആരോപണം. "നിയമം" എന്നു വിവർത്തനം ചെയ്യുന്നത് "തോറാ" എന്ന ഹീബ്രുവാക്കാണ്. ഉടമ്പടിയുടെ നിബന്ധനകളാണ് മുഖ്യമായും ഇതുവഴി ഉദ്ദേശിക്കുന്നത്. "ഉടമ്പടി" എന്ന പദം ആമോസ് ഉപയോഗിക്കുന്നില്ല. എന്നാലും തിരഞ്ഞെടുപ്പും ഉടമ്പടിയും വഴി കർത്താവുമായുണ്ടായ പ്രത്യേകബന്ധത്തിലേക്കാണ് ഈ പദം വിരൽ ചൂണ്ടുന്നത്.

നിയമം പരിത്യജിച്ചത് ഉടമ്പടി ലംഘനമാണ്. ഉടമ്പടി നിയമങ്ങൾ പ്രാവർത്തികമാക്കാൻ വേണ്ട നിർദ്ദേശങ്ങളും അനുഷ്ഠാനവിധികളുമാണ് "കല്പനകൾ". "വ്യാജദേവന്മാർ" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രു പദത്തിന്റെ അർത്ഥം. "വ്യാജം" എന്നത്രേ. ദൈവമല്ലാത്തതിനെ ദൈവമെന്ന് വിളിക്കുന്നതാണ് വ്യാജം. അന്യദൈവങ്ങളെയും വിഗ്രഹങ്ങളെയും ആരാധിക്കുന്നതിനെയാണ് ഇവിടെ വിവക്ഷിക്കുന്നത്. ഇത് ഏതാനും ചില വ്യക്തികളുടെയോ ഒരു തലമുറയുടെയോ മാത്രം തെറ്റല്ല, ദൈവജനത്തിന്റെ ചരിത്രം തന്നെ അവിശ്വസ്തതയുടെ ചരിത്രമാണ് എന്ന് ആമോസ് വ്യക്തമാക്കുന്നു.



ഉടമ്പടി ലംഘിച്ച്, കർത്താവിനെ ഉപേക്ഷിച്ച്, വഴിതെറ്റി നടന്ന ജനത്തിന്മേൽ പ്രഖ്യാപിക്കുന്ന ശിക്ഷാവിധി മറ്റു ജനതകൾക്കെതിരേ പ്രഖ്യാപിച്ചതുതന്നെ - യുദ്ധവും പരാജയവും നാശവും ദൈവത്തിന്റെ പട്ടണം എന്നറിയപ്പെട്ടിരുന്ന ജറുസലെമിന്റെ ശക്തിദുർഗ്ഗങ്ങളിൽ കർത്താവുതന്നെ അഗ്നി അയയ്ക്കും. ബി.സി. 587-ൽ ഈ പ്രവചനം പൂർത്തിയായി.

ടയിർ, ഏദോം എന്നീ രാജ്യങ്ങൾക്കെതിരേയുള്ള പ്രവചനങ്ങൾപോലെ യൂദായ്ക്കെതിരേയുള്ള പ്രവചനവും അനുഭവങ്ങളുടെ വെളിച്ചത്തിൽ പില്ക്കാലത്തു കൂട്ടിച്ചേർത്തതാണെന്നു കരുതുന്ന വ്യാഖ്യാതാക്കൾ ഏറെയുണ്ട്. "കർത്താവ് അരുളിച്ചെയ്തിരിക്കുന്നു" എന്ന സമാപനവാക്യം ഈ മൂന്നു പ്രവചനങ്ങളിലുമില്ല. യൂദായ്ക്കെതിരേ ഏതെങ്കിലും ഒരു കുറ്റം എടുത്തു കാട്ടുന്നതിനു പകരം പൊതുവായ ചില ആരോപണങ്ങളാണ് ഉന്നയിക്കുന്നത്. അതിൽ പ്രത്യക്ഷപ്പെടുന്ന ശൈലി നിയമാവർത്തനാത്മക ചരിത്രകാരന്മാരുടേതാണ്. അതിനാൽ ആമോസിന്റെ പുസ്തകം അന്തിമമായി പ്രസാധനം ചെയ്തവർ ആമോസിന്റെ വാക്കുകൾ ആനുകാലിക യാഥാർത്ഥ്യങ്ങളെ വ്യാഖ്യാനിക്കാൻ ഉതകുന്ന വിധത്തിൽ വിപുലീകരിച്ചതാണെന്ന അഭിപ്രായത്തിന് വ്യാഖ്യാതാക്കളുടെ ഇടയിൽ സ്വീകാര്യതയുണ്ട്. പക്ഷേ ഈ അഭിപ്രായം അതേപടി സ്വീകരിക്കണമെന്നില്ല. കർത്താവിന്റെ ഹിതം ഉടമ്പടിയിലൂടെ അറിഞ്ഞ ഇസ്രായേൽ ജനത്തിന്റെ ഭാഗമാണ് യൂദാ. ഇതര ജനതകൾ സ്വാഭാവിക നിയമങ്ങൾ അനുസരിച്ച് വിധിക്കപ്പെടുമ്പോൾ ദൈവജനത്തെ വെളിപ്പെടുത്തപ്പെട്ട ദൈവിക നിയമമനുസരിച്ച് വിധിക്കുക ഉചിതമത്രേ.

## 8. ഇസ്രായേൽ 2,6–16

വടക്കൻ രാജ്യമായ ഇസ്രായേലിലേക്കാണ് ആമോസ് പ്രവാചകനായി അയയ്ക്കപ്പെട്ടത്. ഇസ്രായേൽക്കാരായ ശ്രോതാക്കൾ ഇതുവരെയുള്ള പ്രസംഗത്തിൽ വളരെ സന്തുഷ്ടരായിട്ടുണ്ടാവും. ചുറ്റുപാടുമുള്ള ജനതകളെ കഠിനമായി ശിക്ഷിക്കുകയും തങ്ങൾക്കു രക്ഷ നല്കുകയും ചെയ്യുന്ന കർത്താവിന്റെ ദിവസം ആസന്നമായിരിക്കുന്നു എന്ന ചിന്തയാണ് അവരുടെ മനസുകളിൽ ഉണരുക. ഏഴു ജനതകൾക്കെതിരേ നടന്ന പ്രവചനങ്ങൾ ശിക്ഷാവിധിയുടെ ചക്രം പൂർത്തിയാക്കി എന്ന പ്രതീതിയാണ് ജനിപ്പിക്കുക. എന്നാൽ കുറ്റാരോപണങ്ങളുടെയും ശിക്ഷാവിധിയുടെയും പ്രവാഹം അപ്രതിഹതമായി തുടരുകയാണ്. എട്ടാമത്തെ പ്രവചനത്തിന്റെ ലക്ഷ്യം ശ്രോതാക്കളായ ഇസ്രായേൽക്കാർ തന്നെയാണ്. കുറ്റവാളികളുടെ പട്ടികയിൽ തങ്ങൾ ഉണ്ടാവും എന്ന് അവർ ഒട്ടും പ്രതീക്ഷിച്ചിരിക്കുകയില്ല. അതിനാൽ കർത്താവിന്റെ ശിക്ഷ ഏറ്റുവാങ്ങാൻ പോകുന്ന ജനതകളിൽ അവസാനത്തേതായി തങ്ങളുടെ പേരുകേട്ടത് അവരെ തികച്ചു അത്ഭുതസ്തബ്ധരാക്കിയിട്ടുണ്ടാവും.

ഇസ്രായേൽ എന്ന പേര് മുഖ്യമായും വടക്കൻ രാജ്യത്തെയാണ് സൂചിപ്പിക്കുന്നത്. യൂദായക്കുറിച്ച് നേരത്തെ പറഞ്ഞു കഴിഞ്ഞതിൽ നിന്ന് ഇതു വ്യക്തമാണ്. എന്നാൽ കുറ്റാരോപണങ്ങളും ശിക്ഷാവിധിയും വടക്കൻ രാജ്യത്തെ മാത്രമാണ് ലക്ഷ്യം വയ്ക്കുന്നതെന്നു പറയാനാവില്ല. 2,9–10;3, 1;9,7,8.11 മുതലായവ യൂദായും ഇസ്രായേലും ഉൾക്കൊള്ളുന്ന മുഴുവൻ ഇസ്രായേൽ ജനത്തെയുമാണ് ഉന്നം വയ്ക്കുന്നത് എന്നതിൽ സംശയമില്ല. ചില കുറ്റങ്ങൾ വടക്കൻ രാജ്യത്തിന്റേതു മാത്രമാണെങ്കിലും ആമോസിന്റെ പ്രവചനങ്ങൾ പൊതുവേ ഇരു രാജ്യങ്ങൾക്കുമുള്ള ദൈവവചനമാണ്.

ജനതകൾക്കെതിരേ നടത്തിയ പ്രവചനങ്ങളുടെ അതേ രൂപഘടനയാണ് ഇസ്രായേലിനെതിരേയുള്ള പ്രവചനത്തിന്റേതും. അതേ സമയം ചില വ്യാഖ്യാനങ്ങളും കാണാം. കുറ്റാരോപണങ്ങൾ കൂടുതൽ ദീർഘവും വിശദവുമാണ് (2,6–12). ഇതരജനതകളുടെ കുറ്റങ്ങൾ അന്താരാഷ്ട്രബന്ധങ്ങളിൽ നടന്ന ക്രൂരതകളായിരുന്നു. ഇസ്രായേലിന്റേതാകട്ടെ, ദേശത്തിനുള്ളിൽ ശക്തന്മാർ



അശക്തർക്കെതിരേ പ്രവർത്തിച്ച അതിക്രമങ്ങളാണ്. കുറ്റാരോപണങ്ങൾക്കു മധ്യേ ദൈവത്തിന്റെ രക്ഷാകര പ്രവൃത്തിയെക്കുറിച്ചു പ്രതിപാദിച്ചുകൊണ്ട് (2,9–11) കുറ്റങ്ങളുടെ കാഠിന്യം എടുത്തു കാട്ടുന്നു. ജനതകൾക്കെതിരേയുള്ള കുറ്റാരോപണങ്ങൾ ആരെയെങ്കിലും പ്രത്യേകമായി അഭിസംബോധന ചെയ്യാതെ "അവർ" എന്ന പ്രഥമപുരുഷസർവ്വനാമമാണ് ഉപയോഗിച്ചത്. എന്നാൽ, ഇസ്രായേൽ ജനങ്ങളെ നേരിട്ട് "നിങ്ങൾ" എന്നു വിളിച്ചുകൊണ്ടാണ് കുറ്റവും ശിക്ഷയും അറിയിക്കുന്നത്. ശിക്ഷാവിധിയിലും വ്യത്യാസമുണ്ട്. യുദ്ധം മൂലമുണ്ടാകുന്ന കെടുതികളാണ് ജനതകൾക്കെതിരേ പ്രസ്താവിച്ച ശിക്ഷാവിധികൾ. ഇസ്രായേലിനെതിരേ പ്രഖ്യാപിക്കുന്നത് കൂടുതൽ ഭീകരമായ ശിക്ഷയാണ് (2,13 –16).

ആമോസിന്റെ പുസ്തകത്തിലെ പ്രധാന പ്രമേയങ്ങളെല്ലാം തന്നെ ചുരുക്കമായി അവതരിപ്പിക്കുന്ന ആമുഖമായി ഈ വാക്യങ്ങളെ കാണാവുന്നതാണ്. ദൗത്യവാക്യവും പൊതുവായ കുറ്റാരോപണവും മറ്റു ജനതകൾക്കെതിരേയുള്ള പ്രവചനങ്ങളിൽ കണ്ടതുതന്നെ. എന്നാൽ പ്രത്യേകമായ കുറ്റാരോപണത്തിൽ ആദ്യം നാലു കുറ്റങ്ങൾ എടുത്തു കാട്ടുന്നു (2,6–8). രക്ഷാചരിത്രത്തെക്കുറിച്ചുള്ള പ്രതിപാദനത്തിനുശേഷം (2,9–11) വീണ്ടും ഒരു കുറ്റം കൂടി ആരോപിക്കുന്നു (2,12). ശിക്ഷാവിധിയും കൂടുതൽ വിശദമായി ചിത്രീകരിക്കുന്നുണ്ട്. കുറ്റാരോപണങ്ങളിൽ ഒരേ കാര്യം ഈ രണ്ടു തവണ സമാന്തരവാക്യങ്ങളായിട്ടാണ് അവതരിപ്പിക്കുന്നത്. ഈ രചനാസങ്കേതത്തിലൂടെ ആശയത്തിന് കൂടുതൽ വ്യക്തതയും ഊന്നലും ലഭിക്കുന്നു.

***2,6. a. "അവർ നീതിമാന്മാരെ വെള്ളിക്കു വില്ക്കുന്നു. ഒരു ജോടി ചെരിപ്പിന് സാധുക്കളെയും."***

മനുഷ്യൻ മനുഷ്യനെ വില പറഞ്ഞ് വില്ക്കുന്നു എന്നതാണ് ഇസ്രായേലിനെതിരേ ഉന്നയിക്കുന്നു ആദ്യത്തെ ആരോപണം. രണ്ടു തരത്തിലാണ് ഒരാൾ അടിമയാക്കപ്പെടുക. യുദ്ധത്തിൽ തോല്ക്കുന്നവരെ വിജയികൾ അടിമകളാക്കും. ഇതാണ് ഏറ്റം കൂടുതൽ പ്രചാരത്തിലിരുന്ന പതിവ്. കൊടുത്തുവീട്ടാത്ത കടത്തിന്റെ പേരിലും ഒരാൾ അടിമയാക്കപ്പെടാം. 2 രാജാ 4,1 ഉദാഹരണമാണ്. ഗാസാ, ടയിർ എന്നീ രാജ്യങ്ങൾക്കെതിരേ ആരോപിച്ച

ത് ആദ്യത്തെ രീതിയിലുള്ള പ്രവർത്തനമാണ് ഇസ്രായേലിനെതിരേ ആരോപിക്കുന്നതാകട്ടെ രണ്ടാമത്തേതും.

അടിമക്കച്ചവടത്തെ എതിർക്കുക മാത്രമല്ല ഈ വാക്യങ്ങളിലൂടെ ആമോസ് ചെയ്യുന്നത്. ആ വ്യാപാരത്തിൽ നിലനിന്ന അനീതി തുറന്നു കാട്ടുകയും ചെയ്യുന്നുണ്ട്. നീതിമാൻ, സാധു എന്നീ പദങ്ങൾ സമാന്തരങ്ങളായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. അതുപോലെതന്നെ വെള്ളി, ഒരു ജോടി ചെരുപ്പ് എന്ന പദങ്ങളും ഈ പദപ്രയോഗങ്ങളുടെ അർത്ഥം വ്യക്തമായി ഗ്രഹിച്ചാലേ പ്രവചനത്തിന്റെ സന്ദേശം മനസ്സിലാക്കാൻ കഴിയൂ.

"സദ്ദീഖ്" എന്ന ഹീബ്രുവാക്കാണ് "നീതിമാൻ" എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. നിയമത്തിന്റെ മുമ്പിൽ കുറ്റമറ്റവനും കോടതിയിൽ നിരപരാധനെന്നു വിധിക്കപ്പെടേണ്ടവനുമാണ് "സദ്ദീഖ്". "നിരപരാധൻ" എന്ന വിവർത്തനമാണ് കൂടുതൽ ഉചിതം. ക്രയവിക്രയത്തിന് ഉപയോഗിക്കുന്ന മാധ്യമമാണ് "വെള്ളി". ഇതിനെ "പണം" എന്നും വിവർത്തനം ചെയ്യാം. "വെള്ളിയ്ക്കു വില്ക്കുന്നു" എന്നത് അടിമയ്ക്കു നിശ്ചയിക്കുന്ന വിലയെ സൂചിപ്പിക്കുന്നതായി തോന്നാം. എന്നാൽ ഒരു പ്രത്യേക തുകയെ സൂചിപ്പിക്കുന്ന വിശേഷണത്തോടെയാണ് "വെള്ളി" എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. അതിനാൽ നിശ്ചയിക്കുന്ന വില എന്നതിനേക്കാൾ അടിമയാക്കപ്പെടുന്നവൻ കടപ്പെട്ടിരുന്ന തുക എന്ന അർത്ഥമാണ് ഇതിൽ നിന്നു ലഭിക്കുക. തുക കടപ്പെട്ടവൻ നീതിമാനാണ് എന്ന പരാമർശത്തിലൂടെ "കടം" തന്നെ ഇല്ലാക്കടമാണെന്നും വില്പന നീതി വിരുദ്ധമാണെന്നും സൂചിപ്പിക്കുന്നു. നീതിന്യായ കോടതിയിലെ അന്യായത്തിലേക്ക് ഈ പരാമർശങ്ങൾ വിരൽ ചൂണ്ടുന്നത്.

"സാധുക്കൾ" എന്നു വിവർത്തനം ചെയ്യുന്നത് "എബിയോൻ" എന്ന ഹീബ്രുപദമാണ്. സഹായിക്കാൻ ആരുമില്ലാത്തവൻ എന്നാണ് ഈ വാക്കിന്റെ അർത്ഥം. നിസ്സഹായൻ, അഗതി എന്നൊക്കെ വിവർത്തനം ചെയ്യാം. തനിക്കുവേണ്ടി വാദിക്കാനോ, ശുപാർശ ചെയ്യാനോ എന്തെങ്കിലും സഹായം നല്കാനോ ആരും ഇല്ലാത്ത സമൂഹത്തിലെ ഏറ്റം താഴേക്കിടയിലുള്ളവനാണ് "എബിയോൻ". "ഒരു ജോടി ചെരുപ്പ്" നിസാരമായ തുകയാണ്. ഇതും അടിമയുടെ വിലയെക്കാൾ കടത്തെയാണ് സൂചിപ്പിക്കുന്നത്.



ആദ്യവാക്യത്തിൽ പറഞ്ഞതിന്റെ ഒരു വിശദീകരണമാവാം ഇത്. കടപ്പെട്ട പട്ടണത്തിന്റെ പേരിൽ, അതും തീർത്തും നിസ്സാരമായ തുകയുടെ പേരിൽ, നിരാലംബരെ അടിമകളാക്കുന്നു എന്നതാണ് ഈ വാക്യങ്ങളിലെ ആരോപണം.

"ഒരു ജോടി ചെരുപ്പ്" എന്നതിന് "തുക" എന്നതിനേക്കാൾ നിയമപരമായ ഒരു പ്രാധാന്യം ഉള്ളതായി വ്യാഖ്യാതാക്കൾ കരുതുന്നു. കച്ചവടക്കരാറുകൾ ഉറപ്പിക്കുന്നതിന്റെ ഭാഗമായി ചെരുപ്പ് കൈമാറുന്ന പതിവ് ഇസ്രായേലിൽ നിലവിലിരുന്നു (റൂത്ത് 4,8). മുദ്രപ്പത്രത്തിൽ ഒപ്പുവയ്ക്കുന്നതിന് തുല്യമായ ഒരു ചടങ്ങാണിത്. അതിനാൽ നിസ്സഹായനായ വ്യക്തിയെ നിയമസംവിധാനങ്ങളുടെ പിൻബലത്തോടെ അടിമയായി വില്ക്കുന്നു എന്നതാണ് ഈ വാക്യത്തിൽ ആരോപിക്കുന്ന കുറ്റം. സമ്പന്നർ കോഴ കൊടുത്ത് കോടതിയെ സ്വാധീനിക്കുകയും അടിമകളാക്കുകയും ചെയ്യുന്നു എന്നതാണ് ഇതിന്റെ പിന്നിലെ ധ്വനി. ആമോസ് അനേകം തവണ ആവർത്തിച്ച് അപലപിക്കുന്ന തിന്മയാണ് കോഴയും നീതിനിഷേധവും (5,10.12; 6,12). 8,6-ൽ ഇതേ കുറ്റം വേറൊരു വിധത്തിൽ ആരോപിക്കുന്നുണ്ട്. "ദരിദ്രരെ വെള്ളിക്കും നിരാലംബരെ ഒരു ജോടി ചെരുപ്പിനും വാങ്ങുന്നതിനും.....". നീതിമാൻ എന്നതിനു പകരം (ദല്ലീം) എന്ന പദമാണ് ഉപയോഗിക്കുന്നത്; വില്ക്കുന്നു എന്നതിനുപകരം വാങ്ങുന്നു എന്നതും ചെറിയ കടത്തിനു വിലക്കപ്പെടുന്നവരും ചെറിയ വിലയ്ക്കു വാങ്ങപ്പെടുന്നവരും ഒരു കൂട്ടർ തന്നെ - ദരിദ്രർ.

***7 a. "പാവപ്പെട്ടവരുടെ തല അവർ പൂഴിയിൽ ചവിട്ടിമെതിക്കുന്നു. ദരിദ്രരെ വഴിയിൽ നിന്നു തള്ളിമാറ്റുന്നു."***

ദരിദ്രർക്കെതിരേ ധനികർ നടത്തുന്ന അതിക്രമങ്ങളാണ് ഈ വാക്യത്തിലെയും പ്രതിപാദ്യം. ഇവിടെ ദരിദ്രരെ സൂചിപ്പിക്കാൻ മറ്റു രണ്ട് ഹീബ്രുവാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്. "ദൽ" (ബഹുവചനം "ദല്ലിം") എന്ന വാക്കാണ് "പാവപ്പെട്ടവർ" എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. ശോഷിച്ചവൻ, ബലഹീനൻ, നിസ്സഹായൻ എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം. ബലവാനായ സമ്പന്നന്റെ അക്രമത്തിനും പീഡനത്തിനും ഇരയാകുന്നവരാണിവർ. "അനവ്" (ബഹുവചനം - "ആനവീം") എന്ന ഹീബ്രുവാക്കാണ് ദരിദ്രർ എന്നു വിവർത്തനം ചെയ്തിരിക്കുന്ന

ത്. അക്രമത്തിനും പീഡനത്തിനും ഇരയായവർ, അഥവാ മർദ്ദിതർ എന്ന അർത്ഥത്തിലാണ് ആമോസ് ഈ പദം ഉപയോഗിച്ചിരിക്കുന്നത് (8,4). "വഴിയിൽ നിന്നു തള്ളിമാറ്റുന്നു" എന്ന പി.ഒ.സി. വിവർത്തനം ഒരു വ്യാഖ്യാനമാണ്. "വഴി തെറ്റിക്കുന്നു", അഥവാ "വഴി മുടക്കുന്നു" എന്നാണ് മൂലാർത്ഥം. "വഴി" എന്നത് നീതിയുടെ മാർഗ്ഗത്തെയാണ് സൂചിപ്പിക്കുക. ദരിദ്രർക്കു ലഭിക്കേണ്ട നീതി നിഷേധിക്കുന്നു, ദരിദ്രരെ നീതിയുടെ മാർഗ്ഗത്തിൽ നിന്ന് അകറ്റി നിർത്തുന്നു എന്നാണ് സൂചന. ഇവിടെയും കോടതികളിലൂടെ നടക്കുന്ന അനീതിയാണ് പരാമർശവിഷയം.

ചെറിയവർ അനുഭവിക്കേണ്ടിവരുന്ന ചൂഷണവും പീഡനവുമാണ് ഈ നാലു വാക്യങ്ങളിലൂടെ ആമോസ് വിവരിക്കുന്നത്. അവരുടെ ദയനീയാവസ്ഥ പ്രവാചകൻ വീണ്ടും കൂടുതൽ വിശദമായി ചിത്രീകരിക്കുന്നുണ്ട്. അന്യായമായ നികുതി ഈടാക്കിയും നിസ്സാരമായ കടങ്ങൾ പെരുപ്പിച്ചുകാട്ടിയും, കോഴ വാങ്ങുന്ന ന്യായാധിപന്മാരുടെ സഹായത്തോടെ സമ്പന്നർ ആദ്യം പാവപ്പെട്ട കർഷകരുടെ കൃഷിസ്ഥലം ജപ്തി ചെയ്യുകയും തുടർന്ന് അവരെത്തന്നെ അടിമകളായി വില്ക്കുകയും ചെയ്യുന്നു ക്രൂരമായ സംവിധാനത്തെയാണ് ആമോസ് ഈ വാക്യങ്ങളിലൂടെ അനാവരണം ചെയ്യുന്നത്.

### *2,7 b. "അപ്പനും മകനും ഒരേ യുവതിയെ പ്രാപിക്കുന്നു, അങ്ങനെ അവർ എന്റെ വിശുദ്ധ നാമത്തിനു കളങ്കം വരുത്തുന്നു."*

സമൂഹത്തിൽ നിലനിന്ന ഭീകരമായ മറ്റൊരു ഹീന കൃത്യത്തിലേക്ക് പ്രവാചകൻ ശ്രദ്ധ തിരിക്കുന്നു. ഫലപുഷ്ടിയുടെ ദേവതയായി കരുതപ്പെട്ടിരുന്ന ബാൽ ദേവന്റെ ആരാധനയുമായി ബന്ധപ്പെട്ട ദുരാചാരമാണ് ഇവിടെ പരാമർശ വിഷയമാകുന്നത് എന്നു കരുതുന്നവരുണ്ട്. മലമുകളിൽ രാത്രികാലങ്ങളിൽ നടന്നിരുന്ന ബാൽ ആരാധനയുടെ ഭാഗമായിരുന്നു ലൈംഗിക വേഴ്ചകൾ. അതിനായി നിയുക്തരായ പുരോഹിതന്മാർ ഫലത്തിൽ വേശ്യകളായിരുന്നു. അതിനാൽ അപ്പനും മകനും ഒരേ സ്ത്രീയെ സമീപിക്കുന്ന സാഹചര്യമുണ്ടാകുന്നതിനെ ആയിരിക്കാം ആമോസ് അപലപിക്കുന്നത്. പുത്രന്റെ ഭാര്യയുമൊത്ത് പിതാവു ശയിക്കുന്ന അനാചാരമാണ് ഇവിടെ പരാമർശിക്കപ്പെടുന്നത് എന്ന്



മറ്റു ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. നിയമം വഴി കർശനമായി വിലക്കിയിട്ടുള്ളതാണ് ഈ അനാചാരം (ലേവ്യർ 18,15). എന്നാൽ ഇതിനെല്ലാം ഉപരി അടിമയായി വാങ്ങിയ യുവതിയെ പിതാവും പുത്രനും ഉപയോഗിക്കുന്നതിനെയാണ് ഇവിടെ അപലപിക്കുന്നത് എന്ന അഭിപ്രായമാണ് സാഹചര്യത്തോട് കൂടുതൽ യോജിക്കുന്നത്. ദരിദ്രരോടു ചെയ്യുന്ന അതിക്രമത്തിന്റെയും അവഹേളനത്തിന്റെയും പാരമ്പര്യമാണിത്.

പാവപ്പെട്ടവർക്കെതിരേ ചെയ്യുന്ന ചൂഷണവും നിന്ദനവും ദൈവത്തെ അവഹേളിക്കലാണ്. കാരണം ദൈവത്തിന്റെ മുഖഛായയാണ് അവർ വഹിക്കുന്നത്. 9-12 വാക്യങ്ങളിൽ വിവരിക്കുന്ന രക്ഷാചരിത്രത്തിന്റെ പശ്ചാത്തലത്തിൽ ഈ ഹീനകൃത്യങ്ങളുടെ കാഠിന്യം കൂടുതൽ വ്യക്തമാകുന്നു. ദൈവം പ്രത്യേകമായി തിരഞ്ഞെടുത്തു വളർത്തിയ ജനം, ദൈവത്തിന്റെ കരുണയുടെയും നീതിയുടെയും സാക്ഷികളായിരിക്കേണ്ടവർ, അതിനു കടകവിരുദ്ധമായി പ്രവർത്തിക്കുമ്പോൾ ദൈവത്തിന്റെ തന്നെ വിശുദ്ധനാമമാണ് അവരിലൂടെ കളങ്കിതമാകുന്നത്.

> 2,8: "പണയം വസ്ത്രം വിരിച്ച് ഓരോ
> ബലിപീഠത്തിനും അരികിൽ അവർ കിടക്കുന്നു.
> പിഴയായി ഈടാക്കി. വീഞ്ഞ് അവർ തങ്ങളുടെ
> ദൈവത്തിന്റെ ആലയത്തിൽ വച്ച് കുടിക്കുന്നു. "

അടുത്ത ആരോപണത്തിലെ രണ്ടു വാക്യങ്ങളും സമാന്തരമായി അവതരിപ്പിച്ചിരിക്കുന്നു. വാക്യത്തിന്റെ ആദ്യഭാഗം വ്യവഹാരത്തിലൂടെ പിടിച്ചെടുത്ത വസ്തുക്കളെയും രണ്ടാംഭാഗം ദേവാലയത്തിൽ വച്ചുള്ള അവയുടെ ഉപയോഗത്തെയും വിവരിക്കുന്നു. പാവപ്പെട്ടവനും വായ്പ നല്കുമ്പോൾ അവന്റെ വസ്ത്രം (മേലങ്കി) പണയം വാങ്ങാം. എന്നാൽ രാത്രിയാകുമ്പോൾ അതു തിരിച്ചു കൊടുക്കണം എന്ന നിയമമുണ്ട് (പുറ 22,26; നിയ 24,12-13). വിധവയുടെ വസ്ത്രം പണയമായി വാങ്ങരുത് (നിയ 24,17). ഈ നിയമം അവഗണിച്ചുകൊണ്ട് പണയം വാങ്ങിയ വസ്ത്രം മലമുകളിലെ ആരാധനയ്ക്കായി നിലത്തു വിരിച്ചുകിടക്കുന്നു എന്നതാണ് ആദ്യത്തെ ആരോപണം. തെറ്റു ചെയ്യുന്നവർ പിഴയടയ്ക്കാൻ ബാധ്യസ്ഥരാണ്. അവർ ചെയ്ത തെറ്റുമൂലം ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ വേണ്ടിയാണ് പിഴ. എന്നാൽ ഇവിടെ പിഴ

യുടെ അർത്ഥവും ലക്ഷ്യവും മാറിയിരിക്കുന്നു. സമ്പത്തും അധികാരവും ഉള്ളവർ പാവപ്പെട്ടവനിൽ നിന്നു പിഴയായി വാങ്ങിയത് തങ്ങളുടെ മദിരോത്സവങ്ങൾക്കുവേണ്ടിയാണ് ഉപയോഗിക്കുക, അതും ദൈവത്തിന്റെ ആലയത്തിൽ വച്ച്. "തങ്ങളുടെ ദൈവത്തിന്റെ ആലയം" എന്ന പദപ്രയോഗം യാഹ്‌വേയ്ക്കു പ്രതിഷ്ഠിതമായിരുന്ന ദേവലായത്തെയാണ് സൂചിപ്പിക്കുക. ആലയവും ആഘോഷവും കർത്താവായ ദൈവത്തിന്റെ പേരിലാണെങ്കിലും അവിടെ നടമാടുന്നത് ബാൽ ആരാധനയുടേതായ ദുരാചാരങ്ങളാണ്. പാവപ്പെട്ടവന്റെ ചിലവിൽ പണക്കാരൻ നടത്തുന്ന പെരുന്നാളാഭാസം! ആരാധനയിലെ അപാകതയല്ല, പാവപ്പെട്ടവനോടു ചെയ്യുന്ന ദ്രോഹമാണ് ഇവിടെയും ശ്രദ്ധാകേന്ദ്രം.

## രക്ഷാചരിത്രം 2,9-11

ഒന്നിനൊന്നു കൂടുതൽ കഠിനമായ കുറ്റാരോപണങ്ങൾക്കു മധ്യേ, ഒരിടവേളയെന്നപോലെ കർത്താവ് ഇസ്രായേൽ ജനത്തിനുവേണ്ടി ചെയ്ത വലിയ കാര്യങ്ങളെക്കുറിച്ചു പരാമർശിക്കുന്നു. അതിന്റെ വെളിച്ചത്തിൽ ഇസ്രായേൽ ജനം ചെയ്യുന്ന പാതകങ്ങളുടെ കാഠിന്യം കൂടുതൽ വ്യക്തമാകുന്നു. അഞ്ചുകാര്യങ്ങളാണ് എടുത്തുപറയുന്നത്. 1. കാനാൻ നിവാസികളെ നശിപ്പിച്ചു. 2. ഈജിപ്തിൽനിന്നു മോചിപ്പിച്ചു. 3. മരുഭൂമിയിലൂടെ നയിച്ചു. 4. കാനാൻദേശം ഇസ്രായേലിനു നല്കി. 5. അവർക്കു നാസീർ വ്രതക്കാരെയും പ്രവാചകന്മാരെയും നല്കി.

"ആമോര്യർ" എന്ന പേര് കാനാനിൽ അധിവസിച്ചിരുന്നവരെ പൊതുവേ ഉദ്ദേശിച്ചാണ് ഉപയോഗിച്ചിരിക്കുന്നത്. അസാധാരണ വലുപ്പവും ശക്തിയും ഉള്ളവരായിരുന്നു അവർ (സംഖ്യ 13,28; നിയ 1,28; 9,2). അവരെ നശിപ്പിച്ചത് അവരുടെ ദേശം ഇസ്രായേൽക്കാർക്കു നല്കാൻ വേണ്ടിയായിരുന്നു. ഇസായേൽക്കാരാകട്ടെ ദുർബ്ബലരും അടിമകളുമായിരുന്നു. കർത്താവാണ് അവരെ മോചിപ്പിച്ചത്. കർത്താവിന്റെ കരുണ ഒന്നു മാത്രമാണ് ഇതിനെല്ലാം പ്രേരകമായി നിന്നത്.

ദൈവഹിതമനുസരിച്ചു ജീവിക്കാൻ മാതൃകയും പ്രചോദനവുമായിട്ടാണ് പ്രവാചകന്മാരെയും നാസീർ വ്രതക്കാരെയും കർത്താവുതന്നെ നല്കിയത്. ദൈവത്തിനുവേണ്ടി പ്രത്യേകമാംവിധം സ്വയം പ്രതിഷ്ഠിക്കുന്നവരാണ് നാസീർ വ്രതക്കാർ (സംഖ്യ



6). സാംസൺ ഉദാഹരണമാണ് (ന്യായ 13,4-5; 16,17). തപസും പ്രായശ്ചിത്തവും വഴി ദൈവോന്മുഖജീവിതത്തിന് അവർ മാതൃകകളാണ്; ദൈവത്തിനുവേണ്ടി ഇറങ്ങി പുറപ്പെടാൻ എപ്പോഴും ഒരുങ്ങി നില്ക്കുന്നവരുമാണ് അവർ. പ്രവാചകന്മാരാകട്ടെ ദൈവവചനം മായം ചേർക്കാതെ ജനത്തെ അറിയിക്കാൻവേണ്ടി അയയ്ക്കപ്പെട്ടവരാണ്. ഏലിയാ, മിക്കായാ മുതലായവർ ഉദാഹരണങ്ങളാണ്. തന്റെ തന്നെ ദൗത്യവും ഈ വിധത്തിലാണ് ആമോസ് മനസിലാക്കുന്നത് എന്ന് അനുമാനിക്കാം. ഇസ്രായേൽ ജനത്തെ ഈജിപ്തിൽ നിന്നു മോചിപ്പിച്ച് കാനാൻ ദേശത്തു കുടിയിരുത്തിയ ദൈവം തന്റെ ഹിതമനുസരിച്ച് ജീവിക്കാൻ വേണ്ട സംവിധാനങ്ങളും അവർക്കു നല്കിയിരുന്നു. ഇതെല്ലാം അനിഷേധ്യ സത്യമാണെന്ന് കേൾവിക്കാർ തന്നെ സമ്മതിക്കും.

***9,12: "എന്നാൽ നാസീർ വ്രതക്കാരെ നിങ്ങൾ വീഞ്ഞു കുടിപ്പിച്ചു. പ്രവാചകന്മാരോടു പ്രവചിക്കരുതെന്നു കല്പിച്ചു."***

ആമുഖ പ്രഭാഷണത്തിലെ അവസാനത്തെ കുറ്റാരോപണമാണിത്. നാസീർ വ്രതമെടുത്തവർ വീഞ്ഞുകുടിക്കാൻ പാടില്ലായിരുന്നു. അവരെ നിർബ്ബന്ധിച്ചു വീഞ്ഞു കുടിപ്പിക്കുകയും പ്രവാചകന്മാർക്കു മുടക്കു കല്പിക്കുകയും ചെയ്തതിലൂടെ ഇസ്രായേൽ കർത്താവിന്റെ കല്പന ലംഘിക്കുക മാത്രമല്ല, അവിടുത്തെ തിരുഹിതത്തെ പൂർണ്ണമായി തിരസ്കരിക്കുകയും കർത്താവിനെതിരേ കലാപം പ്രഖ്യാപിക്കുകയുമാണ് ചെയ്തത്. തങ്ങൾക്കു ഹിതകരമല്ലാത്ത ദൈവവചനം അറിയിക്കുന്ന പ്രവാചകന്മാരെ മുടക്കുകയും പീഡിപ്പിക്കുകയും വധിക്കുകയും ചെയ്യുക രാജഭരണകാലത്ത് ഇസ്രായേലിന്റെ ഒരു പതിവായിക്കഴിഞ്ഞിരുന്നു (1 രാജാ 13,4; 18,4; 19,2; 22,26-28; 2 രാജാ 6,32). ബെഥേലിലെ പുരോഹിതൻ ആമോസിനു മുടക്കു കല്പിച്ചതും (ആമോ 7,12) ഈ പാരമ്പര്യത്തിന്റെ തുടർച്ചയാണ്.

അനിഷേധ്യമാംവിധം കുറ്റം തെളിയിച്ചുകഴിഞ്ഞു: ഇസ്രായേൽ ജനം കർത്താവിന്റെ കല്പനകൾ കാറ്റിൽ പറത്തി. അവിടുത്തെ വചനം ശ്രവിക്കാൻ കൂട്ടാക്കിയില്ല. ഇതു പഴയ കാലത്തെ ചരിത്രമല്ല, ആനുകാലിക യാഥാർത്ഥ്യമാണ്. അതിനാൽ ആസന്നമായിരിക്കുന്ന ശിക്ഷാവിധി അറിയിക്കുകയാണ് പ്രവാചകൻ അടുത്തതായി ചെയ്യുന്നത്.

## ശിക്ഷാവിധി 2,13-16

രണ്ടു ഭാഗമായിട്ടാണ് ശിക്ഷാവിധിയെ സംബന്ധിച്ച പ്രവചനം അവതരിപ്പിച്ചിരിക്കുന്നത്. ആദ്യഭാഗത്തു കർത്താവു ചെയ്യാൻ പോകുന്ന പ്രവൃത്തിയും (2,13) രണ്ടാംഭാഗത്ത് അത് ജനങ്ങളിൽ ഉളവാക്കുന്ന പ്രതികരണവും (2,14-16) വിവരിക്കുന്നു. "ഇതാ ഞാൻ" എന്ന മുഖവുരയോടെയാണ് വിധി പ്രഖ്യാപനം ആരംഭിക്കുന്നത്. ഇത് പി.ഒ.സി. വിവർത്തനത്തിൽ വിട്ടുകളഞ്ഞിരിക്കുന്നു. കർത്താവ് നേരിട്ടാണ് ശിക്ഷ നടപ്പിലാക്കാൻ പോകുന്നത്. രക്ഷാചരിത്രത്തിനു തൊട്ടുപിന്നാലെ വരുന്നതിനാൽ വിധി പ്രഖ്യാപനം കൂടുതൽ ഭീഷണമാകുന്നു. ഇസ്രായേലിനെ കുടിയിരുത്താൻ വേണ്ടി ആമോര്യരെ പിഴുതെറിഞ്ഞ കർത്താവുതന്നെയാണ് ഇപ്പോൾ ഇസ്രായേലിനെതിരേ തിരിയുന്നത്.

ഒരു പ്രതീകത്തിലൂടെയാണ് ശിക്ഷാവിധി അവതരിപ്പിക്കുന്നത്. എന്നാൽ ആ പ്രതീകം എന്തിനെ സൂചിപ്പിക്കുന്നു എന്ന കാര്യത്തിൽ തർക്കമുണ്ട്.

> *''കറ്റ നിറഞ്ഞ വണ്ടി കീഴോട്ടമരുന്നതുപോലെ*
> *ഞാൻ നിങ്ങളെ മണ്ണോടു ചേർത്തു ഞെരിക്കും"*

എന്ന പി.ഒ.സി. വിവർത്തനം ഒരു വ്യാഖ്യാനമാണ്. കൊയ്തെടുത്ത കതിർക്കറ്റകൾ നിറച്ച കാളവണ്ടി മണ്ണിൽ എന്തു ചെയ്യുന്നു എന്നതാണ് വിവാദവിഷയം. ഭാരമേറിയ വണ്ടിയുടെ ചക്രങ്ങൾ ഭൂമിയിൽ അമരുന്നതുപോലെ കർത്താവ് കുറ്റവാളികളെ മണ്ണോടു ചേർത്തു അമർത്തിത്തകർക്കും എന്നത് ഒരു വ്യാഖ്യാനസാധ്യതയാണ്. ഏതുതരത്തിലുള്ള ശിക്ഷയാണിത് എന്ന് ഈ വിവർത്തനത്തിലും വ്യക്തമാകുന്നില്ല.

എന്നാൽ അമർത്തുക എന്നതിനു പകരം പിളരുക. കുലുക്കുക എന്നും വിവർത്തനം ചെയ്യാവുന്നതാണ് ഹീബ്രുമൂലം. കാളവണ്ടിച്ചക്രം പൊടിമണ്ണിൽ ചാലുകീറും; വണ്ടി ഓടുമ്പോൾ ചക്രത്തിനടിയിലുള്ള മണ്ണ് ഇളകും. ഭൂമികുലുങ്ങുന്നതിന്റെ പ്രതീതിയാണ് ഇതു ജനിപ്പിക്കുക. "മണ്ണോടു ചേർത്തു ഞെരിക്കും" എന്നതിനുപകരം "നിങ്ങൾക്കു കീഴിൽ ഞാൻ ഭൂമി പിളർക്കും" എന്നും ഈ വാക്യം വിവർത്തനം ചെയ്യാം. കർത്താവ് അയയ്ക്കുന്ന ശിക്ഷയായി ഭൂമികുലുക്കത്തെക്കുറിച്ച് ആമോസ് പലതവണ സൂചിപ്പിക്കുന്നുണ്ട് (3,14-15;6,11;8,8;9,1). ഇവിടെയും ഭൂമികുലുക്കമാണ് കർത്താവ് അയയ്ക്കാൻ പോകുന്ന ശിക്ഷയെന്ന് അനുമാനിക്കാം. കറ്റയെക്കുറിച്ചുള്ള പരാമർശവും ശിക്ഷയെ സൂചിപ്പിക്കുന്നതാണ്. കൊയ്ത്തും കറ്റകെട്ടലും വിധിയുടെ പ്രതീകങ്ങളാണ് (ആമോ. 8,1-2; ജോയേൽ 3,13; മിക്കാ 4,12).



ശിക്ഷയുടെ നാളിൽ ജനത്തിൽ പടരുന്ന സംഭ്രാന്തിയുടെ വിവരണമാണ് 14-15 വാക്യങ്ങളിൽ നല്കിയിരിക്കുന്നത്. രാജാവും പ്രഭുക്കന്മാരും നാടുകടത്തപ്പെടുന്നതായിരുന്നു ജനതകൾക്കെതിരേ പ്രഖ്യാപിച്ച മുഖ്യമായ ശിക്ഷ. എന്നാൽ ഇവിടെ ആരെയും നാടുകടത്തുന്നില്ല എന്നു മാത്രമല്ല, ആർക്കും രക്ഷപ്പെടാൻ അവസരവും നല്കുന്നില്ല. ശക്തരും ധീരരുമാണ് ഓടിയൊളിക്കാൻ ശ്രമിക്കുന്നത്. അവർക്ക് ഏഴു വിശേഷണങ്ങൾ നല്കിയിരിക്കുന്നു. എല്ലാം സൈന്യവുമായി ബന്ധപ്പെട്ടവയാണ്. സൈന്യം എത്ര ശക്തവും വലുതുമാണെങ്കിലും പാദങ്ങൾക്കടിയിൽ ഭൂമികുലുങ്ങി വിറയ്ക്കുകയും വിണ്ടുകീറുകയും ചെയ്യുമ്പോൾ ആർക്കും എങ്ങോട്ടും ഓടി രക്ഷപ്പെടാൻ സാധിക്കുകയില്ല. "കർത്താവ് അരുളിച്ചെയ്തിരിക്കുന്നു" എന്ന സമാപനവാക്യം പ്രവചനത്തിന്റെ അന്ത്യം കുറിക്കുന്നു. കർത്താവിന്റെ ശിക്ഷാവിധിക്കു മാറ്റമില്ല. അതു സ്വീകരിക്കാൻ ഒരുങ്ങുക മാത്രമേ ഇസ്രായേലിനു ചെയ്യാനുള്ളൂ. പ്രവചനം നടന്ന് രണ്ടുവർഷം കഴിഞ്ഞപ്പോൾ ഭീകരമായ ഭൂമികുലുക്കം ഉണ്ടായി എന്ന് ആമോസിന്റെ പുസ്തകത്തിന്റെ ആരംഭത്തിൽ (1,1) പറയുന്നുണ്ട്. ബി.സി. 721-ൽ വടക്കൻ രാജ്യമായ ഇസ്രായേൽ പരിപൂർണ്ണമായി നശിപ്പിക്കപ്പെട്ടു.

## വിചിന്തനം

ആമോസിന്റെ രംഗപ്രവേശം ഇസ്രായേലിന്റെ ചരിത്രത്തിൽ ഒരു പുതിയ അധ്യായത്തിനു തുടക്കം കുറിക്കുന്നു. പ്രവാചകന്മാരുടെ ഒരു പുതിയ കാലഘട്ടം ആരംഭിക്കുകയാണ്. ഇതുവരെ കണ്ട പ്രവാചകന്മാർ എല്ലാംതന്നെ ഒറ്റപ്പെട്ട വ്യക്തികൾക്ക് ഉപദേശവും താക്കീതും നല്കുകയോ ശിക്ഷാവിധി അറിയിച്ച്, മാനസാന്തരത്തിനു ക്ഷണിക്കുകയോ ചെയ്തവരാണ്. എന്നാൽ, ആമോസ് ജനതകളെ ഒന്നടങ്കം, ഇസ്രായേലിനെയും അന്യജനതകളെയും, കർത്താവിന്റെ ശിക്ഷാവിധി അറിയിക്കുന്നു. യാഹ്വേ ഇസ്രായേലിന്റെ മാത്രം ദൈവമല്ല, സകലജനതകളുടെയുംമേൽ

ആധിപത്യമുള്ള ഏകദൈവമാണ്. അവിടുത്തെ മുമ്പിൽ ഇസ്രായേലും വിജാതീയനും ഒരുപോലെ ഉത്തരം പറയാൻ കടപ്പെട്ടിരിക്കുന്നു.

മനുഷ്യത്വത്തിനു വിരുദ്ധമായ പ്രവൃത്തികളാണ് സകലർക്കും എതിരേ ആരോപിക്കുന്ന കുറ്റങ്ങൾ. വിജാതീയർ അന്യനാട്ടുകാർക്കെതിരേ യുദ്ധത്തിൽ ചെയ്ത ക്രൂരതകൾ ശിക്ഷാർഹമായെങ്കിൽ ഇസ്രായേലിന്റെ കുറ്റങ്ങൾ സമാധാനകാലത്തു സ്വന്തം നാട്ടിലെ പാവപ്പെട്ടവർക്കെതിരേ നടത്തിയ ക്രൂരതയാണ്. സമൂഹത്തിലെ ഏറ്റം ദുർബ്ബലർക്കും ദരിദ്രർക്കും നല്കുന്ന സംരക്ഷണമാണ് ദൈവം വിധിക്കാനുപയോഗിക്കുന്ന മാനദണ്ഡം. അവരോടുള്ള കരുണാർദ്ര സ്നേഹമാണ് അക്രമികളെ ശിക്ഷിക്കാൻ അവിടുത്തെ പ്രേരിപ്പിക്കുന്നത്.

ആമോസ് അപലപിച്ച ഹീനകൃത്യങ്ങൾ ഇന്ന് ആഗോളതലത്തിലും നമ്മുടെ നാട്ടിലും കൂടുതൽ ഭീകരരൂപം പ്രാപിച്ചിരിക്കുകയല്ലേ? നിസ്സാര തുക വായ്പ വാങ്ങിയവരുടെ വീടും പറമ്പും ജപ്തി ചെയ്യുന്ന "ബ്ലേഡു കമ്പനികൾ", പാവപ്പെട്ടവന്റെ സകല സമ്പത്തും ചോർത്തിയെടുക്കുന്ന കമ്പോളസംസ്കാരം, സർവ്വവ്യാപിയായിരിക്കുന്ന കോഴ സമ്പ്രദായം, പത്തു സെന്റു മാത്രം സ്വന്തമായുള്ളവന്റെ വീടുംപോലും തല്ലിത്തകർത്ത് ഇറക്കിവിടുന്ന ഭൂനിയമങ്ങൾ, വൻകിട തോട്ടങ്ങൾക്കും പഞ്ചനക്ഷത്രഹോട്ടലുകൾക്കും വിമാനത്താവളങ്ങൾക്കും ഫാക്ടറികൾക്കും മറ്റും വേണ്ടി ആയിരക്കണക്കിനു ഹെക്ടർ ഭൂമി പിടിച്ചെടുക്കുകയും അതേ സമയം കോടിക്കണക്കിനു പൗരന്മാർക്ക് ചോരാത്ത ഒരു കൂര വയ്ക്കാൻ ഒരു തുണ്ടുഭൂമിപോലും സ്വന്തമായി നല്കാതിരിക്കുകയും ചെയ്യുന്ന നിയമസംഹിതകൾ, പാവപ്പെട്ട പെൺകുട്ടികളെ സംഘം ചേർന്ന് ദുരുപയോഗിക്കുകയും വിലപേശി വില്ക്കുകയും ചെയ്യുന്ന ഉന്നതന്മാരുടെ പെൺവാണിഭ റാക്കറ്റുകൾ – പട്ടിക അന്തമില്ലാതെ നീളുകയാണ്. ആമോസിന്റെ വാക്കുകൾക്ക് ഇന്നും പ്രസക്തി നഷ്ടപ്പെട്ടിട്ടില്ല.



## 2. ഇസ്രായേലിന്റെ അതിക്രമങ്ങൾ 3,1–6,14

ഇസ്രായേലിനെതിരേ ആമോസ് നടത്തിയ പ്രവചനങ്ങളുടെ ഒരു സമാഹാരമാണ് പുസ്തകത്തിന്റെ രണ്ടാംഭാഗം. ഈ സമാഹാരത്തെ അഞ്ച് ഉപവിഭാഗങ്ങളായി തിരിക്കാം. ആദ്യത്തെ മൂന്ന് ഉപവിഭാഗങ്ങൾ "ശ്രവിക്കുവിൻ" എന്ന ആമുഖത്തോടെ ആരംഭിക്കുന്നു (3,1;4,1;5,1). തുടർന്നുള്ള രണ്ട് ഉപവിഭാഗങ്ങൾ "ദുരിതം" എന്ന മുഖവുരയോടെയാണ് തുടങ്ങുന്നത് (5,18;6,1). ഓരോ ഉപവിഭാഗത്തിലും ഇസ്രായേലിന്റെ കുറ്റങ്ങൾ വിശദമായി അവതരിപ്പിക്കുകയും ശിക്ഷാവിധി പ്രഖ്യാപിക്കുകയും ചെയ്യുന്നതു കാണാം. കുറ്റങ്ങളുടെയും ശിക്ഷയുടെയും വിവരണത്തിൽ വ്യക്തമായ ആവർത്തനങ്ങൾ ദൃശ്യമാണ്. സമൂഹത്തിലെ പ്രബലന്മാർ ദുർബലർക്കെതിരേ ചെയ്യുന്ന അതിക്രമങ്ങളാണ് കുറ്റകൃത്യങ്ങളുടെ പട്ടികയിൽ മുഖ്യമായും പ്രത്യക്ഷപ്പെടുന്നത്. അതോടൊപ്പം സമ്പന്നരുടെ സീമാതീതമായ സുഖലോലുപത, ആർഭാടങ്ങൾ, അതിരുകടന്ന സുരക്ഷിതത്വബോധം, ആരാധനയിലെ അന്തഃസാരവിഹീനത മുതലായവയും വിമർശന വിഷയമാകുന്നു. ശിക്ഷാവിധിയാകട്ടെ ജനത്തിന്റെ സമൂലനാശമാണ് വിവക്ഷിക്കുക. കുറ്റം ആരോപിക്കുന്നതും വിധി പ്രസ്താവിക്കുന്നതും ശിക്ഷ നടപ്പിലാക്കുന്നതും ദൈവം തന്നെ. അവിടുത്തെ വചനം മായം ചേർക്കാതെയും മുഖം നോക്കാതെയും അറിയുക മാത്രമാണ് പ്രവാചകൻ ചെയ്യുന്നത്.

### 1. പ്രത്യേക പരിഗണന – പ്രത്യേക ഉത്തരവാദിത്തം 3,1–15

പ്രവചന സമാഹാരത്തിലെ ആദ്യത്തെ പ്രവചനത്തെ മൂന്നു ഭാഗമായി തിരിച്ചിരിക്കുന്നു.

*a. ദാനവും ദൗത്യവും b. പ്രവാചക ദൗത്യം c. ശിക്ഷാവിധി*

### a. ദാനവും ദൗത്യവും

രണ്ടാം ഭാഗത്തിന്റെ ആമുഖമാണ് ഈ വാക്യങ്ങൾ. ഇസ്രായേലിനെതിരേ ആരോപിക്കുന്ന അനേകം കുറ്റങ്ങളുടെയും അറിയിക്കുന്ന ശിക്ഷാവിധിയുടെയും അടിസ്ഥാനം ഇവിടെ വ്യക്തമാക്കുന്നു. ഏതെങ്കിലും കുറ്റമോ വരാൻപോകുന്ന ശിക്ഷയോ

എടുത്തു പറയുന്നില്ല. തുടർന്നുള്ള അധ്യായങ്ങളിൽ ഇവ രണ്ടും വളരെ വിശദമായി ചിത്രീകരിക്കുന്നതു കാണാം. കുറ്റകൃത്യങ്ങളുടെ കാഠിന്യവും ശിക്ഷയുടെ നീതിയുക്തതയും തെളിയിക്കുന്ന ഒരു അടിസ്ഥാന സത്യമാണ് ആമോസ് ഈ രണ്ടു വാക്യങ്ങളിൽ അവതരിപ്പിക്കുന്നത്.

"ഇസ്രായേൽ ജനമേ" എന്നു വിവർത്തനം ചെയ്യുന്ന ആദ്യ വാക്കിന്റെ വാച്യാർത്ഥം "ഇസ്രായേൽ മക്കളേ" എന്നാണ്. "ഈജിപ്തിൽനിന്നു കർത്താവു മോചിപ്പിച്ച ഇസ്രായേൽ ഭവനം മുഴുവനും എതിരേ" എന്ന വിശേഷണം വടക്കൻ രാജ്യത്തെ മാത്രമല്ല, യൂദായും ഇസ്രായേലും അടങ്ങുന്ന മുഴുവൻ ജനത്തെയും അഭിസംബോധനം ചെയ്താണ് പ്രവാചകൻ സംസാരിക്കുന്നത് എന്നു സൂചിപ്പിക്കുന്നു. 2,10-ൽ പരാമർശിച്ച രക്ഷാചരിത്രത്തെക്കുറിച്ചുള്ള സൂചന ഈ വിശേഷണത്തിലും തുടർന്നുള്ള വാക്യത്തിലും കാണാം.

ഇസ്രായേൽ ജനത്തിന് ലോകജനതകൾക്കു മധ്യേ കർത്താവു നല്കിയ പ്രത്യേകസ്ഥാനമാണ് രണ്ടാം വാക്യത്തിന്റെ ആദ്യഭാഗത്തു പരാമർശിക്കുന്നത്: "ഭൂമിയിലുള്ള സകല ജനതകളിലും വച്ച് നിങ്ങളെ മാത്രമാണ് ഞാൻ സ്വന്തമായി പരിഗണിച്ചത്" എന്ന വിവർത്തനം ഒരു വ്യാഖ്യാനമാണ്. "നിങ്ങളെ മാത്രമാണ് ഞാൻ അറിഞ്ഞത്'' എന്നാണ് ഹീബ്രുമൂലത്തിന്റെ വാച്യാർത്ഥം. ബൗദ്ധികമായ ഒരറിവല്ല ഇവിടെ ഉദ്ദേശിക്കുന്നത്. മറ്റു ജനതകളെ ഒന്നും കർത്താവ് അറിയുന്നില്ല എന്ന് ഇത് അർത്ഥമാക്കുന്നില്ല. ഗാഢമായ സ്നേഹബന്ധം സ്ഥാപിക്കുക എന്ന അർത്ഥത്തിലാണ് ''അറിയുക'' എന്ന പദം ബൈബിളിൽ പൊതുവേ ഉപയോഗിക്കുക. അതേസമയം "തിരഞ്ഞെടുക്കുക" എന്ന അർത്ഥത്തിലും "അറിയുക" എന്ന വാക്ക് ഉപയോഗിക്കാറുണ്ട് (ഉൽപ. 18,19; പുറ 33, 12.17; ജറെ 1,5). ഈ അർത്ഥത്തിലാണ് "അറിയുക" എന്ന പദം ആമോസ് ഉപയോഗിച്ചിരിക്കുന്നത്. മറ്റ് ലോകജനതകളൊന്നും കർത്താവിന്റേതല്ല എന്ന സൂചന ഈ പദത്തിലില്ല. ഈജിപ്തിൽ നിന്നു മോചിപ്പിച്ച്, ഉടമ്പടിയിലൂടെ തന്റെ ഹിതം അറിയിച്ച്, കാനാൻദേശത്തു കുടിയിരുത്തിയ പ്രക്രിയയെ മുഴുവൻ സൂചിപ്പിക്കുന്നതാണ് ഇസ്രായേലിന്റെ തിരഞ്ഞെടുപ്പ്.



തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള പരാമർശം ഏല്പിക്കാൻ ഉദ്ദേശിക്കുന്ന ദൗത്യത്തിലേക്കാണ് ശ്രദ്ധ തിരിക്കുന്നത്. ഇസ്രായേൽ ജനത്തിന് എന്തെങ്കിലും പ്രത്യേകമായ മഹത്വവും പരിഗണനയും നല്കുകയല്ല, ലോകജനതകൾക്കു മധ്യേ ഒരു പ്രത്യേക ദൗത്യം ഏല്പിക്കുകയായിരുന്നു ഈ തിരഞ്ഞെടുപ്പിന്റെ ലക്ഷ്യം. എന്താണ് ഈ ദൗത്യം എന്ന് ആമോസ് തുറന്നു പറയുന്നില്ലെങ്കിലും തുടർന്നു വരുന്ന ആരോപണങ്ങളിൽ നിന്ന് ഊഹിക്കാൻ കഴിയും. തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള അവബോധം അവരുടെ ചെയ്തികളെ നിയന്ത്രിക്കണം. എന്നാൽ ഏല്പിക്കപ്പെട്ട ദൗത്യത്തെ പരിപൂർണ്ണമായി വിസ്മരിച്ച്, തിരഞ്ഞെടുപ്പിനെ തങ്ങളുടെ പ്രത്യേക അവകാശവും പദവിയുമായി അവർ കരുതി. ആ ധാരണ പാടേ തകിടം മറിക്കുന്നതാണ് രണ്ടാം വാക്യത്തിന്റെ രണ്ടാം പകുതി.

അതിനാൽ നിങ്ങളുടെ എല്ലാ പാപങ്ങൾക്കും നിങ്ങളെ ഞാൻ 'ശിക്ഷിക്കും" എന്ന വിവർത്തനവും ഒരു വ്യാഖ്യാനമാണ്. ''സന്ദർശിക്കും, പരിശോധിക്കും, കണക്കു ചോദിക്കും'' എന്നൊക്കെയാണ് ഹീബ്രുമൂലത്തിന്റെ അർത്ഥം. കർത്താവ് ജനത്തെ പരിശോധിക്കുന്നതിന്റെ ചിത്രമാണ് തുടർന്ന് അവതരിപ്പിക്കുന്നത്. "ദൈവത്തിന്റെ സന്ദർശന ദിനത്തിന് ഒരുങ്ങിക്കൊള്ളുവിൻ'' (4,12) എന്ന താക്കീത് ഇക്കാര്യം വ്യക്തമാക്കുന്നു. "അതിനാൽ" എന്ന പ്രയോഗം തിരഞ്ഞെടുപ്പ് ഒരു ദൗത്യം ഏല്പിക്കലായിരുന്നു എന്നു വ്യക്തമാക്കുന്നു. പ്രത്യേകമായ പരിഗണന ലഭിച്ച ജനത്തിന് പ്രത്യേകമായ ഉത്തരവാദിത്വമുണ്ട്. ഇസ്രായേൽ ജനത്തിനു നല്കിയ പ്രത്യേക സ്ഥാനത്തിന്റെയും ദൗത്യത്തിന്റെയും വെളിച്ചത്തിലായിരിക്കും കർത്താവ് അവരുടെ ജീവിതത്തെ പരിശോധിക്കുകയും കണക്കു ചോദിക്കുകയും ചെയ്യുക.

## വിചിന്തനം

"അധികം ലഭിച്ചവനിൽ നിന്ന് അധികം ആവശ്യപ്പെടും; അധികം ഏല്പിക്കപ്പെട്ടവനോട് അധികം ചോദിക്കും" (ലൂക്കാ 12,48). ഇതു വ്യക്തികൾക്കും സമൂഹങ്ങൾക്കും സഭയ്ക്കുമുഴുവനും ബാധകമാണ്. തിരഞ്ഞെടുപ്പിലും വരദാനങ്ങളിലും പാരമ്പര്യ മഹത്വത്തിലും അഭിമാനം കൊള്ളുന്നവർ തങ്ങൾക്കു ലഭിച്ച

ദാനങ്ങളോടൊപ്പം ഏല്പിക്കപ്പെട്ട ദൗത്യം എപ്രകാരമാണ് നിറ വേറ്റുന്നത് എന്ന് ആത്മപരിശോധന ചെയ്യണം.

## b. പ്രവാചകദൗത്യം 3,3-8

ജനത്തിന്റെ അക്ഷന്തവ്യമായ അപരാധങ്ങൾ എടുത്തുകാട്ടാനും ആസന്നമായിരിക്കുന്ന സമൂലനാശം വിളംബരം ചെയ്യാനും വേണ്ടി കർത്താവ് തിരഞ്ഞെടുത്ത് അയച്ച പ്രവാചകനായിരുന്നു ആമോസ്. എന്നാൽ അദ്ദേഹത്തിന്റെ അസുഖകരമായ സന്ദേശം ചെവിക്കൊള്ളാൻ ജനം തയ്യാറായിരുന്നില്ല. തങ്ങളുടെ കുറ്റങ്ങൾ അംഗീകരിക്കാനും ശിക്ഷ ആസന്നമായിരിക്കുന്നു എന്നു വിശ്വസിക്കാനും വിസമ്മതിച്ച അവർ ആമോസിന്റെ പ്രവാചകത്വത്തെ ചോദ്യം ചെയ്തു. ഇതു വലിയ സംഘർഷത്തിനു വഴി തെളിച്ചു. ദൈവം അയച്ചിട്ടാണ് താൻ വന്നിരിക്കുന്നതെന്നും ദൈവം വെളിപ്പെടുത്തിയ കാര്യങ്ങൾ മാത്രമാണ് താൻ അറിയുന്നതെന്നും ജനത്തെ ബോധ്യപ്പെടുത്തുക അനിവാര്യമായിത്തീർന്നു. അതിനുവേണ്ടി നടത്തിയ തീവ്രശ്രമമാണ് ഈ വാക്യങ്ങളിൽ വിവരിക്കുന്നത്.

തന്റെ പ്രവാചകത്വത്തെ ചോദ്യം ചെയ്തവരെ ചോദ്യങ്ങൾ കൊണ്ടുതന്നെയാണ് ആമോസ് നേരിടുന്നത്. ഇടയനായ ആമോസ് തന്റെ അനുദിനാനുഭവങ്ങളിൽ നിന്ന് അടർത്തിയെടുത്തതാണ് ആദ്യത്തെ അഞ്ചു ചോദ്യങ്ങൾ. തുടർന്ന് നഗരവാസികളുടെ അനുഭവത്തെയും ഇസ്രായേൽ ജനത്തിന്റെ പൊതുവിശ്വാസത്തെയും സംബന്ധിക്കുന്ന രണ്ടു ചോദ്യങ്ങൾ. ആമോസിന്റെ മാത്രമല്ല, എല്ലാവരുടെയും അനുഭവങ്ങളാണ് ഈ ചോദ്യങ്ങളിൽ പ്രതിധ്വനിക്കുന്നത്. ചോദ്യങ്ങളൊന്നും പ്രത്യക്ഷത്തിൽ ആമോസിന്റെ പ്രവാചകത്വവുമായി ബന്ധപ്പെട്ടതല്ല. അതിനാൽ കേൾവിക്കാർ യാതൊരു സംശയവും കൂടാതെ ഓരോ ചോദ്യത്തിനും ഉത്തരം പറയും : "ഇല്ല".

പട്ടണത്തിൽ മുഴങ്ങുന്ന കാഹളധ്വനി യുദ്ധകാഹളമാണ്. ശത്രു സൈന്യത്തെ കാണുമ്പോൾ കാവൽ ഗോപുരങ്ങളിൽ നിന്ന് കാവൽ ഭടന്മാർ മുഴക്കുന്ന സൂചനാകാഹളമാകാം അത്, അല്ലെങ്കിൽ യുദ്ധത്തിനു പുറപ്പെടാൻ സേനാനായകന്മാർ മുഴക്കുന്ന കാഹളമാകാം. ഏതായാലും യുദ്ധം തുടങ്ങാൻ പോകുന്നു എന്ന സൂചനയാണ് കാഹളധ്വനി നല്കുന്നത്. അത് നഗരവാസികളിൽ



ഭയം ജനിപ്പിക്കും എന്നതിൽ ആർക്കും സംശയമില്ല. എന്നാൽ കർത്താവു മുഴക്കുന്ന കാഹളധ്വനിയാണ് ആമോസിന്റെ വാക്കുകൾ എന്നു ജനം മനസ്സിലാക്കിയില്ല.

"കർത്താവ് അയയ്ക്കാതെ നഗരത്തിൽ അനർത്ഥം വരുകയില്ല" എന്നത് ജനത്തിന്റെ പൊതുവിശ്വാസത്തിന്റെ ഭാഗമാണ്. അതിക്രമങ്ങൾക്കു ശിക്ഷയോ മാനസാന്തരത്തിനുള്ള ആഹ്വാനമോ ആയി കർത്താവ് അയയ്ക്കുന്നതാണ് അനർത്ഥങ്ങൾ. പൊതുവിശ്വാസം ഏറ്റു പറയുമ്പോഴും തങ്ങൾ സുരക്ഷിതരാണ്, ഒരനർത്ഥവും കർത്താവ് അയ്ക്കുകയില്ല എന്ന സുരക്ഷിതത്വബോധമാണ് ജനത്തിനുള്ളത്. അതിനാൽ തങ്ങളുടെമേൽ തങ്ങൾ തന്നെ വിധി പ്രസ്താവിക്കുകയാണെന്നു മനസ്സിലാക്കാതെ ജനം മറുപടി പറഞ്ഞു: "ഇല്ല" ഈ ചോദ്യങ്ങളിലൂടെ ഒരു വിധത്തിൽ ആമോസ് ജനത്തിനു കെണിയൊരുക്കുകയായിരുന്നു. അതറിയാതെ ഉത്തരം പറഞ്ഞവർ കെണിയിൽപ്പെട്ടു കഴിഞ്ഞു.

ആ യാഥാർത്ഥ്യം വ്യക്തമാക്കുന്ന നിർണ്ണായകമായ അവസാനത്തെ രണ്ടു ചോദ്യങ്ങൾ ചോദിക്കുന്നതിനുമുമ്പേ പ്രവാചകത്വത്തെ സംബന്ധിച്ച ദൈവശാസ്ത്രപരമായ ഒരു പ്രഖ്യാപനമാണ് ആമോസ് നടത്തുന്നത്: "ദൈവമായ കർത്താവ് തന്റെ ദാസന്മാരായ പ്രവാചകന്മാർക്കു തന്റെ രഹസ്യങ്ങൾ വെളിപ്പെടുത്താതെ ഒന്നും ചെയ്യുന്നില്ല" (3,7). ദൈവത്തിന്റെ രക്ഷാകരരഹസ്യം വെളിപാടുവഴി സ്വീകരിച്ചവരാണ് പ്രവാചകന്മാർ. അവർ ദൈവത്തിന്റെ ദാസന്മാരാണ്. ദൈവത്തോടല്ലാതെ മറ്റാരോടും അവർ ഉത്തരം പറയേണ്ടതില്ല. അതിനാൽ അവർ ജനത്തിന്റെ താൽപര്യങ്ങളും ഇഷ്ടാനിഷ്ടങ്ങളും പരിഗണിക്കാതെ തങ്ങൾക്കു ലഭിച്ച ദൈവവചനം വിശ്വസ്തതയോടെ പ്രഖ്യാപിക്കുന്നു.

ഇത്രയും കേട്ടവർക്ക് തുടർന്നു വരുന്ന രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം പറയാതിരിക്കാൻ സാധിക്കുകയില്ല. ഓരോ ചോദ്യത്തിനും മുമ്പ് ഓരോ പ്രസ്താവനയും ആമോസ് നടത്തുന്നുണ്ട്. തന്റെ പ്രവാവചകദൗത്യത്തെ ന്യായീകരിക്കാനും വിശദീകരിക്കാനും സ്ഥിരീകരിക്കുകയും ചെയ്യുന്നതാണ് ഈ രണ്ടു പ്രസ്താവനകളും ചോദ്യങ്ങളും: "സിംഹം ഗർജ്ജിച്ചു. ആർക്കാണ് ഭയപ്പെടാതിരിക്കാൻ കഴിയുക? ദൈവമായ കർത്താവു സംസാരിച്ചു. ആർക്കാണ് പ്രവചിക്കാതിരിക്കാൻ കഴിയുക? "ആർക്കും കഴിയുകയില്ല" എന്നു ശ്രോതാക്കൾ സ്വാഭാവികമായ മറുപടി പറ

യാൻ നിർബ്ബന്ധിതരാകുന്നു.

സിംഹഗർജ്ജനം പോലെ ഭയമുള്ളവാക്കുന്നതാണ് ദൈവത്തിന്റെ വചനം (1,2). ആമോസിൽ മാത്രമല്ല, ആമോസിന്റെ ശ്രോതാക്കളിലും അതു ഭയം ജനിപ്പിക്കുന്നു. അതിനാൽത്തന്നെ ആമോസിന്റെ വചനം സ്വീകരിക്കാൻ അവർ വിമുഖരായിരുന്നു. എന്നാൽ ഒഴിഞ്ഞുമാറാൻ കഴിയാത്തവിധം കർത്താവ് തന്റെമേൽ പിടിമുറുക്കിയിരിക്കുന്നു; താൻ ചോദിച്ചുവാങ്ങിയതോ സ്വയം ഏറ്റെടുത്തതോ അല്ല, കർത്താവു തന്റെമേൽ ചുമത്തിയതാണ് പ്രവാചകദൗത്യം എന്ന് ഇതിലൂടെ ആമോസ് വ്യക്തമാക്കി. ജനം അംഗീകരിച്ചാലും ഇല്ലെങ്കിലും താൻ പറയുന്നത് കർത്താവിന്റെ വചനമാണ്. അതു പറയാതിരിക്കുവാൻ തനിക്കു കഴിയുകയില്ല. ബെഥേലിലെ പുരോഹിതനുമായുണ്ടായ വിവാദത്തിൽ ആമോസ് ഈ സത്യം വീണ്ടും കൂടുതൽ തറപ്പിച്ചുപ്പറയുന്നുണ്ട് (7,14-15). എല്ലാ യഥാർത്ഥ പ്രവാചകന്മാരുടെയും അനുഭവമായിരുന്നു ഇത് (ജറെ 1,4-10;20,8-9; എസെ. 2,6-7).

## വിചിന്തനം

തന്റെ ഹിതവും പദ്ധതിയും മനുഷ്യരെ അറിയിക്കാൻ വേണ്ടി ദൈവം ചില വ്യക്തികളെ പ്രത്യേകമായി തിരഞ്ഞെടുക്കുന്നു. ദൈവവചനം വിശ്വസ്തതയോടെ പ്രസംഗിക്കുക പലപ്പോഴും എളുപ്പമായിരിക്കുകയില്ല. കേൾവിക്കാരെ പ്രീതിപ്പെടുത്താൻ പലപ്പോഴും എളുപ്പമായിരിക്കുകയില്ല. കേൾവിക്കാരെ പ്രീതിപ്പെടുത്താൻ വേണ്ടി വചനത്തിൽ മായം ചേർക്കാനുള്ള പ്രലോഭനം ശക്തമാകാം. പക്ഷേ വചനം പ്രഘോഷിക്കാൻ യഥാർത്ഥവിളി ലഭിച്ചവർ വിശ്വസ്തതയോടെ പ്രഘോഷിക്കണം. അവർക്ക് ഒഴിഞ്ഞുമാറാനാവില്ല (1 കോറി. 9,16-17). മായം ചേർക്കാത്ത ദൈവവചനം ശക്തമാണ്. അതു മനുഷ്യഹൃദയങ്ങളിൽ പരിവർത്തനം വരുത്തുന്നു, മനുഷ്യസമൂഹങ്ങളിലും. അതിനാൽ എതിർപ്പുകളെ ഭയന്ന് വചനം പ്രഘോഷിക്കാതിരിക്കുന്നത് കർത്തവ്യ വിലോപമാണ്; വചനം വളച്ചൊടിക്കുന്നത് അക്ഷന്തവ്യമായ അപരാധവും.

## c. ശിക്ഷാവിധി 3,9-15

അടുത്തതായി തലസ്ഥാനനഗരമായ സമറിയായ്ക്കും



രാജ്യത്തെ മുഖ്യ ആരാധനാകേന്ദ്രമായ ബെഥേലിനും എതിരേയുള്ള ശിക്ഷാവിധിയാണ് ഭീതിജനകമായ കർത്താവിന്റെ വചനമായി ആമോസ് അവതരിപ്പിക്കുന്നത്. ഈ വചനങ്ങൾ ഒരു കുറ്റവിചാരണയുടെ പ്രതീതി ജനിപ്പിക്കുന്നു. രണ്ടു വിദേശ ശക്തികളെ സാക്ഷികളായി ക്ഷണിച്ചുകൊണ്ടാണ് വിചാരണ ആരംഭിക്കുക (3,9). ഒരു നാടകീയമായ ചിത്രീകരണം ഇവിടെ ദൃശ്യമാകുന്നു. സമറിയാ നഗരം ഒരു മലമുകളിലാണ് സ്ഥിതിചെയ്യുന്നത്. സമറിയാ മലയ്ക്കു ചുറ്റും വേറെ മലകളുണ്ട്. അവയിൽ നിലയുറപ്പിച്ചുകൊണ്ട് സമറിയാ നഗരത്തിലെ അവസ്ഥ വീക്ഷിക്കാൻ വിദേശ സൈന്യങ്ങളെ ക്ഷണിക്കുന്നു.

“അസ്സീറിയ” എന്നത് ഗ്രീക്കു വിവർത്തനമായ സപ്തതിയിൽ നിന്ന് എടുത്തതാണ്. ഹീബ്രുമൂലത്തിൽ “അഷ്ദോദ്” എന്നാണു കാണുന്നത്. ഇസ്രായേലിനു തെക്കുള്ള ഒരു ഫിലിസ്ത്യ നഗരമാണ് അഷ്ദോദ് (1,8). അഷ്ദോദ് പ്രായേണ ചെറിയ ഒരു പട്ടണമായതിനാൽ ഈജിപ്തിനോടു തുല്യമായ മറ്റൊരു വിദേശ ശക്തിയെ സാക്ഷിയായി ക്ഷണിക്കുന്നതു കൂടുതൽ ഉചിതമായിക്കരുതിയതിനാൽ ഗ്രീക്കുവിവർത്തകൻ അഷ്ദോദിനു പകരം അസ്സീറിയാ എന്നു ചേർത്താതാവാം. അത് എങ്ങിനെ ആയാലും രണ്ടു വിദേശരാജ്യങ്ങളെ സാക്ഷികളായി ക്ഷണിക്കുന്നതിനു പ്രത്യേകലക്ഷ്യമുണ്ട്. അക്രമത്തിന്റെയും ക്രൂരതയുടെയും കാര്യത്തിൽ പേരുകേട്ടവയാണ് ഈ രാജ്യങ്ങൾ. അവർ കർത്താവിന്റെ രക്ഷാകരപ്രവൃത്തികൾ അനുഭവിക്കുകയോ അവിടുത്തെ നിയമങ്ങൾ അറിയുകയോ ചെയ്തവരല്ല. എന്നാൽ അവരെപ്പോലും വിസ്മയിപ്പിക്കുന്നതാണ് സമറിയായിലെ അകൃത്യങ്ങൾ. വിധി പറയാനല്ല, കർത്താവിന്റെ വിചാരണയ്ക്കും വിധിയുടെ നീതിയുക്തതയ്ക്കും സാക്ഷ്യം വഹിക്കാൻ വേണ്ടി മാത്രമാണ് വിദേശശക്തികളെ ക്ഷണിക്കുന്നത്.

അവർ എന്താണ് കാണുന്നതെന്ന് 4,1;5,10-11;6,4-6;8,4-6 തുടങ്ങിയ വാക്യങ്ങളിൽ വ്യക്തമായി ചിത്രീകരിക്കുന്നുണ്ട്. “കലഹങ്ങളും മർദ്ദനങ്ങളും” എന്ന രണ്ടു വാക്യങ്ങളിൽ സമറിയായുടെ അവസ്ഥയെ ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. ജനജീവിതത്തെ തടസ്സപ്പെടുത്തുകയും ജീവനെത്തന്നെ അപകടത്തിലാക്കുകയും ചെയ്യുന്ന അവസ്ഥാവിശേഷണമാണ് കലഹങ്ങൾ. സമാധാനത്തിന്റെ കടകവിരുദ്ധമായ അവസ്ഥയാണിത്. ബലവാന്മാർ ബല

ഹീനർക്കെതിരേ നടത്തുന്ന അതിക്രമങ്ങളാണ് മർദ്ദനങ്ങൾ. വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളിൽ നിലനിന്ന അതിക്രമങ്ങളേ ഇവിടെ പരാമർശ വിഷയമാകുന്നുള്ളു.

സാക്ഷികളെ നിരത്തിയതിനുശേഷം വിധി പ്രഖ്യാപിക്കുന്നതിനുമുമ്പേ കർത്താവിന്റെ പൊതു അവലോകനം അവതരിപ്പിക്കുന്നു: "അക്രമവും കവർച്ചയും കൊണ്ട് തങ്ങളുടെ കോട്ട നിറയ്ക്കുന്നവർക്ക് നീതി പ്രവർത്തിക്കാൻ അറിയുകയില്ല" (3,10). സാമാന്യബുദ്ധിയും യുക്തിയും അനുസരിച്ച് ശരിയും സത്യസന്ധവുമായ പ്രവൃത്തിയെ സൂചിപ്പിക്കുന്ന ഒരു പദമാണ് ഇവിടെ ''നീതി'' എന്നു വിവർത്തനം ചെയ്യുന്നത്. ഇപ്രകാരം നീതി പ്രവർത്തിക്കാൻ ഇസ്രായേൽ ജനത്തിനു പരമ്പരാഗതമായി നിർദ്ദേശവും പരിശീലനവും ലഭിച്ചിരുന്നു. എന്നാൽ തലസ്ഥാനത്തെ ശക്തന്മാർ വളഞ്ഞ മാർഗ്ഗങ്ങളിലൂടെയും ബലപ്രയോഗത്തിലൂടെയും അന്യായമായി സ്വത്തു സ്വരുക്കൂട്ടാൻ നടത്തിയ ശ്രമങ്ങൾക്കിടയിൽ നീതി എന്താണെന്നു മറന്നു. ''അക്രമവും കവർച്ചയും" എന്ന രണ്ടു പദങ്ങൾ "നീതിയും ന്യായവും" എന്ന പദങ്ങളുടെ വിപരീതമാണ്. നീതിബോധം പരിപൂർണ്ണമായി നഷ്ടപ്പെട്ട ഒരു സമ്പന്ന വർഗ്ഗത്തെയാണ് സമറിയായിൽ കാണുക.

കോട്ടയ്ക്കുള്ളിൽ അനീതിയും അക്രമവും നടമാടിയതിനാൽ ശത്രുക്കൾ ദേശം കീഴടക്കുകയും കോട്ടകൾ തകർത്ത് നഗരം കൊള്ളയടിക്കുകയും ചെയ്യും എന്ന ശിക്ഷാവിധിയാണ് സമറിയായുടെമേൽ പ്രഖ്യാപിക്കുന്നത് (3,11). സമറിയായുടെ നാശത്തിനു കാരണം കോട്ടയുടെ ബലക്ഷയമോ ശത്രുക്കളുടെ ശക്തിയോ അല്ല, നഗരവാസികളുടെ തന്നെ അനീതി നിറഞ്ഞ ജീവിതമാണ്. ശത്രു പുറത്തല്ല, കോട്ടയ്ക്കത്തു തന്നെയാണ്. ധാർമ്മികശക്തി ചോർന്നുപോയ ഒരു ജനത്തിന് നിലനില്ക്കാനാവില്ല, അന്യായമായി സ്വരുക്കൂട്ടിയ സമ്പത്ത് അന്യർ കൊണ്ടുപോകും. സ്വന്തം ജനത്തെ കൊള്ളയടിച്ചവരെ വിദേശീയർ കൊള്ളയടിക്കും.

സമറിയായുടെ നാശം സമ്പൂർണ്ണമായിരിക്കും എന്ന് ഇടയന്മാരുടെ ജീവിതത്തിൽ നിന്ന് ഒരു ഉദാഹരണം എടുത്തുകാട്ടി ആമോസ് സ്ഥാപിക്കുന്നു (3,12). ഇത് ആമോസിന്റെ തന്നെ ജീവിതാനുഭവമായിരിക്കാം. കൂലിക്ക് ആടുകളെ നോക്കുന്ന ഇടയന്മാർ ഉടമസ്ഥർക്ക് ആടുകളുടെ കണക്കു കൊടുക്കണം. വന്യമൃഗങ്ങൾ



കൊന്നു തിന്നെങ്കിൽ അതിനുതെളിവായി അവശേഷിക്കുന്ന എല്ലിൻ കഷണങ്ങളും മറ്റും ഉടമസ്ഥനെ കാണിച്ചു കൊടുക്കണം (പുറ 22,13). "കട്ടിലിന്റെ മൂലയും കിടക്കയുടെ അറ്റവും" സമറിയായ്ക്കു സംഭവിച്ച സമൂല നാശത്തിന്റെ തെളിവായിരിക്കും. തകർന്നുവീണ നഗരങ്ങളുടെ അവശിഷ്ടങ്ങളെയാണ് ഈ രണ്ടു പദങ്ങൾ സൂചിപ്പിക്കുക. പുരാവസ്തുഗവേഷകർ കണ്ടെടുത്തിട്ടുള്ള നഷ്ടാവശിഷ്ടങ്ങൾ ഈ പ്രവചനത്തിന്റെ പൂർത്തീകരണത്തിന് ഇന്നും തെളിവു നല്കുന്നു. സിംഹം കടിച്ചുകീറിയ മൃഗങ്ങളെപ്പോലെ ആരും അവശേഷിക്കാത്ത വിധത്തിൽ നഗരം നശിപ്പിക്കപ്പെടും എന്ന് ഈ ഉദാഹരണത്തിലൂടെ വ്യക്തമാക്കുന്നു. അനീതിയിലും അക്രമത്തിലും അടിയുറപ്പിച്ച തങ്ങളുടെ സുഖജീവിതം അവസാനിക്കാൻ പോകുന്നു എന്ന സംഭ്രമജനകമായ സത്യം സമറിയാ നിവാസികളുടെ ഹൃദയങ്ങളിൽ ആഞ്ഞുതറയ്ക്കുകയാണ് ആമോസ് ചെയ്യുന്നത്.

3,14-15 പുതിയൊരു അരുളപ്പാടാണ്. ദൈവമായ കർത്താവിനെ "സൈന്യങ്ങളുടെ ദൈവം" എന്നു വിശേഷിപ്പിച്ചുകൊണ്ടാണ് ഈ പ്രവചനം ആരംഭിക്കുന്നത്. കർത്താവിന്റെ ശക്തിയിലേക്കു ശ്രദ്ധ തിരിക്കുന്നതാണ് ഈ വിശേഷണം. പ്രസ്താവിക്കുന്ന ശിക്ഷാവിധി നടപ്പിലാക്കാൻ കഴിവുള്ളവനാണ് ദൈവം. "നിങ്ങൾകേട്ട്, യാക്കോബിന്റെ ഭവനത്തിനെതിരേ സാക്ഷ്യപ്പെടുത്തുവാൻ (3,13) എന്ന ആഹ്വാനം ഭവനത്തിനെതിരേ സാക്ഷ്യപ്പെടുത്തുവിൻ" (3,13) എന്ന ആഹ്വാനം 3,9-ൽ അവതരിപ്പിച്ച സാക്ഷികളോടു നടത്തുന്നതാവാം. അല്ലെങ്കിൽ സമറിയാ നിവാസികളായ ശ്രോതാക്കളെ ആയിരിക്കാം ഇതിനായി ക്ഷണിക്കുന്നത്. "യാക്കോബിന്റെ ഭവനം" എന്നത് വടക്കൻ രാജ്യത്തിനു നല്കുന്ന ഒരു വിശേഷണമാണ്.

രണ്ടു ശിക്ഷാവിധികളാണ് ഈ വാക്യങ്ങളിൽ പ്രസ്താവിക്കുന്നത്. ആദ്യത്തേത് ഇസ്രായേലിന്റെ പ്രമുഖ ആരാധനാകേന്ദ്രമായ ബെഥേലിനെ ഉന്നം വയ്ക്കുന്നു. യാക്കോബിന് ദൈവിക ദർശനം ലഭിച്ച സ്ഥലമാണ് "ദൈവത്തിന്റെ ഭവനം" എന്ന് അർത്ഥമുള്ള ബെഥേൽ (ഉൽപ 28,10-20). രാജ്യം വിഭജിക്കപ്പെട്ടപ്പോൾ ജെറോബൊവാം ഒന്നാമൻ ബെഥേലിനെ വടക്കൻ രാജ്യത്തിന്റെ മുഖ്യ ആരാധനാകേന്ദ്രമാക്കി. അവിടെ കാളക്കുട്ടിയുടെ വിഗ്രഹവും പ്രതിഷ്ഠിച്ചു (1 രാജാ 12,28-30). കർത്താവ് അയച്ച ഒരു

പ്രവാചകൻ ബെഥേലിനെതിരേ പ്രവചിച്ചിരുന്നു (1 രാജാ 13,1-10). ബലിപീഠത്തിന്റെ നാലുകോണുകളിലും കാളകൊമ്പുപോലെ ഉയർന്നു നില്ക്കുന്ന ഭാഗമാണ് ''വളർകോൺ''. അതിൽ നില്ക്കുന്ന കുറ്റവാളികൾക്കു സംരക്ഷണം നല്കണം എന്നായിരുന്നു ഇസ്രായേലിലെ പൊതുനിയമം (പുറ 21, 13-14; 1 രാജാ 1,50; 2,28). കർത്താവിനു കാഴ്ചകൾ സമർപ്പിച്ചുകൊണ്ട് അവിടുത്തോട് ബന്ധം സ്ഥാപിക്കാനും അവിടുത്തെ അനുഗ്രഹം പ്രാപിക്കാനുമുള്ള വേദിയാണ് ബലിപീഠം. "കൊമ്പുകൾ" മുറിച്ചുമാറ്റുകയും ബലിപീഠം തന്നെ തകർത്തുകളയുകയും ചെയ്യുന്നതിലൂടെ കർത്താവ് തന്റെ സംരക്ഷണം പിൻവലിക്കുക മാത്രമല്ല, കർത്താവ് ജനത്തിന്റെ കാഴ്ചകൾ സ്വീകരിക്കുകയില്ല എന്നും സൂചിപ്പിക്കുന്നു. ആരാധനയെയും ബലിയർപ്പണങ്ങളെയും കുറിച്ച് കൂടുതൽ വിശദമായി പിന്നീടു പ്രസ്താവിക്കുന്നുണ്ട് (4,4-5; 5,21-23).

ഇസ്രായേലിലെ, പ്രത്യേകിച്ചും സമറിയായിലെ, സമ്പന്നർക്ക് അതിമനോഹരങ്ങളായ വസതികളുണ്ടായിരുന്നു. വേനൽക്കാലത്തും ശീതകാലത്തും മാറി മാറി വസിക്കാൻവേണ്ടിയുള്ള സുഖവാസ ഭവനങ്ങളെയാണ് "ഹേമന്തവസതികളും ഗ്രീഷ്മഭവനങ്ങളും" എന്നു വിശേഷിപ്പിക്കുന്നത്. കട്ടിൽ, മേശ, മുതലായ ഉപകരണങ്ങൾ മാത്രമല്ല, വാതിൽപടികളും, കതകുകളും, ഭിത്തിപോലും ആനക്കൊമ്പു പതിച്ചവയായിരുന്നു. അവയാണ് ദന്തനിർമ്മിതമായ ഭവനങ്ങൾ. ഇവയുടെയെല്ലാം തെളിവുകൾ പുരാവസ്തു ഗവേഷകർ കണ്ടെടുത്തിട്ടുണ്ട്. ഒരു ഭൂമികുലുക്കത്തിന്റെ സൂചനയാണ് ഈ പ്രവചനം നല്കുക. മനോഹരമായ മാളികകൾ തകർന്നിടഞ്ഞ് നാശകൂമ്പാരമാകുന്നത് കർത്താവിന്റെ പ്രവൃത്തിയായിരിക്കും.

## വിചിന്തനം

കള്ളക്കടത്തും കൈക്കൂലിയും ബ്ലെയ്ഡ് കമ്പനിയും മദ്യവ്യവസായവും മറ്റും വഴി സ്വത്തു സ്വരുക്കൂട്ടുകയും രാജകൊട്ടാരസമാനമായ മാളികകൾ നിർമ്മിക്കുകയും ചെയ്യുന്നവർ ആമോസിലൂടെ കർത്താവു നല്കുന്ന താക്കീത് പ്രത്യേകം ശ്രദ്ധിക്കണം. അവിഹിത മാർഗ്ഗങ്ങളിലൂടെ സമ്പാദിച്ച സ്വത്തിന്റെ ഓഹരികൊണ്ട് ബലിപീഠമല്ല, പള്ളിതന്നെ പണിതാലും അതൊന്നും അവർക്കു സംരക്ഷണം നല്കുകയില്ല.



സമറിയായിലെ അക്രമവും കൊള്ളയും കാണാൻ കർത്താവു വിദേശികളെ ക്ഷണിച്ചു. നമ്മുടെ തലസ്ഥാനനഗരികളിൽ താവളമടിച്ചിരിക്കുന്ന ജനപ്രതിനിധികൾ നടത്തുന്ന വൻകൊളളകൾ കർത്താവിന്റെ ക്രോധം വിളിച്ചുവരുത്താതിരിക്കുമോ? ശതകോടികളുടെയും സഹസ്രകോടികളുടെയും കുംഭകോണങ്ങൾ വാർത്തയല്ലാതായി മാറിയിരിക്കുന്ന നമ്മുടെ നാട്ടിൽ ആമോസ് അറിയിച്ച കർത്താവിന്റെ വചനം ഇനിയും ശക്തമായി പ്രഘോഷിക്കപ്പെടേണ്ടതില്ലേ?

## 2. താക്കീതു വകവയ്ക്കാത്തവർ 4,1-13

"ശ്രവിക്കുവിൻ" എന്ന ആഹ്വാനത്തോടെ ആരംഭിക്കുന്ന രണ്ടാമത്തെ പ്രവചന സമാഹാരത്തിൽ നാല് അരുളപ്പാടുകൾ കാണാം. തലസ്ഥാന നഗരിയിലെ സമ്പന്ന വനിതകൾക്കെതിരേയുള്ള പ്രവചനമാണ് ആദ്യത്തേത് (4,1-3). രണ്ടാമത്തെ പ്രവചനം അന്തഃസത്ത അറ്റുപോയ ആരാധനയ്ക്കെതിരേയാണ് (4,4-5). മാനസാന്തരത്തിനുവേണ്ടി കർത്താവ് ആവർത്തിച്ചു നല്കിയ അടയാളങ്ങളെ ജനം തിരസ്കരിച്ചതിനെക്കുറിച്ചുള്ള സുദീർഘമായ അപലപനമാണ് മൂന്നാമത്തെ പ്രവചനം (4,6-11). ആസന്നമായിരിക്കുന്ന ശിക്ഷയ്ക്ക് ഒരുങ്ങിക്കൊള്ളുവിൻ എന്ന ആഹ്വാനത്തോടെ (4,12-13) ഈ സമാഹാരം സമാപിക്കുന്നു.

### a. ബാഷാൻ പശുക്കൾ 4,1-3

സമറിയാ നഗരത്തിൽ നടമാടുന്ന അതിക്രമങ്ങൾ കാണാൻ കഴിഞ്ഞ അധ്യായത്തിന്റെ ആരംഭത്തിൽ വിദേശശക്തികളെ ക്ഷണിച്ചു. ആ അതിക്രമങ്ങളിൽ ഒന്ന് ഇവിടെ വിശദമായി ചിത്രീകരിക്കുന്നു. തലസ്ഥാനനഗരിയിലെ സമ്പന്നവനിതകളെ അഭിസംബോധനചെയ്തുകൊണ്ടാണ് ആമോസ് പ്രസംഗം ആരംഭിക്കുന്നത്. സമറിയായിലെ ജനനിബിഢമായ ഏതെങ്കിലും ഒരു തെരുവോ പൊതുസ്ഥലമോ ആയിരിക്കാം പ്രസംഗവേദി. പ്രമുഖ വനിതകളുടെ സമ്മേളനത്തിൽ ആമോസ് കയറിച്ചെന്നു പ്രസംഗിച്ചു എന്നു കരുതുന്നവർ അധികമില്ല.

'ബാഷാൻ പശുക്കൾ" എന്ന അഭിസംബോധന ക്രൂരമാണ്. അതിൽ പരിഹാസമുണ്ട്. ജോർദ്ദാൻ നദിക്കു കിഴക്കുള്ള സമൃദ്ധമായ മേച്ചിൽപുറങ്ങളാണ് ബാഷാൽ പ്രദേശം. അവിടുത്തെ

കന്നുകാലികൾ തടിക്കൊഴുപ്പിലും കരുത്തിലും പ്രസിദ്ധമായിരുന്നു (സങ്കീ 22, 12). ബാഷാൻ പശുക്കൾ പാലിനെക്കാൾ മാംസത്തിനുവേണ്ടി വളർത്തുന്നവയായിരുന്നു. ''സമറിയായിലെ ബാഷാൽ പശുക്കൾ" എന്ന വിശേഷണം തലസ്ഥാനനഗരത്തിലെ പ്രമുഖരായ വനിതകളെയാണ് ഉന്നംവയ്ക്കുന്നത് എന്നതിൽ സംശയമില്ല. അത് പ്രഭുക്കന്മാരുടെയും പട്ടാള ഉദ്യോഗസ്ഥന്മാരുടെയും ഭാര്യമാർ മാത്രം ആയിരിക്കണമെന്നില്ല. ക്രമാതീതമായ സമ്പത്തു സ്വരുക്കൂട്ടിയ ഏതു കുടുംബത്തിലെയും സ്ത്രീകളാവാം. മേദസ്സു മുറ്റിയ അവരുടെ ഭീമാകാരമായിരിക്കാം ഈ വിശേഷണത്തിനു പ്രേരകമായത്.

മൂന്നുകുറ്റങ്ങളാണ് അവർക്കെതിരേ നിരത്തുന്നത്. 1. ദരിദ്രരെ പിഡിപ്പിക്കുന്നു; 2. അവശരെ ചവിട്ടിയരയ്ക്കുന്നു; 3. ഭർത്താക്കന്മാരെ അക്രമത്തിനു പ്രേരിപ്പിക്കുന്നു. ''ദരിദ്രർ'' എന്നു വിവർത്തനം ചെയ്യുന്നത് "ശോഷിച്ചവർ" എന്നു വാച്യാർത്ഥമുള്ള "ദല്ലീം" എന്ന ഹീബ്രുവാക്കാണ്. സ്ത്രീകളും അവരുടെ പീഡനത്തിന് ഇരയാകുന്നവരും തമ്മിലുള്ള ബാഹ്യമായ അന്തരം തന്നെ ശ്രദ്ധേയമത്രെ. "പീഡിപ്പിക്കുക" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കിന്റെ വാച്യാർത്ഥം പിടിച്ചുപറിക്കുക, ചൂഷണം ചെയ്യുക എന്നൊക്കെയാണ്. "നിസ്സഹായൻ" എന്ന് അർത്ഥമുള്ള "എബിയോൻ" എന്ന വാക്കാണ് ദരിദ്രർ എന്നു വിവർത്തനം ചെയ്യുന്നത്. ദുർബ്ബലർക്കും നിസ്സഹായർക്കുമെതിരേ പ്രബലരും സമൂഹത്തിൽ അധികാരം കൈയ്യാളുന്നവരും നടത്തുന്ന ക്രൂരമായ ചൂഷണവും പീഡനവുമാണ് പരാമർശവിഷയം.

എന്തിനുവേണ്ടിയാണ് ഈ ചൂഷണം എന്ന് തുടർന്നു വിശദീകരിക്കുന്നു; "ഞങ്ങൾക്കു കുടിക്കാൻ കൊണ്ടുവരിക എന്നു ഭർത്താക്കന്മാരോടു പറയുന്നു." ആഡംബരവും സുഖഭോഗാദികളുമാണ് അവരുടെ ലക്ഷ്യം. മദ്യം, ഒരുദാഹരണം മാത്രമാണ്. "ഭർത്താവ്" എന്ന വിവർത്തനം ഒരു വ്യാഖ്യാനമാണ്. "ബാൽ" എന്ന പദമാണ് ഭർത്താവിനെ സൂചിപ്പിക്കാൻ സാധാരണ ഉപയോഗിക്കുക. എന്നാൽ ഇവിടെ 'അദോൻ" എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. "നാഥൻ" എന്നാണ് വാച്യാർത്ഥം. അതിനാൽ ഇവിടെ വിമർശനവിധേയമാകുന്ന സ്ത്രീകൾ ഭാര്യമാരായിരിക്കണം എന്നില്ല. സമ്പന്നരുടെ വെപ്പാട്ടികളും ആകാം. സമ്പത്തിനും പ്രൗഢിക്കും സുഖഭോഗങ്ങൾക്കും വേണ്ടിയുള്ള അവരുടെ ഒടുങ്ങാത്ത ദാഹത്തെ ശമിപ്പിക്കാൻ വേണ്ടി അക്രമവും അഴിമതിയും നടത്താൻ അവരുടെ "നാഥന്മാർ" നിർബ്ബന്ധിതരാകുന്നു. സമ്പന്നവനിതകളുടെ സുഖാലസതയെയും ആഡംബരഭ്രമത്തെയും കുറിച്ച് ഏശയ്യാ മാത്രമാണ് ഇത്ര പരുഷമായി തുറന്നു പറയുന്നത് (ഏശ 3,16-26).



കുറ്റം തെളിയിച്ചതിനുശേഷം ശിക്ഷാവിധി പ്രഖ്യാപിക്കുന്നു. അത് കർത്താവിന്റെ ഒരു ശപഥമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത് (4,2). ഇപ്രകാരമുള്ള ശപഥം വീണ്ടും രണ്ടുതവണ കൂടി ആമോസ് അവതരിപ്പിക്കുന്നുണ്ട് (6,8;8.7). "കർത്താവു തന്റെ പരിശുദ്ധിയെ സാക്ഷിനിർത്തി ശപഥം ചെയ്തിരിക്കുന്നു'' എന്ന പ്രസ്താവനയ്ക്കു ഭീഷണമായ ധ്വനികളുണ്ട്. കർത്താവിന്റെ വിശുദ്ധനാമത്തിനു കളങ്കം ചാർത്തുന്നതാണ് സമറിയായിൽ നടക്കുന്ന കുറ്റകൃത്യം. അതിന് അറുതി വരുത്തുക കർത്താവിന്റെ വിശുദ്ധി തെളിയിക്കാൻ അനിവാര്യമാണ്. കഠിനമായ ശിക്ഷയിലൂടെ ഈ അശുദ്ധി കർത്താവു തുടച്ചുമാറ്റും. ശത്രുക്കളുടെ ആക്രമണം, നഗരത്തിന്റെ നാശം, നാടുകടത്തൽ എന്നിവയാണ് ശിക്ഷയായി വിധിക്കുന്നത്. "ഇതാ നാൾ വരുന്നു" എന്ന ഭീഷണി ശിക്ഷ ആസന്നമായിരിക്കുന്നു എന്നു സൂചിപ്പിക്കുന്നു. "ഇതാ" എന്ന കാലസൂചന വിവർത്തനത്തിൽ വിട്ടുപോയിട്ടുണ്ട്.

ശിക്ഷയുടെ വിശദാംശങ്ങളിൽ അവ്യക്തതയുണ്ട്. കൊളുത്തും ചൂണ്ടയും എന്തിനെ സൂചിപ്പിക്കുന്നു. ബാഷാൻ പശുക്കൾക്ക് ആത്യന്തികമായി എന്തു സംഭവിക്കുന്നു എന്നീ കാര്യങ്ങളിൽ വ്യാഖ്യാതാക്കളുടെ ഇടയിൽ അഭിപ്രായ ഭിന്നതയുണ്ട്. രണ്ടു പ്രതീകങ്ങളാണ് ഇവിടെ ശ്രദ്ധയിൽപ്പെടുക. മൂക്കിൽ കൊളുത്തിട്ട്, കൊലുത്തിൽ കയറുകെട്ടി വലിച്ചുകൊണ്ടുപോകുന്നതാണ് ഒരു പ്രതീകം. നഗരമതിലുകൾ തകർന്നുകിടക്കുന്നതിനാൽ വാതിൽ തേടി പോകേണ്ടതില്ല. ഓരോരുത്തരെയും വീടുകളിൽ നിന്നു നേരെ നഗരത്തിനു പുറത്തേക്കു വലിക്കും. അമിതമായി ഭാരമുള്ളതിനാൽ നടന്നുനീങ്ങുക അവർക്കു പ്രയാസമായിരിക്കും. കൊന്ന മൃഗത്തിന്റെ ജഡം വലിയ ചൂണ്ട കൊളുത്തി വലിപ്പിഴച്ചു കൊണ്ടുപോകുന്നതാണ് രണ്ടാമത്തെ പ്രതീകം. ബാഷാൻ പ്രദേശത്തിന്റെ വടക്കെ അതിർത്തിയിലാണ് ഹെർമോൺ മലനിരകൾ. സമൃദ്ധമായ മേച്ചിൽ സ്ഥലത്തു മേഞ്ഞു മദിച്ചു നടന്നവരെ വന്യമൃഗങ്ങൾക്കും ആകാശപ്പറവകൾക്കും ഇരയായി മലനിരകളിലേക്കു

വലിച്ചെറിയും എന്നതാണ് കർത്താവു ശപഥം വഴി ഉറപ്പിച്ചിരിക്കുന്ന ഭീകരമായ ശിക്ഷാവിധി.

## വിചിന്തനം

പാവപ്പെട്ടവരെ പീഡിപ്പിക്കുന്നതുപോലെതന്നെ കുറ്റകരമാണ് പീഡിപ്പിക്കാൻ പ്രേരിപ്പിക്കുന്നതും. തെറ്റു ചെയ്യുന്നതു പുരുഷനോ സ്ത്രീയോ എന്നു നോക്കിയല്ല കർത്താവു വിധി പ്രസ്താവിക്കുക. തങ്ങളുടെ ആഡംബര ജീവിതത്തിനുവേണ്ടി കൈക്കൂലി വാങ്ങിയും കൊള്ളലാഭമുണ്ടാക്കിയും പണം സമ്പാദിക്കാൻ ഭർത്താക്കന്മാരെ പ്രേരിപ്പിക്കുന്നവർ ഇന്നും വിരളമല്ലല്ലോ? നമ്മുടെ സമൂഹത്തിലേക്ക് ആമോസ് കടന്നുവരുകയാണെങ്കിൽ ആരെയൊക്കെ ആയിരിക്കും "ബാഷാൽ പശുക്കൾ" എന്നു വിശേഷിപ്പിക്കുക? അമിതമായ ശരീരഭാരമല്ല., പാവങ്ങൾക്കെതിരേ നടത്തുന്ന പീഡനവും ചൂഷണവുമാണ് ശിക്ഷാർഹമായിത്തീരുന്നത്. വീടുകളിലും സ്ഥാപനങ്ങളിലും വേലയ്ക്കു നില്ക്കുന്നവരോട് "കൊച്ചമ്മമാർ" സ്വീകരിക്കുന്ന നിലപാടുകൾ ഈ പ്രവചനത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തുന്നത് ഉപകാരപ്രദമാണ്.

## b. പാപമായിത്തീരുന്ന ആരാധന 4,4-5

സമരിയായിൽ നിന്ന് ഏകദേശം 40 കി.മീ. തെക്ക്, ജറുസലെമിൽ നിന്ന് ഏകദേശം 18 കി.മീ വടക്ക് സ്ഥിതി ചെയ്യുന്ന പുരാതനമായ ആരാധനാകേന്ദ്രമാണ് ബെഥേൽ. "രാജാവിന്റെ ശ്രീകോവിലും രാജ്യത്തിന്റെ ക്ഷേത്രവും" (7,13) എന്ന് അമാസിയാ പുരോഹിതൻ വിശേഷിപ്പിക്കുന്നതിൽനിന്നു ബെഥേലിന്റെ പ്രാധാന്യം മനസ്സിലാക്കാം. ബെഥേലിൽ നിന്ന് ഏകദേശം 30 കി.മീ. തെക്കുകിഴക്കായി, ജെറീക്കോയുടെ സമീപത്തുള്ള ആരാധനാകേന്ദ്രമാണ് ഗിൽഗാൽ. കാനാനിൽ പ്രവേശിച്ച ഇസ്രായേൽക്കാർ ആദ്യമായി പാളയമടിച്ചത് അവിടെയാണ് (ജോഷ്വാ 4,19). ഈ രണ്ടു നഗരങ്ങളും ഇസ്രായേലിന്റെ പ്രധാനപ്പെട്ട തീർത്ഥാടനകേന്ദ്രങ്ങളായിരുന്നു. തിരുനാൾ ദിനത്തിൽ കൂട്ടംകൂട്ടമായി വന്ന തീർത്ഥാടകരോട് ബെഥേലിലെ ദേവാലയാങ്കണത്തിൽ വച്ചു നടത്തിയ പ്രവചനവമാണിത് എന്നു ഭൂരിഭാഗം വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നു.

വിശ്വാസികളിൽ അമ്പരപ്പും ഉതപ്പും ഉളവാക്കുന്നതാണ്



പ്രവാചകന്റെ വാക്കുകൾ. ദേവാലയവാതിൽക്കൽ നിന്നുകൊണ്ട് ഭക്തജനത്തെ ആരാധനയ്ക്കു ക്ഷണിക്കുന്ന പുരോഹിതന്റെ വാക്കുകൾ അനുകരിച്ചുകൊണ്ടാണ് ആമോസ് പ്രസംഗിക്കുന്നത്. "വരുവിൻ, നമുക്കു കുമ്പിട്ടാരാധിക്കാം... എന്തെന്നാൽ അവിടുന്നാണ് നമ്മുടെ ദൈവം" (സങ്കീ 95,6) എന്ന സങ്കീർത്തന വാക്യം പുരോഹിതന്റെ ആഹ്വാനത്തിന് ഉദാഹരണമാണ്. എന്നാൽ, "വരുവിൻ" എന്ന ക്ഷണത്തിനുശേഷം പറയുന്ന വാക്കുകളാണ് വിസ്മയിപ്പിക്കുന്നത്.

"ബെഥേലിൽ ചെന്ന് അകൃത്യങ്ങൾ ചെയ്യുവിൻ; ഗിൽഗാലിൽ ചെന്ന് കഴിയുന്നത്ര അകൃത്യങ്ങൾ ചെയ്യുവിൻ" എന്ന പി.ഒ.സി. വിവർത്തനം ഒരു വ്യാഖ്യാനമാണ്. പ്രവാചകൻ സമരിയായിൽ നിന്നു സംസാരിക്കുന്നു എന്ന പ്രതീതിയാണ് ഈ വിവർത്തനം നല്കുന്നത്. "ചെല്ലുക" എന്നും "വരുക" എന്നും വിവർത്തനം ചെയ്യാവുന്നതാണ് ഹീബ്രുമൂലം. പ്രവചനത്തിന്റെ ഉള്ളടക്കം മുഴുവൻ പരിശോധിച്ചാൽ "വരുവിൻ" എന്ന അർത്ഥമാണ് സാഹചര്യത്തിനു കൂടുതൽ അനുയോജ്യമെന്നു കാണാം. തന്നെയുമല്ല, ദേവാലയാങ്കണത്തിൽ നിന്നു തീർത്ഥാടകരെ അഭിസംബോധന ചെയ്തു പ്രസംഗിക്കുന്നത് സന്ദേശത്തിന്റെ തീവ്രതയ്ക്കു മാറ്റു കൂട്ടുന്നു (ഉദാ. ജറെ 7,1-15).

''അകൃത്യം ചെയ്യുക'' എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കിന് മറുതലിക്കുക. എതിരിടുക, കലഹിക്കുക എന്നൊക്കെ അർത്ഥമുണ്ട്. ദേവാലയത്തിലേക്കു വരുന്നവരുടെ ലക്ഷ്യം കാഴ്ചകൾ സമർപ്പിച്ച് കർത്താവിനെ ആരാധിക്കുകയും അവിടുത്തെ അനുഗ്രഹം പ്രാപിക്കുകയുമാണ്. അതിനുവേണ്ടിയാണ് പുരോഹിതൻ അവരെ ക്ഷണിക്കുന്നത്. എന്നാൽ "വരുവിൻ" എന്ന ക്ഷണത്തിനുശേഷം "മറുതലിയ്ക്കുവിൻ" എന്ന ആഹ്വാനമാണ് ആമോസ് നല്കുന്നത്. തീർത്ഥാടകരുടെ വരവും ആരാധനയും ബലിയർപ്പണവും എല്ലാം കർത്താവിനോടുള്ള എതിർപ്പിന്റെയും അവിശ്വസ്തതയുടെയും അടയാളങ്ങളായി പ്രവാചകൻ വ്യാഖ്യാനിക്കുന്നു.

ദേവാലയത്തിൽ അർപ്പിക്കുന്ന കാഴ്ചകൾ എല്ലാം തന്നെ ഇവിടെ എടുത്തു പറയുന്നുണ്ട്. പ്രഭാതം തോറും കൊണ്ടുവരുന്ന "ബലി" സമാധാനബലിയാണ് "ലേവ്യ 3). ബലിമൃഗത്തിന്റെ ഒരു ഭാഗം ബലിപീഠത്തിൽ വച്ചു ദഹിപ്പിക്കുകയും ഒരു ഭാഗം പുരോ

ഹിതനും ബാക്കി കാഴ്ചയർപ്പിക്കുന്നവരും ഭക്ഷിക്കുകയുമാണ് ഈ ബലിയർപ്പണത്തിൽ ചെയ്യുക. ദൈവവും ബലിയർപ്പകനും ഒരേ മേശയിൽ നിന്നു ഭക്ഷിച്ച് രമ്യതയിലെത്തുന്നു എന്നു സൂചിപ്പിക്കുന്നതാണ് ഈ ബലി. "പ്രഭാതം തോറും" എന്നതു വ്യാഖ്യാനമാണ്. "പ്രഭാതത്തിൽ" എന്നേ ഹീബ്രുവിലുള്ളു. തീർത്ഥാടകർ ആദ്യദിവസം പ്രഭാതത്തിൽ സമാധാന ബലിയർപ്പിക്കുന്നതിനെ ആയിരിക്കാം ഇതു സൂചിപ്പിക്കുക. എന്നാൽ ഒരു ദിവസം മാത്രമല്ല, എല്ലാ ദിവസവും അർപ്പിക്കാനുള്ള ആഹ്വാനം അതിശയോക്തയാവാം. ദശാംശത്തെക്കുറിച്ചും ഇതു തന്നെ പറയാം. ആണ്ടിൽ ഒരിക്കൽ ദശാംശം ദേവാലയത്തിൽ കൊണ്ടു വരണമെന്നും എല്ലാ മൂന്നാംവർഷവും ദശാംശ നഗരത്തിലെ പൊതുസ്ഥലത്ത് കൊണ്ടുവന്ന് പാവപ്പെട്ടവർക്കു നല്കണമെന്നും നിയമമുണ്ട് (നിയ 14,22–29). കാർഷികോല്പന്നങ്ങളുടെ പത്തിനൊന്നാണ് "ദശാംശം". മൂന്നു വർഷത്തിലൊരിക്കൽ എന്നതിനുപകരം, മൂന്നാം ദിവസം എന്നാക്കിയിരിക്കുന്നു. അത് "എല്ലാം മൂന്നാം ദിവസവും' എന്നുമാകാം. നിയമത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതിനേക്കാൾ വളരെയേറെ നല്കാൻ തയ്യാറാണ് ജനം. കൃതജ്ഞതാബലികളും സ്വാഭീഷ്ടക്കാഴ്ചകളും ഭക്തന്മാർ സ്വന്തം ഇഷ്ടപ്രകാരം അർപ്പിക്കുന്നവയാണ്.

എന്തുകൊണ്ടാണ് തീർത്ഥാടനവും ബലിയർപ്പണങ്ങളും പാപമായിത്തീരുന്നത്? ഇതൊന്നും ആവശ്യമില്ല എന്നാണോ പ്രവാചകൻ പറയുന്നത്? പുസ്തകത്തിന്റെ പൊതുവായ സന്ദേശം പരിഗണിക്കുമ്പോൾ ഈ ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കും. കർത്താവ് തങ്ങൾക്കുവേണ്ടി ചെയ്ത വലിയ കാര്യങ്ങൾ അനുസ്മരിക്കാനും അവിടുത്തേക്കു കൃതജ്ഞതയർപ്പിക്കാനും വേണ്ടിയായിരുന്നു തീർത്ഥാടകത്തിരുനാളുകൾ ആഘോഷിച്ചിരുന്നത്. തങ്ങളെയും തങ്ങൾക്കുള്ളതു മുഴുവനെയും കർത്താവിനു സമർപ്പിക്കുന്നതിന്റെ പ്രതീകമായിരുന്നു. ബലിയർപ്പണം. ദേവാലയത്തിൽ വന്ന് കർത്താവിന്റെ നിയമങ്ങൾ കേൾക്കുകയും അത് അനുസരിച്ചു കൊള്ളാം എന്നു വാഗ്ദാനം ചെയ്യുകയും തീർത്ഥാടനത്തിന്റെ ഭാഗമായിരുന്നു. തങ്ങളുടെ സമ്പത്ത് പാവപ്പെട്ടവരുമായി പങ്കുവയ്ക്കുന്നതിനു വേണ്ടിയായിരുന്നു ദശാംശം കാഴ്ചവയ്ക്കുന്നത്. എന്നാൽ, ഇതൊന്നും ഇസ്രായേലിന്റെ തീർത്ഥാടനത്തിലും തിരുനാളാഘോഷങ്ങളിലും സംഭവിച്ചില്ല.



കർത്താവിന്റെ ഹിതം ആരായാനും അതനുസരിക്കാനും വേണ്ടിയല്ല, തങ്ങളുടെ പ്രൗഢി പ്രകടിപ്പിക്കാനും മറ്റുള്ളവരുടെ പ്രശംസ പിടിച്ചുപറ്റാനും വേണ്ടിയാണ് ജനം തീർത്ഥാടനം നടത്തിയതും കാഴ്ചകൾ സമർപ്പിച്ചതും. ഓരോ കാണിക്കയുടെയും മുമ്പിൽ ചേർക്കുന്ന ''നിങ്ങളുടെ'' എന്ന വിശേഷണവും "അതാണ് നിങ്ങൾക്കിഷ്ടം" എന്ന കർത്താവിന്റെ വിലയിരുത്തലും ഇതിനു തെളിവാണ്. കാഴ്ചയായി അർപ്പിച്ച വസ്തുക്കൾ തന്നെ പാവപ്പെട്ടവരിൽ നിന്നു പിടിച്ചു പറിച്ചവയാണ്. തീർത്ഥാടനങ്ങളും ബലിയർപ്പണങ്ങളും സമൂഹത്തിൽ നീതി പ്രവർത്തിക്കുന്നതിന് അല്പംപോലും സഹായിച്ചില്ല എന്നു മാത്രമല്ല, ഈ മതാത്മക പ്രവർത്തനങ്ങൾ അവരുടെ അനീതിക്കും അക്രമങ്ങൾക്കും മറ പിടിക്കുകയും ചെയ്തു. ഇതിലെല്ലാമുപരി, തങ്ങൾ വിശുദ്ധരും ദൈവത്തിനു സ്വീകാര്യരുമാണെന്ന ധാരണ ഊട്ടിയുറപ്പിക്കാൻ ഈ മതാനുഷ്ഠാനങ്ങൾ സഹായിച്ചു. ബെഥേലും ഗിൽഗാലും യാഹ്വേയ്ക്കു പ്രതിഷ്ഠിതങ്ങളായിരുന്നു എന്ന കാര്യം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ഇപ്രകാരമുള്ള ആരാധനയും തീർത്ഥാടനവും കർത്താവിനെ അവഹേളിക്കലാണ്, അവിടുത്തോടു കലഹിക്കലാണ്, അതിനാൽ പാപമാണ്.

### c. വിഫലമായ താക്കീതുകൾ 4,6–11

ഇസ്രായേലിനു ദൈവം നല്കിയ രക്ഷയുടെ ചരിത്രമാണ് സാധാരണമായി ആരാധനാലയങ്ങളിൽ പ്രഘോഷിക്കുക. മാതാപിതാക്കൾ മക്കൾക്കു പറഞ്ഞു കൊടുക്കുന്നതും രക്ഷാചരിത്രമാണ്. എന്നാൽ ആമോസ് ഇസ്രായേലിന്റെ ചരിത്രത്തെ വേറൊരു കാഴ്ചപ്പാടിൽ ഇവിടെ അവതരിപ്പിക്കുന്നു. അവിശ്വസ്തരായ ജനത്തെ മാനസാന്തരത്തിലേക്കു നയിക്കാൻ വീണ്ടും വീണ്ടും കർത്താവ് അയച്ച ശിക്ഷകളുടെ ചരിത്രമാണ് ഇവിടെ വിവരിക്കുന്നത്. ഒന്നിനു പിറകെ ഒന്നായി അയച്ച് ശിക്ഷകളും ഉദ്ദേശിച്ച ഫലം പുറപ്പെടുവിച്ചില്ല. ഓരോ ശിക്ഷയുടെയും വിവരണത്തിനു ശേഷം "എന്നിട്ടും നിങ്ങൾ എന്റെ അടുത്തേക്കു മടങ്ങിവന്നില്ല" എന്ന കർത്താവിന്റെ വചനം ഒരു പല്ലവി പോലെ ആവർത്തിക്കുന്നു.

ഉടമ്പടി ലംഘിച്ചാൽ സംഭവിക്കാൻ പോകുന്ന ദുരിതങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പുകളെ (ലേവ്യ 26,14–39; നിയ 28,15–68)

അനുസ്മരിപ്പിക്കുന്നതാണ് ഇവിടെ വിവരിക്കുന്ന ശിക്ഷകൾ. സ്വാഭാവിക കാരണങ്ങളാൽ സംഭവിക്കുന്നവയാണ് ഈ ദുരിതങ്ങളെല്ലാം തന്നെ. എന്നാൽ ഇവയെല്ലാം ദൈവം അയച്ചതാണെന്നും അവയുടെ ലക്ഷ്യം ജനത്തിന്റെ മാനസാന്തരമായിരുന്നെന്നും പ്രവാചകൻ ഊന്നിപ്പറയുന്നു. 6-11 വാക്യങ്ങൾ കർത്താവിന്റെ അരുളപ്പാടുകളായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. ഒന്നിനൊന്നു കൂടുതൽ രൂക്ഷമാകുന്ന രീതിയിലാണ് ശിക്ഷകൾ വിവരിച്ചിരിക്കുന്നത്. ഇവയിൽ പലതും ഈജിപ്തിനെ ബാധിച്ച മഹാമാരികളെ അനുസ്മരിപ്പിക്കുന്നതാണ്. "ഈജിപ്തിൽ ബാധിച്ച മഹാമാരികളെ അനുസ്മരിപ്പിക്കുന്നതാണ്. "ഈജിപ്തിൽ ചെയ്തതുപോലെ" എന്ന് പത്താം വാക്യത്തിൽ എടുത്തു പറയുന്നുമുണ്ട്. ശിക്ഷയുടെ മുമ്പിൽ കഠിനഹൃദയനായിത്തീർന്ന ഫറവോയുടെ പ്രതികരണമാണ് ഇസ്രായേൽ ജനവും നല്കിയത്. അതിനാൽ അതിഭീകരമായൊരു താക്കീതിലേക്കാണ് ഈ വിവരണങ്ങൾ നയിക്കുക.

ക്ഷാമമാണ് ആദ്യത്തെ ശിക്ഷ (4,6). "നിങ്ങളുടെ പല്ല് ശുദ്ധമാക്കി" എന്നാണ് മൂലം. അതിരൂക്ഷമായ ക്ഷാമവും പട്ടിണിയുമാണ് ഇത് സൂചിപ്പിക്കുന്നത്. പലസ്തീനായിൽ ക്ഷാമം അസാധാരണമായിരുന്നില്ല. അനേകം ഉദാഹരണങ്ങൾ ബൈബിളിൽത്തന്നെ കാണാം (ഉൽപ 12, 10;26, 1;41, 77; റൂത്ത് 1,1). വരൾച്ചയാണ് രണ്ടാമത്തെ ശിക്ഷ (4,7-8). പൊതുവേ മഴ കുറവുള്ള പ്രദേശമാണ് പലസ്തീനാ. യഥാസമയം മഴ കിട്ടിയില്ലെങ്കിൽ കൃഷി നശിക്കും. കൃഷിക്കുവേണ്ടി ജലം ലഭിക്കില്ലെന്നു മാത്രമല്ല, കുടിനീരുപോലും ആവശ്യത്തിനു കിട്ടാത്ത സാഹചര്യമുണ്ടാകും. കിഴക്കുള്ള അറേബ്യൻ മരുഭൂമിയിൽ നിന്ന് അടിക്കുന്ന ചൂടുകാറ്റ് അധികമാകുമ്പോൾ സസ്യങ്ങളെല്ലാം ഉണങ്ങുന്നു. ഇതാണ് മൂന്നാമത്തെ ശിക്ഷയായ കാറ്റുവീഴ്ച. അതോടൊപ്പം കീടബാധയുമായപ്പോൾ ചെടികളുടെയും മരങ്ങളുടെയും ഇലകളെല്ലാം പഴുത്തു കൊഴിഞ്ഞു. പച്ചയായി അവശേഷിച്ചത് വെട്ടുക്കിളികൾ തിന്നൊടുക്കി (4,8). മൃഗങ്ങളെ ബാധിച്ച മാരകരോഗങ്ങളായിരിക്കാം മഹാമാരി. അതിനു പുറമേ യുദ്ധം അനേകരുടെ ജീവനൊടുക്കി (4,9).

അവസാനത്തെ ശിക്ഷ അഗ്നിബാധയെ ഭൂമിക്കുലുക്കമോ അതുപോലുള്ള ഏതോ പ്രകൃതിക്ഷോഭമോ ആയിരുന്നു (4,10). സോദോമിനോടും ഗൊമോറയോടും ഉപമിക്കുന്നതിൽ നിന്ന് രണ്ടു



സൂചനകൾ ലഭിക്കുന്നു. 1. ഇസ്രായേലിന്റെ പാപം അത്ര ഘോരമാണ്. 2. നഗരങ്ങൾ സമൂലം നശിപ്പിക്കപ്പെടും. "കത്തുന്ന തീയിൽ നിന്നു വലിച്ചെടുത്ത കമ്പുകൾ" ഭീകരമായ ശിക്ഷയെ അതിജീവിച്ച ചുരുക്കംപേരെ സൂചിപ്പിക്കുന്നു. ഈ ശിക്ഷകളൊന്നും ജനത്തെ മാനസാന്തരത്തിലേക്കു നയിച്ചില്ല. അവർ തീർത്ഥാടനങ്ങളും ബലിയർപ്പണങ്ങളും നടത്തിയിരുന്നു. ആഡംബരപൂർവ്വം പെരുന്നാളുകൾ ആഘോഷിച്ചിരുന്നു. എന്നാൽ അവരുടെ ഹൃദയം കർത്താവിൽ നിന്നു വളരെ അകലെയായിരുന്നു; ജീവിതം കർത്താവിന്റെ വഴിയിലൂടെ ആയിരുന്നില്ല.

## d. കർത്താവിന്റെ സന്ദർശനം 4,12-13

"അതുകൊണ്ട് ഇസ്രായേൽ ജനമേ ഞാൻ നിങ്ങളോട് ഇതു ചെയ്യും" എന്ന താക്കീത് വരാൻ പോകുന്ന ഭീകരമായ ശിക്ഷയുടെ കാരണം എടുത്തു കാട്ടുന്നു. എന്നാൽ എന്താണ് ആ ശിക്ഷ എന്നു പറയുന്നില്ല. "നിങ്ങളുടെ ദൈവത്തിന്റെ സന്ദർശനത്തിന് ഒരുങ്ങിക്കൊള്ളുക" എന്ന മുന്നറിയിപ്പു മാത്രമാണു നല്കുന്നത്. കർത്താവിന്റെ ക്ഷമ അവസാനിച്ചിരിക്കുന്നു. അവിടുന്ന് നേരിട്ട് അവരെ സമൂലം നശിപ്പിക്കാൻ പോകുന്നു എന്ന സൂചനയാണ് സന്ദർശനത്തെക്കുറിച്ചുള്ള മുന്നറിയിപ്പിലൂടെ നല്കുന്നത് (5,18-20;7,8;8,2). രക്ഷ നല്കാൻ വരുന്ന കർത്താവിനെ എതിരേല്ക്കാനൊരുങ്ങുന്നതിനായിരുന്നു സീനായ് മലയിൽ വച്ച് ആഹ്വാനമുണ്ടായത് (പുറ 19,10-11.15). ജോഷ്വാ ജനത്തിനു നല്കിയ ആഹ്വാനവും അതുതന്നെ ആയിരുന്നു (ജോഷ്വാ 3,5). ഇപ്രകാരമുള്ള ക്ഷണമാണ് ജനത്തിന് ആരാധനാലയങ്ങളിൽ ലഭിച്ചിരുന്നത്. എന്നാൽ അതിനു വിരുദ്ധമായി ശിക്ഷിക്കാൻ വരുന്ന ദൈവത്തെ കാത്തിരിക്കാനാണ് ഇവിടെ ആഹ്വാനം ചെയ്യുന്നത്.

കർത്താവിന്റെ മഹത്വത്തെയും ശക്തിയെയും പ്രകീർത്തിക്കുന്ന ഒരു കീർത്തനത്തോടെ (4,13) ഈ ഭാഗം അവസാനിക്കുന്നു. ഇപ്രകാരമുള്ള കീർത്തനശകലങ്ങൾ വീണ്ടും രണ്ടു തവണ ആവർത്തിക്കുന്നുണ്ട് (5,8;9,5-6). തങ്ങളെ സന്ദർശിക്കാൻ വരുന്ന ദൈവം ആരാണെന്നു ജനത്തെ ബോധ്യപ്പെടുത്തുന്നതാണ് ഈ കീർത്തനം. ദൈവത്തിന്റെ മൂന്നു പ്രവർത്തനങ്ങൾ ഇവിടെ എടുത്തു പറയുന്നുണ്ട്. 1. അവിടുന്നു സ്രഷ്ടാവാണ്. അചഞ്ചലമായി ഉയർന്നു നില്ക്കുന്ന മലയും ആഞ്ഞടിക്കുന്ന കാറ്റും അവി

ടുത്തെ സൃഷ്ടികളത്രെ. പ്രപഞ്ചശക്തികൾ മുഴുവൻ അവിടുത്തെ ആജ്ഞയനുസരിക്കുന്നു. 2. അവിടുന്നു തന്റെ പദ്ധതികൾ മനുഷ്യനു വെളിപ്പെടുത്തുന്നു 3,7-ൽ കണ്ടതാണ് ഈ ആശയം. 3. അവിടുന്നു വിധികർത്താവാണ്. പ്രഭാതത്തെ അന്ധകാരമാക്കി മാറ്റുന്നത് ശിക്ഷാവിധിയുടെ പ്രതീകമാണ്.

ഭീകരമായ ഒരു കൊടുങ്കാറ്റിന്റെ പ്രതീതിയാണ് കർത്താവിന്റെ സന്ദർശനത്തെക്കുറിച്ചുള്ള ഈ വിവരണം ഉളവാക്കുക. കനത്ത മേഘവും ചീറിപ്പായുന്ന മിന്നൽപ്പിണരും, ഭൂമിയെ പ്രകമ്പനം കൊള്ളിക്കുന്ന ഇടിമുഴക്കവും എല്ലാം ഇവിടെ സൂചിപ്പിക്കപ്പെടുന്നു. ഭൂമിയുടെ ഉന്നത തലങ്ങളെ ചവിട്ടിമെതിക്കുന്നത് ഭൂമികുലുക്കത്തിന്റെ സൂചനയാണ്. ഭയാനകമായ ശക്തിപ്രകടനത്തോടെ അടുത്തുവരുന്നത് ഇടിമിന്നലിന്റെ ദേവനായി കരുതപ്പെട്ടിരുന്ന ഹദാദോ, മലമുകളിൽ വാസമുറപ്പിച്ചവനായി കരുതിയിരുന്ന ബാലോ അല്ല സൈന്യങ്ങളുടെ ദൈവമായ യാഹ്‌വേയാണ്. ദൈവത്തിന്റെ ഇപ്രകാരമുള്ള വരവിനെക്കുറിച്ചു ബൈബിളിൽ പ്രത്യേകിച്ചും സങ്കീർത്തനങ്ങളിൽ, അനേകം വിവരണങ്ങൾ കാണാം (സങ്കീ 18,7-15; 68,7-8; 76,8-9; 97,2; 104, 32; 144, 5-6; ജോയേൽ 2,2-10). സീനായ്മലയിലെ പ്രത്യക്ഷീകരണത്തെ അനുസ്മരിപ്പിക്കുന്നതാണ് ഈ പ്രതിഭാസങ്ങൾ (പുറ 19,16-18). ഭയാനകമായ അവിടുത്തെ ശക്തിപ്രാഭവത്തിനു മുമ്പിൽ ഭക്ത്യാദരങ്ങളോടെ നിന്നാൽ മാത്രം പോരാ, അവിടുത്തെ ആജ്ഞകൾ ജീവിതത്തിൽ പകർത്തുകയും വേണം.

## വിചിന്തനം

ദൈവത്തിന്റെ ഹിതമനുസരിച്ചു ജീവിക്കാൻ പ്രേരിപ്പിക്കാത്ത പ്രാർത്ഥനയും ആരാധനാനുഷ്ഠാനങ്ങളും കർത്താവിനോടു കലഹിക്കലാണ് എന്ന ആമോസിന്റെ പ്രഖ്യാപനം ഇന്നത്തെ നമ്മുടെ മതാത്മക ജീവിതത്തെ സംബന്ധിച്ച് എന്തു സന്ദേശമാണു നല്കുക? അനുഷ്ഠാനങ്ങളുടെ വിശദാംശങ്ങളെ ചൊല്ലിയുള്ള വിവാദങ്ങൾ ഒരു സഭയെത്തന്നെ പിളർപ്പിന്റെ വക്കിലെത്തിച്ചിരിക്കുന്ന സാഹചര്യത്തിൽ ആമോസിന്റെ വാക്കുകൾ ആഴമേറിയ ആത്മശോധനയ്ക്കു സകല ആരാധകരെയും പ്രേരിപ്പിക്കണം. ഏതു ദൈവത്തെ പ്രീതിപ്പെടുത്താൻ വേണ്ടിയാണ് മതവിശ്വാസികൾ ചേരിതിരിഞ്ഞ് വഴക്കടിക്കുകയും പുലഭ്യം പറയുകയും ചിലപ്പോഴൊക്കെ പരസ്പരം കൊല്ലുകയും ചെയ്യുന്നത് എന്ന് ഓരോ വിശ്വാസിയും സ്വയം ചോദിക്കണം. തമ്മിൽതല്ലാനും കൊല്ലാനും അനുയായികളെ പ്രേരിപ്പിക്കുന്ന മതനേതാക്കൾ എങ്ങനെ ഉത്തരം പറയും?



പ്രകൃതിക്ഷോഭങ്ങൾ മാനസാന്തരത്തിനുള്ള കർത്താവിന്റെ ആഹ്വാനങ്ങളായി ആമോസ് കണ്ടു. കർത്താവു നല്കുന്ന അടയാളങ്ങളെ വ്യാഖ്യാനിക്കുന്നവനാണ് പ്രവാചകൻ. ഇന്നു നാം നേരിടുന്ന വരൾച്ചയും വെള്ളപ്പൊക്കവും ഭൂമികുലുക്കവും അഗ്നിബാധയും പ്രകൃതിയുടെ സന്തുലിതാവസ്ഥയിൽ വന്നിരിക്കുന്ന താളപ്പിഴകളും എങ്ങനെയാണ് നാം വ്യാഖ്യാനിക്കുക? കർത്താവിന്റെ അന്തമായ കാരുണ്യത്തെയും നിരുപാധികമായ ക്ഷമയെയും അചഞ്ചലമായ സ്നേഹത്തെയുംക്കുറിച്ചു പ്രസംഗിക്കുമ്പോൾ അവിടുത്തെ ശക്തിയെയുംകുറിച്ചു നാം മറന്നുപോകുന്നുണ്ടോ? ദൈവത്തിന്റെ സന്ദർശനത്തിന് നാം എങ്ങനെയാണ് ഒരുങ്ങുക?

### 3. വിലാപഗാനം 5,1-17

"കേൾക്കുവിൻ" എന്ന അഹ്വാനത്തോടെ ആരംഭിക്കുന്ന മൂന്നാമത്തെ പ്രസംഗമാണിത്. പ്രഭാഷണത്തിന്റെ ആരംഭത്തിലും (5,1-3) അവസാനത്തിലും (5,16-17) വിലാപത്തെക്കുറിച്ചു പരാമർശിക്കുന്നു. ഇവയ്ക്കു മധ്യേ മാനസാന്തരത്തിന് ആഹ്വാനം, കുറ്റാരോപണം, ശിക്ഷാവിധി, കർത്താവിനെക്കുറിച്ച് ഒരു കീർത്തനം എന്നിങ്ങനെ വ്യത്യസ്ത സ്വഭാവമുള്ള വചനങ്ങളാണ് കാണുക. അതിനാൽ ഇത് പല അവസരങ്ങളിലായി നടത്തിയ പ്രവചനങ്ങളുടെ ഒരു സമാഹാരമാണെന്നു കരുതുന്നവരുണ്ട്. ഇവയിൽ ചിലതെല്ലാം ആമോസിന്റെ ശിഷ്യന്മാർ കൂട്ടിച്ചേർത്തതാണെന്നും ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. എന്നാൽ, ഈ സമാഹാരത്തെ സസൂക്ഷ്മം പരിശോധിച്ചാൽ ഇവയ്ക്കു വ്യക്തമായ ഒരു ഘടന കാണാൻ കഴിയും.

A. വിലാപഗാനം (1-3)
  B. മാനസാന്തരത്തിന് ആഹ്വാനം (4-6)
    C. കുറ്റാരോപണം - ശിക്ഷാവിധി (7)
      D. കീർത്തനം (8-9)

C'. കുറ്റരോപണം - ശിക്ഷാവിധി (10-13)

B'. മാനസാന്തരത്തിന് ആഹ്വാനം (14-15)

A'. വിലാപഗാനം (16-17)

ഏഴു യൂണിറ്റുകൾ ഈ പ്രഭാഷണത്തിൽ ദൃശ്യമാണ്. ആരംഭത്തിലും അവസാനത്തിലും (1-3,16-17) വിലാപമാണ് മുഖ്യവിഷയം. രണ്ടും ആറും യൂണിറ്റുകളിൽ (4-6,14-15) ജനത്തെ മാനാസാന്തരത്തിന് ആഹ്വാനം ചെയ്യുന്നു. മൂന്നും അഞ്ചും യൂണിറ്റുകൾ (7,10-13) കുറ്റാരോപണവും ശിക്ഷയുടെ മുന്നറിയിപ്പുമാണ്. കർത്താവിന്റെ മഹത്വത്തെ പ്രകീർത്തിക്കുന്ന നാലാമത്തെ യൂണിറ്റ് പ്രഭാഷണത്തിന്റെ കേന്ദ്രമായി നിലകൊള്ളുന്നു. മരണത്തിന്റെ ഗന്ധം മുറ്റിനില്ക്കുന്ന സുദീർഘമായ ഒരു വിലാപമാണ് ഈ പ്രഭാഷണം. മരിച്ചുവീണ ജനത്തെക്കുറിച്ച് തകർന്ന ഹൃദയത്തോടെ പ്രവാചകൻ ഒരു ചരമഗാനം ആലപിക്കുന്നു. ഗാനത്തിന്റെ കേന്ദ്രത്തിൽ കർത്താവിന്റെ മഹത്വം പ്രഘോഷിച്ചുകൊണ്ട് ആരാണ് ഈ മരണത്തിനു കാരണക്കാരൻ എന്നു വ്യക്തമാക്കുന്നു.

ഭൂതവും ഭാവിയും വർത്തമാനത്തിൽ കൂടിക്കലരുന്ന വിധത്തിലാണ് ഗാനം രചിച്ചിരിക്കുന്നത്. നാശം സംഭവിച്ചുകഴിഞ്ഞു എന്നു പറയുന്ന വാക്യങ്ങളുണ്ട്; ആസന്നമായിരിക്കുന്നു എന്നു സൂചന നല്കുന്ന വാക്യങ്ങളുമുണ്ട്. ഇവയ്ക്കു മധ്യേ വർത്തമാനകാലത്ത് കരണീയമായിരിക്കുന്ന മാനസാന്തരത്തിനുള്ള ആഹ്വാനവുമുണ്ട്. നാശത്തിന്റെ വിവരണം വിശദവും വ്യക്തവുമാണ്; ആഹ്വാനങ്ങൾ ശക്തവും. എന്നാൽ ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷ തികച്ചും ലോലവും ദുർബ്ബലവുമത്രെ. ദൈവം വിധി പ്രസ്താവിച്ചു കഴിഞ്ഞു. ദൈവിക മേഖലയിൽ ജനത്തിന്റെ നാശം സംഭവിച്ചു കഴിഞ്ഞു. അത് ചരിത്രത്തിൽ പ്രത്യക്ഷപ്പെടാൻ പോകുന്നതേയുള്ളു. ജനം മാനസാന്തരപ്പെടുകയാണെങ്കിൽ ഈ വിധിക്കുമാറ്റമുണ്ടാകും. എന്നാൽ മാനസാന്തരം സംഭവിക്കുമെന്ന് പ്രവാചകന് യാതൊരു പ്രതീക്ഷയുമില്ല. അതിനാലാണ് പ്രതീക്ഷ തീർത്തും ശുഷ്ക്കമാകുന്നത്.

## a. വിലാപഗാനം 5,1-3

"ഈ വാക്കു കേൾക്കുവിൻ" എന്ന ആഹ്വാനത്തോടെ



യാണ് പ്രഭാഷണം ആരംഭിക്കുന്നത്. 3,1;4,1 എന്നീ വാക്യങ്ങളിലും ഇതേ ആഹ്വാനം കാണാം. എന്നാൽ വിവർത്തനത്തിൽ ഈ വിശദാംശം ഉൾപ്പെടുത്തിയിട്ടില്ല. "ഈ വാക്ക്" എന്താണെന്ന് തുടർന്നു വിവരിക്കുന്നു. ആദ്യപ്രഭാഷണം ഇസ്രായേൽ മക്കളെയും (3,1) രണ്ടാം പ്രഭാഷണം ബാഷാൻ പശുക്കളെയും (4,1) അഭിസംബോധന ചെയ്തു. ഇവിടെ ഇസ്രായേൽ ഭവനത്തോടോണ് പ്രവാചകൻ സംസാരിക്കുന്നത്. 'ഖിനാ" എന്നാണ് "വിലാപഗാന"ത്തിന്റെ ഹീബ്രുമൂലം. സംഭവിച്ചുകഴിഞ്ഞ ഒരു ദുരന്തത്തെ വർണ്ണിച്ചുകൊണ്ട് ആലപിക്കുന്ന ഗാനമാണ് വിലാപഗാനം. ദുഃഖം വെളിപ്പെടുത്തുന്നതാണ് ഗാനത്തിന് ഉപയോഗിച്ചിരിക്കുന്ന രാഗവും താളവും. ശവസംസ്കാരച്ചടങ്ങിൽ ഉപയോഗിക്കുന്നതുപോലെ (ഉദാ. വിട വാങ്ങുന്നേൻ....) യുള്ള ഒരു ഈണത്തിലാണ് പ്രവാചകൻ ദൈവവചനം അവതരിപ്പിക്കുന്നത്. സാവൂളിനെയും ജോനാഥാനെയും കുറിച്ച് ദാവീദ് ആലപിച്ച ഗാനം (2 സാമു 1,17-27) വിലാപഗാനത്തിന്റെ ഉദാഹരണമാണ്. "വിലാപങ്ങൾ" എന്ന പുസ്തകം മുഴുവൻ വിലാപഗാനങ്ങളാണ്. മരിച്ചവരെ ഓർത്തു വിലപിക്കുന്നതിൽ വൈദഗ്ധ്യം നേടിയവർ ഇസ്രായേലിലുണ്ടായിരുന്നു. "വിലാപകാരികളെ വരുത്തുവിൻ. അതിൽ സമർത്ഥരായ സ്ത്രീകളെ ആളയച്ചുവരുത്തുവിൻ. അവർ തിടുക്കത്തിലെത്തി നമുക്കുവേണ്ടി വിലപിക്കട്ടെ" (ജറെ 9,17-18) എന്ന ജറെമിയായുടെ വാക്കുകൾ വിലാപഗാനത്തിന്റെ സ്വഭാവവും ലക്ഷ്യവും വ്യക്തമാക്കുന്നു.

മരിച്ചുപോയവരുടെ സൽക്കർമ്മങ്ങളും ധീരകൃത്യങ്ങളും എണ്ണിപ്പറഞ്ഞുകൊണ്ടാണ് സാധാരണമായി വിലാപഗാനങ്ങൾ ആലപിക്കു. എന്നാൽ ആമോസ് ആലപിക്കുന്ന ഗാനം അവയിൽ നിന്ന് രണ്ടുവിധത്തിൽ വേറിട്ടു നില്ക്കുന്നു. 1. സമ്പദ്സമൃദ്ധിയിൽ ആഹ്ലാദഭരിതരായിക്കഴിയുന്ന ഒരു ജനത്തെക്കുറിച്ചാണ് ആമോസ് ചരമഗാനം ആലപിക്കുന്നത്. സ്വന്തം മരണവാർത്തയും ശവസംസ്കാരച്ചടങ്ങും ടെലിവിഷനിൽ കാണുന്ന ഒരു വ്യക്തിയുടെ അനുഭവമായിരിക്കും ഇതിലൂടെ ആമോസിന്റെ ശ്രോതാക്കൾക്ക് ഉണ്ടാവുക. 'അസാധ്യം! അസംബന്ധം!" എന്നായിരിക്കും അവരുടെ സ്വാഭാവികമായ പ്രതികരണം. 2. മരിച്ചുകിടക്കുന്ന ഇസ്രായേൽ ജനത്തിന്റെ യാതൊരു നന്മയും ആമോസ് എടുത്തുകാട്ടുന്നില്ല. അവരുടെ കുറ്റകൃത്യങ്ങൾ എണ്ണിപ്പറഞ്ഞുകൊണ്ട് സംഭവി

ച്ചുകഴിഞ്ഞ മരണം തികച്ചും നീതിയുക്തമാണെന്ന് തെളിയിക്കുകയാണ് ഈ മരണപ്പാട്ടിന്റെ ലക്ഷ്യം.

"ഇസ്രായേൽ കന്യക വീണുപോയി,
അവൾ ഇനി എഴുന്നേല്ക്കുകയില്ല.
അവൾ സ്വദേശത്തു പരിത്യക്തയായിക്കിടക്കുന്നു,
അവളെ എഴുന്നേല്പിക്കാൻ ആരുമില്ല."

ഹൃദയഭേദകമായ ഒരു ചിത്രമാണ് സമാന്തരസ്വഭാവമുള്ള രണ്ട് ഈരടികളിൽ പ്രവാചകൻ വരച്ചുകാട്ടുന്നത്. "വീണു" എന്ന വാക്കാണ് ഹീബ്രുമൂലത്തിൽ ആദ്യമേ വരിക. സാവൂളിന്റെയും (2 സാമു 1,19. 25. 27) അബ്നേസറിന്റെയും (2 സാമു 3,34) മരണത്തെച്ചൊല്ലി ദാവീദു വിലപിക്കുന്നത് "വീണു" എന്നു പറഞ്ഞുകൊണ്ടാണ്. വാളിനിരയായി മരിച്ചു വീണതിനെയാണ് ഈ പദം സൂചിപ്പിക്കുക (വിലാ 2,21). മരിച്ച് മണ്ണിൽ കിടക്കുന്നവരെ നോക്കി വിലപിക്കാൻ ഉപയോഗിച്ചിരുന്ന വാക്കുകൾ ജീവിച്ചിരിക്കുന്ന ഇസ്രായേലിനെക്കുറിച്ചു പാടാനായി ഉപയോഗിക്കുന്ന ആമോസ് ഒരു ഹാസ്യഗാനം ആലപിക്കുകയല്ല. ദൈവത്തിന്റെ മേഖലയിൽ നിന്നു നോക്കുന്ന പ്രവാചകൻ സംഭവിച്ചുകഴിഞ്ഞ ഒരു യാഥാർത്ഥ്യമാണ് കാണുന്നത്. സാധാരണ ജനം സമൃദ്ധിയും സന്തോഷവും ഭാവി മഹത്വവും ദർശിക്കുന്നിടത്ത് പ്രവാചകൻ മരണവും സമൂലനാശവും കാണുന്നു. "സമ്പന്നരേ നിങ്ങൾക്കു ദുരിതം....' (ലൂക്കാ 6,24-26) മുതലായ യേശുവചനങ്ങളിൽ ഈ വൈരുദ്ധ്യം ദൃശ്യമാണ്. "വീണു; മഹാബാബിലോൺ വീണു" (വെളി 18,2) എന്ന പ്രവചനത്തിലും ഇതേ ആശയം കാണാം.

**ഇസ്രായേൽ കന്യക** : ഇസ്രായേൽ ജനത്തെ യൗവ്വനയുക്തയായ ഒരു കന്യകയോട് പ്രവാചകൻ ഉപമിക്കുന്നു. വടക്കൻ രാജ്യമാണ് ഇവിടെ ശ്രദ്ധാവിഷയം. ഈ പ്രതീകം ഹോസിയാ പ്രവാചകൻ ഏറ്റെടുത്ത് കൂടുതൽ വിശദമായി ഉപയോഗിക്കുന്നുണ്ട്. യൂദായെ "സീയോൻ പുത്രീ" എന്ന് ഏശയ്യായും (ഏശ 1,8; 10,32) "ഇസ്രായേൽ കന്യക" എന്ന് ജറെമിയായും (ജറെ 18, 14; 31, 4) വിളിക്കുമ്പോൾ ആമോസിന്റെ സ്വാധീനം അവരിലും ദൃശ്യമാണ്. വിവാഹത്തിന്റെ സന്തോഷവും മാതൃത്വത്തിന്റെ മഹത്വവും അനുഭവിക്കുന്നതിനു മുമ്പേ വധിക്കപ്പെട്ട കന്യകയാണ് ഇസ്രായേൽ. ശത്രുക്കളുടെ ആക്രമണം മൂലം നിശ്ശേഷം നശിപ്പിക്കപ്പെട്ട



ഒരു ജനത്തിന്റെ ചിത്രം ഈ പ്രതീകത്തിൽ തെളിയുന്നു. "അവളെ സഹായിക്കാൻ ആരുമില്ല" എന്ന രോധനം, "പരിത്യക്തയായിക്കിടക്കുന്നു" എന്ന വിലാപം - ഇതെല്ലാം ഒരേ ഒരു യാഥാർത്ഥ്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്: സഹായിക്കാൻ കഴിയുമായിരുന്ന ദൈവം അവരെ കൈവിട്ടിരിക്കുന്നു. മറവുചെയ്യാതെ വെളിപ്രദേശത്ത് മൃതശരീരം ഉപേക്ഷിക്കുന്നത് വധിക്കുന്നതിനേക്കാൾ വലിയ ശിക്ഷയാണ്.

യുദ്ധത്തിലുണ്ടാകുന്ന ദയനീയമായ പരാജയത്തെക്കുറിച്ചാണ് കർത്താവിന്റെ വചനമായി മൂന്നാം വാക്യത്തിൽ പ്രതിപാദിക്കുന്നത്. ഗോത്രങ്ങളുടെയും കുലങ്ങളുടെയും അടിസ്ഥാനത്തിലായിരുന്നു ഇസ്രായേലിൽ സൈനികസേവനത്തിന് ആളുകളെ ശേഖരിച്ചിരുന്നത്. ആയിരത്തിൽ നൂറും നൂറിൽ പത്തും മാത്രം അവശേഷിക്കും എന്ന പ്രവചനം പരാജയം പൂർണ്ണമായിരിക്കും എന്നാണ് സൂചിപ്പിക്കുക. സൈന്യത്തിൽ പത്തു ശതമാനം മാത്രം അവശേഷിച്ചാൽ വീണ്ടും യുദ്ധം ചെയ്തു ജയിക്കാൻ സാധിക്കും എന്ന ഒരു പ്രതീക്ഷയും ബാക്കിയില്ല. ഈ അവസ്ഥയാണ് വിലാപഗാനത്തിനു പ്രേരകമായി നില്ക്കുന്നത്.

### b. ആഹ്വാനം - വാഗ്ദാനം 5,4-6

ചരമഗീതം ആലപിച്ചതിനുശേഷം ജനത്തിനു നേരിയ പ്രത്യാശ നല്കുന്ന വചനങ്ങളാണ് ആമോസ് പ്രഘോഷിക്കുന്നത്. 4-5 വാക്യങ്ങൾ ദൈവത്തിന്റെ നേരിട്ടുള്ള അരുളപ്പാടായും 6-ാം വാക്യം പ്രവാചകവചനമായും അവതരിപ്പിച്ചിരിക്കുന്നു. പ്രഖ്യാപിച്ചുകഴിഞ്ഞ ശിക്ഷാവിധി നടപ്പിലാക്കുന്നതിനു തൊട്ടു മുമ്പ് നല്കിയിരിക്കുന്ന ചെറിയ ഇടവേളയായിട്ടാണ് ആമോസ് തന്റെ സമയത്തെ കാണുന്നത്.

"എന്നെ അന്വേഷിക്കുക, നിങ്ങൾ ജീവിക്കും" (5,4)"
കർത്താവിനെ അന്വേഷിക്കുക, നിങ്ങൾ ജീവിക്കും" (5,6)

സമാന്തരമായി അവതരിപ്പിച്ചിരിക്കുന്ന ഈ രണ്ടു വാക്യങ്ങൾ ആഹ്വാനത്തിന്റെ കേന്ദ്രമാണ്. അതിനു വിരുദ്ധമായി മൂന്നു സമാന്തരവാക്യങ്ങൾ അവതരിപ്പിച്ചുകൊണ്ട് ജീവന്റെയും മരണത്തിന്റെയും മാർഗ്ഗങ്ങൾ എടുത്തുകാട്ടുന്നു.

"ബെഥേലിനെ അന്വേഷിക്കരുത്,

ഗിൽഗാലിൽ പ്രവേശിക്കരുത്,
ബേർഷബായിലേക്കു പോകരുത്" (5,5)

4,4 -ൽ കണ്ട ആഹ്വാനത്തോടു ബന്ധപ്പെടുത്തി ഈ ആഹ്വാനങ്ങളെ കാണണം. തീർത്ഥാടനകേന്ദ്രത്തിലെ പുരോഹിതന്മാർ ജനത്തിനു നല്കുന്ന ക്ഷണത്തെ അനുകരിച്ചുകൊണ്ടാണ് അവിടെ ആമോസ് തന്റെ സന്ദേശം അവതരിപ്പിച്ചത്. ഇവിടെയും പുരോഹിതന്മാരുടെ ആഹ്വാനത്തെ ആമോസ് അനുകരിക്കുന്നതായി കാണാം. "അന്വേഷിക്കുക" എന്ന പദത്തിന് നഷ്ടപ്പെട്ടതിനെ തേടുക, അറിയാത്തതു കണ്ടെത്താൻ ശ്രമിക്കുക എന്നൊക്കെ അർത്ഥമുണ്ടെങ്കിലും (1 സാമു 9,3. 9; ഉൽപ 25,22) ഇവിടെ മറ്റൊരർത്ഥത്തിലാണ് അതുപയോഗിച്ചിരിക്കുന്നത്. "കർത്താവിനെ അന്വേഷിക്കുക" എന്ന പ്രയോഗത്തിന് കർത്താവിന്റെ സാന്നിധ്യം തേടുക അവിടുത്തെ കൃപയും അനുഗ്രഹവും യാചിക്കുക എന്ന അർത്ഥമാണ് പൊതുവേ കാണുക (സങ്കീ 27,8 -9; 105,4). ഈ ലക്ഷ്യത്തോടെയാണ് ജനങ്ങൾ തീർത്ഥാടനകേന്ദ്രത്തിലേക്കു പോകുന്നത്. ആരാധനാലയങ്ങളിലേക്കു ജനത്തെ പുരോഹിതന്മാർ ക്ഷണിക്കുന്നതും ഇതിനുവേണ്ടിയാണ്. അതിനാൽ പൊതുജനത്തിന്റെയും പുരോഹിതന്മാരുടെയും കാഴ്ചപ്പാട് അനുസരിച്ച് കർത്താവിനെ അന്വേഷിക്കുന്നതും തീർത്ഥാടനം നടത്തുന്നതും ഒന്നുതന്നെയാണ്. ഈ കാഴ്ചപ്പാടിനെയാണ് ആമോസ് തകിടം മറിക്കുന്നത്.

ബെഥേലിനെ അന്വേഷിക്കുക എന്നാൽ "ബെഥേലിലേക്കു തീർത്ഥാടകരായി വരിക" എന്നാണ് അർത്ഥമാക്കുന്നത്. യൂദായുടെ തെക്കേ അതിർത്തിയിലുള്ള പട്ടണമാണ് ബേർഷബാ. പൂർവ്വപിതാക്കന്മാരുടെ ജീവിതവുമായി ബന്ധപ്പെട്ട (ഉൽപ 21,31 -32;26,33;46,1) ഈ നഗരത്തിലേക്ക് വടക്കൻ രാജ്യക്കാരും തീർത്ഥാടനം നടത്തിയിരുന്നു. ഈ തീർത്ഥാടനങ്ങളെല്ലാം അർത്ഥശൂന്യമാണെന്നു മാത്രമല്ല. കർത്താവിൽ നിന്ന് അകന്നുപോകലുമാണെന്ന് ആമോസ് പ്രഖ്യാപിക്കുന്നു. കർത്താവിനെ അന്വേഷിക്കുകയെന്നാൽ ഏതെങ്കിലും തീർത്ഥാടനകേന്ദ്രമോ ദേവാലയമോ സന്ദർശിക്കലല്ല. അത് മുഖ്യമായും കർത്താവിന്റെ അനുഗ്രഹം തേടലുമല്ല. മറിച്ച്, അവിടുത്തെ തിരുഹിതം ആരായലാണ്; അവിടുത്തെ പ്രമാണങ്ങൾ അറിയാനും അതനുസരിച്ചു ജീവിക്കാനും



ശ്രമിക്കലാണ്.

തീർത്ഥാടനവുമായി ബന്ധപ്പെട്ട ചില സങ്കീർത്തനങ്ങൾ ഈ ആശയം വ്യക്തമാക്കുന്നുണ്ട് (സങ്കീ 15; 24,3-6). എന്നാൽ കാലക്രമത്തിൽ തീർത്ഥാടനത്തിന്റെ ലക്ഷ്യം മാറി. കർത്താവിന്റെ ഹിതം അറിയുക എന്നതിനു പകരം അനുഗ്രഹം പ്രാപിക്കുക എന്നതുമാത്രമായി. പുരോഹിതന്മാർ ഈ ആശയത്തിന് ഊന്നൽ നല്കുകയും ചെയ്തു. അതിനാൽ തീർത്ഥാടനം ജനത്തെ ദൈവത്തിൽ നിന്ന് അകറ്റുന്ന ചടങ്ങായിത്തീർന്നു. ഈ സാഹചര്യത്തിൽ തീർത്ഥാടനം നിർത്തിവയ്ക്കാനാണ് ആമോസിലൂടെ കർത്താവ് ആവശ്യപ്പെടുന്നത്. തീർത്ഥാടനകേന്ദ്രങ്ങളെല്ലാം നശിപ്പിക്കപ്പെടാൻ പോകുന്നു. കർത്താവിന്റെ പ്രമാണം അനുസരിച്ചുള്ള ജീവിതം മാത്രമേ രക്ഷ നല്കൂ.

ജീവിക്കും" എന്ന വാഗ്ദാനം ശാരീരികമായ ജീവിതത്തെ മാത്രമല്ല സൂചിപ്പിക്കുന്നത്. കർത്താവിന്റെ സാന്നിധ്യത്തിൽ, അവിടുത്തെ പ്രീതി ആസ്വദിച്ചുകൊണ്ടുള്ള ജീവിതത്തെയാന് ഇവിടെ വിവക്ഷിക്കുന്നത്. വാഗ്ദത്ത ഭൂമിയിലെ വാസം എന്നും ഇതിനെ വിശേഷിപ്പിക്കാം. ഒറ്റപ്പെട്ട വ്യക്തികളെ മാത്രമല്ല, ഇസ്രായേൽ സമൂഹത്തെ ഒന്നടങ്കമാണ് ഇവിടെ അഭിസംബോധന ചെയ്യുന്നത്. "ഇസ്രായേൽഭവനം" (5,4) എന്നും "ജോസഫിന്റെ ഭവനം" (6,6) എന്നും വിളിക്കുന്നത് വടക്കൻ രാജ്യമായ ഇസ്രായേലിനെയാണ്. വടക്കൻ ഗോത്രങ്ങളിൽ പ്രമുഖരായ എഫ്രേമും മനാസ്സെയും ജോസഫിന്റെ സന്തതികളായതിനാൽ "ജോസഫ്" വടക്കൻ രാജ്യത്തിന്റെ മുഴുവൻ പ്രതിനിധിയായി പരിഗണിക്കപ്പെടുന്നു. ഒരു ജനം എന്ന രീതിയിലുള്ള അവരുടെ നിലനില്പിനെയാണ് മുഖ്യമായും "ജീവിക്കും" എന്ന വാഗ്ദാനം കൊണ്ട് സൂചിപ്പിക്കുക, പ്രവാചകനിലൂടെ അറിയിക്കപ്പെടുന്ന ദൈവവചനം ശ്രവിക്കുകയും അനുസരിക്കുകയും ചെയ്താലേ ജീവൻ ലക്ഷ്യമാകൂ.

കർത്താവിന്റെയടുക്കലേക്കു മടങ്ങി വരുന്നില്ലെങ്കിൽ സംഭവിക്കാൻ പോകുന്ന ശിക്ഷ 5,5-ൽ തീർത്ഥാടനകേന്ദ്രങ്ങളെയും 5,6-ൽ ജനം മുഴുവനെയും ബാധിക്കുന്നതായി അവതരിപ്പിച്ചിരിക്കുന്നു.

"ഗിൽഗാൽ നാടുകടത്തപ്പെടും,
ബെഥേൽ ശൂന്യമാകും"

എന്ന പ്രഖ്യാപനത്തിൽ വാക്കുകൊണ്ടുള്ള ഒരു കളി കാണാം.

"ഹഗിൽഗാൽ ഗലോ ഇഗ്ലേ,
ഉബേത്ഏൽഇഹ്യേ ല് ആവേൻ"

എന്നാണ് ഹീബ്രുമൂലം. ഗിൽഗാൽ നാടുകടത്തപ്പെടും എന്ന പ്രസ്താവന ഗിൽഗാലിൽ ആരാധനയ്ക്കു വരുന്നവരെയാണ് ഉദ്ദേശിക്കുന്നത് എന്നതിൽ സംശയമില്ല. "ദൈവത്തിന്റെ ഭവനം" എന്നാണല്ലോ ബെഥേലിന്റെ അർത്ഥം. വിലകെട്ടത്, ഇല്ലായ്മ, എന്നൊക്കെയാണ് "ആവേൻ" എന്ന വാക്കിന്റെ അർത്ഥം. ദൈവ ഭവനമായിരിക്കേണ്ട നഗരം ജനവാസമില്ലാതെ ശൂന്യമാകും. "അഗ്നി വിഴുങ്ങും" എന്ന ശിക്ഷാവിധി പുസ്തകത്തിന്റെ ആരംഭ ത്തിൽ അനേകം തവണ കണ്ടതാണ് "ബെഥേലിൽ ആർക്കും അതിനെ കെടുത്താൻ ആവില്ല" എന്ന പ്രസ്താവനയിലൂടെ മതാ നുഷ്ഠാനങ്ങൾ മാത്രം ദൈവശിക്ഷ ഒഴിവാക്കാൻ പര്യാപ്തമാവു കയില്ല എന്നു തറപ്പിച്ചു പറയുന്നു.

## c. കുറ്റാരോപണം 5,7

"ന്യായത്തെ കീഴ്മേൽ മറിക്കുകയും
നീതിയെ നിലത്തെറിയുകയും ചെയ്യുന്നവരേ"

ഈ വാക്യം ഹീബ്രുമൂലത്തിൽ പൂർണ്ണമല്ല. ഏതോ വാക്ക് വിട്ടുപോയിരിക്കുന്നു. "നിങ്ങൾക്കു ദുരിതം" എന്ന് ചില വ്യാഖ്യാ താക്കൾ പൂരിപ്പിക്കാറുണ്ട്. ഈ അപാകത പി.ഒ.സി. ബൈബിളിൽ തിരുത്തിയിട്ടുണ്ട്. പക്ഷേ വാക്യങ്ങൾ തലതിരിച്ച് ആറാം വാക്യ ത്തിനുമുമ്പ് ഏഴാം വാക്യം ചേർത്താണ് അർത്ഥം കണ്ടെത്തിയ ത്. ഓശാന ബൈബിളിൽ അഭിസംബോധനയ്ക്കു പകരം ഒരു പൂർണ്ണവാക്യമാക്കിയിരിക്കുന്നു. "ന്യായത്തെ കീഴ്മേൽ മറിക്കുക" എന്ന വിവർത്തനം ഒരു വ്യാഖ്യാനമാണ്. "ന്യായത്തെ കയ്പാക്കി" എന്ന വിവർത്തനം മൂലത്തോട് കൂടുതൽ അടുത്തുനില്ക്കുന്നു. "ല് അനാ" എന്ന ഹീബ്രുവാക്കിന്റെ വിവർത്തനമാണ് ഇവിടെ പ്രശ്നമായി നില്ക്കുന്നത്. കയ്പുള്ള ഒരു ചെടിയെ (worm wood) ആണ് ഈ പദം സൂചിപ്പിക്കുക. ഏകദേശം ഒന്നരമീറ്റർ മാത്രം ഉയരമെത്തുന്ന ഈ ചെടി മധ്യധരണ്യാഴിയുടെ തീരപ്രദേശങ്ങ ളിലും പലസ്തീനായിലും വളരുന്നതാണ്. ആശയം മനസ്സിലാ



ക്കാൻ എളുപ്പത്തിനുവേണ്ടി "കാഞ്ഞീരം" എന്നു വിളിക്കാം. കാഞ്ഞീരം ചെറിയ ചെടിയല്ല, മരമാണെങ്കിൽത്തന്നെ, പ്രവാച കൻ ഉദ്ദേശിക്കുന്ന അർത്ഥം വ്യക്തമാക്കാൻ ഇതു സഹായിക്കും. ന്യായം എന്തായിരിക്കണമോ അതിന്റെ കടകവിരുദ്ധമായിത്തീർന്നി രിക്കുന്നു എന്നാണ് സൂചന. അതിനാലാണ് "കീഴ്മേൽ മറിക്കുക" എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. വിലകെട്ടതായി കരുതു ന്നതിന്റെ പ്രകടനമാണ് നിലത്തെറിയുന്നത്. രണ്ടു പ്രവൃത്തികളും നീതിയും ന്യായവും നിഷേധിക്കുന്നു എന്നു സൂചിപ്പിക്കുന്നു.

ന്യായം, നീതി എന്ന രണ്ടു പദങ്ങൾ ആമോസിന്റെ പുസ്ത കത്തിലെ വളരെ പ്രധാനപ്പെട്ട ഒരാശയത്തെ അവതരിപ്പിക്കുന്ന താണ്. 5,24;6,12 എന്നീ വാക്യങ്ങളിൽ ഈ രണ്ടു പദങ്ങളും വീണ്ടും പ്രത്യക്ഷപ്പെടുന്നുണ്ട്. ആദ്യത്തേത് ഒരു ആഹ്വാനമായും രണ്ടാമ ത്തേത് 5,7-ലേതുപോലെ ഒരു പ്രസ്താവനയായും. ഈ ആശയം 5,24 അപഗ്രഥിക്കുമ്പോൾ വിശദമായി ചർച്ച ചെയ്യുന്നതാണ്.

## d. കീർത്തനം 5,8-9

ആർക്കും കെടുക്കാനാവാത്ത വിധം ഇസ്രായേലിന്റെമേൽ ശിക്ഷയുടെ അഗ്നി അയയ്ക്കുന്നത് ആരാണെന്ന് ഈ വാക്യങ്ങ ളിൽ വിവരിക്കുന്നു. കർത്താവിന്റെ മഹത്വത്തെ പ്രകീർത്തിക്കുന്ന ഈ കീർത്തനം മൂന്നാം പ്രഭാഷണത്തിന്റെ കേന്ദ്രസ്ഥാനത്താണു നില്ക്കുക. ദേശത്തിന്മേൽ വിലാപഗാനം ആലപിക്കാൻ കാരണ മാക്കുകയും ജനത്തിന്റെ കുറ്റങ്ങൾക്ക് തക്കതായ ശിക്ഷ നല്കു കയും ചെയ്യുന്ന ദൈവമായ കർത്താവിന്റെ ശക്തി പ്രാഭവങ്ങൾ ഈ കീർത്തനത്തിൽ വർണ്ണിക്കുന്നു. 4,13; 9,5-6 വാക്യങ്ങളിൽ ഇതിനു സമാനമായ രണ്ടു കീർത്തനങ്ങൾ കാണാം. ഈ മൂന്നു കീർത്തനങ്ങളിലും മുഴങ്ങി കേൾക്കുന്ന ഒരു പ്രഖ്യാപനമുണ്ട്: "അവിടുത്തെ നാമം കർത്താവ് എന്നാണ്" ചർച്ചാവിഷയമായ കീർത്തനത്തിൽ കർത്താവിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള രണ്ടു വിവരണങ്ങളുടെ മധ്യത്തിലാണ് ഈ പ്രഖ്യാപനം. ആദ്യ വിവരണം (5,8) സ്രഷ്ടാവും പരിപാലകനുമായ ദൈവത്തെ പ്രകീർത്തിക്കുന്നു. രണ്ടാം ഭാഗത്ത് (5,9) ശിക്ഷാവിധി നടപ്പിലാ ക്കുന്നതിനെയാണ് പ്രകീർത്തിക്കുന്നത്.

കാർത്തികയും (വൃശ്ചികവും) മകയിരവും (മകരം) ഋതു ക്കളുമായി ബന്ധപ്പെട്ട രണ്ടു നക്ഷത്രവ്യൂഹങ്ങളാണ്. ആദ്യത്തേത്

ശരത് കാലത്തേയും (autumn) രണ്ടാമത്തേത് ശിശിരകാലത്തേയും (winter) സൂചിപ്പിക്കുന്നു. കാലങ്ങളും ഋതുക്കളും, രാവും, പകലും, മഴയും വെയിലും എല്ലാം സൃഷ്ടിച്ചവനാണ് ദൈവമായ കർത്താവ്. ഈ പ്രഖ്യാപനത്തിന് രണ്ടു ധ്വനികളുണ്ട്. 1. അവിടുന്ന് സർവ്വശക്തനാണ്, സൃഷ്ടപ്രപഞ്ചം മുഴുവൻ അവിടുത്തെ ആജ്ഞ അനുവർത്തിക്കുന്നു. 2. ആകാശഗോളങ്ങളൊന്നും ദൈവമല്ല, ബാൽ, അഷേറാ ദേവതകളെ കാല - ഋതുക്കളുടെയും ഫലപുഷ്ടിയുടെയും ദൈവങ്ങളായി കരുതി ആരാധിച്ചിരുന്നവരുടെ മൗഢ്യം തുറന്നു കാട്ടുകയാണ് ഈ പ്രകീർത്തനത്തിലൂടെ ചെയ്യുന്നത്

9-ാം വാക്യത്തിൽ ദൈവത്തിന്റെ രക്ഷാകർമ്മത്തിലേക്കു ശ്രദ്ധ തിരിക്കുന്നു. "പ്രബലന്മാർ" എന്നു വിവർത്തനം ചെയ്യുന്ന വാക്കിന്റെ അർത്ഥം "ശക്തിദുർഗ്ഗം" എന്നത്രെ. മനുഷ്യനിർമ്മിതമായ കോട്ടകളും ശക്തിദുർഗ്ഗങ്ങളും ദൈവത്തിനു നിസ്സാരമാണ്. അക്രമികളെ ശിക്ഷിക്കാൻ വരുന്ന കർത്താവിന്റെ മുമ്പിൽ ഒരു കോട്ടയും സംരക്ഷണം നല്കുകയില്ല. അധർമ്മത്തിന് അറുതി വരുത്തുന്ന കർത്താവ് ഇവിടെ ഒരു യോദ്ധാവിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു.

## e. കുറ്റവും ശിക്ഷയും 5,10-13

7-ാം വാക്യത്തിൽ പൊതുവായി അവതരിപ്പിച്ച അതിക്രമങ്ങളുടെ ചിത്രം ഇവിടെ കൂടുതൽ വിശദമാക്കുന്നു. കോടതിയുടെ സഹായത്തോടെ പാവപ്പെട്ടവർക്കെതിരേ സമ്പന്നർ നടത്തുന്ന അതിക്രമവും ചൂഷണവുമാണ് ഇവിടെ എണ്ണിപ്പറയുന്നത്. പരാതികൾ കേട്ടു തീർപ്പു കല്പിക്കാൻവേണ്ടി പുരാതനകാലം മുതലേ ഇസ്രായേലിൽ ഉണ്ടായിരുന്ന സംവിധാനമാണ് കോടതി. പട്ടണവാതിലിന്റെ ഉൾഭാഗത്താണ് ന്യായാധിപന്മാർ സമ്മേളിക്കുക. അതിനാൽ നീതിന്യായ കോടതി "നഗരകവാടം" എന്ന് അറിയപ്പെടുന്നു (നിയ 21,19; 25, 7; റൂത്ത് 4, 11). നിലവിലിരിക്കുന്ന നിയമങ്ങളുടെ അടിസ്ഥാനത്തിൽ, സാക്ഷികളുടെ മൊഴിയെ ആധാരമാക്കിയാണ് ന്യായാധിപൻ വിധി പ്രസ്താവിക്കുക. സാക്ഷികൾ സത്യം മുഴുവൻ തുറന്നു പറയുന്നതും ന്യായാധിപൻ ന്യായമായി വിധി പ്രസ്താവിക്കുന്നതും നീതി പാലനത്തിന് അനിവാര്യമാണ്. ഇതുവഴി മാത്രമേ ജനജീവിതം സുഗമമാകൂ; പാവപ്പെട്ടവർക്കു നീതി



ലഭിക്കൂ.

നീതിപാലനം തടസ്സപ്പെടുത്തുന്നു എന്നതാണ് ആദ്യമേ ഉന്നയിക്കുന്ന ആരോപണം (5,10). ന്യായാധിപനെ വെറുക്കുകയും സത്യം പറയുന്ന സാക്ഷികളെ അവജ്ഞയോടെ വീക്ഷിക്കുകയും ചെയ്യുന്നവർ ഭീഷണിയിലൂടെ തങ്ങൾക്ക് അനുകൂലമായ വിധി നേടിയെടുക്കുന്ന ശക്തന്മാരാണ്. "അന്യായമായി ഗോതമ്പ് ഈടാക്കുന്നു" എന്ന ആരോപണം ജന്മി-കുടിയാൻ വ്യവസ്ഥയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇസ്രായേലിൽ എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി ഭൂമിയുണ്ടായിരുന്നു. എന്നാൽ വിവിധ മാർഗ്ഗങ്ങളിലൂടെ ചുരുക്കം പേർ ഭൂമി കൈയടക്കുകയും ഭൂരിഭാഗം പേരും പാട്ടത്തിനു കൃഷിചെയ്യുന്ന കുടിയാന്മാരുടെ അവസ്ഥയിലേക്കു തള്ളപ്പെടുകയും ചെയ്തു. ഈ കുടിയാന്മാരിൽ അന്യായമായി പിരിച്ചെടുക്കുന്ന പാട്ടത്തെക്കുറിച്ചാണ് ആമോസ് ഇവിടെ പരാമർശിക്കുന്നത്.

പാവപ്പെട്ടവരിൽ നിന്നു പിടിച്ചെടുത്തത് ആഡംബരങ്ങൾക്കുവേണ്ടിയാണ് ധനികർ ഉപയോഗിക്കുക (5,11). ഇസ്രായേലിൽ സാധാരണക്കാർ വീടു പണിതിരുന്നത് കാട്ടുകല്ലും മൺകട്ടയും ഉപയോഗിച്ചാണ് ചെത്തിയൊരുക്കിയ കല്ലുകൊണ്ട് സോളമൻ ദേവാലയവും രാജകൊട്ടാരവും പണിതു. ആമോസിന്റെ കാലമായപ്പോഴേക്കും നാട്ടിലെ അനേകം സമ്പന്നർ കൊട്ടാരസമാനമായ മാളികകൾ പണിയാൻ തുടങ്ങി. ചെറുകിട കർഷകരിൽ നിന്നു പിടിച്ചെടുത്ത തുണ്ടുഭൂമികൾ ഒരുമിച്ചുകൂട്ടി വലിയ മുന്തിരിത്തോട്ടങ്ങൾ നട്ടുപ്പിടിപ്പിക്കാനും സമ്പന്നർക്കു കഴിഞ്ഞു. ആഹാബു പിടിച്ചെടുത്ത നാബോത്തിന്റെ മുന്തിരിത്തോട്ടം (1 രാജാ 21) ഉദാഹരണമാണ്.

ഈ അതിക്രമങ്ങൾക്കുള്ള ശിക്ഷ ഉടനെ പ്രഖ്യാപിക്കുന്നു. പണിത വീടുകളിൽ അവർ വസിക്കുകയില്ല; മുന്തിരിത്തോട്ടത്തിന്റെ ഫലം അനുഭവിക്കുകയുമില്ല. തങ്ങൾ പണിയാത്ത വീടുകളും നട്ടുപിടിപ്പിക്കാത്ത തോട്ടങ്ങളും അവർക്കു നല്കിയത് ദൈവത്തിന്റെ സ്നേഹമായിരുന്നു, വാഗ്ദാനത്തിന്റെ പൂർത്തീകരണവും (നിയ 6,10-11). എന്നാൽ, വീടുപണിതിട്ട് അതിൽ വസിക്കാനും തോട്ടം നട്ടുപിടിപ്പിച്ചിട്ട് ഫലം അനുഭവിക്കാനും കഴിയാതെ വരിക ഉടമ്പടി ലംഘനത്തിനുള്ള ശിക്ഷയായി അറിയിച്ചിരുന്നു (നിയ. 28,30-39). ഈ ശിക്ഷകൾ കർത്താവു നടപ്പിലാക്കാൻ

പോകുന്നു എന്നാണ് ആമോസ് പ്രഖ്യാപിക്കുന്നത്.

നേരിട്ടുകണ്ട അതിക്രമങ്ങളെക്കുറിച്ചാണ് താൻ പറയുന്നത് എന്ന് ആമോസ് വ്യക്തമാക്കുന്നു (5,12). ന്യായാധിപന്മാരെയും സാക്ഷികളെയും ഭീഷണിപ്പെടുത്തുന്നതിനേക്കാൾ ഗൗരവാവഹമായ കുറ്റമാണ് ഇവിടെ എടുത്തു കാട്ടുന്നത്. ന്യായാധിപന്മാർ തന്നെ കോഴ വാങ്ങുകയും ധനികർക്ക് അനുകൂലമായ വിധി പ്രസ്താവിക്കുകയും ചെയ്യുന്നു. "ന്യായത്തെ കീഴ്മേൽ മറിക്കുകയും നീതിയെ നിലത്തെറിയുകയും" ചെയ്യുന്നതിന്റെ ഉദാഹരണമാണിത്. കോടതിയിൽ കള്ളസാക്ഷ്യം പറയുന്നതും നീതി നിഷേധിക്കുന്നതും കൈക്കൂലി വാങ്ങുന്നതും ഉടമ്പടിയുടെ നിബന്ധനകളിലൂടെ വിലക്കിയിട്ടുള്ളതാണ് (പുറ 20,16;23,1-9). ഉടമ്പടി ലംഘിച്ചിരിക്കുന്നു എന്നതിനു വ്യക്തമായ തെളിവുകളാണ് ആമോസ് ഇവിടെ നിരത്തുന്നത്.

5,13 - "ഇക്കാലത്ത് വിവേകി മൗനം പാലിക്കുന്നു,
കാലം ദുഷിച്ചതാണ്".

ഈ വാക്യത്തിന്റെ വ്യാഖ്യാനത്തിൽ അഭിപ്രായഭിന്നതയുണ്ട്. "ആകയാൽ" എന്ന സമുച്ചയപദം ഈ വാക്യത്തെ മുൻവാക്യവുമായി ബന്ധിച്ചിട്ടുണ്ട്. മേൽ വിവരിച്ച സാഹചര്യം നിലനില്ക്കുന്നതിനാൽ കോടതിയിൽ പരാതി ബോധിപ്പിച്ചിട്ടു കാര്യമില്ല. അതു കൂടുതൽ ക്ലേശങ്ങൾക്കേ കാരണമാകൂ. മൗനം പാലിക്കുകയാണ് വിവേകം. പാവപ്പെട്ടവരുടെ ഇടയിൽ നിലനിന്ന ഈ മനോഭാവമാണ് ആമോസിന്റെ വാക്കുകളായി അവതരിപ്പിച്ചിരിക്കുന്നത് എന്നു ചില വ്യാഖ്യാതാക്കൾ കരുതുന്നു. അനീതി നിറഞ്ഞ ഈ സംവിധാനത്തെ ചോദ്യം ചെയ്യുന്നത് അപകടകരമാണെന്നു മനസിലാക്കി "വിവേകപൂർവ്വം" മൗനം പാലിക്കുന്നവർക്കെതിരേയുള്ള ആമോസിന്റെ പരിഹാസമായി ഇതിനെ കാണുന്നവരുമുണ്ട്. ഇപ്രകാരം മൗനം പാലിക്കുന്ന ഒരു വിവേകി ആയിരുന്നില്ല ആമോസ്. "കാലം ദുഷിച്ചതാണ്" എന്ന പ്രസ്താവന ആമോസ് പ്രവചിച്ച ദുരന്തങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കാലത്തെയാണ് സൂചിപ്പിക്കുന്നത് എന്നും പ്രവാചകന്റെ താക്കീതുകളെയും കർത്താവയയ്ക്കുന്ന ശിക്ഷകളെയും എതിർത്തു വിമർശിക്കാതെ മൗനമായി സ്വീകരിക്കുകയാണ് വേണ്ടതെന്നും ജനത്തെ ഉപദേശിക്കാനായി ആമോസിന്റെ ശിഷ്യഗണത്തിൽപ്പെട്ട ആരോ കൂട്ടിച്ചേർത്തതാണ് ഈ വചനമെന്നും മറ്റു ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. ഇതിൽ രണ്ടാമത്തെ വ്യാഖ്യാനമാണ് കൂടുതൽ സ്വീകരാര്യമായിത്തോന്നുത്.



## f. ആഹ്വാനം - വാഗ്ദാനം 5,14-15

5,4-6 - ൽ കണ്ടതിനു സമാനമായ ആഹ്വാനവും വാഗ്ദാനവുമാണ് ഈ വാക്യങ്ങളിൽ വീണ്ടും നല്കുന്നത്. "കർത്താവിനെ അന്വേഷിക്കുവിൻ, നിങ്ങൾ ജീവിക്കും" എന്നത് ഇവിടെ "നന്മ അന്വേഷിക്കുവിൻ, നിങ്ങൾ ജീവിക്കും" എന്നു വ്യാഖ്യാനിക്കുന്നു. 14,15 വാക്യങ്ങൾ ഒരേ ആശയം കൂടുതൽ വിശദമാക്കുന്ന സമാന്തരവാക്യങ്ങളാണ്. ഓരോ വാക്യത്തിലും ഓരോ ആഹ്വാനവും ഓരോ വാഗ്ദാനവും കാണാം. ആദ്യത്തെ ആഹ്വാനത്തെയും വാഗ്ദാനത്തെയും കൂടുതൽ വ്യക്തമാക്കുന്നതാണ് രണ്ടാമത്തെ ആഹ്വാനവും വാഗ്ദാനവും. "അന്വേഷിക്കുക" എന്നാൽ തീർത്ഥാടനം നടത്തുകയല്ല, സർവ്വശക്തിയും ശ്രദ്ധയും കേന്ദ്രീകരിച്ചുകൊണ്ട് ജീവിതത്തെത്തന്നെ ഒരു കാര്യത്തിനായി സമർപ്പിക്കുക എന്നാണ് അർത്ഥമാക്കുന്നത്. ഇവിടെ "നന്മ" എന്ന പൊതുവായ ആശയം ജീവിതത്തിന്റെ മുഴുവൻ ലക്ഷ്യമാക്കി മാറ്റാൻ പ്രവാചകൻ ആവശ്യപ്പെടുന്നു.

"തിന്മയെ വെറുക്കുവിൻ, നന്മയെ സ്നേഹിക്കുവിൻ" എന്ന് 5,15-ൽ ആഹ്വാനം ആവർത്തിക്കുന്നു. വെറുക്കുക, സ്നേഹിക്കുക എന്നീ പരസ്പരവിരുദ്ധമായ പദങ്ങൾ വികാരങ്ങളെ മാത്രമല്ല സൂചിപ്പിക്കുക. ബുദ്ധിയും വികാരവും ഇച്ഛാശക്തിയും എന്നല്ല സകല കഴിവുകളും ഉപയോഗിച്ച് എന്തിനെയെങ്കിലും സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്ന പ്രവൃത്തിയെയാണ് ഈ പദങ്ങൾകൊണ്ട് ബൈബിൾ വിവക്ഷിക്കുന്നത്. തിന്മയെ വെറുക്കുന്നതും നന്മയെ സ്നേഹിക്കുന്നതും ഒരേ പ്രവൃത്തിയുടെ രണ്ടു വശങ്ങളാണ്. ഒന്നില്ലാതെ മറ്റേത് അസാധ്യമത്രേ. കർത്താവിനെ അന്വേഷിക്കുക, നന്മ അന്വേഷിക്കുക, നന്മയെ സ്നേഹിക്കുക എന്നീ ആഹ്വാനങ്ങൾക്കെല്ലാം പ്രയോഗത്തിൽ ഒരേ അർത്ഥമാണുള്ളത്.

മേൽ വിവരിച്ച മൂന്ന് ആഹ്വാനങ്ങളും "നഗരകവാടത്തിൽ നീതി സ്ഥാപിക്കുവിൻ" എന്ന അന്തിമമായ ആഹ്വാനത്തിലേക്കു നയിക്കുന്നു. സമൂഹത്തിൽ നീതി നടപ്പിലാക്കണം. ഏറ്റം പാവ

പ്പെട്ടവനും നീതി ലഭിക്കണം. അതിന് നീതിന്യായകോടതികൾ നീതിപൂർവ്വം പ്രവർത്തിക്കണം. ഒറ്റപ്പെട്ട കാരുണ്യപ്രവൃത്തികളോ ഒറ്റപ്പെട്ട വ്യക്തികളുടെ നീതിപൂർവ്വകമായപ്രവൃത്തിയോ പോരാ, അനീതി നിറഞ്ഞതും അനീതിക്കു ജന്മം നല്കുന്നതുമായ അധി കാരസംവിധാനങ്ങൾ ഉടച്ചുവാർക്കണം എന്നാണ് ആമോസ് ആവ ശ്യപ്പെടുക. സ്വാർത്ഥമോഹത്താലോ, ഭീരുത്വത്താലോ പ്രേരിതമായ മൗനം വെടിഞ്ഞ്, നീതിന്യായ കോടതികളെ അവയുടെ ലക്ഷ്യ ത്തിനുതുകം വിധം കാര്യക്ഷമമാക്കണം. ഇത് രാജ്യത്തിന്റെ മുഴു വൻ ബാധ്യതയാണെന്ന് ആമോസ് അനുസ്മരിപ്പിക്കുന്നു.

ആമോസിന്റെ കുറ്റാരോപണങ്ങളും ആഹ്വാനങ്ങളും ശക്ത മായ എതിർപ്പുളവാക്കിയെന്നു സൂചിപ്പിക്കുന്നതാണ് "നിങ്ങൾ പറ യുന്നതുപോലെ" എന്ന വിശേഷണം കർത്താവു തങ്ങളോടുകൂ ടെയുണ്ട് എന്ന വിശ്വാസം ഇസ്രായേലിന്റെ പിതൃസ്വത്തായിരുന്നു. പൂർവ്വപിതാക്കന്മാർക്കും (ഉൽപ 26,3;28,15) നേതാക്കന്മാർക്കും (പുറ 33,14; ജോഷ്വാ 1,6; ന്യായാ 6,12) നല്കിയ വാഗ്ദാനങ്ങളും ഉടമ്പടിയും വഴി ജനഹൃദയത്തിൽ അടിയുറച്ചതാണ് ഈ വിശ്വാസം (സങ്കീ 46;7,11). ഈ വിശ്വാസം എടുത്തുകാട്ടിക്കൊണ്ട് കേൾവി ക്കാർ ആമോസിന്റെ വാക്കുകളെ എതിർത്തുട്ടുണ്ടാവും. അതി നാലാണ് "നിങ്ങൾ പറയുന്നതുപോലെ, അപ്പോൾ ദൈവമായ കർത്താവ് നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" എന്ന് ആമോസ് പറയുക. ജനമധ്യത്തിലുള്ള ദൈവത്തിന്റെ സാന്നിധ്യം നിരുപാ ധികമായ ഒരു ദാനമല്ല, നിബന്ധനകളോടുകൂടിയ ഒരു വാഗ്ദാന മാണ്. നീതി പ്രവർത്തിക്കുന്ന ജനത്തിനു മാത്രമേ ദൈവത്തിന്റെ കരുണയും രക്ഷാകരസാന്നിധ്യവും അനുഭവിക്കാൻ കഴിയൂ.

കർത്താവിന്റെ അനുഗ്രഹത്തിന്റെയും കരുണയുടെയും മേൽ ആർക്കും അവകാശവാദം ഉന്നയിക്കാൻ കഴിയുകയില്ല എന്ന് അനുസ്മരിപ്പിക്കുന്നതാണ് "കരുണ കാട്ടാൻ കനിഞ്ഞേക്കും" എന്ന പ്രസ്താവന. ഇവിടെ പ്രവാചകൻ ഒരുറപ്പും നല്കുന്നില്ല. പൂർണ്ണഹൃദയത്തോടെ കർത്താവിലേക്കു തിരിയുക; നീതി പ്രവർത്തിച്ചുകൊണ്ട് അവിടുത്തെ കരുണയ്ക്കായി കാത്തിരി ക്കുക എന്നു മാത്രമേ ആമോസ് പറയുന്നുള്ളൂ. "ജോസഫിന്റെ സന്തതികളിൽ അവശേഷിക്കുന്നവരോട്" എന്ന വിശേഷണം കർത്താവ് ശിക്ഷ നടപ്പിലാക്കുകതന്നെ ചെയ്യും എന്ന് തറപ്പിച്ചു പറയുന്നു. ഒരുപക്ഷേ ചുരുക്കം പേരെ അവശേഷിപ്പിക്കാൻ



കർത്താവു കനിഞ്ഞേക്കും എന്നത് വളരെ ലോലവും ദുർബ്ബല വുമായ ഒരു പ്രതീക്ഷ മാത്രമാണ്.

## g. വിലാപം 5,16-17

വിലാപഗാനത്തോടെ ആരംഭിച്ച പ്രഭാഷണം വിലാപ ത്തോടെ അവസാനിക്കുന്നു. കർത്താവിന്റെ മാറ്റമില്ലാത്ത ശിക്ഷാ വിധിയായിട്ടാണ് ഈ വാക്യങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. "ആക യാൽ" എന്ന പദം ഈ ശിക്ഷാവിധിയെ പ്രഭാഷണത്തിൽ ഉന്ന യിച്ച കുറ്റാരോപണങ്ങളോടു ബന്ധപ്പെടുത്തുന്നു. മരിച്ചവരെച്ചൊ ല്ലിയുള്ള വിലാപമാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്.

"സകല തെരുവുകളിലുംനിന്ന് വിലാപം ഉയരും, എല്ലാ പൊതു സ്ഥലങ്ങളിലും നിന്ന് ഹാഹാ എന്ന് നിലവിളിയും." ദേശത്തെ നഗരങ്ങളാണ് ഇവിടെ ശ്രദ്ധാകേന്ദ്രം. ദരിദ്രർക്കും ആലം ബഹീനർക്കും എതിരേ അതിക്രമങ്ങൾ പ്രവർത്തിച്ചവരെക്കുറി ച്ചാണ് വിലാപങ്ങൾ ഉയരുന്നത്. പാവപ്പെട്ട കർഷകരുടെ തുണ്ടു ഭൂമി തട്ടിയെടുത്ത് സമ്പന്നർ നട്ടുപിടിപ്പിച്ച മുന്തിരിത്തോട്ടങ്ങളിൽ നിന്നു (5,11) വിലാപഗാനങ്ങൾ ഉയരും. "കർഷകരെ കരയാൻ വിളിക്കും" എന്ന പ്രവചനത്തിൽ പ്രതികാരത്തിന്റെ ധ്വനിയുണ്ട്. ആരുടെ നിലങ്ങൾ സമ്പന്നർ സ്വന്തമാക്കിയോ ആ കർഷകരായി രിക്കും ഇപ്പോൾ അവർക്കുവേണ്ടി കരയുക. ഈ വിലാപം ഒരു ചടങ്ങാണ്.

ദേശത്തെ മുഴുവൻ അഗാധമായ ദുഃഖത്തിലും ദീനവിലാ പത്തിലും ആഴ്ത്തുന്ന സംഭവം എന്തെന്ന് പ്രവാചകൻ വിശദമാ ക്കുന്നില്ല. "ഞാൻ നിങ്ങളുടെ ഇടയിലൂടെ കടന്നുപോകും" എന്ന ഒറ്റ വാക്യത്തിൽ വിലാപത്തിന്റെ കാരണം ഒതുക്കി പറഞ്ഞിരി ക്കുന്നു. ഈജിപ്തിലൂടെ സംഹാരദൂതൻ കടന്നുപോയതിന്റെ (പുറ 12,12) ഓർമ്മയാണ് ഈ വാക്യം ശ്രോതാക്കളിൽ ഉണർത്തുക. ഇസ്രായേൽ ജനത്തെ അടിമകളാക്കി വച്ചുകൊണ്ടിരുന്ന ഈജി പ്തുകാരെ ശിക്ഷിക്കാനാണ് അവരുടെ ഇടയിലൂടെ കർത്താവു കടന്നുപോയത്. അന്ന് ഇസ്രായേൽ ഭവനങ്ങൾ ഒഴിവാക്കപ്പെട്ടിരു ന്നു. എന്നാൽ ഇപ്പോൾ അതേ കർത്താവ് ഇസ്രായേൽക്കാരുടെ ഇടയിലൂടെ കടന്നുപോകും - മരണം വിതച്ചുകൊണ്ട്. നീതിയെ നിലത്തെറിഞ്ഞവർ കർത്താവിന്റെ ശത്രുക്കളാണ്. ജീവന്റെ ഉറ വിടമായ കർത്താവിനെ അന്വേഷിക്കാൻ വിസമ്മതിക്കുന്നവരെ

കർത്താവുതന്നെ അന്വേഷിച്ചു കണ്ടുപിടിക്കും - വധിക്കാൻ.

## വിചിന്തനം

സമൃദ്ധിയുടെ മധ്യത്തിൽ കഴിഞ്ഞ ഇസ്രായേലിന്റെ മേലാണ് ആമോസ് ചരമഗാനം ആലപിച്ചത്. പാവപ്പെട്ടവർക്കു നീതി നിഷേധിക്കുകയും അവരുടെ സ്വത്തും സ്വാതന്ത്ര്യവും ജീവനും അപഹരിക്കുകയും ചെയ്യുന്ന സമൂഹം ദൈവത്തിന്റെ ശിക്ഷാവിധിക്കു പാകമായിരിക്കുന്നു എന്ന് അദ്ദേഹം കണ്ടു. പിതാക്കന്മാർക്കു നല്കപ്പെട്ട വാഗ്ദാനങ്ങളെ അനുസ്മരിപ്പിക്കുന്ന ബെഥേലിലേക്കും വാഗ്ദത്തഭൂമിയിൽ പ്രവേശിച്ചതിന്റെ സ്മാരകമായ ഗിൽഗാലിലേക്കുമുള്ള തീർത്ഥാടനങ്ങളും അവിടെ നടത്തുന്ന ബയിർപ്പണങ്ങളും എന്നല്ല, യാതൊരുവിധ മതാനുഷ്ഠാനവും കർത്താവിന്റെ ശിക്ഷാവിധിയെ അകറ്റാൻ പര്യപ്തമല്ല. കർത്താവിനെ അന്വേഷിക്കാൻ ഒരേയൊരു മാർഗ്ഗമേയുള്ളു - നീതി പ്രവർത്തിക്കുക; പാവപ്പെട്ടവന്റെ അവകാശങ്ങൾ സംരക്ഷിക്കുക.

കോഴ വാങ്ങി മാളിക പണിയുകയും അന്യായപ്പലിശയും വഞ്ചനയും വഴി പാവപ്പെട്ടവന്റെ കിടപ്പാടം പിടിച്ചെടുത്ത് എസ്റ്റേറ്റുകളുണ്ടാക്കുകയും ചെയ്യുന്ന ആധുനിക നിയമപാലകരോടും സമ്പന്നരോടും ഈ വിലാപഗാനത്തിലൂടെ കർത്താവ് എന്താണ് പറയുന്നത്? “നഗരകവാടത്തിൽ നീതി സ്ഥാപിക്കുവിൻ” എന്ന ആഹ്വാനം വഴി നമ്മിൽ നിന്ന് അവിടുന്ന് എന്താണ് ആവശ്യപ്പെടുന്നത്? നമ്മുടെ പ്രാർത്ഥനാജീവിതവും ഭക്തകർമ്മങ്ങളും മതാനുഷ്ഠാനങ്ങളും നീതിപ്രവർത്തിക്കാൻ, നീതിക്കുവേണ്ടി നിലകൊള്ളാൻ നമ്മെ പ്രാപ്തരാക്കുന്നുണ്ടോ? അതോ വിവേകപൂർവ്വം മൗനം പാലിക്കാനാണോ നമ്മെ പ്രേരിപ്പിക്കുന്നത്?

## 4. കർത്താവിന്റെ ദിവസം 5,18–27

“ദുരിതം” എന്ന വ്യാക്ഷേപത്തോടെ ആരംഭിക്കുന്ന രണ്ടു പ്രഭാഷണങ്ങളിൽ ആദ്യത്തേതാണിത്. സ്ഥലകാലങ്ങളെക്കുറിച്ചു സൂചന നല്കുന്നില്ലെങ്കിലും ഇതിനുതൊട്ടുമുമ്പുകണ്ട വിലാപ പ്രഭാഷണത്തിന്റെ തന്നെ സാഹചര്യമാണ് ഇതിലും നിലനില്ക്കുന്നതെന്ന് അനുമാനിക്കാം. തികച്ചും നിരാശാജനകമായ ഭാവചിത്രം വരച്ചുകാട്ടിയ പ്രവാചകനെ ശ്രോതാക്കൾ തങ്ങളുടെ പരമ്പരാഗ



തമായ വിശ്വാസത്തിന്റെയും പ്രതീക്ഷകളുടെയും പേരിൽ എതിരിട്ടു എന്ന സൂചനയാണ് “എന്തിനാണ് നിങ്ങൾക്കു കർത്താവിന്റെ ദിനം? എന്ന ചോദ്യത്തിൽ നിന്നും ലഭിക്കുന്നത്. ഭാവിയെക്കുറിച്ചു ശ്രോതാക്കൾ കാത്തുസൂക്ഷിക്കുന്ന ശുഭപ്രതീക്ഷ തകർക്കുകയാണ് ഈ പ്രഭാഷണത്തിലൂടെ ആമോസ് ചെയ്യുന്നത്. കർത്താവിന്റെ ദിവസത്തെക്കുറിച്ച് ഒരുപമയുടെ സഹായത്തോടെ പ്രതിപാദിച്ചതിനുശേഷം (5,18–20) നീതി നടപ്പിലാക്കാത്തവരുടെ ബലിയർപ്പണത്തിന്റെ വ്യർത്ഥ എടുത്തുകാട്ടുന്നു (5,21–25). പ്രവാസത്തെക്കുറിച്ചുള്ള പ്രവചനത്തോടെയാണ് പ്രഭാഷണം സമാപിക്കുന്നത് (5,26–27). ആസന്നമായിരിക്കുന്ന ശിക്ഷാവിധിയാണ് ഈ പ്രഭാഷണത്തിന്റെയും മുഖ്യപ്രമേയം.

### a. കർത്താവിന്റെ ദിവസം 5,18–20

‘‘ഹോയ്’’ എന്ന ഹീബ്രുവാക്കാണ് ‘‘ദുരിതം’’ എന്നു വിവർത്തനം ചെയ്യുന്നത്. ഇത് ഒരു ശാപവാക്കല്ല. വ്യക്തികളുടെ പെട്ടെന്നുള്ള മരണം, യുദ്ധത്തിൽ സംഭവിക്കുന്ന പരാജയം മുതലായ അത്യാഹിതങ്ങളുടെ മുമ്പിൽ ദുഃഖാർത്തരായ മനുഷ്യർ ഉയർത്തുന്ന വിലാപമാണ്. “അയ്യോ”, “അയ്യയ്യോ”, “ഹാ കഷ്ടം” എന്നൊക്കെ ഈ പദം വിവർത്തനം ചെയ്യാം. ‘‘നിങ്ങൾക്കു ദുരിതം” എന്നതിന് “നിങ്ങളുടെ അവസ്ഥ എത്ര ദയനീയം” എന്ന അർത്ഥമാണുള്ളത്. ശ്രോതാക്കളോടുള്ള വിരോധമല്ല, അഗാധമായ സഹതാപമാണ് ഈ വാക്കിൽ പ്രതിധ്വനിക്കുന്നത്. ശ്രദ്ധ പിടിച്ചു പറ്റാനും ആഴമായ ബോധ്യങ്ങൾ നല്കാനും വേണ്ടി ഉപയോഗിക്കുന്ന ഒരു പ്രബോധന രീതിയായും ഇതിനെ കരുതാം. ഇതേ അർത്ഥത്തിലാണ് യേശുവും ഈ പദം ഉപയോഗിച്ചിട്ടുള്ളത് (മത്താ 23,13; ലൂക്കാ 6,24).

“കർത്താവിന്റെ ദിനം” എന്ന പദപ്രയോഗം ബൈബിളിന്റെ ചരിത്രത്തിൽ ആമോസാണ് ആദ്യമായി ഉപയോഗിക്കുക. പിന്നീട് പല പ്രവാചകന്മാരും ഈ പദപ്രയോഗവും ഇതിന് ആമോസ് നല്കിയ വ്യാഖ്യാനവും സ്വീകരിച്ചതായി കാണാം (ഏശ 2,12; ജറെ 46,10; എസെ 7,10; ജോയേൽ 1,15; സെഫ 1,7). പദപ്രയോഗം പുതുതാണെങ്കിലും ഇതിനു പിന്നിലുള്ള ആശയം പുതുതായിരുന്നില്ല. ആമോസിനും ശ്രോതാക്കൾക്കും പരിചിതമായ ഒരാശയമാണ് ഇവിടെ അവതരിപ്പിക്കുന്നതെന്ന് “കർത്താവിന്റെ ദിനത്തി

നായി കാത്തിരിക്കുന്ന നിങ്ങൾ" എന്ന വിശേഷണത്തിൽ നിന്നു വ്യക്തമാണ്. ഇസ്രായേൽ ജനത്തെ രക്ഷിക്കാൻവേണ്ടി കർത്താവ് അത്ഭുതകരമായ വിധത്തിൽ ഇടപെട്ട അനേകം സംഭവങ്ങളുടെ ഓർമ്മ അവരുടെ മനസിലുണ്ടായിരുന്നു. പുറപ്പാടും ഉടമ്പടിയും മാത്രമല്ല, യുദ്ധങ്ങളിൽ നേടിയ വിജയവും കർത്താവിന്റെ അത്ഭുതകരവും രക്ഷണീയവുമായ ഇടപെടലുകളായിരുന്നു (ജോഷ്വാ 10,12-14; ന്യായ 7; 1 സാമു 7,10-11). ഈ വിമോചനങ്ങളുടെ അനുസ്മരണമാണ് ആരാധനാലയങ്ങളിൽ അവർ സാഘോഷം കൊണ്ടാടിയിരുന്നത്.

ആരാധനയിലെ അനുസ്മരണം വെറും ഒരു ഓർമ്മ പുതുക്കൽ മാത്രമല്ല, ആ സംഭവത്തിൽ വീണ്ടും സജീവമായ പങ്കുചേരലാണ്, അതോടൊപ്പം ദൈവം വീണ്ടും തങ്ങളുടെ ചരിത്രത്തിൽ ഇടപെട്ട് കൂടുതൽ അത്ഭുതവഹമായ വിജയം നല്കും എന്ന പ്രതീക്ഷ ഏറ്റുപറയലുമാണ്. സകല ജനതകളുടെയുംമേൽ കർത്താവ് തങ്ങൾക്കു വിജയം തരാൻപോകുന്ന ദിവസമാണ് കർത്താവിന്റെ ദിവസം എന്ന് അവർ കരുതി.

ഈ വിശ്വാസത്തെയും പ്രതീക്ഷകളെയും തകിടം മറിക്കുന്നതാണ് ആമോസിന്റെ പ്രഭാഷണം: "എന്തിനാണ് നിങ്ങൾക്കു കർത്താവിന്റെ ദിനം? അത് അന്ധകാരമാണ്, പ്രകാശമല്ല" (5,18). ഈ പ്രസ്താവന വീണ്ടും കൂടുതൽ ശക്തമായി 5,20-ൽ ആവർത്തിക്കുന്നു. കഠിനദുഃഖത്തിനു കാരണമാകുന്ന അത്യാഹിതത്തെയും നാശത്തെയുമാണ് അന്ധകാരം സൂചിപ്പിക്കുന്നത്; പ്രകാശമാകട്ടെ സന്തോഷത്തെയും വിജയത്തെയും കർത്താവിന്റെ ദിനം എന്തായിരിക്കും എന്ന് ഇടയന്റെ അനുഭവത്തിൽ നിന്ന് അടർത്തിയെടുത്ത ഒരുദാഹരണത്തിലൂടെ ആമോസ് വിവരിക്കുന്നു (5,19). പലതവണ അപകടത്തിൽപ്പെട്ട ഒരു മനുഷ്യന്റേതാണ് ഉദാഹരണം. കാട്ടിൽ വച്ച് അപ്രതീക്ഷിതമായി സിംഹത്തിന്റെ മുമ്പിൽ ചെന്നുപെട്ടവൻ അവിടെനിന്ന് ഓടിയത് കരടിയുടെ മുമ്പിലേക്കാണ്. അവിടെനിന്നും രക്ഷപ്പെട്ട് വീട്ടിലെത്തി സ്വസ്ഥമായി എന്നു കരുതി ചുമരിൽ ചാരിനിന്നവനു പാമ്പുകടിയേറ്റു. അതു മാരകമായിരുന്നു. അനേകം അപകടങ്ങളിൽ നിന്നു രക്ഷപ്പെട്ട തങ്ങൾ കർത്താവിന്റെ ദിനത്തിൽ സമ്പൂർണ്ണ സുരക്ഷിതരായിരിക്കും എന്നു കരുതുന്ന ജനത്തിനും ഇതായിരിക്കും സംഭവിക്കുക.



ഈ ലോക ചരിത്രത്തിന്റെ പരിധിക്കുള്ളിൽത്തന്നെ ഇസ്രായേലിനു ശിക്ഷയോ രക്ഷയോ നല്കുന്ന ദിവസമായി "കർത്താവിന്റെ ദിവസത്തെ പിന്നീടുവന്ന പ്രവാചകന്മാരും വ്യാഖ്യാനിച്ചു. എന്നാൽ ബാബിലോൺ പ്രവാസത്തിനുശേഷം അപ്പോക്കലിപ്റ്റിക് ഗ്രന്ഥങ്ങളുടെ ആവിർഭാവത്തോടെ കൂടുതൽ വ്യാപകമായ ഒരർത്ഥവും ഈ പദപ്രയോഗത്തിനു കൈവന്നു. കർത്താവ് ഈ പ്രപഞ്ചത്തെ മുഴുവൻ മാറ്റി മറിച്ച് പുതിയൊരു ലോകം സൃഷ്ടിക്കുന്ന ദിവസമായി "കർത്താവിന്റെ ദിവസം" വ്യാഖ്യാനിക്കപ്പെടാൻ തുടങ്ങി. അത് "ലോകാവസാന''ത്തിന്റെയും അന്തിമവിധിയുടെയും ദിവസമായിരിക്കും, പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്ന ദിവസമായിരിക്കും. ഈ ആശയം പുതിയ നിയമത്തിലും പ്രതിഫലിക്കുന്നുണ്ട് (മർക്കോ 13, 24-25; 1 തെസ 4,15-17; വെളി 21). ഈ ആശയങ്ങളുടെയെല്ലാം തുടക്കത്തിൽ നില്ക്കുന്നത് അക്രമവും അനീതിയും പ്രവർത്തിക്കുന്നവരുടെ മേൽ കർത്താവ് അയയ്ക്കാൻ പോകുന്ന ശിക്ഷാവിധിയെക്കുറിച്ചുള്ള ആമോസിന്റെ പ്രവചനങ്ങളാണ്.

## b. മതാനുഷ്ഠാനങ്ങളും സാമൂഹ്യനീതിയും 5,21-27

### *1. സ്വീകാര്യമല്ലാത്ത ബലി 5,21-23*

തീർത്ഥാടനകേന്ദ്രത്തിലെ തിരക്കും ഉത്സവാഘോഷങ്ങളുടെ പ്രൗഢിയും ബലിയർപ്പണങ്ങളുടെ ബാഹുല്യവും കാണുമ്പോൾ കർത്താവിന്റെ ദിവസത്തെക്കുറിച്ച് ആമോസ് പറഞ്ഞ കാര്യങ്ങൾ അർത്ഥശൂന്യമാണെന്നു തോന്നാം. അതിനാൽ ഇസ്രായേലിന്റെ മതാനുഷ്ഠാനങ്ങളിലേക്ക് പ്രവാചകൻ ശ്രദ്ധ തിരിക്കുന്നു. ഉത്സവം, മഹാസമ്മേളനം, ദഹനബലി, ധാന്യബലി, സമാധാനബലി, ഗാനങ്ങൾ, വീണാനാദം, എന്നിങ്ങനെ മതാനുഷ്ഠാനങ്ങളിലെ ഏഴു ഘടകങ്ങൾ എണ്ണിപ്പറഞ്ഞ് ഓരോന്നിന്റെയും പൊള്ളത്തരം എടുത്തു കാട്ടി തിരസ്കരിക്കുകയാണ് ആദ്യമേ ചെയ്യുന്നത്. 21-27 വാക്യങ്ങൾ കർത്താവിന്റെ തന്നെ വചനമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. "കർത്താവ് അരുളിച്ചെയ്യുന്നു" (5,27) എന്ന പ്രസ്താവന ഈ വാക്യങ്ങൾക്കു മുഴുവൻ ബാധകമാണ്. അർത്ഥം ചോർന്നുപോയ ആചാരാനുഷ്ഠാനങ്ങളെ ഏറ്റം ശക്തമായ ഭാഷയിൽ അപലപിക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നു. "നിങ്ങൾ, നിങ്ങളുടെ" എന്ന വിശേഷണം ഈ ആഘോ

ഷങ്ങളും അനുഷ്ഠാനങ്ങളും എല്ലാം കർത്താവിന്റെ കല്പനയനുസരിച്ചോ അവിടുത്തെ ബഹുമാനാർത്ഥമോ അല്ല, സ്വന്തം താൽപര്യമനുസരിച്ചും പ്രൗഢി പ്രകടിപ്പിക്കാനും വേണ്ടി നടത്തുന്നവയാണെന്നു സൂചിപ്പിക്കുന്നു. വെറുപ്പാണ്, അവജ്ഞയാണ്, പ്രസാദമില്ല, സ്വീകരിക്കുകയില്ല, നോക്കുകയില്ല, കേൾക്കേണ്ട, ശ്രദ്ധിക്കുകയില്ല എന്ന് ഏഴുതവണ തള്ളിപ്പറയുന്നു. ഇസ്രായേലിന്റെ സകല മതാചാരങ്ങളെയും കർത്താവ് പരിപൂർണ്ണമായി തിരസ്കരിച്ചിരിക്കുന്നു എന്ന പ്രതീതിയാണ് ഇതിൽനിന്നു ലഭിക്കുന്നത്.

"ഉത്സവങ്ങളും മഹാസമ്മേളനങ്ങളും" ഇസ്രായേൽ ജനത്തിന്റെ സകല തിരുനാളുകളെയും സൂചിപ്പിക്കുന്നു."അവജ്ഞയാണ്" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കിന്റെ അർത്ഥം. "കൈവെടിയുക" എന്നത്രേ. അതിക്രമങ്ങൾ പ്രവർത്തിക്കുന്നവരോടുള്ള കർത്താവിന്റെ മനോഭാവം പ്രകടിപ്പിക്കാനാണ് "വെറുക്കുന്നു" എന്ന പദം സാധാരണയായി ബൈബിളിൽ ഉപയോഗിക്കുക (സങ്കീ 5,6; 11,5). തന്നെ തിരസ്കരിക്കുന്നവരെയാണ് അവിടുന്ന് തിരസ്കരിക്കുക (1 സാമു 15,23; സങ്കീ 53,5; 78,59). ഈ രണ്ടു പദങ്ങൾ ഒരുമിച്ചുപയോഗിക്കുന്നതിലൂടെ ഇസ്രായേൽ ജനത്തിന്റെ തിരുനാളാഘോഷങ്ങളെ എപ്രകാരമാണ് കർത്താവു വീക്ഷിക്കുന്നത് എന്ന് ഏറ്റം ശക്തമായ വിധത്തിൽ വ്യക്തമാക്കുന്നു.

ബലിവസ്തുക്കൾ അർപ്പകരിൽ നിന്നു വാങ്ങി ബലിപീഠത്തിൽ സമർപ്പിക്കുന്ന പുരോഹിതൻ ഉപയോഗിക്കുന്ന ഒരു സാങ്കേതിക പദമാണ് "സ്വീകരിക്കുക" എന്നത്. നിയമാനുസൃതമായി അർപ്പിക്കുന്ന ബലിവസ്തുക്കൾ കർത്താവ് സ്വീകരിച്ചിരിക്കുന്നു എന്ന് പുരോഹിതൻ പ്രഖ്യാപിക്കും. ഇവിടെ പുരോഹിതന്റെ സ്ഥാനം കർത്താവുതന്നെ തന്റെ പ്രവാചകനിലൂടെ ഏറ്റെടുത്ത്, അർപ്പിക്കപ്പെടുന്ന സകല ബലികളും ഒറ്റയടിക്ക് അസ്വീകാര്യമായി പ്രഖ്യാപിക്കുന്നു. ബലിയർപ്പണം മാത്രമല്ല, അവയോടനുബന്ധിച്ചുള്ള ഗാനങ്ങളും ഉപകരണങ്ങളുടെ സഹായത്തോടെ ഉയർത്തുന്ന സംഗീതങ്ങളും കർത്താവ് തിരസ്കരിക്കുന്നു. ഈ ഉത്സവാഘോഷങ്ങളും ഗാനാലാപങ്ങളും ഇസ്രായേലിലെ സമ്പന്നർ നടത്തുന്ന വിരുന്നാഘോഷങ്ങൾ (6,4-5) പോലെയാണ്. "ഗാനങ്ങളുടെ ശബ്ദം" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കിന്റെ



വാച്യാർത്ഥം "കോലാഹലം" എന്നാണ്. പടക്കളത്തിൽ നിന്നുയരുന്ന ബഹളംപോലെയാണ് അവരുടെ ശബ്ദം; അവരുടെ ഗാനങ്ങളാകട്ടെ, വിരുന്നുശാലകളിൽ മദ്യപിച്ചു ലക്കുകെട്ടവരുടെ പുലമ്പൽ പോലെയും.

തിരുനാളാഘോഷങ്ങളെയും മറ്റ് മതാനുഷ്ഠാനങ്ങളെയും കുറിച്ച് ആമോസിലൂടെ വെളിപ്പെടുത്തപ്പെട്ട കർത്താവിന്റെ പ്രതികരണം മറ്റു പ്രവാചകന്മാരിലൂടെ ആവർത്തിക്കുന്നതു കാണാം (ഏശ 1,11-15; ജറെ 7,21; ഹോസി 6,6;8, 11; മിക്കാ 6,6-8). ആഘോഷങ്ങളും അനുഷ്ഠാനങ്ങളും അവയിൽത്തന്നെ തെറ്റായതുകൊണ്ടല്ല, അവയുടെ അർത്ഥം മാറുകയും ലക്ഷ്യം നിറവേറാതിരിക്കുകയും ചെയ്യുന്നതുകൊണ്ടാണ് അവയ്ക്കെതിരേ ശക്തമായി വിമർശിക്കുന്നത്. തിരുനാളാഘോഷങ്ങൾ, തീർത്ഥാടനങ്ങൾ, ബലിയർപ്പണം, ഗാനാലാപം ഇവയെല്ലാം കർത്താവിന്റെ പ്രമാണങ്ങൾ അനുസരിച്ചു ജീവിക്കാൻ പ്രേരണ നല്കുന്ന അവസരങ്ങളാകണം. അങ്ങനെയുള്ള ജീവിതത്തിന്റെ സാക്ഷ്യങ്ങളും. അതിന് അനിവാര്യമായ നിബന്ധനയാണ് 5,24-ൽ ശക്തമായി അവതരിപ്പിക്കുന്നത്.

### *2. സാമൂഹ്യനീതി 5,24*

ഇസ്രായേൽ ജനത്തിന്റെ ജീവിതത്തെ അളക്കാൻ ഉപയോഗിക്കുന്ന മാനദണ്ഡമാണ് "നീതി". വിവർത്തനം ചെയ്യാൻ എളുപ്പമല്ലാത്ത "മിഷ്പാത്ത്", "സ്ദാഖാ" എന്ന രണ്ട് ഹീബ്രു പദങ്ങളിലൂടെയാണ് ഈ ആശയം അവതരിപ്പിക്കുന്നത്. പരസ്പരപൂരകങ്ങളാണ് ഈ പദങ്ങൾ. കുറ്റങ്ങൾ എടുത്തുകാട്ടാനും ജനത്തിനു മാർഗ്ഗനിർദ്ദേശം നല്കാനും ഈ രണ്ടു പദങ്ങൾ ഒരുമിച്ചാണ് ഉപയോഗിക്കുക. ഒരിക്കൽ മാത്രം ആദ്യപദം തനിച്ച് ഉപയോഗിച്ചിട്ടുണ്ട്. "മിഷ്പാത്ത്" "നീതി" എന്നും "സ്ദാഖാ" "ധർമ്മനിഷ്ഠ" എന്നും വിവർത്തനം ചെയ്യുകയാണ് അർത്ഥം വ്യക്തമാക്കാൻ ഏറ്റം സഹായകം എന്ന് താഴെക്കൊടുക്കുന്ന വിശകലനത്തിൽ നിന്നു വ്യക്തമാകും.

5,7 – "നീതിയെ കാഞ്ഞിരമാക്കുകയും
ധർമ്മനിഷ്ഠയെ നിലത്തെറിയുകയും ചെയ്യുന്നവരേ......."

5,12 – നീതിയെ നിങ്ങൾ വിഷമാക്കി,

ധർമ്മനിഷ്ഠയുടെ ഫലത്തെ കാഞ്ഞിരമാക്കി"

5,24 – "നീതി ജലം പോലെ ഒഴുകട്ടെ.
ധർമ്മനിഷ്ഠ വറ്റാത്ത അരുവിപോലെയും."

5,15 – "തിന്മയെ വെറുക്കുവിൻ, നന്മയെ സ്നേഹിക്കുവിൻ,
നഗരകവാടത്തിൽ നീതി സ്ഥാപിക്കുവിൻ."

ഇതിൽ ആദ്യത്തെ രണ്ടു വാക്യങ്ങൾ ഇസ്രായേലിനെതിരേയുള്ള കുറ്റാരോപണങ്ങളുടെ സംഗ്രഹമാണ്. മൂന്നും നാലും വാക്യങ്ങളാകട്ടെ ഉപദേശങ്ങളും. ഇതിൽ അവസാനത്തെ വാക്യത്തിൽ "ധർമ്മനിഷ്ഠ" (സ്ദാഖാ) എന്ന പദം പ്രത്യക്ഷപ്പെടുന്നില്ല. എന്നാൽ നന്മയുടെ പര്യായമായി "നീതി" (മിഷ്പാത്ത്) എന്ന പദം ഉപയോഗിച്ചിരിക്കുന്നു. ഒന്നും മൂന്നും വാക്യങ്ങളിൽ രണ്ടു പദങ്ങളും സമാന്തരമായി അവതരിപ്പിക്കുമ്പോൾ രണ്ടാം വാക്യത്തിൽ നീതിയെ ധർമ്മനിഷ്ഠയുടെ ഫലമായി ചിത്രീകരിക്കുന്നു. ഇസ്രായേലിനെ സംബന്ധിച്ച ദൈവഹിതത്തിന്റെ രത്നച്ചുരുക്കമായിട്ടാണ് ഈ രണ്ടു പദങ്ങൾ ആമോസിന്റെ പുസ്തകത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്.

"വിധി പറയുക" എന്ന് അർത്ഥമുള്ള "ഷാഫാത്ത്" എന്ന ധാതുവിൽ നിനാണ് "മിഷ്പാത്ത്" എന്ന പദത്തിന്റെ ഉത്ഭവം. ഇത് നീതിന്യായ കോടതികളുമായി ബന്ധപ്പെട്ടിരിക്കുന്നു. താൻ അനീതിക്ക് ഇരയായി എന്നു കരുതുന്നയാൾ കോടതിയെ സമീപിച്ച് പരാതി ബോധിപ്പിക്കുന്നു. പരാതി പരിശോധിക്കുകയും പരാതിക്കാരൻ പറയുന്നതു സത്യമാണെന്നു തെളിഞ്ഞാൽ കുറ്റക്കാരനെ ശിക്ഷിക്കുകയും അനീതിക്ക് പരിഹാരമുണ്ടാക്കുകയും ചെയ്യുക കോടതിയുടെ കടമയാണ്. ഈ പ്രക്രിയയെ "മിഷ്പാത്ത്" എന്നു വിളിക്കുന്നു. സമൂഹത്തിൽ സകലർക്കും നീതി ലഭ്യമാകാൻ ഇത് അനിവാര്യമാണ്. ഇതിന് തടസമുണ്ടാകുമ്പോൾ സമൂഹജീവിതം അപകടത്തിലാകുന്നു.

വാദിയുടെയും പ്രതിയുടെയും വാദങ്ങളും സാക്ഷികളുടെ മൊഴികളും കേട്ടതിനുശേഷം, രാജ്യത്തു നിലവിലിരിക്കുന്ന നിയമങ്ങളുടെ വെളിച്ചത്തിൽ നിക്ഷ്പക്ഷമായി വിധി പറയുകയാണ് കോടതികളിൽ സാധാരണ സംഭവിക്കുക. ഇപ്രകാരമുള്ള വിധി നീതിയുക്തമെന്നു കരുതപ്പെടുന്നു. അതിനാൽ കണ്ണുകെട്ടി, കയ്യിൽ തുലാസു പിടിച്ചുനില്ക്കുന്ന സ്ത്രീയുടെ ചിത്രമാണ് നീതിയുടെ



പ്രതീകമായി ഇന്നും പൊതുവേ ഉപയോഗിക്കുക. എന്നാൽ ആമോസിലൂടെ വെളിപ്പെടുത്തുന്ന "നീതി" നിഷ്പക്ഷമോ അന്ധമോ അല്ല. നിലവിലിരിക്കുന്ന നിയമങ്ങൾ തന്നെ അനീതി നിറഞ്ഞതും ശക്തന്മാർക്കു സംരക്ഷണം നല്കുന്നതും ആകാം. സാക്ഷികൾ കള്ളം പറഞ്ഞെന്നുവരാം, തെളിവുകൾ നശിപ്പിക്കപ്പെടാം. ന്യായാധിപന്മാർതന്നെ കൈക്കൂലി വാങ്ങിയെന്നു വരാം. ഈ സാഹചര്യങ്ങളിലെല്ലാം "നിഷ്പക്ഷവും അന്ധവും" ആയ വിധിപ്രസ്താവം പാവപ്പെട്ടവന് പ്രതികൂലമായിരിക്കും. അതിനാൽ പണവും സ്വാധീനവും ഇല്ലാത്തവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ പര്യാപ്തമായിരിക്കണം കോടതിയിലെ പ്രക്രിയ. ഇപ്രാകരമൊരു പ്രക്രിയ മാത്രമേ "മിഷ്പാത്ത്" എന്ന പേര് അർഹിക്കുന്നുള്ളു. ഇത് മർദ്ദിതർക്കും പീഡിതർക്കും ജീവന്റെ ഉറവിടമാണ്. വിധി പ്രസ്താവിക്കുന്നയാളെ "ഷോഫെത്ത്" എന്നാണ് വിളിക്കുക (ബഹുവചനം – ഷോഫെത്തിം). ഈ പദമാണ് "ന്യായാധിപന്മാർ" എന്നു വിവർത്തനം ചെയ്യുന്നത്. ബൈബിളിലെ ന്യായാധിപന്മാർ നിഷ്പക്ഷമായി ന്യായം വിധിക്കുന്നവർ എന്നതിനേക്കാൾ പീഢിതരെ മോചിപ്പിക്കാനായി ദൈവം അയച്ച രക്ഷകരായിരുന്നു. ഇതേ പ്രവൃത്തിയാണ് ഇസ്രായേൽ കോടതികളിലെ ന്യായാധിപന്മാരിൽനിന്നും പ്രതീക്ഷിക്കുന്നത്. അവർ തങ്ങളുടെ കടമ വിശ്വസ്തതയോടെ നിറവേറ്റുമ്പോൾ സമൂഹത്തിൽ "നീതി" (മിഷ്പാത്ത്" നിലവിൽ വരുന്നു.

മിഷ്പാത്ത് എന്ന പദത്തോട് അഭേദ്യം ബന്ധപ്പെട്ടതാണ് "സ്ദാഖാ" എന്ന പദം. ദൈവവും മനുഷ്യനും തമ്മിലും മനുഷ്യർ തമ്മിൽത്തമ്മിലുമുള്ള ബന്ധങ്ങളെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഒരു പദമാണിത്. ഉടമ്പടിയുടെ നിയമങ്ങളിലൂടെ ഈ ബന്ധങ്ങൾ നിർവ്വചിക്കപ്പെട്ടിരുന്നു. ആ നിയമങ്ങൾ അനുസരിച്ചു ജീവിക്കുമ്പോൾ സമൂഹത്തിൽ സംജാതമാകുന്ന അവസ്ഥയാണ് "സ്ദാഖാ"; അതനുസരിച്ചു ജീവിക്കുന്ന വ്യക്തിയെ "സദ്ദീ" എന്നും വിളിക്കുന്നു. ഈ പദങ്ങളെ "ധർമ്മിഷ്ഠൻ" എന്നു വിവർത്തനം ചെയ്യാം. മനുഷ്യവ്യക്തികളെയും സമൂഹത്തെയും സംബന്ധിച്ച ദൈവഹിതമാണല്ലോ "ധർമ്മം."

മനുഷ്യർ തമ്മിൽത്തമ്മിലുള്ള ബന്ധത്തിനാണ് "ധർമ്മനിഷ്ഠ" എന്ന പദത്തിലൂടെ ഊന്നൽ നല്കുന്നത്. ഈ ബന്ധത്തെ നിർണ്ണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത്

ദൈവത്തിന്റെ നിയമങ്ങളായിരിക്കണം. അതിനാൽ സമൂഹജീവിതത്തെ സംബന്ധിച്ച ദൈവഹിതം അവഗണിച്ചുകൊണ്ട് ആർക്കും ദൈവത്തെ പ്രീതിപ്പെടുത്താൻ സാധിക്കുകയില്ല. സമൂഹം ധർമ്മനിഷ്ഠയുള്ളതും വ്യക്തികൾ ധർമ്മിഷ്ഠരും ആയിരുന്നാലേ കോടതികളിലൂടെ നീതി നടപ്പിലാക്കാൻ കഴിയൂ. അതിനാലാണ് ധർമ്മനിഷ്ഠയുടെ ഫലമാണ് നീതി എന്നു പറയുന്നത് (6,12).

നീതിയും ധർമ്മനിഷ്ഠയും എപ്രകാരം പ്രവർത്തിക്കണം എന്ന് ഒരുദാഹരണത്തിലൂടെ വ്യക്തമാക്കുന്നു. "ജലം പോലെ ഒഴുകട്ടെ" എന്ന വിവർത്തനം ആശയം മുഴുവൻ പ്രകടിപ്പിക്കുന്നില്ല. ശാന്തമായി ഒഴുകുന്ന അരുവിയുടെ പ്രതീകമല്ല ആമോസ് ഉപയോഗിക്കുന്നത്. മറിച്ച്, സകല പ്രതിബന്ധങ്ങളെയും തല്ലിത്തകർത്ത് കുതിച്ചു പായുന്ന ഒരു ജലപ്രവാഹത്തോടാണ് നീതിയെ ഉപമിക്കുന്നത്. ഉരുൾപൊട്ടിയൊഴുകുന്ന മലവെള്ളപ്പാച്ചിൽ പോലെ ആയിരിക്കണം നീതിയുടെ പ്രവർത്തനം. സമൂഹത്തിലെ സകല അനീതികളെയും തുടച്ചുമാറ്റാൻ പര്യാപ്തമായിരിക്കണം കോടതികളുടെ പ്രവർത്തനം. ഇത് വല്ലപ്പോഴും ഒരിക്കൽ സംഭവിച്ചാൽ പോരാ, എന്നും നിലനില്ക്കണം എന്നു പഠിപ്പിക്കാനാണ് "ഒരിക്കലും നിലയ്ക്കാത്ത പ്രവാഹം" എന്നു തുടർന്നു വിശേഷിപ്പിക്കുന്നത്. സമൂഹത്തിൽ ധർമ്മനിഷ്ഠ നിലനില്ക്കുമ്പോൾ നീതി എല്ലാവർക്കും ലഭ്യമാകും. തീർത്ഥാടനങ്ങളും ഉത്സവാഘോഷങ്ങളും മറ്റ് മതാനുഷ്ഠാനങ്ങളും ഇതിനു സഹായിക്കണം. എങ്കിൽ മാത്രമേ അവ കർത്താവിനു സ്വീകാര്യമാകൂ.

### *3. ബലിയർപ്പണം രക്ഷ നല്കുകയില്ല 2,25-27*

ബലിയർപ്പണങ്ങളല്ല, ഉടമ്പടിയുടെ നിയമങ്ങൾ അനുസരിച്ചുള്ള ജീവിതമാണ് താൻ ആഗ്രഹിക്കുന്നത് എന്ന് പഠിപ്പിക്കാൻവേണ്ടി ഇസ്രായേൽ ജനം മരുഭൂമിയിൽ ചിലവഴിച്ച കാലഘട്ടത്തിലേക്ക് കർത്താവ് തന്നെ അവരുടെ ശ്രദ്ധ ക്ഷണിക്കുന്നു. മതാനുഷ്ഠാനങ്ങളെക്കുറിച്ചുള്ള നിഷേധാത്മകമായ പ്രസ്താവനകൾക്കെതിരേ ശ്രോതാക്കൾ ഉയർത്തിയ പ്രതിഷേധത്തിനുള്ള മറുപടിപോലെയാണ് 5,25 അവതരിപ്പിച്ചിരിക്കുന്നത്. "മരുഭൂമിയിൽ കഴിച്ച നാല്പതു വർഷം നിങ്ങൾ എനിക്കു ബലികളും കാഴ്ചകളും അർപ്പിച്ചോ? എന്ന ചോദ്യം ബലിയർപ്പിക്കാതിരുന്നതിനെക്കുറിച്ചുള്ള പരാതിയല്ല, കർത്താവും ജനവും തമ്മിലുള്ള ബന്ധം



ബലിയർപ്പണങ്ങളിലല്ല അധിഷ്ഠിതമായിരുന്നത് എന്ന സത്യം എടുത്തുകാട്ടുകയാണ്. പിന്നീട് ജറെമിയായും ഇക്കാര്യം ഊന്നിപ്പറയുന്നുണ്ട് (ജറെ 7,22-23).

ഈ പ്രസ്താവന ചരിത്ര വസ്തുതകൾക്കു നിരക്കാത്തതായി തോന്നാം. കാരണം തിരുനാളുകളെയും ബലിയർപ്പണങ്ങളെയും കുറിച്ചുള്ള നിയമങ്ങൾ എല്ലാംതന്നെ മരുഭൂമിയിലെ വാസക്കാലത്താണ് നല്കപ്പെട്ടത് എന്നു പഞ്ചഗ്രന്ഥത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. നിയമങ്ങൾ നല്കപ്പെട്ടുവെങ്കിലും അവ മരുഭൂമിയിലൂടെയുള്ള യാത്രാമദ്ധ്യേ അനുഷ്ഠിച്ചിരുന്നതായി കാണുന്നില്ല. വാഗ്ദത്തഭൂമിയിൽ വാസമുറപ്പിച്ചതിനുശേഷം പാലിക്കേണ്ട നിയമങ്ങളായിട്ടാണ് അവ കരുതപ്പെടുക. തന്നെയുമല്ല, കർത്താവും ജനവും തമ്മിലുള്ള ബന്ധം ഈ അനുഷ്ഠാനങ്ങളിലൂടെയല്ല, ഉടമ്പടിയുടെ നിയമങ്ങൾക്കു നല്കുന്ന അനുസരണത്തിലൂടെയാണ് പ്രകടിപ്പിക്കേണ്ടത് എന്ന് ഊന്നിപ്പറയുകയാണ് ഈ ചോദ്യത്തിന്റെ ലക്ഷ്യം.

"നിങ്ങൾ ഉണ്ടാക്കിയ നിങ്ങളുടെ രാജദേവനായ സക്കൂത്തിനെയും നക്ഷത്രദേവനായ കൈവാനെയും ചുമന്നുകൊണ്ടുപോകുവിൻ" (5,26) എന്ന കല്പനയുടെ അർത്ഥത്തെച്ചൊല്ലി വ്യാഖ്യാതാക്കളുടെ ഇടയിൽ തർക്കമുണ്ട്. ഹീബ്രുമൂലത്തിൽ നിലനില്ക്കുന്ന അവ്യക്തതയാണ് തർക്കത്തിനു കാരണം. പൊതുവേ സ്വീകാര്യമെന്നു കരുതപ്പെടുന്ന വിവർത്തനമാണ് ഇവിടെ കൊടുത്തിരിക്കുന്നത്. അസീറിയാക്കാർ ദൈവമായി ആരാധിച്ചിരുന്നു. മൂർത്തികളാണ് സക്കൂത്തും കൈവാനും. രണ്ടുപേരുകളും "ശനി" ഗ്രഹത്തെയാണ് സൂചിപ്പിക്കുന്നത്. ആകാശഗോളങ്ങളെ ദൈവങ്ങളായി ആരാധിക്കുക മധ്യപൗരസ്ത്യദേശത്തു പതിവായിരുന്നു. ഈ ദേവന്മാരുടെ പ്രതിമകളോ, അവരുടെ ബഹുമാനാർത്ഥം നിർമ്മിച്ചിരുന്ന എന്തെങ്കിലും അടയാളങ്ങളോ ആയിരിക്കാം ഇവിടെ പരാമർശവിഷയം. വിഗ്രഹാരാധന അവസാനിപ്പിക്കാനല്ല, വിഗ്രഹങ്ങളും ചുമന്നുകൊണ്ട് നാടുവിട്ടുപോകാനാണ് ജനത്തോട് കർത്താവ് ആവശ്യപ്പെടുന്നത്.

തന്റെ നിയമങ്ങൾ അനുസരിക്കാൻ കൂട്ടാക്കാത്തവരെ വാഗ്ദത്ത ഭൂമിയിൽ നിന്നു ബഹിഷ്കരിക്കും എന്ന കർത്താവിന്റെ പ്രഖ്യാപനത്തോടെ പ്രഭാഷണം സമാപിക്കുന്നു. "ദമാസ്കസിന് അപ്പുറത്തേക്കു നിങ്ങളെ പ്രവാസികളായി അയയ്ക്കും" എന്നത്

കർത്താവിന്റെ മാറ്റമില്ലാത്ത ശിക്ഷാവിധിയാണ്. ഏതെങ്കിലും യുദ്ധ ത്തെക്കുറിച്ചോ ആക്രമിക്കുന്ന ബാഹ്യശത്രുവിനെക്കുറിച്ചോ ഇവിടെ പരാമർശിക്കുന്നില്ല. കർത്താവുതന്നെയാണ് ശിക്ഷാവിധി നടപ്പിലാക്കുന്നത്. പ്രവാസത്തെക്കുറിച്ച് ആമോസ് അനേകം തവണ സൂചിപ്പിക്കുന്നുണ്ട് (4,3; 5,5; 6, 7; 7,11.17). "ഡമാസ്കസി നപ്പുറത്തേക്ക്" എന്ന അവ്യക്തമായ സ്ഥലസൂചനയ്ക്കു പിന്നിൽ അസീറിയായുടെ ചിത്രം കാണാം.

## വിചിന്തനം

മതാനുഷ്ഠാനങ്ങളെക്കുറിച്ചുള്ള ആമോസിന്റെ പരാമർശ ങ്ങൾക്ക് ഇന്ന് എന്തു പ്രസക്തിയുണ്ട്? ഇസ്രായേലിന്റെ ഉത്സവ ങ്ങളെയും ആചാരങ്ങളെയും വെറുക്കുന്നു എന്നു പറഞ്ഞ കർത്താവ് നമ്മുടെ തിരുനാളാഘോഷങ്ങളും ആരാധനാരീതികളും എപ്രകാരമായിരിക്കും വിവക്ഷിക്കുക? ബലപീഠത്തിൽ നിന്നുയ രുന്ന പുകച്ചുരുളുകൾ സമൂഹത്തിലെ അനീതി മറയ്ക്കാൻ പര്യാ പ്തമാവുമോ? സ്തുതിപ്പുകളുടെയും ഗാനങ്ങളുടെയും ശബ്ദം വർദ്ധിപ്പിച്ചതുകൊണ്ട് പാവപ്പെട്ടവരുടെ നിലവിളി കർത്താവിന്റെ യടുക്കൽ എത്താതിരിക്കുമോ? എല്ലാവർക്കും, പ്രത്യേകിച്ച് ദരി ദ്രർക്ക് നീതി ലഭ്യമാക്കാൻ ക്രിയാത്മകമായ എന്തു പദ്ധതിയും പ്രവർത്തനവുമാണ് നമുക്കു നടപ്പിലാക്കാൻ കഴിയുക? ധർമ്മ നിഷ്ഠയുടെ ഫലമാണ് നീതി. ധർമ്മം പുലരാൻ സഹായിക്കുന്ന താകണം ആരാധന. എല്ലാ മതങ്ങൾക്കും മതവിശ്വാസികൾക്കും ഇതു ബാധകമാണ്.

## 5. അഹന്തയുടെയും ധൂർത്തിന്റെയും അന്ത്യം 6,1–14

ഇസ്രായേൽ ജനത്തിന്റെ കുറ്റങ്ങളും അവയുടെ പേരിൽ ആസന്നമായിരിക്കുന്ന കർത്താവിന്റെ ശിക്ഷാവിധിയും വിവരി ക്കുന്ന ആമോസിന്റെ പ്രഭാഷണസമാഹാരത്തിലെ അവസാനത്തെ പ്രഭാഷണമാണ് ഇവിടെ അവതരിപ്പിക്കുന്നത്. "ദുരിതം" എന്ന വ്യാക്ഷേപത്തോടെയാണ് ഈ പ്രഭാഷണവും ആരംഭിക്കുന്നത്. ഇസ്രായേലിലെ നേതാക്കന്മാരെ അഭിസംബോധന ചെയ്തുകൊ ണ്ടുള്ള ഈ പ്രഭാഷണം തലസ്ഥാനനഗരമായ സമരിയായിൽ വച്ചു നടത്തിയതാണെന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. സമ്പ ന്നരായ നേതാക്കന്മാരുടെ അഹങ്കാരവും ധൂർത്തുമാണ് ഇവിടെ ആരോപിക്കുന്ന മുഖ്യകുറ്റങ്ങൾ. പ്രവാസവും സമൂലനാശവും



കൊടിയ മർദ്ദനവുമാണ് ശിക്ഷയായി വിധിക്കുന്നത്.

ഈ പ്രഭാഷണത്തെ രണ്ടു ഭാഗമായി തിരിക്കാം. ആദ്യഭാ ഗത്ത് (6,1–7) നേതാക്കന്മാരുടെ വ്യർത്ഥമായ സുരക്ഷിതത്വബോ ധത്തെയും സീമാതീതമായ സുഖലോലുപതയെയും തുറന്നു കാട്ടി കുറ്റം വിധിക്കുന്നു. രണ്ടാം ഭാഗത്ത് (6,8–14) ഭീകരമായ ശിക്ഷാവിധി വിളംബരം ചെയ്യുന്നു.

### a. അഹങ്കാരികളുടെ ധൂർത്ത് 6,1–7

സമരിയായിലെ സമ്പന്ന വനിതകൾക്കെതിരെ നടത്തിയ പ്രഭാഷണത്തെ (4,1–3) അനുസ്മരിപ്പിക്കുന്നതാണ് ഈ പ്രഭാഷ ണം. തലസ്ഥാനനഗരികളിൽ സുരക്ഷിതരെന്ന ധാരണയിൽ കഴി യുന്നവർക്കെതിരേയാണ് ആമോസ് പ്രസംഗിക്കുന്നത്. യൂദായുടെ തലസ്ഥാനമായ സീയോനെക്കുറിച്ചുള്ള പരാമർശം (6,1) ആസ്ഥാ നത്താണെന്നു കരുതുന്നവരുണ്ട്. കാരണം പ്രസംഗം മുഴുവൻ വടക്കൻ രാജ്യത്തിനെതിരേയാണ്. അങ്ങോട്ടാണല്ലോ ആമോസ് പ്രവാചകനായി അയയ്ക്കപ്പെട്ടതും. എന്നാൽ ആമോസിന്റെ വിമർശനങ്ങളിൽ നിന്ന് യൂദായെ ഒഴിവാക്കിയിട്ടില്ല (2,4–5). വട ക്കൻ രാജ്യത്തോടാണ് മുഖ്യമായും പ്രസംഗിക്കുന്നതെങ്കിലും തെക്കൻ രാജ്യമായ യൂദായിലും സ്ഥിതിഗതികൾ വ്യത്യസ്ഥമ ല്ലെന്ന് സൂചിപ്പിക്കുന്നതാണ് ഈ പരാമർശം. ആമോസിനു തൊട്ടു പിന്നാലെ വന്ന് യൂദായിൽ പ്രസംഗിച്ച മിക്കായുടെയും ഏശയ്യാ യുടെയും വാക്കുകളിൽ നിന്ന് ഇതു വ്യക്തമാകും.

ജറുസലെമിലെയും സമരിയായിലെയും ആളുകൾക്ക് നാലു വിശേഷണങ്ങളാണ് നല്കിയിരിക്കുന്നത്. 1. സ്വസ്ഥത അനുഭവി ക്കുന്നു. 2. സുരക്ഷിതരായി കഴിയുന്നു. 3. ഇസ്രായേൽ ഭവനം സഹായത്തിനായി അവരെ സമീപിക്കുന്നു. 4. ജനതകളിൽ അഗ്ര ഗണ്യരായി കരുതപ്പെടുന്നു. നാലാമത്തെ വിശേഷണം ഇസ്രാ യേൽ ജനത്തിന് ഇതരജനതകൾക്കിടയിലുള്ള സ്ഥാനത്തെ സൂചി പ്പിക്കുന്നു. "പ്രമുഖരാഷ്ട്രത്തിലെ ശ്രദ്ധേയർ" എന്നാണ് ഈ വിശേഷണത്തിന്റെ വാച്യാർത്ഥം. "സ്വസ്ഥത അനുഭവിക്കുന്ന വർ" എന്ന വിശേഷണത്തിന്റെ ഹീബ്രുമൂലം അല്പം വ്യത്യസ്ത മായ ധ്വനി ഉൾക്കൊള്ളുന്നു. സ്വന്തം അവസ്ഥയെക്കുറിച്ചുള്ള സമ്പൂർണ്ണ സംതൃപ്തിയെയാണ് ഇതു സൂചിപ്പിക്കുക – ഞങ്ങൾ നല്ലവരാണ്; ഞങ്ങൾ ചെയ്യുന്നതെല്ലാം ശരിയാണ് എന്ന ആത്മാ

വബോധം. കോട്ടകളുടെ ബലത്തിൽ നിന്നു സംജാതമാകുന്ന നിർഭയത്വമാണ് സുരക്ഷിതത്വബോധം. സ്വന്തം നന്മയും ശക്തിയുമാണ്, കർത്താവിലുള്ള ആശ്രയമല്ല, സംതൃപ്തിയുടെയും സുരക്ഷിതത്വത്തിന്റെയും അടിസ്ഥാനമായി നില്ക്കുന്നത്.

ഉസിയായുടെയും ജറൊബൊവാം രണ്ടാമന്റെയും കാലത്ത് യൂദായിലും ഇസ്രായേലിലും നിലവിൽ വന്ന സമാധാനവും സമൃദ്ധിയും ഈ മനോഭാവത്തിനു സഹായകമായി. ചുറ്റുപാടുമുള്ള ജനതകളെല്ലാം പ്രായേണ ദുർബ്ബലമായിത്തീർന്നിരുന്നതിനാൽ ലോകരാജ്യങ്ങളുടെ മുൻപന്തിയിലാണ് തങ്ങളുടെ രാജ്യമെന്നും രാജ്യത്തെ ഏറ്റം പ്രമുഖ വ്യക്തികളാണ് തങ്ങളെന്നും നേതാക്കന്മാർ ധരിച്ചുവശായി. രാജ്യത്തെ ജനം മുഴുവൻ സഹായത്തിനായി തങ്ങളെ സമീപിക്കുന്നതായി കണ്ടപ്പോൾ അവരുടെ ആത്മാവബോധവും അഹങ്കാരവും വർദ്ധിച്ചു – അധികാരവും സമ്പത്തും മുഴുവൻ കയ്യടക്കിവാഴുന്ന നമ്മുടെ തലസ്ഥാന നഗരികളിലെ നേതാക്കന്മാരപ്പോലെ.

6,2–ന്റെ വ്യാഖ്യാനത്തിൽ അഭിപ്രായഭിന്നതയുണ്ട്. സിറിയായുടെ വടക്കുകിഴക്കുള്ള ചെറിയ പട്ടണമാണ് കൽനെ. അത് ഒരു ചെറിയ പ്രവിശ്യയുടെ തലസ്ഥാനമായിരുന്നു. ഡമാസ്കസിൽ നിന്ന് 200 കിലോമീറ്റർ വടക്കുള്ള നഗരമാണ് ഹമാത്ത്. ദാവീദ് കീഴടക്കുകയും സോളമനുശേഷം സ്വതന്ത്രമാവുകയും ചെയ്ത ഹമാത്ത് രാജ്യത്തിന്റെ തലസ്ഥാനനഹരവുമാണത്. ആമോ. 1,6–8–ൽ പേരെടുത്തു പറയാതെപോയ ഫിലിസ്ത്യ നഗരമാണ് ഗത്ത്. പഞ്ചനഗരങ്ങളിൽ ഏറ്റം ചെറിയ പട്ടണമാണത്. ആരോടാണ് ഈ നഗരങ്ങളിൽ ചെന്നു നോക്കാൻ ആവശ്യപ്പെടുന്നത്, ആരാണ് ഇവിടെ സംസാരിക്കുന്നത്, എന്താണ് ആഹ്വാനത്തിന്റെ ലക്ഷ്യം എന്നീ കാര്യങ്ങളിലണ് തർക്കമുള്ളത്.

ബി.സി. 758–734 കാലഘട്ടത്തിൽ അസീറിയൻ ചക്രവർത്തി തിഗ്ലാത് പിലേസർ മൂന്നാമൻ കീഴടക്കി നശിപ്പിച്ച നഗരങ്ങളാണ് ഇവ മൂന്നും. നാശകൂമ്പാരമായിത്തീർന്ന ഈ നഗരങ്ങളുടെ ഗതിയായിരിക്കും സമരിയായ്ക്കും സംഭവിക്കുക എന്ന് നേതാക്കന്മാരെ ബോധ്യപ്പെടുത്താൻ വേണ്ടിയാണ് അവരോട് ഈ നഗരങ്ങളിൽ ചെന്നുനോക്കാൻ ആവശ്യപ്പെടുന്നത് എന്ന് ചില വ്യാഖ്യാതാക്കൾ കരുതുന്നു. എന്നാൽ ആമോസിന്റെ കാലം 760 ആണെന്നു നാം കണ്ടു കഴിഞ്ഞു. അതിനാൽ ആമോസിന്റെ ശിഷ്യഗണത്തിൽപ്പെട്ട



ആരോ പില്ക്കാലത്തു കൂട്ടിച്ചേർത്തതാണ് ഈ വാക്യം എന്ന് അവർ അഭിപ്രായപ്പെടുന്നു. ആമോസ് നല്കിയ മുന്നറിയിപ്പു വകവയ്ക്കാതിരുന്ന സമരിയാ നശിച്ചുപോയി. അതുതന്നെ ജറുസലെമിനും സംഭവിക്കാതിരിക്കണമെങ്കിൽ താക്കീതു സ്വീകരിക്കുക എന്ന് ഉദ്ബോധിപ്പിക്കാൻ വേണ്ടിയാണത്രേ അവർ ഈ വാക്യം കൂട്ടിച്ചേർത്തത് ''സീയോനെനെക്കുറിച്ച് 6,1–ൽ പരാമർശിക്കുന്നതും ഈ ശിഷ്യഗണം തന്നെ ആയിരിക്കണം.

തകർന്നടിഞ്ഞ നഗരങ്ങളെ ചൂണ്ടിക്കാട്ടി താക്കീതു നല്കുകയാണ് ഈ ആഹ്വാനത്തിന്റെ ഉദ്ദേശ്യം എന്ന വ്യാഖ്യാനം സ്വീകരിക്കാൻ പ്രയാസമുണ്ട്. എടുത്തു പറയുന്ന നഗരങ്ങളെക്കാൾ വളരെ മഹത്തും ശക്തവുമാണ് ഇസ്രായേലും അതിന്റെ നഗരങ്ങളും എന്നതാണ് താരതമ്യത്തിന്റെ തന്നെ ഉദ്ദേശ്യം. ചെറിയതു തകർന്നാലും വലിയതിനു പിടിച്ചുനില്ക്കാൻ കഴിയും. അതേ സമയം ആമോസ് തന്നെ പറഞ്ഞതാണ് ഈ വാക്കുകളെങ്കിൽ ഇതിൽ പ്രകടമാകുന്ന ആശയം ആമോസിന്റേതിൽ നിന്നു തികച്ചും വ്യത്യസ്തമാണെന്ന് അംഗീകരിക്കാതെ വയ്യ. അതിനാൽ സമരിയായിലെ നേതാക്കന്മാരുടെ അഹങ്കാരവും സുരക്ഷിതത്വബോധവും വെളിപ്പെടുത്തുന്ന അവരുടെ തന്നെ വാക്കുകൾ ആമോസ് ഉദ്ധരിക്കുകയാണ് എന്നു മറ്റു ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. തങ്ങളുടെ ജീവിതശൈലിക്കും ചിന്താരീതിക്കും ന്യായീകരണമായി നേതാക്കൾ പറഞ്ഞ വാക്കുകളാവാം ഇത്. ചുറ്റുമുള്ള മഹത്തായ രാജ്യങ്ങളെയും നഗരങ്ങളെയുംകാൾ കൂടുതൽ ശക്തവും സമ്പന്നവുമാണ് തങ്ങളുടെ രാജ്യവും നഗരവും സംശയമുള്ളവർ ചെന്നുനോക്കട്ടെ എന്നതായിരിക്കാം നേതാക്കന്മാരുടെ മനോഭാവം. ഈ വ്യാഖ്യാനവും പൂർണ്ണമായും തൃപ്തികരമാണെന്നു പറയാനാവില്ല. നേതാക്കന്മാരുടെ വാക്കുകൾ ആമോസ് ഉദ്ധരിക്കുകയാണെന്നതിന് യാതൊരു സൂചനയും ഇവിടെ നല്കുന്നില്ല എന്നതുതന്നെ മുഖ്യ കാരണം. എന്നാലും സാഹചര്യത്തോട് കൂടുതൽ പൊരുത്തപ്പെട്ടു പോകുന്നതിനാൽ ഇതാണ് കൂടുതൽ സ്വീകാര്യം.

3–ാം വാക്യത്തിന്റെ അർത്ഥവും വ്യക്തമല്ല. ''ആപദ്ദിനത്തെ അകറ്റി നിർത്താമെന്നു നിങ്ങൾ വിചാരിക്കുന്നുവോ? അക്രമത്തിന്റെ വാഴ്ചയെ നിങ്ങൾ വിളിച്ചുവരുത്തുകയാണ്'' എന്ന വിവർത്തനം ഏറ്റം സ്വീകാര്യമായ വ്യാഖ്യാനമാണ്. ആമോ

സിന്റെ തന്നെ വാക്കുകളാണിവ എന്ന കാര്യത്തിൽ തർക്കമില്ല. പ്രവാചകൻ അറിയിച്ച ശിക്ഷയാണ് "ആപദ്ദിനം"കൊണ്ട് ഉദ്ദേശിക്കുന്നത്. "തിന്മയുടെ ദിനം" എന്നാണ് മൂലം. "കർത്താവിന്റെ ദിനം'' എന്ന പ്രയാഗത്തിനു സമാനമാണിത്. ശിക്ഷ അടുത്തൊന്നും ഉണ്ടാവുകയില്ല എന്നു കരുതുന്നവർ അക്രമത്തിന്റെ തേർവാഴ്ച തുടരുകയാണ്. "തിന്മയുടെ ദിനത്തെ അകറ്റി നിർത്തുന്നവർ അക്രമഭരണത്തെ അടുത്തുകൊണ്ടുവരുന്നു" എന്നാണ് വാച്യാർത്ഥം.

തലസ്ഥാനനഗരിയിലെ സുരക്ഷിതഗോപുരങ്ങളിൽ വസിക്കുന്ന സമ്പന്ന നേതാക്കന്മാരുടെ ജീവിതത്തിലേക്ക് ഒരു ജാലകം തുറക്കുകയാണ് 6,4-6 വാക്യങ്ങളിൽ ആമോസ് ചെയ്യുന്നത്. ഏഴു കാര്യങ്ങൾ ഇവിടെ എടുത്തു കാട്ടുന്നു. 4-ാം വാക്യത്തിന്റെ അവസാനം ചേർത്തിരിക്കുന്ന "ദുരിതം" എന്ന വ്യാക്ഷേപകം മൂലത്തിൽ ഇല്ല. അർത്ഥം വിശദമാക്കാൻ വേണ്ടി വിവർത്തകൻ കൂട്ടിച്ചേർത്തതാണ്. കുടിച്ച് ഉന്മത്തരായി, കിടക്കകളിൽ കുഴഞ്ഞുവീണ്, അർദ്ധബോധാവസ്ഥയിൽ തോന്നിയ പാട്ടുകൾ പാടിക്കിടക്കുന്ന സമ്പന്നരുടെ ചെടിപ്പിക്കുന്ന ചിത്രമാണ് അതിന്റെ സകല വിശദാംശങ്ങളോടും കൂടെ പ്രവാചകൻ വരച്ചുകാട്ടുന്നത്.

''ദന്തനിർമ്മിതമായ തല്പങ്ങളിൽ വിരിച്ച മെത്തയിൽ നിവർന്നു ശയിക്കുന്നു" കിടന്ന് ഉറങ്ങാനുള്ള കട്ടിലല്ല, വിരുന്നാഘോഷത്തിൽ ഉപയോഗിക്കുന്ന സോഫകളാണ് പരാമർശവിഷയം. ആനക്കൊമ്പു പതിച്ച ശയ്യോപകരണങ്ങൾ സമരിയായിൽ നിന്ന് പുരാവസ്തു ഗവേഷകർ കണ്ടെടുത്തിട്ടുണ്ട് (3,12-15). സാധാരണ ജനം പായയോ മെത്തയോ വിരിച്ച് നിലത്തിരുന്നാണ് ഭക്ഷണം കഴിച്ചിരുന്നത്. എന്നാൽ തലസ്ഥാനത്തെ സമ്പന്നർ ഇരുന്നല്ല. ചാരിക്കിടന്നാണ് ഭക്ഷിക്കുക. "നിവർന്നുശയിക്കുന്നു" എന്നത് സുഖനിദ്രയെ അല്ല സൂചിപ്പിക്കുന്നത്. കുടിച്ചു ലക്കുകെട്ട്, കൈകാലുകളുടെ നിയന്ത്രണം നഷ്ടപ്പെട്ട, ശരീരാവയവങ്ങൾ എവിടെയെന്നറിയാതെ, കുഴഞ്ഞുവീണു കിടക്കുന്ന ചിത്രമാണ് ഈ വാക്കുകളിൽ തെളിയുന്നത്.

2-3. "ആട്ടിൻ പറ്റത്തിൽനിന്ന് കുഞ്ഞാടുകളെയും കാലിക്കൂട്ടത്തിൽനിന്നു പശുക്കിടാങ്ങളെയും ഭക്ഷിക്കുന്നു". സാധാരണ ജനം വളരെ വിരളമായേ മാംസം ഭക്ഷിക്കാറുള്ളു. എന്നാൽ സമ്പന്നനേതാക്കന്മാർക്ക് സസ്യാഹാരം പോരാ, സാധാരണ മാംസവും



പോരാ. അതിമൃദുവായ മാംസംതന്നെ വേണം. വിരുന്നുകൾക്കു വേണ്ടി പ്രത്യേകം വളർത്തിയെടുത്ത മൃഗങ്ങളെയാണ് ഇവിടെ വിവക്ഷിക്കുക. പ്രത്യേകമായ തീറ്റി കൊടുത്ത്, തൊഴുത്തിൽ നിന്ന് ഒരിക്കലും അഴിച്ചുവിടാതെ സംരക്ഷിച്ച മൃഗങ്ങളാണിവ. സമ്പത്തു വർദ്ധിക്കുന്തോറും ഭക്ഷണത്തെ സംബന്ധിച്ച താൽപര്യങ്ങളും കൂടുതൽ കർശനമാകുന്നു.

4. "വീണാനാദത്തോടെ വ്യർത്ഥഗീതങ്ങൾ ആലപിക്കുന്നു" . സംഗീതവും ഗാനവും വിരുന്നുകളുടെ ഭാഗമായിത്തീർന്നിരുന്നു. അർത്ഥമില്ലാത്ത വാക്കുകൾ തോന്നിയപോലെ പാടുന്നതാണ് വ്യർത്ഥഗീതങ്ങൾ. തെറിപ്പാട്ടുകളും ആക്രോശങ്ങളും എല്ലാം ഇതിൽപ്പെടും.

5. "ദാവീദിനെപ്പോലെ പുതിയ സംഗീതോപകരണങ്ങൾ കണ്ടുപിടിക്കുന്നു". ഇസ്രായേലിലെ ഏറ്റം പ്രഗത്ഭനായ ഗായകനായിരുന്നു ദാവീദ്. അദ്ദേഹത്തിന്റെ ഗാനവൈഭവത്തെയും സംഗീതോപകരണങ്ങളെയും കുറിച്ച് ബൈബിളിൽ ധാരാളം പരാമർശങ്ങളുണ്ട് (1 സാമു 16,17; 18,10). സമരിയായിലെ സമ്പന്നരെ ദാവീദുരാജാവിനോടു താരതമ്യം ചെയ്യുന്നതിൽ വ്യക്തമായ ഹാസ്യമുണ്ട്. ഓരോ സമ്പന്നനും ഓരോ കുട്ടിരാജാവായിത്തീർന്നിരിക്കുന്നു,

6. "ചഷകങ്ങളിൽ നിന്നു വീഞ്ഞുകുടിക്കുന്നു" ശക്തിയുള്ള ലഹരി പാനീയങ്ങൾ വിരുന്നിന്റെ ആവശ്യഘടകങ്ങളായിത്തീർന്നിരിക്കുന്നു. സാധാരണയായി ഗ്ലാസോ ചെറിയ കപ്പോ ആണ് വീഞ്ഞു കുടുക്കാൻ ഉപയോഗിക്കുക. എന്നാൽ ഇവിടെ അതിനു പകരം തളികകളിൽ നിന്നാണു കുടിക്കുന്നത്. പലതരം ലഹരി പാനീയങ്ങൾ കൂട്ടിക്കലർത്തി വീര്യമുള്ള പാനീയം ഉണ്ടാക്കാൻ വേണ്ടി ഉപയോഗിക്കുന്ന പാത്രമാണ് ''ചഷകം'' എന്നു വിവർത്തനം ചെയ്യുന്നത്. ''ചാറകളിൽ നിന്നു മോന്തുന്നു" എന്നാണ് വാച്യാർത്ഥം.

7. "വിശിഷ്ട ലേപനങ്ങൾ പൂശുന്നു" "പൂശുക" എന്നു വിവർത്തനം ചെയ്യുന്നത് "മ്ശഹ്" എന്ന ഹീബ്രുവാക്കാണ്. രാജാക്കന്മാരെയും പുരോഹിതന്മാരെയും ഔദ്യോഗികമായി അഭിഷേകം ചെയ്യുന്നതിന് ഉപയോഗിക്കുന്ന പദമാണിത്. സാധാരണമായി ശരീരത്തിൽ എണ്ണ പുരട്ടുകയോ തൈലം പൂശുകയോ ചെയ്യുന്നതിന്

വേറെ വാക്കുകളാണ് ഹീബ്രുവിൽ ഉപയോഗിക്കുക. ഏറ്റം വിലപിടിച്ച സുഗന്ധദ്രവ്യങ്ങളും സമ്പന്നരുടെ അനുദിനാവശ്യങ്ങളുടെ പട്ടികയിൽ പെട്ടുകഴിഞ്ഞു.

സീമാതീതമായ സുഖഭോഗങ്ങളുടെയും ധൂർത്തിന്റെയും അറപ്പുളവാക്കുന്ന ചിത്രം വരച്ചു കാട്ടിയതിനുശേഷം അതിന്റെ പിന്നിലുള്ള അനീതിയിലേക്കാണ് പ്രവാചകൻ ശ്രദ്ധ തിരിക്കുന്നത്: "അവർ ജോസഫിന്റെ നാശം ഗണ്യമാക്കുന്നില്ല" എന്നാണ് മൂലം. ജനത്തിന്റെ നാശത്തെ കണക്കിലെടുക്കുന്നില്ല എന്നു മാത്രമല്ല, സമ്പന്നരുടെ ഈ ധൂർത്തുതന്നെ ജനത്തിന്റെ നാശത്തിനു കാരണമായിത്തീരുന്നു എന്ന സൂചനയും ഈ ആരോപണത്തിലുണ്ട്. പിഴയും പലിശയും നികുതിയുമൊക്കെയായി പാവപ്പെട്ടവരെ പിഴിഞ്ഞെടുത്ത പണമാണ് ഇപ്രകാരം ധൂർത്തടിക്കുന്നത്.

കുറ്റം അതിന്റെ സകല ഭീകരതയോടും കൂടെ തെളിയിച്ചതിനുശേഷം ശിക്ഷാവിധി പ്രഖ്യാപിക്കുന്നു. "അതിനാൽ അവരായിരിക്കും ആദ്യമേ പ്രവാസികളായി പോവുക. നിങ്ങളുടെ വിരുന്നും മദിരോത്സവവും അവസാനിക്കാറായി. "മേൽ വിവരിച്ച കുറ്റകൃത്യങ്ങളാണ് ശിക്ഷയുടെ കാരണം എന്ന് "അതിനാൽ" എന്ന സമുച്ചയ പദത്തിലൂടെ വ്യക്തമാക്കുന്നു. ജനപ്രമാണികൾക്ക് ശിക്ഷയിലും പ്രമുഖസ്ഥാനം നല്കിയിരിക്കുന്നു. അടിമകളായി നീങ്ങുന്ന തടവുകാരുടെ നിരയിൽ അവരായിരിക്കും മുൻപന്തിയിൽ. "നിങ്ങളുടെ ഒടുക്കത്തെ വിരുന്നാണിത്" എന്ന വിവർത്തനം ശിക്ഷയുടെ ഭീകരത വ്യക്തമാക്കാൻ സഹായിക്കും.

## വിചിന്തനം

ധനവാന്റെയും ലാസറിന്റെയും ഉപമയിലൂടെ യേശുനാഥൻ അവതരിപ്പിച്ച സമൂഹത്തിന്റെ ചിത്രം (ലൂക്കാ 16,19–31) ആമോസിന്റെ പ്രഭാഷണത്തിന്റെ ഒരു ഭാഷ്യമായി കാണാവുന്നതാണ്. നമ്മുടെ നാട്ടിലെ നേതാക്കന്മാരുടെയും സമ്പന്നരുടെയും ആർഭാടങ്ങളും ധൂർത്തും ഈ ദൈവവചനത്തിന്റെ വെളിച്ചത്തിൽ എപ്രകാരമാണ് വിലയിരുത്തുക? നേതാക്കന്മാർ മാത്രമാണോ സമ്പത്തു ധൂർത്തടിക്കുന്നത്? നമ്മുടെ സമൂഹത്തിൽ പൊതുവേ വർദ്ധിച്ചു വരുന്ന ഉപഭോഗതൃഷ്ണതയും സുഖാലസതയും കർത്താവ് എപ്രകാരമായിരിക്കും വിക്ഷീക്കുക? ധൂർത്തിനെ അപലപിക്കുന്ന സഭാനേതൃത്വം പോലും ധൂർത്തിൽ നിന്നു വിമുക്തവും ലാളിത്യത്തിന്റെ



മാതൃകയും ആണെന്നു പറയാൻ കഴിയുമോ? പാവപ്പെട്ടവരെ പിഴിഞ്ഞ്, അവരുടെ ജീവരക്തം ഊറ്റിയെടുത്തു ധൂർത്തടിക്കുന്ന സമൂഹത്തിന്റെ അടിത്തറയിൽ വിള്ളൽ വീണുകഴിഞ്ഞു., അതു നിലംപതിക്കാൻ അധികം വൈകുകയില്ല എന്നു നാം മനസ്സിലാക്കുന്നുണ്ടോ?

## b. അഹന്തയുടെ അന്ത്യം 6,8–14

6,7–ൽ സൂചിപ്പിക്കുന്ന ശിക്ഷാവിധി ശക്തവും വ്യക്തവുമായി വിവരിക്കുകയാണ് തുടർന്നുള്ള വാക്യങ്ങളിൽ. കർത്താവിന്റെ ശപഥമായിട്ടാണ് വിധിവാചകം അവതരിപ്പിച്ചിരിക്കുന്നത്. യുദ്ധം, സമൂലനാശം, ഭൂകമ്പം, ശത്രുക്കളുടെ ആക്രമണം, ക്രൂരമായ പീഡനം മുതലായ അനേകം പ്രതീകങ്ങളിലൂടെ ശിക്ഷയുടെ കാഠിന്യം വ്യക്തമാക്കുന്നു. നീതി നിഷേധിച്ചതാണ് ഇതിനു കാരണമെന്ന് ശിക്ഷയുടെ വിവരണത്തിനു മധ്യത്തിൽ രണ്ട് ഉപമകളിലൂടെ വിശദീകരിക്കുന്നു.

6,8 "ദൈവമായ കർത്താവ് തന്റെ നാമത്തിൽ സത്യം ചെയ്തിരിക്കുന്നു" എന്ന വിവർത്തനം ഒരു വ്യാഖ്യാനമാണ്. "നാഥനായ യാഹ്വേ തന്നെത്തന്നെ സാക്ഷി നിർത്തി ശപഥം ചെയ്തിരിക്കുന്നു. സൈന്യങ്ങളുടെ ദൈവമായ യാഹ്വേയുടെ അരുളപ്പാട്" എന്നത്രെ ഹീബ്രുമൂലം. "തന്നെത്തന്നെ സാക്ഷിയാക്കി"യെന്നത് "തന്റെ ജീവനെപ്രതി" എന്നും "തന്റെ തൊണ്ടയിൽ തൊട്ടുകൊണ്ട്" എന്നും വിവർത്തനം ചെയ്യാവുന്നതാണ്. ബി.സി. 18–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഹമ്മുറബി, സിമ്രിലിം എന്നീ രാജാക്കന്മാർ കരാറുണ്ടാക്കിയപ്പോൾ ഓരോരുത്തരും താന്താങ്ങളുടെ തൊണ്ടയിൽ തൊട്ട് ശപഥം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. താൻ ഉടമ്പടി ലംഘിച്ചാൽ സ്വയം കഴുത്തറുത്തു കൊല്ലും എന്നാണ് സൂചന. ഈ ആശയമാണ് ഇവിടെ ശപഥത്തിനു പിന്നിലുള്ളത്. കർത്താവ് തന്റെ ജീവൻ കൈയിൽ എടുത്തുകൊണ്ടാണ് ശപഥം ചെയ്യുക. ഇതിനേക്കാൾ ശക്തമായ ഒരു ശപഥം സാധ്യമല്ല. കർത്താവിന്റെ ശപഥത്തെക്കുറിച്ച് ആമോ. 4,2; 8,7–ൽ പ്രതിപാദിക്കുന്നത്.

വടക്കൻ രാജ്യത്തെ സൂചിപ്പിക്കാനാണ് "യാക്കോബ്" എന്ന പേര് ഉപയോഗിക്കുന്നത് (3,13;7, 2;8,7). 6,1–6 ൽ വിവരിച്ച അവസ്ഥയെ "അഹങ്കാരം" എന്ന ഒറ്റ വാക്കിൽ വിശേഷിപ്പിച്ചിരിക്കു

ന്നു. ദൈവത്തെ മറന്നുകൊണ്ടുള്ള സ്വയം പര്യാപ്തതാബോധ മാണ് അഹങ്കാരം. എല്ലാം തന്റെ നേട്ടമാണെന്നുള്ള മനുഷ്യന്റെ ചിന്താഗതിയെ അറപ്പോടെയാണ് കർത്താവു കാണുക (സുഭാ. 6,16–17). അഹങ്കാരത്തിനും സുരക്ഷിതത്വബോധത്തിനും അടിസ്ഥാ നമായി നില്ക്കുന്നതാണ് സമറിയായുടെ കോട്ടകൾ, അഥവാ ശക്തി ദുർഗ്ഗങ്ങൾ. അവയോടു കർത്താവിനു പുച്ഛമാണ്. മനുഷ്യൻ വില പ്പെട്ടതായി കരുതുന്നതിനെ കർത്താവ് അങ്ങനെ പരിഗണിക്കണ മെന്നില്ല. ശക്തി ദുർഗ്ഗങ്ങളെക്കുറിച്ച് അനേകം തവണ പ്രതിപാദി ച്ചുകഴിഞ്ഞു. കർത്താവു തന്നെ ആയിരിക്കും നഗരത്തെയും അതി ലുള്ള എല്ലാറ്റിനെയും ശത്രുവിന് ഏല്പിച്ചുകൊടുക്കുക. കർത്താവ് അയയ്ക്കുന്ന സൈന്യത്തെ ചെറുത്തു നില്ക്കാൻ സമ റിയായുടെ ശക്തിദുർഗ്ഗങ്ങൾക്കു സാധിക്കുകയില്ല. ആരാണ് ഈ ശത്രു എന്നു പറയുന്നില്ല.

ശത്രുക്കളുടെ ആക്രമണം വരുത്തിവയ്ക്കുന്ന നാശം എത്ര ഭീകരമായിരിക്കും എന്ന് 6,9–10 ൽ വിവരിക്കുന്നു. പത്തിലൊന്ന് അവശേഷിക്കുന്നതിനെക്കുറിച്ച് 5,3ൽ സൂചിപ്പിച്ചു. ഇവിടെ ആരും അവശേഷിക്കാത്ത അവസ്ഥയാണ് വിവരിക്കുന്നത്. വീട്ടിലുള്ള സകലരും മരിച്ചതിനാൽ ശവദാഹം നടത്താൻ വരുന്നത് ബന്ധു ക്കളാണ്. തെരുവിലും മുറ്റത്തും മാത്രമല്ല, വീടിന്റെ ഉൾമുറിയിലും മരണം കടന്നുചെല്ലും. ഇത് യുദ്ധാനന്തരമുണ്ടാകുന്ന സാംക്രമി കരോഗത്തെയാണ് സൂചിപ്പിക്കുന്നത് എന്ന് വ്യാഖ്യാതാക്കൾ അനു മാനിക്കുന്നു. വീട്ടിലുള്ള സകലരും മരിച്ച്, ആസന്നമരണനായ ഒരാൾ മാത്രം അവശേഷിച്ചിരിക്കുന്നു. "കർത്താവിന്റെ നാമം ഉച്ച രിക്കരുത്" എന്ന അയാളുടെ അഭ്യർത്ഥന എന്താണ് അർത്ഥമാ ക്കുന്നത് എന്നു വ്യക്തമല്ല. കർത്താവു മാത്രമേ കൂടെയുള്ളൂ; അവിടുത്തെ നാമം ഉച്ചരിക്കാൻ പാടില്ലാത്തതാണ് എന്ന് ഒരു കൂട്ടർ വ്യാഖ്യാനിക്കുന്നു. കർത്താവിന്റെ പേരുച്ചരിക്കുന്നത് കൂടുതൽ വിനാശം വരുത്തിവയ്ക്കുമെന്ന ഭയമാണ് ഈ വാക്കുകളിൽ മുഴ ങ്ങുന്നത് എന്നു മറ്റു ചില വ്യാഖ്യാതാക്കൾ. അർത്ഥം എന്തുതന്നെ ആയാലും കർത്താവാണ് ഈ സമൂലനാശം വരുത്തിവച്ചതെന്നും ആരും ജീവനോടെ അവശേഷിക്കുകയില്ലെന്നും ആണ് ഈ വാക്യ ങ്ങൾ സൂചിപ്പിക്കുക.

"ഭീകരമായ ഒരു ഭൂകമ്പത്തിന്റെ ചിത്രമാണ് 6,11 ൽ അവത രിപ്പിക്കുന്നത്. ഉറപ്പുള്ള മാളികകളും (3,5;5,11) ചെറിയ വീടുകളും



ഒന്നും അവശേഷിപ്പിക്കാത്തതാണ് ശിക്ഷാവിധി. ശിക്ഷയുടയും നാശത്തിന്റെയും കാരണമാണ് 6,12–ൽ രണ്ട് ഉപമകളിലൂടെ അവ തരിപ്പിക്കുന്നത്: "പാറയിലൂടെ കുതിര പായുമോ? കടലിൽ കാള പൂട്ടുമോ?" എന്ന രണ്ടു ചോദ്യങ്ങൾ ശ്രോതാക്കളുടെ മൗഢ്യത്തെ സൂചിപ്പിക്കുന്നു. യുദ്ധത്തിൽ ഉപയോഗിക്കുന്ന കുതിരയാണ് ഇവിടെ പരാമർശവിഷയം. ആമോസിന്റെ കാലത്ത് രഥങ്ങൾ പ്രചാ രത്തിലുണ്ടായിരുന്നു. പക്ഷേ, സമതലത്തിലേ കുതിരകൾക്കേ രഥം വലിച്ച് പായാനാവൂ. പാറക്കെട്ടുകളിലൂടെ രഥത്തിനെന്നല്ല, രഥമി ല്ലാത്ത കുതിരയ്ക്കും ഓടാനാവില്ല. പാറയിലൂടെ കുതിരയെ ഓടി ക്കുന്നത് തികഞ്ഞ വിഡ്ഢിത്തമാണ്. അതിനേക്കാൾ വലിയ മൗഢ്യമാണ് കടലിൽ കാള പൂട്ടാൻ ശ്രമിക്കുന്നത്. കാള മുങ്ങി ച്ചാകും; ഉഴവു നടക്കുകയുമില്ല. തികച്ചും അസാധ്യം എന്ന് കേൾവിക്കാർ അംഗീകരിക്കുന്ന ഈ രണ്ടുപമകൾ അവർ ചെയ്തു കൊണ്ടിരിക്കുന്ന പ്രവൃത്തിയുടെ മൗഢ്യത്തിലേക്കു ശ്രദ്ധ തിരി ക്കുന്നു.

"നിങ്ങൾ നീതിയെ (മിഷ്പാത്ത്" വിഷമാക്കി;
ധർമ്മനിഷ്ഠയുടെ (സ്ദാഖാ) ഫലത്തെ കാഞ്ഞിരമാക്കി."

പാവപ്പെട്ടവർക്കു ജീവദായകമായിരിക്കേണ്ടതാണ് നീതിയും ധർമ്മനിഷ്ഠയും. ഈ രണ്ടു പദങ്ങളും 5,24–ൽ നാം വിശദമായി ചർച്ച ചെയ്തതാണ്.) എന്നാൽ അവ ഇന്നു ജീവനല്ല മരണമാണ് പ്രദാനം ചെയ്യുന്നത്. ജീവന്റെ ഉറവിടങ്ങളിൽ വിഷം കലർത്തുന്ന പ്രവൃത്തിയാണ് ഇസ്രായേലിൽ നടക്കുന്നത്. പാവ പ്പെട്ടവരുടെ ജീവൻ സംരക്ഷിക്കേണ്ട കോടതികൾ അവർക്കു മര ണക്കെണികളായിത്തീർന്നു. അരുതാത്തത് സംഭവിച്ചുകഴിഞ്ഞു.

ഇസ്രായേൽ നേതാക്കന്മാരുടെ അഹങ്കാരത്തിലേക്ക് 6,13ൽ വീണ്ടും ശ്രദ്ധ തിരിക്കുന്നു. 6,2 ൽ കണ്ടതിനോടു സാമ്യമുള്ള ഒരു പ്രസ്താവനയാണിത്. ജെറോബൊവാം രണ്ടാമന്റെ കാലത്ത് യുദ്ധത്തിലുണ്ടായ വിജയത്തെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കു ന്നത്. ജോർദ്ദാൻ നദിയുടെ കിഴക്ക് പിടിച്ചെടുത്ത നഗരങ്ങളിൽ (2 രാജാ 14,28) രണ്ടെണ്ണം ഇവിടെ എടുത്തു പറയുന്നു. രണ്ടും അപ്ര ധാനമായ ചെറിയ പട്ടണങ്ങളാണ് – തന്നെയുമല്ല അവയുടെ പേരിലും പരിഹാസമുണ്ട്. "ലോദെബാർ" എന്ന പട്ടണത്തിന്റെ പേര് "ലോ-ദാബാർ" എന്നാണ് ഹീബ്രുവിൽ എഴുതിയിരിക്കുന്ന

ത്. സ്വരാക്ഷരങ്ങളിൽ വരുത്തിയ മാറ്റം മൂലം "ശൂന്യത" എന്നാണ് പേരിന്റെ അർത്ഥം. "കാർണായിം" എന്ന പേരിന്റെ അർത്ഥമാകട്ടെ "ഇരട്ടക്കൊമ്പ്" എന്നും കൊമ്പ് ശക്തിയുടെ പ്രതീകമാണ്. പക്ഷേ വളരെ ദുർബ്ബലമായ ഒരു ചെറിയ പട്ടണമാണത്. ഇസ്രായേൽ നേതാക്കന്മാരുടെ ഡംബ് എത്ര പരിഹാസ്യമെന്ന് ആമോസ് എടുത്തു കാട്ടുന്നു.

നിസ്സാരമായ യുദ്ധങ്ങളിൽ ജയിച്ചതിന്റെ പേരിൽ അഹങ്കരിക്കുന്നവർക്കെതിരേ കർത്താവ് ഒരു ജനതയെ അയയ്ക്കും. അവർ ദേശം മുഴുവൻ കീഴടക്കി ജനത്തെ കഠിനമായ പീഡനത്തിന് ഇരയാക്കും എന്ന ശിക്ഷാവിധിയോടെയാണ് പ്രഭാഷണ സമാഹാരം സമാപിക്കുന്നത് (6,14). ഇസ്രായേൽ രാജ്യത്തിന്റെ വടക്കുകിഴക്കെ അതിർത്തിയാണ് "ഹമാത്ത് കവാടം" "അരാബായിലെ അരുവി"യാകട്ടെ തെക്കുകിഴക്കെ അതിർത്തിയും. ചാവുകടലിൽ ചെന്നുചേരുന്ന ഒരു പുഴയാണ് "അരാബായിലെ അരുവി" ജെറൊബൊവാം രണ്ടാമന്റെ വിജയങ്ങളെക്കുറിച്ചു പ്രതിപാദിച്ചപ്പോൾ ഈ രണ്ട് അതിരുകളാണ് വി.ഗ്രന്ഥകാരൻ എടുത്തുകാട്ടിയത് (2 രാജാ 14,25). ദേശങ്ങളും നഗരങ്ങളും കീഴടക്കി വിജയം ആഘോഷിച്ച ഇസ്രായേലിനെ പൂർണ്ണമായി ശത്രുകരങ്ങളിൽ ഏല്പിച്ചുകൊടുത്തുകൊണ്ടായിരിക്കും കർത്താവ് ശിക്ഷാവിധി നടപ്പിലാക്കുക.

### വിചിന്തനം

അഹങ്കാരം നാശത്തിന്റെ മുന്നോടിയാണ്. പാവപ്പെട്ടവർക്കു നീതി നിഷേധിക്കുന്നവർ കർത്താവിന്റെ നീതിവിധിയെ നേരിടേണ്ടി വരും. യുദ്ധത്തിൽ വിജയം ആഘോഷിക്കുന്നവരുടെ പരാജയവും സമൂലനാശവും വിദൂരത്തല്ല. സ്വരുക്കൂട്ടിയ സമ്പത്തും മതിൽക്കെട്ടിന്റെ ഉറപ്പും ആർക്കും സുരക്ഷിതത്വം നല്കുകയില്ല.



## 3. ദർശനങ്ങൾ 7,1-9,15

ആമോസിന്റെ പുസ്തകത്തിന്റെ മൂന്നാംഭാഗം മുഖ്യമായും അഞ്ചു ദർശനങ്ങളുടെ ഒരു സമാഹാരമാണ് (7,1-3. 4-6.7-9; 8,1-3; 9,1-6). ഇസ്രായേലിന്റെ ഭാവിയെ സംബന്ധിച്ച തന്റെ പദ്ധതി കർത്താവു പ്രവാചകനു വെളിപ്പെടുത്തുകയാണ് ഈ ദർശനങ്ങളിലൂടെ. ദർശനങ്ങളെക്കുറിച്ചുള്ള വിവരങ്ങളുടെ മദ്ധ്യേ പ്രവാചകന്റെ ആത്മകഥാപരമായ ഒരു പ്രതിപാദനം (7,10-17). ഇസ്രായേലിന്റെ കുറ്റങ്ങളെയും അവയ്ക്കുള്ള ശിക്ഷാവിധിയെയും സംബന്ധിച്ച അരുളപ്പാടുകൾ (8,4-14; 9,7-10) എന്നിവചേർത്തിരിക്കുന്നു. ആസന്നമായിരിക്കുന്ന സമൂല നാശത്തിന്റെ ചിത്രമാണ് ഈ ഭാഗത്തെ നിറഞ്ഞു നില്ക്കുന്നതെങ്കിലും ഒരു ചെറിയ വിഭാഗം അവശേഷിക്കും എന്ന പ്രതീക്ഷ നല്കിക്കൊണ്ടാണ് (9,8) ഈ സമാഹാരം സമാപിക്കുന്നത്. ഇസ്രായേലിന്റെ ഭാസുരമായ ഭാവിയെക്കുറിച്ച് അനുബന്ധമെന്ന രീതിയിൽ ഒരു പ്രവചനവും ചേർത്തിരിക്കുന്നു.

ആമോസിനു വ്യക്തിപരമായി ലഭിച്ച ദർശനങ്ങളാണ് അഞ്ചും. എന്നാൽ എപ്പോൾ എവിടെവച്ച് ഈ ദർശനങ്ങളുണ്ടായി എന്ന് പ്രവാചകൻ പറയുന്നില്ല. പ്രവാചക ദൗത്യത്തിന്റെ ആരംഭത്തിൽത്തന്നെ ലഭിച്ചവയാണ് അഞ്ചു ദർശനങ്ങളും എന്ന് അഭിപ്രായപ്പെടുന്ന വ്യാഖ്യാതാക്കളുണ്ട്. ഈ ദർശനങ്ങളിലൂടെയാണ് ദൈവം ആമോസിനെ പ്രവാചകനായി വിളിച്ചതും ഇസ്രായേലിലേക്ക് അയച്ചതും എന്നു കരുതുന്നവരുമുണ്ട്. തന്റെ വിളിയെക്കുറിച്ചു പ്രവാചകൻ തന്നെ പറയുന്നുണ്ടെങ്കിലും (7,15) അത് എപ്പോൾ, എങ്ങിനെ സംഭവിച്ചു എന്നു വ്യക്തമാക്കുന്നില്ല. ഏശയ്യാ, ജറെമിയാ, എസെക്കിയേൽ എന്നീ പ്രവാചകന്മാരെല്ലാം ഓരോ ദർശനങ്ങളിലൂടെയാണ് വിളിക്കപ്പെട്ടത് എന്ന് അവർ തന്നെ വ്യക്തമാക്കുന്നുണ്ട്. എന്നാൽ അതുപോലെ ഒരു "ദൗത്യദർശന"മാണ് ഇവിടെ വിവരിക്കുന്നതെന്ന് ആമോസ് പറയുന്നില്ല. അതിനാൽ പ്രവാചകവൃത്തിയുടെ മധ്യത്തിൽ സമറിയായിലും ബെഥേലിലും വച്ച് ആമോസിനു ലഭിച്ചതാണ് ഈ ദർശനങ്ങൾ എന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

തന്റെ വിളിയോ ദൗത്യമോ വ്യക്തിത്വമോ ഒന്നുമല്ല ആമോസിന്റെ പ്രഭാഷണങ്ങളിലെ ശ്രദ്ധാകേന്ദ്രം. ദൈവം തന്നെ ഒരു ദൗത്യം ഏല്പിച്ചിരിക്കുന്നു എന്ന വ്യക്തമായ അവബോധം അദ്ദേഹത്തിന്റെ വാക്കുകളിലെല്ലാം നിറഞ്ഞുനില്ക്കുന്നുണ്ട്. ഒഴിഞ്ഞുമാറാനാവാത്തവിധം കർത്താവു തന്നെ പ്രവാചകനാക്കി മാറ്റിയിരിക്കുന്നു എന്ന് അമാസിയായുമായുള്ള സംഘട്ടനത്തിനു മധ്യത്തിൽ പ്രവാചകൻ തന്നെ പറയുന്നുമുണ്ട്. സിംഹഗർജ്ജനം കേട്ടു നടങ്ങുന്നതുപോലെയാണ് കർത്താവിന്റെ വചനം തനിക്ക് അനുഭവപ്പെട്ടതെന്നും ആമോസ് സൂചിപ്പിക്കുന്നുണ്ട് (1,2; 3,8). തെളിച്ചു പറയുന്നില്ലെങ്കിലും ഇവിടെ വിവരിക്കുന്ന ദർശനങ്ങൾ തന്നെയാണ് ആമോസിനെ പ്രവാചകനാക്കി മാറ്റിയത് എന്ന് ന്യായമായും അനുമാനിക്കാം. ദർശനങ്ങളിലൂടെ വെളിപ്പെടുന്ന ഭീകരമായ ദുരന്തങ്ങളാവണം ആമോസിന്റെ വാക്കുകളെ ഇത്ര കഠിനവും മൂർച്ചയേറിയതുമാക്കുന്നത്.

ഇസ്രായേലിനെക്കുറിച്ച് ആമോസ് "കണ്ടകാര്യങ്ങൾ", അഥവാ ആമോസിനു ലഭിച്ച ദർശനങ്ങളാണ് പുസ്തകത്തിന്റെ ഉള്ളടക്കം എന്ന് ആമുഖവാക്യത്തിൽ (1,1). നാം കണ്ടു കഴിഞ്ഞു. അതിനാൽ ഈ ദർശനങ്ങളെല്ലാം പ്രവാചദൗത്യത്തിന്റെ തുടക്കത്തിൽത്തന്നെ അദ്ദേഹത്തിനു ലഭിച്ചതാകണം. ദർശനങ്ങളുടെ ഭീകരതയാൽ നടുങ്ങി, നാടുവിട്ട് വിദേശത്തുചെന്ന് പ്രവചിക്കാൻ നിർബ്ബന്ധിതനായ പ്രവാചകനാണ് ആമോസ് എന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. ദർശനങ്ങൾ എപ്പോൾ ലഭിച്ചു എന്നതിനേക്കാൾ അവയിലൂടെ കർത്താവു വെളിപ്പെടുത്തിയ സന്ദേശം എന്തെന്ന് ഗ്രഹിക്കുകയാണ് കൂടുതൽ പ്രധാനം.

ആദ്യത്തെ നാലു ദർശനങ്ങളും ഏതാണ്ട് ഒരേ രൂപത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. "കർത്താവ് എനിക്കൊരു ദർശനം നല്കി" എന്ന ആമുഖവാക്യം, ദൈവിക പദ്ധതി വെളിപ്പെടുത്തുന്ന ഒരു അനുഭവം, കർത്താവും പ്രവാചകനും തമ്മിലുള്ള സംഭാഷണം എന്നീ മൂന്നു ഘടകങ്ങൾ ആദ്യത്തെ നാലു വിവരണങ്ങളിലുമുണ്ട്. ഒന്നും രണ്ടും വിവരണങ്ങളിൽ ആമോസിന്റെ മധ്യസ്ഥപ്രാർത്ഥനയും അതിനു കർത്താവിന്റെ മറുപടിയും രേഖപ്പെടുത്തിയിരിക്കുന്നു. പ്രവാചകന്റെ യാചന സ്വീകരിച്ച് കർത്താവ് ശിക്ഷ ഒഴിവാക്കുന്നതാണ് ഇവിടെ വിവരിക്കുന്നത്. മൂന്നും നാലും ദർശനങ്ങളിൽ യാചനയോ മറുപടിയോ ഇല്ല.



മാറ്റമില്ലാത്ത തീരുമാനമാണ് കർത്താവ് അറിയിക്കുക. ഇസ്രായേലിന്റെ അവസാനം വന്നുകഴിഞ്ഞു എന്ന പ്രഖ്യാപനമാണത്. അഞ്ചാമത്തെ ദർശനത്തിലാകട്ടെ പ്രവാചകൻ കാണുകയും കേൾക്കുകയും മാത്രമേ ചെയ്യുന്നുള്ളു. ഒന്നും പറയുന്നില്ല; കർത്താവ് പ്രവാചകനോട് ഒന്നും ചോദിക്കുന്നുമില്ല. ദേവാലയം തല്ലിത്തകർക്കുകയും ആരാധകരെ ഒന്നൊഴിയാതെ കൊന്നൊടുക്കുകയും ചെയ്യുന്നതിന്റെ സംഭ്രമജനകമായ ദൃശ്യമാണ് അവസാനത്തേത്. ഇങ്ങനെ ദർശനങ്ങളിൽ ഇസ്രായേൽ ജനത്തിന്റെ ഭാവിയെ സംബന്ധിച്ച് പടിപടിയായി വ്യക്തത നേടുന്ന വെളിപ്പെടുത്തലുകൾ കാണാൻ കഴിയും. ക്രമപ്രവൃദ്ധമായ ഈ വ്യക്തത ആമോസിന്റെ പ്രസംഗത്തിലും ദൃശ്യമാണ്.

### 1. ഒന്നാം ദർശനം – വെട്ടുക്കിളിപ്പറ്റം 7,1–3

കാർഷികമേഖലയെ സംബന്ധിക്കുന്നതാണ് ആദ്യത്തെദർശനം. പ്രവാചകൻ തനിക്കു ലഭിച്ച ഒരു ആന്തരിക അനുഭവമാണ് വിവരിക്കുന്നത്. "ദൈവമായ കർത്താവ് എനിക്കൊരു ദർശനം നല്കി." എന്റെ നാഥനായ യാഹ്‌വേ (അദോനി യാഹ്‌വേ) എന്നാണ് ഹീബ്രുമൂലം. ദൈവം തന്റെ പദ്ധതി ആമോസിനു വെളിപ്പെടുത്തുകയാണ്. ദൈവികമേഖലയിൽ സംഭവിക്കുന്നത് പിന്നീട് മനുഷ്യന്റെ ചരിത്രത്തിൽ ഒരു യാഥാർത്ഥ്യമായിത്തീരുന്നു. ഭൂമിയിൽ നടപ്പിലാക്കാൻ പോകുന്ന കാര്യങ്ങൾ ദൈവം പ്രത്യേകം തിരഞ്ഞെടുത്ത ചില വ്യക്തികൾക്കു വെളിപ്പെടുത്തിക്കൊടുക്കുന്നു. പ്രവാചകത്വത്തിന്റെ സുപ്രധാനമായ ഒരു മാനമാണിത്.

സാധാരണമായ ബോധാവസ്ഥയിൽ പഞ്ചേന്ദ്രിയങ്ങൾക്ക് വിഷയീഭവിക്കുന്ന ഒന്നല്ല "ദർശനം" ഉറക്കത്തിലുണ്ടായ സ്വപ്നമോ സുബോധം നഷ്ടപ്പെട്ട ഉന്മാദാവസ്ഥ (ecstacy) യിലുണ്ടായ അനുഭവമമോ അല്ല അത്. ദൈവത്തിന്റെ പ്രത്യേക പ്രവർത്തനത്താൽ സവിശേഷമാംവിധം ഉദ്ദീപ്തമായ മനസ്സിൽ ഉണ്ടായ ഒരനുഭവമാണ് ദർശനം. കാഴ്ചയും കേൾവിയും ഇതിൽപെടുന്നു. ദർശനം, സ്വീകരിക്കുന്ന ആളിന്റെ വ്യക്തിത്വാവബോധനം നഷ്ടപ്പെടുകയല്ല, കൂടുതൽ സജീവമാവുകയാണ് ചെയ്യുന്നത്. തനിക്കുണ്ടാകുന്ന ആന്തരീകാനുഭവത്തോട് അയാൾ സ്വാതന്ത്ര്യത്തോടെ ബോധപൂർവ്വം പ്രതികരിക്കുന്നു. മനസിന്റെ അഗാധതലങ്ങളിൽ ആഴമായി പതിക്കുന്ന ഒരനുഭവമാണ് ദർശ

നം. ദൈവിക വെളിപാടാണ് ഇതിലൂടെ സംഭവിക്കുന്നത്. ഇതു മനുഷ്യൻ സ്വയം കണ്ടെത്തുന്നതല്ല, ദൈവം നല്കുന്നതാണ്.

"രാജവിഹിതമായ പുല്ല് അരിഞ്ഞു കഴിഞ്ഞതിനുശേഷം അതു വീണ്ടും മുളച്ചു തുടങ്ങിയപ്പോൾ" എന്ന കാലസൂചന ദർശനം ലഭിച്ച കാലത്തെയല്ല സൂചിപ്പിക്കുന്നത്. ഈ കാലസൂചന ദർശനത്തിന്റെ ഭാഗമാണ്. വസന്തത്തിന്റെ അവസാനം ഏപ്രിൽ മാസമാണ് ഇവിടെ വിവക്ഷിക്കുക. ഇതു കഴിഞ്ഞാൽ പിന്നെ സുദീർഘമായ വേനലാണ്. ആദ്യം അരിഞ്ഞെടുക്കുന്ന പുല്ല് രാജാവിന്റെ കന്നുകാലികൾക്കും കുതിരകൾക്കുമായി മാറ്റി വച്ചിരുന്നു എന്നും സാന്ദർഭികമായി ഇവിടെ സൂചിപ്പിക്കുന്നു. ഭയാനകമായ ഒരു മഹാമാരിയാണ് വെട്ടുകിളിപ്പറ്റം (ജോയേൽ 1) ഈജിപ്തിനെ ശിക്ഷിക്കാൻ അയച്ച മഹാമാരി (പുറ 10,12-15) ഇപ്പോൾ ഇസ്രായേലിൻമേൽ ദൈവം അയയ്ക്കാൻ പോകുന്നു എന്ന മുന്നറിയിപ്പാണ് ആമോസിനു ലഭിക്കുന്നത്. പുല്ലു മാത്രമല്ല പച്ചയായതു മുഴുവൻ വെട്ടുക്കിളി തിന്നുതീർക്കും. പിന്നെ വരുന്നത് ഭീകരമായ പട്ടിണിയും മരണവുമാണ്.

വരാൻപോകുന്ന വിപത്തിന്റെ ഭീകരത കണ്ടു നടുങ്ങിയ ആമോസ് ജനത്തിനുവേണ്ടി മാധ്യസ്ഥ്യം വഹിച്ചു. "മാപ്പു നല്കുക, ഞാൻ യാചിക്കുന്നു" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രു വാക്കിന്റെ വാച്യാർത്ഥം "ക്ഷമിക്കണേ" എന്നാണ്. ക്ഷമിക്കുക എന്ന അർത്ഥത്തിൽ "സ്ലഹ്" എന്ന ക്രിയാപദം ബൈബിളിൽ ദൈവത്തിന്റെ പ്രവൃത്തിയെ സൂചിപ്പിക്കാൻ മാത്രമേ ഉപയോഗിക്കുന്നുള്ളു. പാപത്തിനു മാപ്പു നല്കുക എന്നതാണ് വാക്കിന്റെ അർത്ഥം. ഇസ്രായേലിന്റെ പാപത്തെക്കുറിച്ച് ദർശനത്തിൽ സൂചനയൊന്നുമില്ലെങ്കിലും ജനത്തിന്റെ പാപം മൂലം കർത്താവയയ്ക്കുന്ന ശിക്ഷയാണിത് എന്ന് ആമോസ് മനസിലാക്കി. ശിക്ഷ പിൻവലിക്കാനല്ല, പാപം ക്ഷമിക്കാനാണ് ആമോസ് യാചിക്കുന്നത്. പാപം ക്ഷമിച്ചാൽ ശിക്ഷ പിൻവലിക്കപ്പെടും എന്ന അവബോധം ഈ പ്രാർത്ഥനയിൽ പ്രതിഫലിക്കുന്നു. മാപ്പുചോദിക്കുന്നതിന് അടിസ്ഥാനപരമായി ഉടമ്പടിയോ തിരഞ്ഞെടുപ്പോ കർത്താവിന്റെ വാഗ്ദാനമോ ഒന്നുമല്ല, ഇസ്രായേലിന്റെ നിസ്സഹായത മാത്രമാണ് ആമോസ് എടുത്തുകാട്ടുന്നത്. തിരഞ്ഞെടുപ്പ് മാപ്പിന്റെയല്ല, ശിക്ഷയുടെ അടിസ്ഥാനമായിരിക്കും എന്ന ആമോസിന്റെ ദൈവശാസ്ത്ര വീക്ഷണം നാം കണ്ടു കഴിഞ്ഞു (3,2).



യാക്കോബ് എന്നാണ് ആമോസ് വടക്കൻ രാജ്യത്തെ വിശേഷിപ്പിക്കുക (3,13; 6,8; 8,7). ഇസ്രായേലിലെ നേതാക്കന്മാർ തങ്ങളുടെ ശക്തിയിലും സമ്പത്തിലും അഹങ്കരിച്ചു. എന്നാൽ അതിന്റെ മൗഢ്യവും ജനത്തിന്റെ മൊത്തം നിസ്സാഹായതയുമാണ് ആമോസ് കാണുന്നത്. പാവപ്പെട്ടവരെ സംരക്ഷിക്കുന്ന കർത്താവിന്റെ കരുണയിൽ മാത്രം ആശ്രയിച്ചുകൊണ്ടാണ് ആമോസ് പ്രാർത്ഥിക്കുന്നത്. അവകാശവാദമൊന്നുമില്ല. കരുണയ്ക്കുവേണ്ടിയുള്ള യാചനമാത്രം. ഇവിടെ പ്രവാചകത്വത്തിന്റെ മറ്റൊരു മാനം ദൃശ്യമാകുന്നു. ജനത്തെ സ്നേഹിക്കുകയും അവരുടെ ദുരിതത്തിൽ ഹൃദയം നോവുകയും കർത്താവിന്റെ മുമ്പിൽ അവർക്കുവേണ്ടി തീക്ഷ്ണമായി പ്രാർത്ഥിക്കുകയും ചെയ്യുന്നവനാണ് പ്രവാചകൻ (ഉൽപ20,7; പുറ 32,31-32; 1 രാജാ 13,5-6; ജറെ 7,16;8, 18-22; എസെ 13,4-5). യൂദാ നിവാസിയായ ആമോസ് വടക്കൻ രാജ്യമായ ഇസ്രായേലിനുവേണ്ടിയാണ് പ്രാർത്ഥിക്കുന്നത്. മനുഷ്യനിർമ്മിതമായ രാജ്യാതിർത്തികൾ പ്രവാചകന്റെ പ്രവർത്തനങ്ങൾക്കു വിലങ്ങു തടിയാവുന്നില്ല.

കർത്താവ് ആമോസിന്റെ പ്രാർത്ഥന കേട്ടു. "അനുതപിച്ചു" എന്ന പദത്തിന് ഇവിടെ താൻ ചെയ്ത തെറ്റിനെക്കുറിച്ചു പശ്ചാത്തപിച്ചു എന്നല്ല, കർത്താവു ശിക്ഷ പിൻവലിച്ചു എന്നു മാത്രമേ അർത്ഥമുള്ളൂ. കർത്താവിന്റെ സ്വാതന്ത്ര്യവും, കാരുണ്യവും സൂചിപ്പിക്കുന്നതാണ് ഈ പദപ്രയോഗം (പുറ 32,14; ജോയേൽ 2,13-14; യോനാ 3,10). നിർവ്വികാരമായ ഒരു ശക്തിയല്ല, കാരുണ്യവാനായ ഒരു വ്യക്തിയാണ് ദൈവം. ആമോസിന്റെ പ്രാർത്ഥന കേട്ടെങ്കിലും ഉത്തരം പൂർണ്ണമല്ല, വെട്ടുക്കിളിയെ അയച്ച് ദേശം നശിപ്പിക്കുകയില്ല എന്നുമാത്രമേ കർത്താവ് ഉറപ്പു നല്കുന്നുള്ളു. പാപം ക്ഷമിച്ചു എന്നു പറയുന്നില്ല. ശിക്ഷ മാറ്റി വയ്ക്കുക മാത്രമാണ് ചെയ്യുന്നത്. ജനത്തിന് അനുതപിക്കാനുള്ള അവസരം നല്കുകയാണ് ഇതിന്റെ ലക്ഷ്യം.

**2. രണ്ടാം ദർശനം - സംഹാരാഗ്നി 7,4-6**

ആദ്യത്തേതിനേക്കാൾ കൂടുതൽ ഭീകരവും സംഭ്രമജനകവുമാണ് രണ്ടാമത്തെ ദർശനം - "ഇതാ അവിടുന്ന് അഗ്നി അയച്ച് ശിക്ഷിക്കാൻ ഒരുങ്ങുന്നു" എന്ന വിവർത്തനം ഒരു വ്യാഖ്യാനമാണ്. "എന്റെ നാഥനായ യാഹ്‌വേ" എന്ന വിശേഷണം മൂലത്തിൽ

ആവർത്തിക്കുന്നുണ്ട്. ''ശിക്ഷിക്കുക'' എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്ക് ''വർഷിക്കുക'' എന്നും വിവർത്തനം ചെയ്യം. "ഒരുങ്ങുന്നു" എന്നതിന്റെ മൂലം "വിളിക്കുന്നു" എന്നാണ്. "ഇതാ എന്റെ നാഥനായ യാഹ്‌വേ അഗ്നിവർഷത്തെ വിളിക്കുന്നു" എന്നാണ് ഹീബ്രുവിന്റെ വാച്യാർത്ഥം. കർത്താവിന്റെ ശിക്ഷയുടെ ഉപകരണമായി അഗ്നി ബൈബിളിൽ അനേകം തവണ പ്രത്യക്ഷപ്പെടുന്നുണ്ട് (ലേവ്യർ 10,2; സംഖ്യ 11,1-3; നിയ 32,22). ആമോസ് തന്നെ ഇതിനെക്കുറിച്ചു പലതവണ പ്രതിപാദിക്കുന്നുണ്ട്. ജനതകൾക്കുള്ള ശിക്ഷാവിധിയിൽ ഏഴുതവണ ആവർത്തിച്ചതാണ് അഗ്നിയുടെ പ്രതീകം.

"അഗ്നി അഗാധങ്ങളെ വിഴുങ്ങിയിട്ട് ഭൂമിയെ ദഹിപ്പിക്കാൻ തുടങ്ങി" ഇതും ദർശനത്തിന്റെ ഭാഗമാണ് ഭൂമിയിൽ അത് ഇനിയും യാഥാർത്ഥ്യമായിത്തീർന്നിട്ടില്ല. ''അഗാധങ്ങൾ'' എന്നു വിവർത്തനം ചെയ്യുന്നത് "ത്ഹോം റബ്ബാ" എന്ന ഹീബ്രുവാക്കുകളാണ്. പ്രപഞ്ചസൃഷ്ടിയെയും പ്രപഞ്ചഘടനയെയുംകുറിച്ചുള്ള പഴയ നിയമ കാഴ്ചപ്പാട് ഓർത്തിരുന്നാലേ ഈ ദർശനത്തിന്റെ ഭീകരത ഗ്രഹിക്കാൻ കഴിയൂ. എങ്ങുംമുറ്റി നിന്ന പ്രളയജലത്തെ രണ്ടായി തിരിച്ചാണ് ദൈവം സൃഷ്ടികർമ്മം നടത്തിയത് (ഉൽപ 1,6-10). താഴെയുള്ള ജലത്തിനു മുകളിലാണ് ഭൂമിയെ ഉറപ്പിച്ചു നിർത്തിയിരിക്കുന്നത്. ഭൂമിക്കടിയിലുള്ള ജലത്തെ ഒരു മഹാസമുദ്രമായി കരുതുന്നു. ഇതിനെ ദൈവമായി മെസൊപ്പൊട്ടോമിയൻ മതങ്ങൾ കരുതിയിരുന്നു. "തിയാമത്" എന്നാണ് ബാബിലോണിയൻ ഇതിഹാസങ്ങൾ ഈ അധോസമുദ്രത്തെ വിളിക്കുക.

ഭയാനകവും അതേസമയം ജീവദായകവുമാണ് അഗാധങ്ങളിലെ ഈ മഹാസമുദ്രം. അതിൽനിന്നാണ് ഭൂമിയിലെ ഉറവകളുടെയെല്ലാം ഉത്ഭവം. എന്നാൽ അതിരുകൾ ഭേദിച്ച് അതു ഭൂമിയിലേക്കു വന്നാൽ സംഭവിക്കുന്നത് സമ്പൂർണ്ണനാശമായിരിക്കും. അതാണ് നോഹയുടെ കാലത്തെ പ്രളയത്തിൽ സംഭവിച്ചത്. ഇവിടെ കർത്താവു വർഷിക്കുന്ന അഗ്നി ആദ്യമേ ഈ മഹാസമുദ്രത്തെ വറ്റിക്കുന്നു. അതോടെ ഭൂമിയിലെ ജലത്തിന്റെ സകല ഉറവകളും നിലയ്ക്കുന്നു. അഗാധങ്ങളെ വിഴുങ്ങിയ സംഹാരാഗ്നി ഭൂമിയെയും കാർന്നുതിന്നാൻ തുടങ്ങി. "കൃഷിഭൂമി", "വേർതിരിക്കപ്പെട്ട സ്ഥലം" എന്നൊക്കെ വിവർത്തനം ചെയ്യാവുന്നതാണ് 'ഭൂമി" എന്നതിന്റെ ഹീബ്രുമൂലം.



രണ്ടാമത്തെ ദർശനത്തിൽ ആമോസിന്റെ പ്രതികരണം അല്പം വ്യത്യസ്തമാണ്. ഇത്തവണ മാപ്പിനുവേണ്ടി യാചിക്കുന്നില്ല. ആദ്യത്തെ ശിക്ഷ മാറ്റി വച്ചതിനുശേഷം വീണ്ടും മറ്റൊരു ശിക്ഷയ്ക്ക് കർത്താവ് ഒരുങ്ങുന്നതിൽ നിന്ന് ആമോസിന് ഇക്കാര്യം ബോധ്യമായി. ''എന്റെ നാഥനായ യാഹ്‌വേ, നിർത്തണേ" എന്ന ഭയാക്രാന്തമായ നിലവിളിയാണ് പ്രവാചകനിൽ നിന്ന് ഉയരുന്നത്. ശിക്ഷ അയയ്ക്കാതിരിക്കാൻ എടുത്തു കാട്ടുന്നത് ആദ്യത്തെ ന്യായം തന്നെ. കർത്താവ് വീണ്ടും പ്രാർത്ഥന കേട്ടു. ഇതും സംഭവിക്കുകയില്ല എന്നു വാഗ്ദാനം ചെയ്തു.

### 3. മൂന്നാം ദർശനം - തൂക്കുകട്ട 7,7-9

ആദ്യത്തെ രണ്ടു ദർശനങ്ങളിൽ നിന്നും പലവിധത്തിലും വ്യത്യസ്തമാണ് മൂന്നാമത്തെ ദർശനം. ഇവിടെ ഒരു പ്രവൃത്തിയെ അല്ല ഒരുവ്യക്തിയെയും വസ്തുവിനെയുമാണ് ആമോസ് കാണുന്നത്. ആദ്യത്തെ ദർശനങ്ങളുടെ അർത്ഥം അതിൽത്തന്നെ വ്യക്തമായിരുന്നു. എന്നാൽ ഇവിടെ ദർശനത്തിന്റെ അർത്ഥം വ്യാഖ്യാനിക്കേണ്ടി വരുന്നു. ആദ്യ ദർശനങ്ങളിൽ ആമോസിന്റെ ചോദ്യത്തിന് കർത്താവ് ഉത്തരം പറയുകയായിരുന്നു. ഇവിടെയാകട്ടെ കർത്താവാണ് ചോദ്യം ചോദിക്കുന്നത്. ആമോസിന്റെ ഉത്തരം ഒറ്റ വാക്കിൽ ഒതുക്കിയിരിക്കുന്നു. നിലവിളിയില്ല, പ്രാർത്ഥനയുമില്ല,. ആദ്യദർശനത്തിൽ ഇസ്രായേലിനുവേണ്ടി ആമോസ് മാപ്പപേക്ഷിച്ചു, ലഭിച്ചില്ല. രണ്ടാം ദർശനത്തിൽ ശിക്ഷിക്കരുതേ എന്നു യാചിച്ചു, കർത്താവ് ശിക്ഷ മാറ്റിവച്ചു. എന്നാൽ ഇത്തവണ ഒന്നും യാചിക്കാൻപോലും കർത്താവ് അനുവദിക്കുന്നില്ല.

"തൂക്കുകട്ട"യാണ് ഈ ദർശനത്തിലെ മുഖ്യവിഷയം. രണ്ടു വാക്യങ്ങളിൽ അതു നാലുതവണ ആവർത്തിക്കുന്നുണ്ട്. മതിൽ നേരെ പണിയാൻ വേണ്ടി മേസ്തിരിമാർ ഉപയോഗിക്കുന്ന ഉപകരണമാണ് തൂക്കുകട്ട. ഓരോ കല്ലും വയ്ക്കുമ്പോൾ തൂക്കകട്ട പിടിച്ച് മതിൽ നേരെയാണ് ഉയരുന്നത് എന്ന് പണിക്കാർ ഉറപ്പുവരുത്തുന്നു. പണി തീർന്നതിനുശേഷം മതിൽ നേരെയാണോ നില്ക്കുന്നത് അതോ ചരിഞ്ഞിട്ടുണ്ടോ എന്ന് മുഖ്യമേസ്തിരി വീണ്ടും പരിശോധിക്കുന്നു. ഈ മുഖ്യമേസ്തിരി ആയിട്ടാണ് കർത്താവ് ഈ ദർശനത്തിൽ പ്രത്യക്ഷപ്പെടുന്നത്: "ഇതാ, തൂക്കു

കട്ടയുടെ സഹായത്തോടെ പണിതുയർത്തിയ ഒരു മതിലിനു മുക ളിൽ കർത്താവ് ഒരു തൂക്കുകട്ടയുമായി നില്ക്കുന്നു."

കർത്താവ് ആമോസിനെ പേരുചൊല്ലി വിളിച്ചുകൊണ്ടാണ് "നീ എന്തു കാണുന്നു" എന്നു ചോദിക്കുന്നത്. പ്രവാചകനും കർത്താവും മാത്രം ആയിരിക്കുന്ന അവസ്ഥ, പേരുചൊല്ലി വിളി ക്കുകയും ഉത്തരം പറയാൻ ആവശ്യപ്പെടുകയും ചെയ്യുന്ന കർത്താവ് സകലശ്രദ്ധയും ദർശനത്തിൽ കേന്ദ്രീകരിച്ച് ഒറ്റ വാക്കിൽ ഉത്തരം പറയുന്ന പ്രവാചകൻ "തൂക്കുകട്ട"യിൽ മാത്ര മാണ് ആമോസ് ശ്രദ്ധിക്കുന്നത്. മതിലും മതിലിനും മുകളിൽ നില്ക്കുന്ന കർത്താവും ശ്രദ്ധാകേന്ദ്രമല്ല. ദർശനത്തിന്റെ സന്ദേശം മുഴുവൻ ഈ ഒറ്റ വാക്കിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ജറെമിയാ യുടെ വിളിയുമായി ബന്ധപ്പെട്ട രണ്ടു ദർശനങ്ങൾക്ക് (ജറെ 1,11-14) ഇതിനോടു സാമ്യമുണ്ട്. എന്നാൽ ജറെമിയായുടെ ഉത്തരം കൂടു തൽ ദീർഘമാണ്.

എന്താണ് ഈ ദർശനത്തിന്റെ അർത്ഥമെന്നു കർത്താവു തന്നെ പ്രവാചകനു വ്യാഖ്യാനിച്ചുകൊടുക്കുന്നു. "ഇതാ എന്റെ ജനമായ ഇസ്രായേലിനു മധ്യേ ഞാൻ തൂക്കുകട്ട പിടിക്കും. ഇനി ഞാൻ അവരെ വെറുതെ വിടുകയില്ല" ഇസ്രായേൽ ജനമാണ് മതിൽ. "എന്റെ ജനമായ ഇസ്രായേൽ" എന്നു വടക്കൻ രാജ്യ ത്തെയാണ് വിശേഷിപ്പിക്കുക. അവരുടെ ജീവിതത്തെ നയി ക്കാനും നിയന്ത്രിക്കാനുമായി കർത്താവു നല്കിയിരുന്ന പ്രമാ ണങ്ങളാണ് "തൂക്കുകട്ട" ഉടമ്പടിയുടെ പ്രമാണങ്ങൾ അനുസരിച്ച് നേരെ പണിതുയർത്തേണ്ട ജീവിതമാണ് "മതിൽ" പണിതീർന്ന മതിലായ ജനജീവിതത്തിനു മുകളിൽ പ്രമാണങ്ങളുടെ തൂക്കു കട്ട പിടിച്ച് കർത്താവ് പരിശോധിക്കുകയാണ്.

പണി തൃപ്തികരമല്ല, മതിൽ ചരിഞ്ഞുപോയി എന്ന സൂച നയാണ് വിധിവാചകത്തിൽ നിന്നു ലഭിക്കുക. "ഞാൻ അവരെ വെറുതെ വിടുകയില്ല" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രു വാക്കുകളുടെ വാച്യാർത്ഥം "ഞാൻ അവരെ കടന്നുപോവുക യില്ല" എന്ന്. ഈജിപ്തിലെ ആദ്യജാതന്മാരെ വധിച്ച സംഹാരദൂ തൻ ഇസ്രായേൽക്കാരുടെ ഭവനങ്ങളെ ഉപദ്രവിക്കാതെ കടന്നു പോയതിനെ (പുറ 12,23) അനുസ്മരിപ്പിക്കുന്നതാണ് ഈ പ്രഖ്യാ പനം. രണ്ടുതവണ മാറ്റിവച്ച ശിക്ഷാവിധി ഇനി മാറ്റി വയ്ക്കുക യില്ല. അവരുടെ പാപങ്ങൾക്കുമാപ്പില്ല; ശിക്ഷയ്ക്ക് ഇളവില്ല.



യാതൊരു പ്രതീക്ഷയും അവശേഷിക്കുന്നില്ല. അവരെ കടന്നു പോവുകയല്ല, അവരുടെ ഇടയിലൂടെ കടന്നുപോവുകയായിരിക്കും കർത്താവു ചെയ്യുക (5,17). ഭീഷണമായ ഈ ശിക്ഷാവിധി 7,9-ൽ കൂടുതൽ വിശദമാക്കുന്നു:

> *"ഞാൻ ഇസഹാക്കിന്റെ പൂജാഗിരി നിർജ്ജനമാക്കും.*
> *ഇസ്രായേലിന്റെ ആരാധനാ കേന്ദ്രങ്ങൾ ശൂന്യമാക്കും.*
> *ജെറൊബൊവാമിന്റെ ഭവനത്തിനെതിരെ ഞാൻ ഊരിയ വാളുമായി വരും"*

ആരാധനാലയങ്ങൾക്കും രാജമന്ദിരങ്ങൾക്കും എതിരെ യാണ് ശിക്ഷാവിധി നടപ്പിലാക്കാൻ പോവുക. വടക്കൻ രാജ്യത്തെ സൂചിപ്പിക്കാൻ "ഇസഹാക്ക്" എന്ന പേര് ആകെ രണ്ടുതവണയേ ഉപയോഗിക്കുന്നുള്ളു (7,9,16). ഇസഹാക്കിന്റെ ജന്മസ്ഥലമായ ബേർഷെബാ (ഉൽപ 21,31) യിലേക്ക് ഇസ്രായേൽക്കാർ തീർത്ഥാ ടനം നടത്തിയിരുന്നതിനാലാവാം (ആമോ 5,5;8,14) ഈ പേരുപ യോഗിക്കുന്നത് എന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. പൂർവ്വ പിതാക്കന്മാരായ ഇസഹാക്കിന്റെയും യാക്കോബിന്റെയും പേരിൽ ഇസ്രായേലിനെ വിളിക്കുമ്പോൾ പിതാക്കന്മാരുടെ തിരഞ്ഞെടുപ്പി ലേക്കും അന്നുമുതൽ ദൈവവും ജനവും തമ്മിലുള്ള ബന്ധത്തി ലേക്കും ശ്രദ്ധ ക്ഷണിക്കുകയുമാവാം. ദേശത്തെ ഉടനീളം, പ്രത്യേ കിച്ചും കുന്നുകളിൽ ഉണ്ടായിരുന്ന ആരാധനാലയങ്ങളാണ് പൂജാ ഗിരികൾ. അതുതന്നെയാണ് രണ്ടാം വരിയിലെ 'ആരാധനാകേന്ദ്ര ങ്ങൾ" രണ്ടുവരികളും ഒരേ അർത്ഥമുള്ള സമാന്തരവാക്യങ്ങളാ ണ്.

ആരാധനാലയങ്ങൾ നശിപ്പിക്കപ്പെടും എന്നതിനേക്കാൾ ശൂന്യമാകും എന്ന ആശയത്തിനാണ് ഊന്നൽ നല്കുന്നത്. ആല യങ്ങളല്ല, ആലയത്തെ അശുദ്ധമാക്കുന്ന ജനങ്ങളാണ് ശിക്ഷിക്ക പ്പെടുക. ജനം വധിക്കപ്പെടുകയോ നാടുകടത്തപ്പെടുകയോ ചെയ്യു ന്നതിനെക്കുറിച്ച് ഒരു സൂചന ഇവിടെ കാണാം. നീതി മറന്ന തീർത്ഥാടകരാൽ നിബിഢമായിരുന്ന ആരാധനാ കേന്ദ്രങ്ങൾ നിർജ്ജനമാകും. ഈ പ്രവചനമാണ് പുരോഹിതൻ അമാസിയായെ ചൊടിപ്പിച്ചത്. "ജെറൊബൊവാമിന്റെ ഭവനം" രാജകൊട്ടാരങ്ങളേ ക്കാൾ, രാജകുടുംബത്തെയാണ് സൂചിപ്പിക്കുക. ഈ പ്രവചന മാണ് ആമോസിനെതിരേ രാജാവിന്റെ മുമ്പിൽ പരാതിക്കു കാര

ണമാകുന്നത് (7,10). ജെറൊബൊവാമിന്റെ പുത്രൻ സഖറിയാ ഷല്ലുമിന്റെ വാളിനിരയായപ്പോൾ ഈ പ്രവചനം പൂർത്തിയായി.

## വിചിന്തനം

അബ്രാഹം സോദോമിനു വേണ്ടിയെന്നതുപോലെ (ഉൽപ 18,17-33) ആമോസ് ഇസ്രായേലിനുവേണ്ടി മാധ്യസ്ഥ്യം വഹിച്ചു. പക്ഷേ രണ്ടുപേരുടെയും പ്രാർത്ഥന നിഷ്ഫലമായി. കാരണം സോദോമിന്റെയും ഇസ്രായേലിന്റെയും പാപം പരിഹരിക്കാൻ അവർക്കു കഴിഞ്ഞില്ല. എന്നാൽ യേശുക്രിസ്തു മനുഷ്യകുലത്തിനു മുഴുവൻ വേണ്ടി പ്രാർത്ഥിക്കുക, മാത്രമല്ല, പാപിയായ മനുഷ്യന്റെ സ്ഥാനത്തു നിന്നുകൊണ്ട് ശിക്ഷ ഏറ്റെടുക്കുകയും പാപം പരിഹരിക്കുകയും ചെയ്തു. ആമോസിന്റെ മാധ്യസ്ഥ്യം മനുഷ്യർക്കും ദൈവത്തിനും ഇടയിലുള്ള ഏകമധ്യസ്ഥനും (1 തിമോ 2,5) ഏകരക്ഷകനുമായ യേശുക്രിസ്തുവിലാണ് ഫലമണിയുന്നത്.

കർത്താവു തൂക്കുകട്ട പിടിച്ചു നോക്കിയപ്പോൾ ഇസ്രായേൽ എന്ന മതിൽ ചരിഞ്ഞതായി കണ്ടു. ഇന്ന് നമ്മുടെമേൽ തൂക്കുകട്ട പിടിച്ചാൽ കർത്താവ് എപ്രകാരമായിരിക്കും നമ്മെ കാണുക? വ്യക്തികളുടെയും സമൂഹങ്ങളുടെയും മേൽ അവിടുന്ന് ഇന്നും തൂക്കുകട്ട പിടിക്കുന്നുണ്ട് എന്ന യാഥാർത്ഥ്യം നാം മറക്കുകയാണോ? എന്താണ് ഈ തൂക്കുകട്ട എന്ന് യേശുനാഥൻ വ്യക്തമാക്കിയിട്ടുണ്ട് (മത്താ 25,31-46; യോഹ 13,34). ഇസ്രായേലിന് കർത്താവിന്റെ ക്ഷമയുടെയും കരുണയുടെയും സമയം കടന്നുപോയി എന്ന സന്ദേശമാണ് ആമോസിലൂടെ കർത്താവു നല്കിയത്. രക്ഷയുടെ സമയവും കാലവും നമുക്കു നഷ്ടപ്പെടാം എന്ന് യേശുനാഥൻ വ്യക്തമായ മുന്നറിയിപ്പു നല്കിയിട്ടുണ്ട് (മത്താ 25,11-13; ലൂക്കാ 13,24-30; 14,24). നമ്മുടെ സുവിശേഷപ്രഘോഷണവും മതബോധനവും കർത്താവു പിടിക്കുന്ന തൂക്കുകട്ടയെക്കുറിച്ച് വ്യക്തമായ അവബോധം നല്കാൻ പര്യാപ്തമാണോ?

## 4. പ്രവാചകനു മുടക്ക് 7,10-17

ദർശനങ്ങളുടെ വിവരണങ്ങൾക്കു മധ്യേ ആമോസിന്റെ ജീവിതത്തിൽനിന്ന് പ്രാതിനിധ്യ സ്വഭാവമുള്ള ഒരു സംഭവത്തിന്റെ വിവരണം ചേർത്തിരിക്കുന്നു. പ്രവാചകന്റെ വചനം ഇസ്രായേലിൽ സൃഷ്ടിച്ച പ്രതികരണവും പ്രവാചകനെതിരേ മത-രാഷ്ട്രീയ സംവിധാനങ്ങൾ സ്വീകരിച്ച നിലപാടും വ്യക്തമാക്കുന്നതാണ് ഈ സംഭവം. എത്ര സംഘർഷഭരിതവും അപകടപൂരിതവുമായിരുന്നു ആമോസിന്റെ പ്രവാചകദൗത്യം എന്നതിന് ഈ സംഭവം ഒരുദാഹരണമാണ്. മൂന്നാംദർശനത്തിന്റെ അവസാനം ജെറൊബൊവാമിന്റെ ഭവനത്തിനെതിരേ നടത്തിയ പ്രവചനം ഈ സംഭവം വിവിരിക്കുന്നതിനു കളമൊരുക്കി.



സംഭവത്തിന്റെ വിവരണം മൂന്നു ഭാഗമായി തിരിച്ചിരിക്കുന്നു. a. ആമോസിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പുരോഹിതൻ അമാസിയാ രാജാവിനു നല്കുന്ന പരാതി (7,10-11) b. അമാസിയാ പ്രവാചകനു കല്പിക്കുന്ന മുടക്ക് (7,12-13). ആമോസിന്റെ മറുപടി (7,14-17). ആമോസിന്റെ ജീവിതത്തിലെ നിർണ്ണായകമായ ഒരു സംഭവമാണിത്. ഇതോടെ അദ്ദേഹത്തിന്റെ പ്രവാചകവൃത്തി അവസാനിച്ചുവെന്ന് ഭൂരിഭാഗം വ്യാഖ്യാതാക്കളും കരുതുന്നു. ബെഥേലിലെ പുരോഹിതനുമായുള്ള ഏറ്റുമുട്ടലിനുശേഷം ആമോസിന് എന്തു സംഭവിച്ചു എന്നു വി. ഗ്രന്ഥകാരൻ പറയുന്നില്ല. ആമോസിന്റെ ജീവചരിത്രം അവതരിപ്പിക്കുകയല്ല ഗ്രന്ഥത്തിന്റെ ലക്ഷ്യം. പ്രവാചകന്റെ ചരിത്രമല്ല, വചനത്തിന്റെ ചരിത്രമാണ് ശ്രദ്ധാകേന്ദ്രം.

ആമോസ് ബെഥേലിൽ നേരിട്ടതുപോലെ ഒരു പ്രതിസന്ധി പിന്നീട് ജറെമിയാ നേരിടുന്നതു കാണാം (ജറെ 20,1-6). രണ്ടു സംഭവങ്ങളിലും പുരോഹിതൻ പ്രവാചകനു മുടക്കു കല്പിക്കുകയും പ്രവാചകൻ നിർഭയം ദൈവത്തിന്റെ ശിക്ഷാവിധി അറിയിക്കുകയും ചെയ്യുന്നു. വ്യവസ്ഥാപിത മതവും പ്രവാചകത്വവും തമ്മിൽ ഇസ്രായേലിൽ നിരന്തരം നടന്ന സംഘട്ടനങ്ങളുടെ ഒരു ഉദാഹരണമാണ് ബെഥേലിലെ സംഭവം. പഴയ ഇസ്രായേലിൽ മാത്രമല്ല, പുതിയ ഇസ്രായേലായ സഭയുടെ ചരിത്രത്തിലും ഇപ്രകാരമുള്ള സംഘട്ടനങ്ങൾ ധാരാളം നടന്നിട്ടുണ്ട്; ഇന്നും നടക്കുന്നുമുണ്ട്. അതിനാൽ ഈ സംഭവം ഇന്നും വളരെയേറെ പ്രസക്തമാണ്.

### a. പുരോഹിതന്റെ പരാതി 7,10-11

വടക്കൻ രാജ്യമായ ഇസ്രായേലിലെ ഏറ്റം പ്രധാനപ്പെട്ട ആരാധനാകേന്ദ്രമായിരുന്നു ബെഥേൽ. രാഷ്ട്രീയതാൽപര്യങ്ങളോ

ടെയാണ് വടക്കൻ രാജ്യത്തിലെ ആദ്യരാജാവായ ജെറൊബൊവാം ഒന്നാമൻ ബെഥേലിലെ ആരാധനാലയം പുതുക്കിപ്പണിതതും അതിനെ രാജ്യത്തിന്റെ പ്രമുഖ ദേവാലയമാക്കി മാറ്റിയതും (1 രാജാ 12,26-29). യൂദായുടെ അതിർത്തിയിലുള്ള ബെഥേലിൽ കാള ക്കുട്ടിയുടെ വിഗ്രഹം സ്ഥാപിച്ച് അതിനെ തീർത്ഥാടന കേന്ദ്രമാക്കി മാറ്റിയത് ജനം ജറുസലെമിലേക്കു പോകുന്നതിനെ തടയുക എന്ന ലക്ഷ്യത്തോടെ ആയിരുന്നു. ജറുസലെമിലേക്ക് ജനം തീർത്ഥാ ടനം നടത്തിയാൽ അവർക്കു തന്നോടുള്ള പ്രതിപത്തി കുറയു മെന്നും സാവകാശം തന്റെ രാജത്വവും യൂദായിൽ നിന്നു വേറി ട്ടുള്ള ഇസ്രായേലിന്റെ അസ്തിത്വവും നഷ്ടപ്പെടുമെന്നും ജെറൊ ബൊവാം ഒന്നാമൻ ന്യായമായും ഭയന്നു. അതിനാൽ ബെഥേലിനെ ജറുസലെമിന്റെ ബദലായി പടുത്തുയർത്തി. പുതിയ തിരുനാളു കൾ ആരംഭിച്ചു. ലേവീ ഗോത്രത്തിൽപെടാത്തവരെ പുരോഹിത രായി നിയമിച്ചു. അങ്ങനെ മതത്തെ രാഷ്ട്രത്തിന്റെ ചട്ടുകമാക്കി മാറ്റി. ബെഥേൽ രാജാവിന്റെ നിയന്ത്രണത്തിലായി. അവിടുത്തെ പുരോഹിതന്മാർ രാജാവിന്റെ ഉദ്യോഗസ്ഥരും. ഈ അവസ്ഥയാണ് ആമോസിന്റെ കാലത്തും നിലവിലിരുന്നത്.

ബെഥേലിലെ പുരോഹിതൻ എന്നു വിശേഷിപ്പിക്കുന്നതിൽ നിന്ന് ആരാധനാലയത്തിന്റെ ഉത്തരവാദിത്വമുള്ള ആളായിരുന്നു അമാസിയാ എന്ന് അനുമാനിക്കാം. അനേകം പുരോഹിതന്മാർ അവിടെ ശുശ്രൂഷ അനുഷ്ഠിച്ചിരുന്നു. ജറുസലെമിലെ മഹാപു രോഹിതന്റെ സ്ഥാനമാണ് അമാസിയായ്ക്കുള്ളത്. അതേ സമയം രാജാവിന്റെ സേവകനുമാണ് അയാൾ. അതിനാൽ രാജ്യത്തു സംഭവിച്ചുകൊണ്ടിരിക്കുന്ന അസ്വസ്ഥതകളെക്കുറിച്ച് രാജാവിനെ അറിയിക്കുക തന്റെ കടമയായി അയാൾ കരുതി. "യാഹ്വേ ശക്ത നാണ്'' എന്നത്രെ അമാസിയാ എന്ന പേരിന്റെ അർത്ഥം. യാഹ്വേയുടെ പേരാണ് ധരിച്ചിരുന്നതെങ്കിലും അയാളുടെ കട പ്പാടും വിശ്വസ്തതയും രാജാവിനോടായിരുന്നു. അയാളുടെയും രാജാവിന്റെയും താല്പര്യങ്ങൾ ഒന്നുതന്നെ ആയിരുന്നു - ദേശത്തു ക്രമസമാധാനം നിലനിർത്തുക, ഇപ്പോൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന സമ്പത്തിനും സുഖസൗകര്യങ്ങൾക്കും കോട്ടം തട്ടാതിരിക്കുക.

ആമോസിന്റെ പ്രവർത്തനത്തെക്കുറിച്ച് സാമാന്യം വിശദ മായ ഒരു വിവരണമാണ് അമാസിയ ജെറൊബൊവാമിനു കൊടു



ത്തയയ്ക്കുന്നത്. പോലീസിന്റെ രഹസ്യാന്വേഷണവകുപ്പ് തയ്യാ റാക്കുന്ന ഒരു റിപ്പോർട്ടിനു സദൃശ്യമാണ് അമാസിയുടെ വിവര ണം. രാജാവിനെതിരേ ഇസ്രായേൽ ജനത്തിനിടയിൽ ആമോസ് ഗൂഢാലോചന നടത്തിയിരിക്കുന്നു എന്നതാണ് ആദ്യത്തെ ആരോ പണം. ഭരണകൂടത്തെ അട്ടിമറിച്ച് പുതിയൊരു രാജാവിനെ പ്രതി ഷ്ഠിക്കാനുള്ള ശ്രമമാണ് "ഗൂഢാലോചന" ഇപ്രകാരമുള്ള അട്ടിമ റികളും കലാപങ്ങളും വടക്കൻ രാജ്യത്തിനു പുത്തിരിയല്ല. രാജ്യ ത്തിന്റെ തുടക്കംതന്നെ ആഭ്യന്തര കലാപത്തിലൂടെയാണ്. പല പ്പോഴും പ്രവാചകന്മാരാണ് കലാപത്തിനു വഴിമരുന്നിട്ടത് (1 രാജാ 11, 29-32; 19, 15-17).

ജെറോബൊവാം രണ്ടാമന്റെ പിതാമഹനായ യേഹു രാജാ വായതും പ്രവാചകൻ പ്രചോദനം നല്കിയ കലാപത്തിലൂടെയാണ് (2 രാജ 9,1-13). ഇപ്രകാരം ഒരു ഗൂഢാലോചനയായിട്ടാണ് ആമോ സിന്റെ പ്രവർത്തനങ്ങളെ അമാസിയ വ്യാഖ്യാനിച്ചത്.

"അവന്റെ വാക്കുകൾ നാടിന് ഉൾക്കൊള്ളാൻ കഴിയുന്നില്ല" എന്നാണ് ഹീബ്രുമൂലം. ഇസ്രായേലിനെ വലിയൊരു പാത്രമായി ചിത്രീകരിക്കുന്നു. ആമോസിന്റെ വാക്കുകൾ ആ പാത്രം നിറഞ്ഞു കവിഞ്ഞൊഴുകുകയാണ്. നീതിക്കു വേണ്ടിയുള്ള നിലവിളിയും നീതി നടപ്പിലാക്കാഞ്ഞാൽ സംഭവിക്കാൻ പോകുന്ന ശിക്ഷയുടെ ഭീകരതയും നാടിന് ഉൾക്കൊള്ളാൻ കഴിയുന്നില്ല. പുരോഹിതന്റെ കാഴ്ചപ്പാടിൽ "നാട്" അധികാരം കൈയ്യാളുന്ന സമ്പന്ന വർഗ്ഗ മാണെന്നു വ്യക്തം. രാജാവും പുരോഹിതനും ആ കൂട്ടത്തിൽ പെടും. നാടിനെ കലാപത്തിന്റെ പ്രളയത്തിൽ മുക്കുന്നതാണ് ആമോസിന്റെ പ്രസംഗങ്ങൾ എന്നു അമാസിയാ ഭയപ്പെടുന്നു. പ്രവാചകന്റെ വാക്കുകൾ സാധാരണ ജനത്തിന്റെ ഇടയിൽ ചല നങ്ങൾ സൃഷ്ടിച്ചു കഴിഞ്ഞു എന്ന് ഇതിൽനിന്ന് അനുമാനിക്കാം. ഇതിനു മുമ്പു പലപ്പോഴും സംഭവിച്ചിട്ടുള്ളതുപോലെ ജനത്തിൽ ആരെങ്കിലും ആമോസിന്റെ പ്രവചനങ്ങൾ പ്രാവർത്തികമാക്കാൻ ശ്രമിച്ചാൽ ഇപ്പോൾ സമൃദ്ധിയിലും സമാധാനത്തിലും കഴിയുന്ന രാജ്യം കലാപത്തിന്റെ ചുഴിയിൽ പെടും.

രാജാവിനും രാജ്യത്തിനും എതിരേ ആമോസ് നടത്തിയ പ്രവചനങ്ങളാണ് ഈ ഭയത്തിന്റെ അടിസ്ഥാനമായി എടുത്തു കാട്ടുന്നത്. പ്രവാസത്തെക്കുറിച്ച് ആമോസ് അനേകം തവണ മുന്ന റിയിപ്പു നല്കിയതാണ് (4,3; 5,5. 27; 6,7). ജെറൊബൊവാമിന്റെ

ഭവനത്തിനെതിരേ കർത്താവ് വാളുമായി വരും എന്നും പറയുക യുണ്ടായി (7,9). ഇവിടെ അമാസിയാ വിട്ടുപോയ ഒരു കാര്യമു ണ്ട്. ആമോസ് അറിയിച്ചത് തന്റെ സ്വന്തം വാക്കുകളല്ല, കർത്താ വിന്റെ വചനമായിരുന്നു. പ്രവാചകൻ കർത്താവിന്റെ വക്താവാ ണെന്ന കാര്യം പുരോഹിതൻ മറന്നു, അഥവാ അവഗണിച്ചു. രാഷ്ട്രീയ കാഴ്ചപ്പാടിലൂടെ മാത്രമാണ് ആമാസിയാ പ്രവാചകന്റെ പ്രവർത്തനങ്ങളെ വീക്ഷിക്കുന്നതും. വിലയിരുത്തുന്നതും. കർത്താവും അവിടുത്തെ പദ്ധതിയും ആ കാഴ്ചപ്പാടിൽ വരുന്നി ല്ല.

## b. ആമോസിനു വിലക്ക് 7,12-13

അമാസിയാ അറിയിച്ച കാര്യങ്ങളുടെ പേരിൽ ജെറൊ ബൊവാം എന്തു തീരുമാനമെടുത്തു എന്ന് വി.ഗ്രന്ഥകാരൻ പറ യുന്നില്ല. ഒരുപക്ഷേ രാജാവിന്റെ മറുപടിക്കായി കാത്തുനി ല്ക്കാതെ പുരോഹിതൻ സ്വന്തം തീരുമാനമനുസരിച്ച് പ്രവർത്തി ക്കുകയാവാം. ആരാധനാലയവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനം എടുക്കാൻ അയാൾക്ക് അധികാരവും അവകാശവും ഉണ്ടായിരുന്നു. ഒരു നിമിഷം പോലും വൈകാതെ ആമോസിനെ നാടുകടത്താനാണ് അമാസിയാ ശ്രമിക്കുന്നത്. രാജാവ് ഇടപെ ട്ടാൽ ആമോസിനു ജീവൻ നഷ്ടപ്പെട്ടേക്കും എന്നു കരുതിയാവാം നാടുവിട്ട് ഓടാൻ ആവശ്യപ്പെടുന്നത്. തന്റെ രാജ്യാതിർത്തിക്ക പ്പുറത്ത് എന്തു സംഭവിച്ചാലും അത് തനിക്കു ബാധകമല്ല എന്ന ചിന്തയും ഈ തീരുമാനത്തിനു പിന്നിലുണ്ടാവാം.

പ്രവാചകത്വത്തെക്കുറിച്ചും ദേവാലയത്തെക്കുറിച്ചും അമാ സിയാ വച്ചു പുലർത്തുന്ന ചില ആശയങ്ങൾ അയാളുടെ വാക്കു കളിൽ പ്രതിഫലിക്കുന്നുണ്ട്. "ദീർഘദർശി" എന്നാണ് ആമോ സിനെ വിളിക്കുന്നത്. "ഹോസേ" എന്നാണ് ഹീബ്രുമൂലം. "കാണു ന്നവൻ" "ദർശനക്കാരൻ" എന്നൊക്കെ ഇതിനെ വിവർത്തനം ചെയ്യാം. പ്രവാചകന്മാരെ വിശേഷിപ്പിക്കാൻ പൊതുവേ ഉപയോ ഗിച്ചിരുന്ന ഒരു പദമാണിത്. ആമോസിനു ലഭിച്ച ദർശനങ്ങളെക്കു റിച്ചു പ്രതിപാദിച്ചു കഴിഞ്ഞു. അതിനാൽ ഇതൊരു പരിഹാസ മായി കാണണമെന്നില്ല. ആമോസിനെ ഒരു സാധാരണപ്രവാചക നായിത്തന്നെയാണ് അമാസിയാ കാണുന്നത്. അതേസമയം പ്രവാ ചകവൃത്തി ഉപജീവനമാർഗ്ഗമായി സ്വീകരിച്ച ഒരുവനായി ആമോ



സിനെ ചിത്രീകരിക്കുന്നു.

"യൂദാ നാട്ടിലേക്ക് ഓടുക. അവിടെ പ്രവചിച്ച് അഹർവൃത്തി കഴിച്ചുകൊള്ളുക" "അപ്പം ഭക്ഷിക്കുക" എന്നാണു മൂലം. കേൾവി ക്കാർക്കു ഹിതകരമായതു പ്രവചിക്കുകയും അതിന്റെ പേരിൽ പണം വാങ്ങുകയും ചെയ്യുന്ന പ്രവാചകന്മാർ ഇസ്രായേലിൽ ധാരാളമുണ്ടായിരുന്നു (1 സാമു 9,6-10; മിക്കാ 3,5.11).

"ഇനി ബെഥേലിൽ പ്രവചിക്കരുത്. ഇത് രാജാവിന്റെ ശ്രീകോവിലും രാജ്യത്തിന്റെ ക്ഷേത്രവുമാണ്" എന്ന പ്രസ്താവ നയിൽ ദേവാലയത്തെക്കുറിച്ചുള്ള കാഴ്ചപ്പാടു വ്യക്തമാകുന്നു. ബെഥേൽ കർത്താവിന്റെ ആലയമല്ല, രാജാവിന്റെ സ്വകാര്യസ്ഥാ പനമാണ്. അവിടെ രാജാവിനു ദോഷകരമായ യാതൊരു പ്രവർത്ത നവും പാടില്ല. കർത്താവിന്റെ വചനമാണെങ്കിലും അത് രാജാ വിന് ഉപകാരപ്രദമല്ലെങ്കിൽ അവിടെ പറഞ്ഞുകൂടാ. പ്രവാചകൻ എന്തു പറയണം, എവിടെ പറയണം എന്നൊക്കെ രാജാവും പുരോ ഹിതനുമാണ് നിശ്ചയിക്കുക. പ്രവാചകന്മാർക്കു മുടക്കു കല്പി ച്ചത് ഇസ്രായേലിന്റെ വലിയ അപരാധമായി ആമോസ് എടുത്തു പറഞ്ഞതിന്റെ (2,12) വ്യക്തമായ ഉദാഹരണമാണിത്. ആമോസിനെ പ്രവാചകനായി കാണാനും അംഗീകരിക്കാനും അമാസിയാ തയ്യാ റാണ്. ഒരു ദ്രോഹവും ചെയ്യാൻ അയാൾ ആഗ്രഹിക്കുന്നുമില്ല. അതേ സമയം തന്റെയും നാടിന്റെയും സ്വസ്ഥത കെടുത്താൻ ആമോസിനെ അനുവദിക്കുകയുമില്ല.

## c. ആമോസിന്റെ മറുപടി 7,14-17

ആമോസിന്റെ ബോധ്യങ്ങളും പ്രവാചകധീരതയും മുഴുവൻ പ്രതിഫലിപ്പിക്കുന്നതാണ് അദ്ദേഹത്തിന്റെ മറുപടി. മറു പടിക്ക് രണ്ടു ഭാഗങ്ങളുണ്ട്. ആദ്യഭാഗത്ത് തന്റെ പ്രവാചകത്വ ത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നു. തുടർന്ന് അമാസിയായെ കർത്താവിന്റെ വചനം അറിയിക്കുന്നു.

'ഞാനൊരു പ്രവാചകനല്ല, പ്രവാചകപുത്രനുമല്ല" എന്ന പ്രസ്താവന തെറ്റിദ്ധരിപ്പിക്കാവുന്നതാണ്. എന്താണിത് അർത്ഥ മാക്കുക? "ഞാൻ പ്രവാചകനായിരുന്നില്ല" എന്നാണ് ചില വ്യാഖ്യാതാക്കൾ ഇതിനെ വിവർത്തനം ചെയ്യുന്നത്. "കർത്താവു വിളിക്കുന്നതുവരെ" എന്നു വ്യംഗ്യം. പരമ്പരാഗതമായി സ്വീകരി ച്ചതല്ല തന്റെ പ്രവാചകദൗത്യം എന്നാണ് ഈ വിവർത്തനം സൂചി

പ്പിക്കുക. എന്നാൽ ഭൂതകാലത്തെക്കുറിച്ചല്ല, വർത്തമാനകാലത്തെക്കുറിച്ചുതന്നെയാണ് ആമോസ് പറയുന്നത്. "പ്രവാചകനല്ല" എന്നു പറയുമ്പോൾ അമാസിയാ വിവക്ഷിക്കുന്ന രീതിയിലുള്ള ഒരു പ്രവാചകനല്ല എന്നേ ആമോസ് അർത്ഥമാക്കുന്നുള്ളു. "പ്രവാചകപുത്രൻ" എന്നാൽ പ്രവാചകഗണത്തിലെ അംഗം എന്നാണ് അർത്ഥം. പ്രവാചകവൃത്തി തൊഴിലാക്കിയവർ അന്ന് ഏറെയുണ്ടായിരുന്നു. ഏലിയായുടെയും ഏലീഷായുടെയും ശിഷ്യഗണങ്ങൾ (2 രാജാ 2, 3; 3, 15; 4,38) ഉദാഹരണങ്ങളാണ്.

ഉപജീവനമാർഗ്ഗമായി പ്രവാചകവൃത്തി സ്വീകരിച്ചതല്ല താൻ എന്ന് ആമോസ് തുടർന്നു വ്യക്തമാക്കുന്നു. ആടുവളർത്തലും കൃഷിയും വഴി സാമാന്യം ഭദ്രമായ സമ്പാത്തികനില തനിക്കുണ്ടായിരുന്നു. ആമോസിന്റെ തൊഴിലിനെക്കുറിച്ച് ആമുഖത്തിൽ വിശദമായി ചർച്ച ചെയ്തതാണ്. "പ്രവാചകനല്ല" എന്നു പറഞ്ഞാലും തന്റെ ദൗത്യം പ്രവാചകദൗത്യം തന്നെയാണെന്ന് ആമോസ് തറപ്പിച്ചു പറയുന്നുണ്ട്. "ആടുമേയിച്ചു നടന്ന എന്നെ വിളിച്ച് കർത്താവ് അരുളിച്ചെയ്തു: എന്റെ ജനമായ ഇസ്രായേലിൽ ചെന്നു പ്രവചിക്കുക." ഭൗതിക താൽപര്യങ്ങളോ മാനുഷിക പ്രചോദനമോ അല്ല, കർത്താവിന്റെ വിളിയും ദൗത്യവുമാണ് ആമോസിനെ പ്രവാചകനാക്കി മാറ്റിയത്. താൻ എന്തുപറയണം, എവിടെ പറയണം എന്ന് രാജാവോ പുരോഹിതനോ അല്ല, കർത്താവാണു നിശ്ചയിക്കുക. കർത്താവിന്റെ മാത്രം അധികാരത്തിൽ കീഴിലാണ് താൻ എന്ന വിട്ടുവിഴ്ചയില്ലാത്ത ധീരമായ നിലപാടാണ് ആമോസ് സ്വീകരിക്കുന്നത്. രാജാവിനു ഹിതകരമായതു പറയുന്ന കൊട്ടാരം പ്രവാചകനല്ല, ദൈവവചനം വിശ്വസ്തതയോടെ പ്രഘോഷിക്കുന്ന ദൈവത്തിന്റെ വക്താവാണ് ആമോസിലെ പ്രവാചകൻ.

"എന്റെ ജനമായ ഇസ്രായേൽ" എന്ന വിശേഷണത്തിലൂടെ, ആരാണ് ഇസ്രായേലിന്റെ നാഥനും അധിപനും എന്നു വ്യക്തമാക്കുന്നു. ദേവാലയത്തെപ്പോലും രാജാവിന്റെ ആലയമായിരിക്കേണ്ട പുരോഹിതൻ രാജാവിനെയാണ് ജനത്തിന്റെ അധിപനായി കരുതിയത്. എന്നാൽ, രാജാവല്ല കർത്താവു തന്നെയാണ് നാഥൻ. ജനം രാജാവിന്റേതല്ല, കർത്താവിന്റേതാണ്. കർത്താവിന്റെ ഹിതമാണ് ജനവും രാജാവും പുരോഹിതനും അറിയേണ്ടതും അനുസരിക്കേണ്ടതും അതിനാൽ മറുപടിയുടെ



രണ്ടാംഭാഗം പുരോഹിതനെ അറിയിക്കുന്ന ദൈവവചനമാണ്; അത് ഭീകരമായ ശിക്ഷാവിധിയാണുതാനും.

പ്രവാചകനായി അംഗീകരിച്ചിട്ടും ആമോസിനെ പ്രവചിക്കാൻ അമാസിയാ അനുവദിച്ചില്ല. പ്രവാചകൻ ദൈവത്തിന്റെ സന്ദേശം അറിയിക്കുന്ന ദൂതനാണ്. ദൂതനെ തിരസ്കരിക്കുന്നത് അയച്ചവനെ തിരസ്കരിക്കുന്നതിനു തുല്യമത്രേ. ഇവിടെ "തൂക്കുകട്ട"യുടെ പ്രസക്തി വ്യക്തമാകുന്നു. അമാസിയായുടെ പ്രവർത്തനം തന്നെ ഇസ്രായേലിന്റെ അവസ്ഥയുടെ തെളിവാണ്. മാനസാന്തരത്തിനായി കർത്താവു നൽകിയ അവസാനത്തെ അവസരമായിരുന്നു ആമോസിന്റെ പ്രവചനം. അതും തിരസ്കരിച്ചുകഴിഞ്ഞതിനൽ ശിക്ഷ അനിവാര്യമായിത്തീർന്നിരിക്കുന്നു. "കർത്താവിന്റെ വാക്കു കേൾക്കുക", (7,16) "കർത്താവ് അരുളിച്ചെയ്യുന്നു" (7,17) എന്ന് ആവർത്തിച്ചുകൊണ്ട് താൻ പറയാൻ പോകുന്നത് ആരുടെ വാക്കാണെന്ന് ആമോസ് വ്യക്തമാക്കുന്നു. ഒരു വ്യക്തിക്കെതിരേ ആമോസ് നടത്തിയ ഏക പ്രവചനമാണിത്.

ശത്രുക്കളുടെ ആക്രമണമാണ് ശിക്ഷയുടെ പശ്ചാത്തലം. "നിന്റെ ഭാര്യ നഗരത്തിൽ വേശ്യയായിത്തീരും." ഉപജീവനമാർഗ്ഗമായ വേശ്യാവൃത്തി സ്വീകരിക്കും എന്നല്ല. ആക്രമിക്കുന്ന ശത്രുസൈന്യം നഗരമധ്യത്തിലിട്ട് അവളെ ബലാൽക്കാരം ചെയ്യും എന്നാണ് ഈ ശിക്ഷാവിധി സൂചിപ്പിക്കുന്നത്. "പുത്രന്മാരും പുത്രികളും വാളിന് ഇരയാകും." ജെറോബൊവാമിന്റെ ഭവനം മാത്രമല്ല, പുരോഹിതന്റെ ഭവനവും ശത്രുക്കളുടെ വാളേറ്റുമരിക്കും. "നിന്റെ ഭൂമി അളന്നുപങ്കിടും. "സാമാന്യം വിശാലമായ തോട്ടങ്ങളുടെ ഉടമയായിരുന്നു പുരോഹിതൻ എന്ന സൂചനയും ഇതിനു പിന്നിലുണ്ട്. എന്നാൽ അതിനേക്കാൾ പ്രധാനം വാഗ്ദത്തഭൂമിയിലുള്ള അയാളുടെ അവകാശം പൂർണ്ണമായും നഷ്ടപ്പെടും എന്നതത്രേ. "അശുദ്ധ ദേശത്തു കിടന്നു നീ മരിക്കും" വിശുദ്ധ ഭൂമിക്കു പുറത്തുള്ള ദേശങ്ങളെല്ലാം അശുദ്ധമായിട്ടാണ് കരുതപ്പെട്ടിരുന്നത്. ജനത്തെ വിശുദ്ധീകരിക്കാനായി വിളിക്കപ്പെട്ട പുരോഹിതൻ അശുദ്ധദേശത്തു കിടന്നു മരിക്കേണ്ടി വരുന്നത് വലിയൊരു വിരോധാഭാസമാണ്. "ഇസ്രായേൽ തീർച്ചയായും സ്വദേശം വിട്ട് പ്രവാസത്തിലേക്കു പോകും." പ്രവാസത്തെക്കുറിച്ചുള്ള പ്രവചനമാണ് ആമോസിനെതിരേ അമാസിയാ ഉന്നയിച്ച ഒരു ആരോപണം.

ആമോസ് അതു തിരുത്തുകയല്ല, ആവർത്തിച്ച് ഊന്നിപ്പറയുകയാണ്.

ബലാല്ക്കാരത്തിനിരയായ ഭാര്യ, വധിക്കപ്പെട്ട മക്കൾ, നഷ്ടപ്പെട്ട ഭൂമി, എല്ലാം നഷ്ടപ്പെട്ടവനായി തടവുകാരുടെ മുൻനിരയിൽ, സുനിശ്ചിതമായ മരണത്തെ മുന്നിൽ കണ്ടുകൊണ്ട്, കാലിലും കഴുത്തിലും ചങ്ങലയുമായി പ്രവാസത്തിലേക്കു നടന്നു നീങ്ങുന്ന അമാസിയായുടെ ചിത്രം ദാരുണവും ഭയാനകവുമാണ്. ദൈവവചനത്തെ തിരസ്കരിക്കുകയും ദൈവം അയച്ച പ്രവാചകനു മുടക്കു കല്പിക്കുകയും ചെയ്തതിന്റെ ശിക്ഷയാണിത്.

## വിചിന്തനം

പുരോഹിതൻ ആമോസിനെ കലാപകാരിയും ജനദ്രോഹിയുമായി ചിത്രീകരിച്ചു. എന്നാൽ യഥാർത്ഥത്തിൽ ആരാണ് കലാപകാരി? ആരാണ് ജനത്തിനു ദ്രോഹം ചെയ്തത്? അനുതപിച്ച് നീതി പ്രവർത്തിച്ചില്ലെങ്കിൽ സർവ്വനാശം സംഭവിക്കുമെന്ന് അറിയിച്ച പ്രവാചകനോ, അനീതിയ്ക്കു കാരണമായ സംവിധാനങ്ങളെ ന്യായീകരിക്കുകയും പിന്താങ്ങുകയും ചെയ്ത പുരോഹിതനോ? ഹിതകരമല്ലാത്തതു പറയുന്നവരെ ശത്രുവും ജനദ്രോഹിയുമായിക്കണ്ട് നിശബ്ദരാക്കാൻ ശ്രമിക്കുന്നവർ കർത്താവിന്റെ വചനത്തിനാണോ മുടക്കു കല്പിക്കുന്നത് എന്ന് ആത്മശോധന ചെയ്യണം. പ്രധാനപുരോഹിതനായ അമാസിയായ്ക്കെതിരേ ആമോസ് അറിയിച്ച ദൈവവചനം എന്നും പ്രസക്തമായ വലിയൊരു താക്കീതാണ്.

## 5. നാലാം ദർശനം - ഗ്രീഷ്മ ഫലങ്ങൾ 8,1-3

പുരോഹിതനുമായുള്ള വിവാദത്തിനുശേഷം ആമോസിന് എന്തു സംഭവിച്ചെന്ന് വി.ഗ്രന്ഥകാരൻ പറയുന്നില്ല. ആമോസ് നാടു വിട്ടുപോയോ? രാജാവ് ഇടപെട്ടോ? പ്രവാചകനു ജീവൻ നഷ്ടപ്പെട്ടോ? ഈ ചോദ്യങ്ങൾക്കൊന്നും ഉത്തരം ലഭിക്കുകയില്ല. ആമോസിനു ലഭിച്ച ദർശനങ്ങളിലേക്കാണ് വി.ഗ്രന്ഥകാരൻ വീണ്ടും ശ്രദ്ധ തിരിക്കുന്നത്. നാലാമത്തെ ദർശനത്തിന് മൂന്നാമത്തേതിനോട് സാമ്യമുണ്ട്. ഒരു ദർശനം, കർത്താവിന്റെ ചോദ്യം, ആമോസിന്റെ മറുപടി, കർത്താവിന്റെ വിധി വാചകം - ഇത്രയും കാര്യങ്ങൾ രണ്ടു ദർശനങ്ങളുടെ വിവരണത്തിലും കാണാം. എന്നാൽ നാലാം



ദർശനത്തിൽ ഒരു വസ്തു മാത്രമാണ് ദർശനവിഷയം. കർത്താവ് ദർശനത്തിലില്ല. മൂന്നാം ദർശനത്തിലെ വസ്തുവായ തൂക്കുകട്ട പരിശോധനയുടെ അടയാളമായിരുന്നെങ്കിൽ നാലാം ദർശനത്തിന്റെ വിഷയം ശിക്ഷാവിധിയുടെ പ്രതീകമാണ്.

ഒരു കട്ട നിറയെ ഗ്രീഷ്മഫലങ്ങളാണ് ആമോസ് കാണുന്നത്. ഇത് കർത്താവു നല്കിയ ദർശനമാണെന്നു പ്രത്യേകം എടുത്തു പറയുന്നുണ്ട്. അതിനാൽ ആമോസ് എവിടെയെങ്കിലും വച്ചു കണ്ട പഴക്കുട്ടയല്ല ഇത്. വേനൽക്കാലത്തിന്റെ അവസാനം പാകമാകുന്ന പഴങ്ങളാണ് ഗ്രീഷ്മഫലങ്ങൾ. അത് അത്തിപ്പഴമോ, മാതളനാരങ്ങയോ ആകാം. വേനൽക്കാലത്തിന്റെ അവസാനം പാകമായത് എന്നതുതന്നെ ഒരു പ്രതീകമാണ്. ഇസ്രായേലിനു സുഖസന്തോഷങ്ങളുടെ വേനൽ അവസാനിച്ചു എന്നാണ് സൂചന. പഴങ്ങൾ ശേഖരിച്ചു വച്ചിരിക്കുന്നത് വിളവെടുപ്പിന്റെ സൂചനയാണ്, വിളവെടുപ്പാകട്ടെ ശിക്ഷാവിധിയുടെയും കുട്ടയിലാക്കിയ പഴം എടുത്തുകൊണ്ടു പോകാനുള്ളതാണ്. അതുപോലെ ഇസ്രായേലിനെ പ്രവാസത്തിലേക്കു എടുത്തുകൊണ്ടുപോകാറായി എന്ന സൂചനയും കാണാം.

''എന്റെ ജനമായ ഇസ്രായേലിന്റെ അവസാനം വന്നു കഴിഞ്ഞു'' എന്ന വിധിവാചകമാണ് ദർശനത്തിന്റെ വിശദീകരണമായി കർത്താവു നല്കുന്നത്. ഇവിടെ ഹീബ്രുവിൽ വാക്കുകൊണ്ടുള്ള ഒരു കളി ദൃശ്യമാണ്. "ഖായീസ്" എന്നാണ് "ഗ്രീഷ്മഫലങ്ങൾ" എന്ന വാക്കിന്റെ ഹീബ്രുമൂലം. "അവസാനം" എന്നതിന്റെ ഹീബ്രു "ഖേസ്" എന്നും. ഖായിസ് ഖേസിന്റെ പ്രതീകമാണ്. രണ്ടു വാക്കുകളും ഉച്ചരിക്കുമ്പോൾ ഏതാണ്ട് ഒരേ ശബ്ദമാണുണ്ടാകുക. മൂന്നാം ദർശനത്തിൽ അറിയിച്ച ശിക്ഷാവിധി ഇവിടെ കൂടുതൽ ശക്തമായി ആവർത്തിക്കുന്നു. "എന്റെ ജനമായ" എന്ന് ഇസ്രായേലിനെ വിശേഷിപ്പിക്കുന്നതിലൂടെ തിരഞ്ഞെടുപ്പും ഉടമ്പടിയും വഴി സംജാതമായ പ്രത്യേകബന്ധത്തിലേക്കാണ് ശ്രദ്ധ തിരിക്കുന്നത്. ഈ പ്രത്യേകബന്ധം പ്രത്യേകമായ ശിക്ഷയ്ക്ക് അടിസ്ഥാനമായിത്തീരുന്നു (3,2).

"കൊട്ടാരങ്ങൾ" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രു വാക്കു ''ദേവാലയം'' എന്നു വിവർത്തനം ചെയ്യാവുന്ന "ഹെയ്ക്കാൽ" ആണ്. സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും ഗാനങ്ങൾക്കു പകരം വിലാപഗാനങ്ങളായിരിക്കും സർവ്വത്ര ഉയ

രുക. "അന്ന് വിലാപമായി പരിണമിക്കും." അന്ന് എന്ന കാലസൂചന "കർത്താവിന്റെ ദിന"ത്തെ അനുസ്മരിപ്പിക്കുന്നു (5,18-20). മറവുചെയ്യാൻ കഴിയാത്ത വിധം ശവശരീരങ്ങൾ ദേശത്തു ചിതറികിടക്കും, കൊയ്തു കഴിഞ്ഞ വയലിൽ വൈക്കോൽക്കറ്റകൾ പോലെ. ശവം മറവു ചെയ്യാതെ കിടക്കുന്നത് മരിച്ചവർക്കെതിരേയുള്ള വലിയ നിന്ദനമാണ്. ''എവിടെയും മൂകത'' എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കിന് ''നിശ്ശബ്ദം'' എന്നു മാത്രമേ അർത്ഥമുള്ളു. ശബ്ദിക്കരുത് എന്നും അർത്ഥമാകാം. മരണം സംഹാരതാണ്ഡവമാടുമ്പോൾ ശബ്ദിക്കുന്നത് അപകടകരമാണ്. ശബ്ദത്തിന്റെ ഉറവിടത്തിലേക്കു മരണം വരും എന്നാണ് സൂചന. ചിതറിക്കിടന്നഴിയുന്ന ശവങ്ങളിൽ നിന്നുയരുന്ന ദുർഗന്ധം മുറ്റി നില്ക്കുന്ന ഭയംകൊണ്ട് കാറ്റുപോലും നിശ്ശബ്ദമാകുന്ന, അന്തരീക്ഷം ചിത്രീകരിച്ചുകൊണ്ടാണ് നാലാം ദർശനം അവസാനിക്കുന്നത്. ഇനിയൊരു പ്രതീക്ഷയുമില്ല എന്നാണ് സൂചന.

### 6. അത്യാഗ്രഹികളുടെ അന്ത്യം 8,4-14

ഏറ്റം ഭയാനകമായ അവസാനത്തെ ദർശനം വിവരിക്കുന്നതിനുമുമ്പേ, ഒരു ഇടവേളയെന്നതുപോലെയാണ് ഈ വാക്യങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. ഇസ്രായേലിന്റെ അകൃത്യങ്ങളുടെയും അവ വിളിച്ചുവരുത്തുന്ന ശിക്ഷാവിധിയുടെയും ഒരു സംഗ്രഹമായി ഇതിനെ കാണാം. ഇസ്രായേൽ സമൂഹത്തിലേക്ക് അവസാനമായി ഒരിക്കൽ കൂടി ദൃഷ്ടി പായിച്ചുകൊണ്ട് അവിടെ നടമാടുന്ന അക്രമങ്ങളെ എടുത്തുകാട്ടി ശിക്ഷയുടെ അനിവാര്യത വീണ്ടും വ്യക്തമാക്കുന്നു. ഇതുവരെ പരാമർശിക്കാത്ത അനീതിയുടെ ഒരു പുതിയ മേഖലയിലേക്കാണ് ഇവിടെ പ്രവാചകൻ ശ്രദ്ധക്ഷണിക്കുന്നത്. ശിക്ഷയുടെ കാര്യത്തിലും പുതുമയുണ്ട്. സമ്പൂർണ്ണനാശം പ്രഖ്യാപിച്ചുകൊണ്ടാണ് ഈ വിവരണവും അവസാനിക്കുന്നത്.

പല അരുളപ്പാടുകളുടെ ഒരു സമാഹാരമാണ് ഈ വാക്യങ്ങൾ. ഇവയിൽ പലതും ആമോസിന്റെ ശിഷ്യഗണം കൂട്ടിച്ചേർത്തതാണെന്ന് അഭിപ്രായപ്പെടുന്ന വ്യാഖ്യാതാക്കളുണ്ട്. എന്നാൽ ആമോസിന്റെയും ശിഷ്യഗണത്തിന്റെയും വാക്കുകൾ വേർതിരിക്കുന്ന കാര്യത്തിൽ അഭിപ്രായ സമന്വയമില്ല. അതിനാൽ ആരു



പറഞ്ഞു എന്ന് അന്വേഷിക്കാതെ എന്താണ് പറയുന്നത് എന്നു കണ്ടെത്താനാണ് നാം ശ്രമിക്കുക. ഈ പ്രഭാഷണത്തെ മൂന്നു ഭാഗമായി തിരിക്കാം. 1. വ്യാപാരികളുടെ അത്യാഗ്രഹം (8,4-7). 2. ദുഃഖവും വിലാപവും (8,8-10). വിശപ്പും ദാഹവും (8,11-14).

### a. വ്യാപാരികളുടെ അത്യാഗ്രഹം 8,4-7

വ്യാപാരികളെ അഭിസംബോധന ചെയ്തുകൊണ്ടാണ് ആമോസ് ഇവിടെ സംസാരിക്കുന്നത്. സമരിയായിലെ അങ്ങാടിയിൽ വച്ചു നടത്തിയ ഒരു പ്രഭാഷണമായി ഇതിനെ കരുതാവുന്നതാണ്. "ദരിദ്രരെ (എബിയോൻ) ചവിട്ടിമെതിക്കുകയും പാവപ്പെട്ടവരെ (അനവിം) നശിപ്പിക്കുകയും ചെയ്യുന്നവരേ" എന്ന് ശ്രോതാക്കളെ വിശേഷിപ്പിച്ചിരിക്കുന്നു. അഭിസംബോധനയിൽത്തന്നെ പൊതുവായ കുറ്റാരോപണമുണ്ട്. ഇതു നാം കണ്ടു കഴിഞ്ഞതാണ് (2, 7; 4, 1; 5,11). "ഇതു കേൾക്കുവിൻ'' എന്ന ആഹ്വാനത്തോടെയാണ് പ്രഭാഷണം ആരംഭിക്കുന്നത്. കർത്താവിന്റെ വാക്കുകളല്ല, ശ്രോതാക്കളുടെ ആത്മഗതമാണ് ആമോസ് തുടർന്ന് ഉദ്ധരിക്കുന്നത്. അത് അവരുടെ കുറ്റം വെളിപ്പെടുത്തുന്നതുമാണ്. ശ്രോതാക്കളുടെ വാക്കുകൾ അവരുടെ തന്നെ കുറ്റം തെളിയിക്കാനുള്ള മാധ്യമമായി ഉപയോഗിക്കുക. ആമോസിന്റെ ഒരു പതിവുശൈലിയാണ് (2,12; 4,1,1; 5, 14, 6, 13; 8,, 14; 9, 10).

കച്ചവടത്തിലെ അനീതിയാണ് വ്യാപാരികളുടെ തന്നെ വാക്കുകളായി ആദ്യമേ അവതരിപ്പിക്കുന്നത്. മതാനുഷ്ഠാനങ്ങളിൽ നിഷ്ഠയുള്ളവരാണ് ഈ വ്യാപാരികൾ. അവർ സാബത്തും അമാവാസിയും ആചരിക്കുന്നവരാണ്. നാലാഴ്ചയിലൊരിക്കൽ വരുന്ന കറുത്ത വാവും ആഴ്ചയിലൊരിക്കലുള്ള സാബത്തും ഇസ്രായേലിൽ പൂർണ്ണവിശ്രമത്തിന്റെ ദിവസങ്ങളായിരുന്നു (സംഖ്യ 28,11-15; പുറ 20,9-11). ഈ ദിവസങ്ങളിൽ ജോലി ഒന്നും ചെയ്യുന്നില്ലെങ്കിലും അതിനെക്കുറിച്ച് അവർക്കു വലിയ നഷ്ടബോധമുണ്ട്. ലാഭകരമായ തങ്ങളുടെ തൊഴിലിനു തടസ്സമാകുന്ന ഈ വിശ്രമ സംവിധാനത്തോട് അവർക്ക് ഒട്ടും താൽപര്യമില്ല. അതു കഴിയാൻ വേണ്ടി ആകാംക്ഷയോടെ കാത്തിരിക്കുകയാണവർ. ധാന്യങ്ങൾ വിറ്റഴിക്കുകയാണ് മുഖ്യതൊഴിൽ.

ഇസ്രായേലിൽ രാജഭരണത്തിന്റെ ആവിർഭാവത്തോടെ ആരംഭിക്കുകയും ജെറൊബൊവാം രണ്ടാമന്റെ കാലമായപ്പോ

ഴേക്കും വ്യാപകമാവുകയും ചെയ്ത കമ്പോള വ്യവസ്ഥിതിയുടെ പശ്ചാത്തലത്തിൽ വേണം വ്യാപാരികളുടെ ആത്മഗതം മനസ്സിലാക്കാൻ രാജഭരണത്തിനു മുമ്പ് ഇസ്രായേൽക്കാരെല്ലാം ചെറുകിട കൃഷിക്കാരായിരുന്നു. സ്വന്തം തുണ്ടുഭൂമിയിൽ തങ്ങൾക്കാവശ്യമായ ഭക്ഷ്യവിഭവങ്ങൾ ഉല്പാദിപ്പിച്ച് സാമാന്യം സംതൃപ്തരായി അവർ കഴിഞ്ഞിരുന്നു. കൊടുക്കൽ വാങ്ങൽ അധികം ആവശ്യമായിരുന്നില്ല. പണത്തിന്റെ ആവശ്യവും കുറവായിരുന്നു. എന്നാൽ, രാജഭരണം വന്നതോടെ പുതിയ നഗരങ്ങൾ രൂപം പ്രാപിച്ചു. നഗരവാസികൾ സമ്പന്നരായിരുന്നു. വ്യാപാരം വർദ്ധിച്ചു. ചെറുകിടക്കാരെ കടക്കെണിയിൽ കുടുക്കി സമ്പന്നർ അവരുടെ കൃഷിഭൂമി തട്ടിയെടുത്ത് തോട്ടങ്ങളുണ്ടാക്കി. കർഷകർക്ക് ഭൂമിയും സ്വയം പര്യാപ്തതയും നഷ്ടപ്പെട്ടു. തോട്ടങ്ങളിൽ പണിയെടുത്ത് കിട്ടുന്ന കൂലികൊടുത്ത് ഭക്ഷ്യസാധനങ്ങൾ വാങ്ങാൻ അവർ നിർബ്ബന്ധിതരായി. ഇവിടെയാണ് ചൂഷണത്തിന്റെയും കൊള്ള ലാഭത്തിന്റെയും പുതിയൊരു മേഖല തുറന്നത്.

മൂന്നു തരത്തിലുള്ള ചൂഷണങ്ങൾ ആമോസ് എടുത്തുകാട്ടുന്നു. 1. ഏഫാ ചെറുതാക്കുക. ധാന്യം അളക്കാനുള്ള അളവുപാത്രമാണ് ഏഫാ (ഏകദേശം 45 ലിറ്റർ). കച്ചവടക്കാർ ധാന്യം അളന്നു വില്ക്കുന്ന അളവുപാത്രം ചെറുതാക്കുന്നതിനാൽ വാങ്ങുന്നവനു കുറച്ചേ കിട്ടു. 2. ഷെക്കൽ വലുതാക്കുക. ക്രമീകൃത നാണയങ്ങൾ നിലവിൽ വന്നിരുന്നില്ല. അതിനാൽ സ്വർണ്ണം, വെള്ളി, ചെമ്പ് മുതലായവ ധാന്യത്തിനുള്ള വിലയായി തൂക്കിയെടുക്കുകയാണ് പതിവ്. ഇവിടെയും വ്യാപാരിക്കു ലാഭം. 3. തുലാസിൽ കൃത്രിമം കാട്ടുക. ഇതും പാവപ്പെട്ടവന് നഷ്ടമായിത്തീരുന്നു. രണ്ടുതരത്തിലുള്ള അളവുപാത്രങ്ങളും കട്ടികളും ഇസ്രായേലിന്റെ ആദ്യത്തെ തലസ്ഥാനനഗരമായ തിർസായിൽ നിന്ന് പുരാവസ്തു ഗവേഷകർ കണ്ടെടുത്തിയിട്ടുണ്ട്. അളവിലും തൂക്കത്തിലും കൃത്രിമം കാട്ടുന്നതിനെതിരേ കർത്താവ് കർശനമായ താക്കീതുകൾ നല്കിയിരുന്നു (ലേവ്യ 19,35; നിയ 25,13-14; സുഭാ 11,1;20,10).

അളവിലും തൂക്കത്തിലും തട്ടിപ്പിനുപുറമെ ചരക്കിൽ മായം ചേർക്കലും വ്യാപാരികളുടെ പതിവായിരുന്നു. ഉപയോഗശൂന്യമായ പതിരും കേടായ ധാന്യവും എല്ലാം നല്ല ധാന്യത്തിന്റെ കൂടെ കലർത്തിയാണ് വില്ക്കുക. ഇതിനും പുറമേ പാവപ്പെട്ടവരെ തുച്ഛമായ വിലയ്ക്കു വാങ്ങുന്നതും വ്യാപാരത്തിന്റെ ഭാഗമായിത്തീർന്നിരുന്നു. പാവപ്പെട്ടവരെ വിലക്കുന്നതിനെക്കുറിച്ച് 2,6-ൽ കണ്ടുകഴിഞ്ഞു. ഇവിടെ വാങ്ങുന്നതിനെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. ജെറൊബൊവാമിന്റെ കമ്പോളത്തിൽ പാവപ്പെട്ടവൻ കച്ചവടച്ചരക്കായിരുന്നു. അവന്റെ ദാരിദ്ര്യവും അജ്ഞതയും ബലഹീനതയും ചൂഷണം ചെയ്ത് വ്യാപാരികൾ തടിച്ചു കൊഴുത്തു - ഇന്നത്തെ കമ്പോള സംസ്കാരത്തിൽ ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും മറവിൽ സമ്പന്നരാഷ്ട്രങ്ങൾ അവികസിത - വികസ്വര രാഷ്ട്രങ്ങളെ ചൂഷണം ചെയ്ത് കൂടുതൽ സമ്പന്നരാകുന്നതുപോലെ.



വ്യാപാരികളുടെ അത്മഗതം തന്നെ അവരുടെ കുറ്റം തെളിയിച്ചു കഴിഞ്ഞു. അടുത്തതായി കർത്താവിന്റെ വിധിവാചകമാണ് അവതരിപ്പിക്കുന്നത്. അതൊരു ശപഥമാണ് 4, 2; 6, 8 എന്നീ വാക്യങ്ങളിൽ കണ്ടതിൽ നിന്നും അല്പം വ്യത്യസ്തമാണ് ഈ ശപഥം. "യാക്കോബിന്റെ അഭിമാനമാണേ" എന്ന പ്രയോഗത്തിലാണ് വ്യത്യാസം. ഇതിനുമുമ്പുകണ്ട രണ്ടു ശപഥങ്ങളും കർത്താവ് തന്നെത്തന്നെ സാക്ഷിയാക്കിയാണ് ശപഥം ചെയ്തത്. അതിനാൽ ഇവിടെയും ശപഥം അതേ അർത്ഥത്തിലാണ് എന്ന് അനുമാനിക്കാം. "യാക്കോബിന്റെ അഭിമാനം" എന്ന പ്രയോഗം കർത്താവിന്റെ തന്നെ പര്യായമായിരിക്കണം. "അവരുടെ പ്രവൃത്തികൾ ഞാൻ ഒരുനാളും മറക്കുകയില്ല" എന്നത് ഭീഷണമായ ഒരു താക്കീതാണ്. എന്താണ് ശിക്ഷ എന്ന് തുടർന്ന് വിവരിക്കുന്നു.

## b. ദുഃഖവും വിലാപവും 8,8-10

മനുഷ്യന്റെ അതിക്രമങ്ങൾക്കെതിരേ പ്രകൃതി മുഴുവൻ ക്ഷോഭിക്കുന്നു. ഭൂകമ്പവും സൂര്യഗ്രഹണവുമാണ് എടുത്തുകാട്ടുന്ന രണ്ടു പ്രകൃതിക്ഷോഭങ്ങൾ. മഴക്കാലത്ത് പതഞ്ഞുയർന്ന്, ആർത്തിരമ്പുന്ന നൈൽ നദി പോലെ ഭൂമി ഇളകിമറിയും. സൂര്യൻ പ്രകാശം മറയ്ക്കും. ബി.സി. 784-ലും 763-ലും പലസ്തീനായിൽ രണ്ടു പൂർണ്ണ സൂര്യഗ്രഹണങ്ങളുണ്ടായതായി ജ്യോതിശാസ്ത്രജ്ഞന്മാർ തെളിയിച്ചിട്ടുണ്ട്. ഇതിനു സാക്ഷികളായവരാണ് ആമോസും ശ്രോതാക്കളും. ഭൂകമ്പവും സൂര്യഗ്രഹണവും കർത്താവ് അയയ്ക്കുന്ന ശിക്ഷകളായി ഇവിടെ വ്യാഖ്യാനിക്കു

ന്നു. "അന്ന് മധ്യാഹ്നത്തിൽ സൂര്യൻ അസ്തമിക്കും" എന്ന പ്രഖ്യാപനം കർത്താവിന്റെ ദിനത്തെക്കുറിച്ചുള്ള പ്രവചനത്തെ (5,20) അനുസ്മരിപ്പിക്കുന്നു. പ്രതാപത്തിന്റെ ഉച്ചകോടിയിൽ സമൂല നാശം സംഭവിക്കും എന്ന സൂചനയും ഈ പ്രയോഗത്തിൽ കാണാം.

കർത്താവിന്റെ ശിക്ഷ ദേശത്തെ മുഴുവൻ വിലാപത്തിൽ ആഴ്ത്തും. അഗാധമായ ദുഃഖത്തിന്റെ സൂചനകളാണ് ചാക്കുടുക്കുന്നതും ശിരസ് മുണ്ഡനം ചെയ്യുന്നതും. പരുപരുത്ത രോമവസ്ത്രം അരയിൽ ചുറ്റുന്നതിനെയാണ് "ചാക്കുടുക്കുക" എന്നു പറയുന്നത്. ഏകജാതനെക്കുറിച്ചുള്ള വിലാപം സകല പ്രതീക്ഷയും അറ്റവരുടെ നിലവിളിയാണ്. മരിച്ച ഏകപുത്രനെച്ചൊല്ലി വിധവ കരയുന്നതിനെയാണ് ഇതു സൂചിപ്പിക്കുക. 'ആ ദിനം" കർത്താവിന്റെ ദിവസമാണ്. വിജയത്തിന്റെയും മഹത്വത്തിന്റെയും അവസരമായി ജനം പ്രതീക്ഷിച്ചിരുന്ന ദിവസം കഠിനദുഃഖത്തിന്റെ അവസരമായിരിക്കും.

### c. വിശപ്പും ദാഹവും 8,11-14

പുതിയൊരു ക്ഷാമത്തെയും വരൾച്ചയും കുറിച്ചാണ് അടുത്തതായി പ്രതിപാദിക്കുന്നത് (8,10-12). "കർത്താവ് അരുളിച്ചെയ്യുന്നു" എന്ന ആമുഖത്തോടെയാണ് ശിക്ഷാവിധി അവതരിപ്പിക്കുന്നത്. "ഞാൻ ദേശത്ത് ക്ഷാമം അയയ്ക്കുന്ന നാളുകൾ വരുന്നു" "നാളുകൾ" ദീർഘകാലത്തെയാണ് സൂചിപ്പിക്കുക. കർത്താവിന്റെ ദിവസത്തിൽ നിന്നും വ്യത്യസ്തമാണത്. കർത്താവിന്റെ വചനം തിരസ്കരിക്കുകയും പ്രവാചകനു മുടക്കു കല്പിക്കുകയും ചെയ്തവരിൽ നിന്ന് കർത്താവ് തന്റെ വചനം പിൻവലിക്കും. ഭൗതിക സമൃദ്ധിയിൽ കർത്താവിന്റെ വചനം അവഗണിച്ചവർ അപ്പോൾ യഥാർത്ഥക്ഷാമം അറിയും. "അപ്പം കൊണ്ടുമാത്രമല്ല, കർത്താവിന്റെ അധരത്തിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് മനുഷ്യൻ ജീവിക്കുന്നത്" (നിയ 8,3; മത്താ 4,4).

മനുഷ്യന് ജീവൻ നല്കുന്നതും ജീവിതത്തിൽ വഴി കാട്ടുന്നതും കർത്താവിന്റെ വചനമാണ്. അതു ലഭിക്കാതാകുമ്പോൾ മനുഷ്യനു ലക്ഷ്യബോധം നഷ്ടപ്പെടുന്നു; ജീവിതം ഇരുൾമൂടുന്നു (സങ്കീ 74,9; 104,29). വചനം തേടി അവർ അലഞ്ഞുനടക്കും.



എങ്ങോട്ടു പോകണം എന്നറിയാതെ ഇരുട്ടിൽ തപ്പിത്തടയുന്നതു പോലെയാകും അത്. "കടൽ മുതൽ കടൽ വരെ" എന്ന പ്രയോഗം ഭൂമി മുഴുവൻ എന്നാണ് അർത്ഥമാക്കുക. "വടക്കു മുതൽ കിഴക്കുവരെ" എന്നതിനും അതേ അർത്ഥമാക്കുക. "വടക്കു മുതൽ കിഴക്കുവരെ എന്നതിനും അതേ അർത്ഥമാണുള്ളത്. ദൈവവചനം ലഭിക്കാതെ ദാഹാർത്തരായി, ശക്തിയറ്റവരായി ഭൂമിയിൽ മുഴുവൻ അലഞ്ഞു തിരിയാനുള്ള വിധിയാണ് അവർക്കു ലഭിക്കുക.

ആത്മീയ വിശപ്പിനും ദാഹത്തിനും പുറമെ ശാരീരികമായ ദാഹവും അവർ അനുഭവിക്കും (8,13). വരൾച്ചയും തദ്ഫലമായുണ്ടാകുന്ന ജലക്ഷാമവും ശിക്ഷയായി അവതരിപ്പിച്ചു കഴിഞ്ഞതാണ് (4,7-8). ഇവിടെ കൂടുതൽ രൂക്ഷമായ ക്ഷാമത്തെക്കുറിച്ചാണ് പറയുക. യുവാക്കളും യുവതികളും ദാഹംകൊണ്ട് ബോധമറ്റു വീഴുന്നത് മരണത്തെ സൂചിപ്പിക്കുന്നു. സമൂഹത്തിന്റെ ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷയാണ് യുവാക്കളൊടൊപ്പം മരിച്ചുവീഴുന്നത്. ഇനി അവർ ഒരിക്കലും എഴുന്നേല്ക്കുകയില്ല (8,14) എന്നത് ദേശത്തിന്റെയും ജനത്തിന്റെയും അന്ത്യം ഉറപ്പിക്കുന്ന അവസാനവാക്കാണ് (5,1;8,2). ഈ ശിക്ഷാവിധിക്ക് പുതിയൊരു കാരണവും എടുത്തുകാട്ടുന്നുണ്ട്: അവർ കർത്താവിനെ തിരസ്കരിച്ച്, അന്യദൈവങ്ങളുടെ നാമത്തിൽ സത്യം ചെയ്യുന്നു. ഇസ്രായേലിന്റെ വടക്കെ അതിർത്തിയിൽ ജെറൊബൊവാം ഒന്നാമൻ സ്ഥാപിച്ച ആരാധനാലയമാണ് "ദാൻ" എന്ന പേരുകൊണ്ട് വിവക്ഷിക്കുന്നത്. യൂദായുടെ തെക്കുള്ള തീർത്ഥാടനകേന്ദ്രമാണ് ബേർഷബാ. "ബേർഷബായുടെ മാർഗ്ഗം" എന്ന പദപ്രയോഗം തന്നെ ഈ തീർത്ഥാടനത്തെയാണ് സൂചിപ്പിക്കുക. ഹമാത്തുകാർ ആരാധിച്ചിരുന്ന ദേവതയാണ് "അഷീമാ" കർത്താവിനെയും അഷീമാ ദേവതയെയും തുല്യരായി കാണുന്നു. അഥവാ കർത്താവിന്റെ സ്ഥാനത്ത് അന്യദൈവത്തെ പ്രതിഷ്ഠിച്ചിരിക്കുന്നു എന്നതാണ് കുറ്റം. കർത്താവിനെ തിരസ്കരിച്ചവരെ കർത്താവും തിരസ്കരിക്കും മാറ്റമില്ലാത്ത ശിക്ഷാവിധി പ്രസ്താവിച്ചുകഴിഞ്ഞു.

### വിചിന്തനം

പാവപ്പെട്ടവരെ ചൂഷണം ചെയ്ത് ലാഭമുണ്ടാക്കിയ വ്യാപാരികളുടെമേൽ കഠിനമായ ശിക്ഷാവിധിയാണ് കർത്താവ് പ്രഖ്യാ

പിച്ചത്. ഒരാളുടെ ലാഭം മറ്റൊരാളുടെ നഷ്ടമാണെന്ന സത്യം മറക്കാനാവില്ല. എന്നാൽ ഇന്നത്തെ സമ്പദ്വ്യവസ്ഥ മുഴുവൻ ലാഭക്കച്ചവടത്തിൽ അധിഷ്ഠിതമായിരിക്കുന്നു. ഏതു മാർഗ്ഗത്തിലൂടെയും ലാഭമുണ്ടാക്കുന്നവർ പ്രശംസിക്കപ്പെടുന്നു. ഉല്പന്നങ്ങൾ പൂഴ്ത്തി വച്ച് കൃത്രിമമായ ക്ഷാമം സൃഷ്ടിച്ചും, ഭക്ഷ്യവസ്തുക്കളിൽ, മരുന്നിൽ പോലും മായം ചേർത്തും ലാഭമുണ്ടാക്കുന്നത് ഇന്നു നാട്ടുനടപ്പായിരിക്കയാണല്ലോ? തങ്ങൾക്ക് ഉപയോഗമില്ലാത്തതും ഏറ്റം താഴ്ന്ന നിലവാരമുള്ളതുമായ ഉൽപന്നങ്ങൾ മൂന്നാം ലോകത്തിന്മേൽ കെട്ടിയേല്പിച്ച് ഒന്നാംലോകം സമ്പത്തു വാരികൂട്ടുന്നു. ആമോസിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവവചനത്തിന്റെ വെളിച്ചത്തിൽ കമ്പോള വ്യവസ്ഥിതി എന്നാണ് നീതിയുക്തമാവുക!

മനുഷ്യന്റെ അനീതി പ്രപഞ്ചത്തിന്റെ പ്രതിഷേധം വിളിച്ചു വരുത്തും. അതിന്റെ ഉദാഹരണങ്ങളല്ലേ ഇന്ന് സംഭവിച്ചു കൊണ്ടിരിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളും ഭൂമികുലുക്കങ്ങളും അഗ്നിബാധകളും മറ്റും മറ്റും?

ഭൂകമ്പം, സൂര്യഗ്രഹണം, ഏകജാതനെക്കുറിച്ചെന്നതുപോലുള്ള വിലാപം - ഇതെല്ലാം ശിക്ഷയായിട്ടാണ് ആമോസ് അവതരിപ്പിച്ചത്. എന്നാൽ ഇവയെല്ലാം യേശുവിന്റെ മരണസമയത്തു പൂർത്തിയായ പ്രവചനങ്ങളുമായിരുന്നു (മത്താ 26, 45, 51; ലൂക്കാ 23,48). വചനം തിരസ്കരിക്കുന്നവർ പിന്നീട് വചനം തേടി അലയും, കണ്ടെത്തുകയില്ല. മനുഷ്യനു ജീവൻ സമൃദ്ധമായി നല്കുന്ന ജീവന്റെ വചനമാണ് യേശുക്രിസ്തു. അവനിലൂടെ ദൈവവചനവും ദൈവിക ജീവനും എല്ലാവർക്കും ഇന്നു ലഭ്യമായിരിക്കുന്നു. എന്നാൽ യേശുവിനെ തിരസ്കരിക്കുന്നവർക്ക് മറ്റൊന്നും പ്രതീക്ഷിക്കാൻ ബാക്കിയില്ല.

### 7. അഞ്ചാം ദർശനം - മാറ്റമില്ലാത്ത വിധി 9,1-10

ആമോസിനു ലഭിച്ച അഞ്ചാമത്തേതും അവസാനത്തേതുമായ ദർശനമാണ് ഇവിടെ വിവരിക്കുന്നത്. മറ്റു നാലു ദർശനങ്ങളിലും എന്നതുപോലെ, ഇസ്രായേലിന്റെ മേൽ ദൈവം നടപ്പിലാക്കാൻ പോകുന്ന ശിക്ഷാവിധിയാണ് ഈ ദർശനത്തിന്റെയും വിഷയം. എന്നാൽ പലതുകൊണ്ടും ഈ ദർശനം മറ്റു നാലു ദർശനങ്ങളിൽ നിന്നും വേറിട്ടു നില്ക്കുന്നു. "കർത്താവ് എനിക്കൊരു



ദർശനം നല്കി" എന്ന ആമുഖവാക്യം ഈ ദർശനത്തിന്റെ മാത്രം വിവരണത്തിലില്ല. കർത്താവും പ്രവാചകനും തമ്മിൽ സംഭാഷണവും നടക്കുന്നില്ല. "എന്തു കാണുന്നു" എന്ന ചോദ്യമോ അതിനുള്ള മറുപടിയോ ഇവിടെയില്ല. വിധി നടപ്പിലാക്കാൻ നില്ക്കുന്ന കർത്താവിനെയാണ് ആമോസ് കാണുന്നത്. ദർശനത്തിനുമുമ്പിൽ ആമോസ് നിശ്ശബ്ദനായി നില്ക്കുന്നു.

ശിക്ഷാവിധിയെക്കുറിച്ചുള്ള സൂചനകളാണ് മറ്റു നാലു ദർശനങ്ങളിലും നല്കിയത്. ഇവിടെ ശിക്ഷാവിധി അതിന്റെ സർവ്വ ഭീകരതയോടും കൂടെ പ്രത്യക്ഷപ്പെടുന്നു. ദർശനത്തിന്റെ വിഷയം കർത്താവു തന്നെയാണ്. അവിടുത്തെ പ്രവൃത്തികളെക്കാൾ വാക്കുകൾക്കാണ് ഇവിടെ പ്രാധാന്യം നല്കിയിരിക്കുന്നത്. സമൂലനാശം നടപ്പിലാക്കുന്ന കല്പനകളാണ് കർത്താവു നല്കുന്നത്. അത് വളരെ വിശദമായി വിവരിക്കുന്നുമുണ്ട്. ആർക്കും രക്ഷപ്പെടാൻ കഴിയാത്ത വിധം സമഗ്രമായിരിക്കും ജനത്തിന്മേൽ പതിക്കാൻ പോകുന്ന നാശം. ശിക്ഷാവിധിയുടെ വിവരണത്തിനു പിന്നാലെ 9,1-4) സർവ്വശക്തനായ ദൈവത്തെ പ്രകീർത്തിക്കുന്ന ഒരു കീർത്തനവും (9,5-6) ഇസ്രായേലിനെ ഇതര ജനതകൾക്കു തുല്യമായി പരിഗണിക്കുന്ന ഒരു പ്രഖ്യാപനവും (9,7) അവതരിപ്പിച്ചതിനുശേഷം ശിക്ഷാവിധിയെക്കുറിച്ചുതന്നെ വീണ്ടും പ്രതിപാദിക്കുന്നു (9,8-10).

#### a. ദേവാലയം തകർക്കുന്ന ദൈവം 9,1-4

ഇതുവരെ കണ്ട നാലുദർശനങ്ങളിലും സ്ഥലത്തെക്കുറിച്ചു സൂചന നല്കിയിരുന്നില്ല. എന്നാൽ ഇവിടെ ദേവാലയമാണ് പശ്ചാത്തലം. വടക്കൻ രാജ്യത്തെ ഏറ്റം പ്രധാനപ്പെട്ട ആരാധനാലയമായ ബെഥേലിലെ ദേവാലയമാണ് വിവക്ഷിക്കപ്പെടുന്നത് എന്നതിൽ സംശയമില്ല. ദേവാലയത്തിന്റെ പ്രധാന കവാടത്തിനു തൊട്ടു മുമ്പിലാണ് മൃഗങ്ങളെ ബലിയർപ്പിക്കുന്ന ദഹന ബലിപീഠം. "ബലിപീഠത്തിനരികെ" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്ക്" ബലിപീഠത്തിന്മേൽ എന്നും വിവർത്തനം ചെയ്യാവുന്നതാണ്. തൂക്കു കട്ടയുമായി മതിലിനു "മുകളിൽ" നിന്നതുപോലെയാണ് (7,7) ഇവിടെ കർത്താവു ബലിപീഠത്തിന്മേൽ പ്രത്യക്ഷപ്പെടുന്നത്.

ദൈവവും മനുഷ്യനും തമ്മിൽ കണ്ടുമുട്ടുന്ന വേദിയാണ് ബലിപീഠം. മനുഷ്യൻ തന്റെ കാഴ്ചകളും യാചനകളും ബലിപീഠത്തിന്മേൽ സമർപ്പിക്കുന്നു. കർത്താവ് അവ സ്വീകരിച്ച് ഭക്തനുമായി രമ്യതയിലാവുകയും അനുഗ്രഹങ്ങൾ വർഷിക്കുകയും ചെയ്യുന്നു എന്നായിരുന്നു പൊതുവിശ്വാസം. ഈ പശ്ചാത്തലത്തിൽ ദൈവം ബലിപീഠത്തിന്മേൽ പ്രത്യക്ഷപ്പെടുന്നത് ശുഭോദർക്കമായി ശ്രോതാക്കൾക്കും തോന്നാം. എന്നാൽ ഈ ധാരണയെ തകിടം മറിക്കുന്നതാണ് കർത്താവു നല്കുന്ന അരുളപ്പാടുകൾ. ദൈവാലയം തല്ലിത്തകർക്കാനാണ് കർത്താവ് ആദ്യമേ കല്പിക്കുന്നത്. "പൂമുഖം കുലുങ്ങുമാറ് പോതികയെ ഊക്കോടെ അടിക്കുക" എന്ന് ആരോടാണ് കർത്താവ് കല്പിക്കുന്നതെന്നു വ്യക്തമല്ല. ആമോസിനു നല്കിയ ഒരു കല്പനയായി ഇതിനെ കരുതാനാവില്ല. കെട്ടിടത്തിന്റെ ഉത്തരം താങ്ങി നിർത്തുന്ന പ്രധാന തൂണിന്റെ മുകൾഭാഗമാണ് "പോതിക" പോതികയിൽ ഏല്ക്കുന്ന അടിയുടെ ശക്തികൊണ്ട് അടിത്തറ ഇളകണം. "പൂമുഖം" എന്നു വിവർത്തനം ചെയ്യുന്ന വാക്കിന് "വാതില്പടി" എന്നും അർത്ഥമുണ്ട്. പ്രധാന വാതിൽ ഉറപ്പിച്ചിരുന്ന വലിയ കല്പകയാണിത്. അതിനാൽ കെട്ടിടത്തിന്റെ അടിത്തറ തകർക്കാനാണ് ആവശ്യപ്പെടുന്നത്. കെട്ടിടം ഒന്നായി തകർന്നു വീഴണം. ഇത് തികച്ചും അമാനുഷിക ശക്തി ആവശ്യപ്പെടുന്നു. അതിനാൽ ആമോസിനോടല്ല. അദൃശ്യനായ ഏതോ ദൈവദൂതനോടാണ് കർത്താവു കല്പിക്കുന്നതെന്ന് ചില വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു. എന്നാൽ ആരോട് കല്പിക്കുന്നു എന്ന ചോദ്യം തന്നെ പ്രസക്തമല്ല. കർത്താവിനു പ്രവർത്തിക്കാൻ ആരുടെയും സഹായം ആവശ്യമില്ല. അവന്റെ വാക്കു തന്നെ ശക്തമാണ്. പറയുന്നതു നിറവേറും. അതിനാൽ ദേവാലയം തകർന്നുവീഴട്ടെ എന്നാണ് ഈ കല്പനയുടെ അർത്ഥം. ഇത് ഒരു ഭൂമികുലുക്കത്തെ സൂചിപ്പിക്കുന്നതായി കരുതാം. കർത്താവിന്റെ സാന്നിധ്യത്തിൽ ഭൂമി ഉരുകുകയും ഇളകി മറിയുകയും ചെയ്യുന്നതിനെക്കുറിച്ചുള്ള പരാമർശവും (9,5) ഇതേ ആശയമാണ് നല്കുന്നത്.

ദേവാലയവും ബലിപീഠവും നശിപ്പിക്കാൻ ആവശ്യപ്പെടുന്നതിലൂടെ തികച്ചും വിപ്ലവാത്മകമായ ഒരു ആശയമാണ് ഈ കല്പന അവതരിപ്പിക്കുന്നത്. ദേവാലയം സകല തിന്മകളുടെയും ഉറവിടമായിത്തീർന്നു കഴിഞ്ഞിരുന്നു (2,8; 4,4-5; 5,4-5.21-26).



അതിന്റെ നാശം മുൻകൂട്ടി അറിയിച്ചുകഴിഞ്ഞതാണ് (3,14). ദേവാലയവും ബലിപീഠവും കർത്താവിന്റെ രക്ഷ അനുഭവിക്കാനുള്ള വേദികളായിരിക്കുകയില്ല. നേരെമറിച്ച്, അവിടുത്തെ ശിക്ഷയായിരിക്കും അവിടെനിന്നു തുടങ്ങുക. ബലിപീഠത്തിൽ നിന്ന് ദേവാലയത്തിനേല്ക്കുന്ന പ്രഹരത്തിന്റെ അലകൾ ദേശത്തു മുഴുവൻ വ്യാപിക്കും. നാടിനെ മുഴുവൻ നടുക്കുന്ന ഭൂകമ്പത്തിന്റെ ഉത്ഭവസ്ഥാനം ബലിപീഠമായിരിക്കും. അനീതിക്കും അക്രമങ്ങൾക്കും മറ പിടിച്ച മതാനുഷ്ഠാനങ്ങളുടെ കേന്ദ്രത്തിൽത്തന്നെയാണ് കർത്താവിന്റെ പ്രഹരം ആദ്യമേ വീഴുക. ഇത് ജനത്തിന്മേൽ അഴിച്ചുവിടാൻ പോകുന്ന സംഹാരരുദ്രമായ കൊടുങ്കാറ്റിന്റെ തുടക്കമാണ്.

"എല്ലാവരുടെയുംമേൽ അതു വീഴട്ടെ" എന്ന കല്പനയിൽ "എല്ലാവരും" എന്ന വിശേഷണം ദേവാലയത്തിൽ സമ്മേളിച്ചവരെയാണ് മുഖ്യമായും ഉദ്ദേശിക്കുന്നത്. "ദാഗോന്റെ ആലയം തകർത്ത് ഫിലിസ്ത്യരെ വധിച്ച സാംസന്റെ പ്രവൃത്തിയെ (ന്യായാ 16,23-31) അനുസ്മരിപ്പിക്കുന്നതാണ് ഈ കല്പന. ദേവപ്രീതി നേടാമെന്നു കരുതി ദേവാലയത്തിൽ സമ്മേളിച്ചവർക്കു തെറ്റുപറ്റി. ദേവാലയം സംരക്ഷണം നല്കില്ലെന്നു മാത്രമല്ല, നാശത്തിനു കാരണമാവുകയും ചെയ്യും. ദൈവത്തിന്റെ കല്പനകൾ അനുസരിക്കാതെ, മതാനുഷ്ഠാനങ്ങളിലൂടെ മാത്രം പ്രാപിക്കാം എന്ന മിഥ്യാധാരണയാണ് ഇവിടെ തച്ചുടയ്ക്കപ്പെടുന്നത്. അനീതി നിലനിർത്തിക്കൊണ്ട് ബലിയർപ്പിക്കുന്നതു പാപമാണ് (4,4) എന്ന പഠനത്തെ ഈ ശിക്ഷാവിധിയിലൂടെ അടിവരയിട്ട് ഉറപ്പിക്കുന്നു.

തകർന്നു വീഴുന്ന ദേവാലയത്തിൽ നിന്ന് ഓടി രക്ഷപ്പെടാൻ ശ്രമിക്കുന്ന ആരെയും കർത്താവ് വെറുതെ വിടില്ല എന്ന് തുടർന്നുള്ള മൂന്നു വാക്യങ്ങളിൽ വിശദമായി വിവരിക്കുന്നു. ബാലിന്റെ ആരാധകരെ യേഹു വധിച്ചതിനെ അനുസ്മരിപ്പിക്കുന്നതാണ് (2 രാജാ 10,18-28) ഈ കല്പന. യേഹുവിന്റെ 80 പടയാളികളാണ് ബാലിന്റെ ആരാധകരെ വധിച്ചത്; അത് ബാൽ ക്ഷേത്രത്തിൽ വച്ചായിരുന്നു. എന്നാൽ ഇവിടെ കർത്താവിനു പ്രതിഷ്ഠിതമായ ആലയത്തിൽ കർത്താവിനെ ആരാധിക്കാനായി സമ്മേളിച്ച ജനത്തെ കർത്താവുതന്നെയാണ് വധിക്കുക. ഒരുവനും രക്ഷപ്പെടുകയില്ല എന്ന പ്രഖ്യാപനം ഭീകരമായ സമൂല നാശത്തെ സൂചിപ്പിക്കുന്നു.

കർത്താവിന്റെ ശിക്ഷാവിധിയിൽ നിന്ന് ഓടിയൊളിക്കാൻ ഒരിടവുമില്ല എന്ന് തുടർന്നു വിവരിക്കുന്നു (9,4). പാതാളവും ആകാശവും ആഴിയുടെ അടിത്തട്ടും കാർമ്മൽ ഗിരിശൃംഗവും അഭയം നല്കുകയില്ല. അവയെല്ലാം കർത്താവിന്റെ അധീനതയിലാണ്. ഭൂമിയുടെ അടിയിലുള്ള വലിയ ഗുഹയായിട്ടാണ് പാതാളം കരുതപ്പെട്ടിരുന്നത്. മരിച്ചവർ നിത്യശ്രമം കൊള്ളുന്ന സ്ഥലമാണത് (ഏശ 14,9-11. 15-20). കർത്താവിന്റെ സാന്നിധ്യം അവിടെ അനുഭവവേദ്യമല്ല എന്ന വിശ്വാസവും ജനത്തിനിടയിൽ നിലവിലിരുന്നു (ജോബ് 10,20-22; 14,13). മരിച്ചവരാണ് പാതാളത്തിലേക്കു പോവുക. എന്നാൽ ജീവനോടെ ഇരിക്കുന്നവർ പാതാളത്തിലേക്കു തുരങ്കം നിർമ്മിച്ച് അവിടെച്ചെന്ന് ഒളിക്കാൻ ശ്രമിച്ചാലും വിജയിക്കുകയില്ല. പാതാളവും ആകാശവും പ്രപഞ്ചത്തിന്റെ അതിർത്തികളാണ്. ഇവ രണ്ടും ചേർത്തു പറയുന്നതിലൂടെ പ്രപഞ്ചത്തിൽ ഒരിടത്തും അവർക്ക് അഭയം ലഭിക്കുകയില്ല എന്നു വ്യക്തമാകുന്നു.

ആഴിയുടെ അടിത്തട്ടിൽ ഒളിക്കാൻ ശ്രമിക്കുന്നവരെ സർപ്പം കടിച്ചുകൊല്ലും സർപ്പദംശനത്തെക്കുറിച്ച് 5,19-ൽ സൂചിപ്പിച്ചിരുന്നു. ആഴിയുടെ അഗാധതയിൽ കടന്നുചെന്നു കടിക്കുന്ന സർപ്പം ഭീകരജീവിയായ ലെവിയാഥാൻ ആണെന്നു കരുതുന്ന വ്യാഖ്യാതാക്കളുണ്ട് (ഏശ 27, 1; സങ്കീ 104,26). ഇസ്രായേലിലെ ഏറ്റം ഉയർന്ന മലകളിൽ ഒന്നാണ് കാർമ്മൽ. വനനിബിഢമായ ആ മലനിരകളിൽ ധാരാളം ഗുഹകളുണ്ട്. എന്നാൽ അവയൊന്നും കർത്താവിന്റെ കണ്ണുകളിൽ നിന്നു മറഞ്ഞിരിക്കാൻ സഹായിക്കുകയില്ല. കർത്താവിന്റെ വാൾ ശിക്ഷയായി പുറപ്പെട്ടു കഴിഞ്ഞാൽ പിന്നെ ഒരിടത്തും അഭയം ലഭിക്കില്ല. എല്ലാം കാണുന്ന ദൈവത്തെ പ്രകീർത്തിക്കുന്ന 139-ാം സങ്കീർത്തനത്തിൽ ഇതേ ആശയം മറ്റൊരു വിധത്തിൽ അവതരിപ്പിക്കുന്നതു കാണാം. പ്രപഞ്ചത്തിൽ മുഴുവൻ നിറഞ്ഞു നില്ക്കുന്ന കർത്താവിന്റെ സാന്നിധ്യം രക്ഷാകരമായിട്ടാണ് സങ്കീർത്തകൻ പ്രകീർത്തിക്കുന്നത്.

ഒളിച്ചോടൽ അസാധ്യമാണെന്നു വ്യക്തമാക്കിയതിനുശേഷം മരണത്തിൽ നിന്നു രക്ഷപ്പെടാമെന്നു കരുതുന്ന മറ്റൊരു പഴുതും അടയ്ക്കുന്നതാണ് പ്രവാസത്തെക്കുറിച്ചുള്ള പരാമർശം (9,4). പ്രവാസംതന്നെ ശിക്ഷയായി പലതവണ ആമോസ് അവതരിപ്പിച്ചതാണ് (4,2-3; 5,27; 6,6). വാഗ്ദത്തഭൂമിക്കു പുറത്ത് കർത്താ



വിന് അധികാരമില്ല; ഓരോ ദേശത്തിന്റെയും അധിപതി അതാതു ദേശത്തിന്റെ ദൈവമാണ് എന്ന ഒരു വിശ്വാസം ജനത്തിനിടയിൽ നിലവിലിരുന്നു. അതിനാൽ വാഗ്ദത്തഭൂമിയിൽ നിന്നു നാടുകടത്തപ്പെടുന്നവർ കർത്താവിന്റെ അധികാരസീമയ്ക്കു പുറത്താണെന്ന ധാരണ വച്ചു പുലർത്തുന്നവരോടാണ് പ്രവാസത്തിലും കർത്താവിന്റെ വാൾ അവരെ പിന്തുടരും എന്നു പറയുന്നത്.

"ഞാൻ അവരുടെമേൽ ദൃഷ്ടി പതിക്കും. നന്മയ്ക്കല്ല തിന്മയ്ക്ക്" എന്ന പ്രഖ്യാപനം (9,4) സകല ധാരണകളെയും പ്രതീക്ഷകളെയും തകിടം മറിയ്ക്കുന്നു. കർത്താവിന്റെ കണ്ണുകൾ കരുണാർദ്രമാണ്; അവിടുത്തെ ദൃഷ്ടി പതിയുന്നത് രക്ഷണീയമായി കരുതപ്പെട്ടിരുന്നു. എന്നാൽ ഇവിടെ രക്ഷയല്ല, സമൂല നാശത്തിനുവേണ്ടിയാണ് കർത്താവ് നോക്കുന്നത്. ആ ദൃഷ്ടികൾ കരുണാർദ്രമല്ല, രോഷാകുലമാണ് എന്ന് തറപ്പിച്ചു പറയുന്നു.

## കീർത്തനം 9,5-6

ദൈവത്തിന്റെ ശക്തിയെയും സർവ്വാധിപത്യത്തെയും പ്രകീർത്തിക്കുന്ന മൂന്നാമത്തെ കീർത്തനമാണിത്. മറ്റു രണ്ടു കീർത്തനങ്ങളിലെന്നതുപോലെ (4,13;15,8-9) ഇതും "കർത്താവെന്നാണ് അവിടുത്തെ നാമം" എന്ന പ്രഖ്യാപനത്തോടെ സമാപിക്കുന്നു. 9,1-4 ൽ വിവരിച്ച ശിക്ഷാവിധിയുടെ പ്രധാന പ്രമേയങ്ങൾ ഈ കീർത്തനത്തിൽ സമഹാരിച്ചിരിക്കുന്നു. കർത്താവിന്റെ കരസ്പർശനത്തിൽ ഭൂമിയ ഉരുകുന്നതും ഭൂവാസികൾ ആർത്തരായി കേഴുന്നതും 9,1 ൽ സൂചിപ്പിച്ച ഭൂകമ്പത്തെ അനുസ്മരിപ്പിക്കുന്നു. ഭൂമികുലുക്കം ദൈവിക സാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്ന പ്രതിഭാസമാണ്, പ്രത്യേകിച്ചും വിധിക്കാൻ വരുന്ന ദൈവത്തിന്റെ സാന്നിധ്യത്തെ (മിക്കാ 1,3-4; സങ്കീ 46,6;97,5).

ആകാശത്തിന്റെയും കടലിന്റെയും മേലുള്ള ആധിപത്യത്തെക്കുറിച്ച് സൃഷ്ടിയുടെ വിവരണത്തിൽ (ഉൽപ 1,6-8) പ്രതിപാദിച്ചിട്ടുണ്ട്. ഈ കമാനത്തെയാണ് ആകാശം എന്നു വിളിക്കുന്നത്. അതിനുമുകളിലാണ് ദൈവത്തിന്റെ വാസസ്ഥലമായ സ്വർഗ്ഗം. എല്ലാറ്റിനും മുകളിലുള്ളവനും എല്ലാറ്റിന്മേലും അധികാരവും ആധിപത്യവും ഉള്ളവനുമാണ് ദൈവം എന്ന് വാസസ്ഥലത്തെക്കുറിച്ചുള്ള ഈ പ്രതീകത്തിലൂടെ സൂചിപ്പിക്കുന്നു. ആകാശത്തിൽ വാസമുറപ്പിച്ചിരിക്കുന്ന കർത്താവിൽനിന്നു രക്ഷപ്പെടാ

നായി ആകാശത്തിലേക്കും കടൽ ജലത്തിന്മേൽ ആധിപത്യമുള്ളവനിൽ നിന്ന് ഒളിച്ചിരിക്കാൻ കടലിന്റെ അടിത്തട്ടിലേക്കും പ്രയാണം ചെയ്യുന്നതിന്റെ മൗഢ്യം ഈ കീർത്തനത്തിലൂടെ തെളിയുന്നു. എല്ലാം കർത്താവിന്റെ അധീനതയിലാണ്. അവിടുത്തേക്ക് അജ്ഞാതമോ അപ്രാപ്യമോ ആയി ഒന്നുമില്ല, ഒരിടവുമില്ല. പാതാളം അവിടുത്തെ അധികാരത്തിൽ കീഴിലാണ്. ഭീകരജീവിയായ കടൽസർപ്പവും അവിടുത്തെ ആജ്ഞ അനുവർത്തിക്കുന്നു. സർവ്വശക്തനും സർവ്വാധിപനുമായ കർത്താവാണ് ഇസ്രായേലിനുമേൽ ശിക്ഷാവിധി പ്രസ്താവിച്ചിരിക്കുന്നത്. അതിനു മാറ്റമില്ല.

## c. അവകാശവാദത്തിന്റെ വ്യർത്ഥത 9,7-10

ഇതിനുമുമ്പോ, ഇതിനുശേഷമോ ഒരു പഴയനിയമപ്രവാചകനും നടത്തിയിട്ടില്ലാത്തത്ര രൂക്ഷമായ ഒരു പ്രഖ്യാപനമാണ് ആമോസ് കർത്താവിന്റെ വചനമായി ഈ വാക്യങ്ങളിൽ അവതരിപ്പിക്കുന്നത്. ദൈവം പ്രത്യേകമായി തിരഞ്ഞെടുത്ത്, സ്വന്തമായി കരുതി, പരിപാലിച്ച ജനമാണ് ഇസ്രായേൽ. ഈജിപ്തിൽ നിന്നുള്ള പുറപ്പാടും സീനായ് ഉടമ്പടിയും എല്ലാം ആ തിരഞ്ഞെടുപ്പിന്റെയും അതു നല്കുന്നതിനുള്ള പ്രത്യേക സ്ഥാനത്തിന്റെയും അടിസ്ഥാനമായി കരുതപ്പെട്ടിരുന്നു. എന്നാൽ അതെല്ലാം ''ഇസ്രായേൽ ജനമേ, നിങ്ങൾ എനിക്ക് എത്യോപ്യാക്കാരെപ്പോലെ അല്ലയോ?" എന്ന ഒറ്റ ചോദ്യം കൊണ്ട് റദ്ദാക്കുന്നു. ദേവാലയം തല്ലിത്തകർക്കാൻ ആജ്ഞാപിച്ച കർത്താവ് ജനത്തിന്റെ വ്യർത്ഥമായ സുരക്ഷിതത്വബോധവും അവകാശ വാദങ്ങളും ഒറ്റയടിക്കു തകർക്കുകയാണ്.

ഇതിലൂടെ ഇസ്രായേൽ മറ്റെല്ലാ ജനതകളെയും പോലെ ആയിത്തീരുന്നു. ഇസ്രായേലിനെ ഈജിപ്തിലെ അടിമത്തത്തിൽനിന്നു മോചിപ്പിച്ച കർത്താവുതന്നെയാണ് മറ്റു ജനതകൾക്കും മോചനവും സ്വന്തമായി ദേശവും നല്കിയത്. ഇസ്രായേലിന്റെ പരമ്പരാഗത ശത്രുക്കളായിരുന്ന ഫിലിസ്ത്യരെയും സിറിയാക്കാരെയും പേരെടുത്തു പറയുകയും അവരുടെ പുറപ്പാടുകളും ദൈവത്തിന്റെ തന്നെ പ്രവൃത്തിയായിരുന്നു എന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നതിലൂടെ ഇസ്രായേലിന്റെ അവകാശവാദങ്ങൾ ഖണ്ഡിക്കുക മാത്രമല്ല ചെയ്യുന്നത്, അതോടൊപ്പം



എല്ലാം ജനതകളിലും ദൈവത്തിന്റെ പരിപാലനയിൽ കീഴിലാണ് എന്ന സാർവ്വത്രിക രക്ഷയെ സംബന്ധിച്ച സുപ്രധാനമായ പാഠം നല്കുകയും ചെയ്യുന്നു. ക്രേത്തേ ദ്വീപാണ് കഫ്ത്തോർ. ഏജിയൻ കടൽത്തീരത്തു നിന്ന് ബി.സി. പതിമൂന്നാം നൂറ്റാണ്ടിൽ നടന്ന ജനതകളുടെ കുടിയേറ്റത്തിന്റെ ഭാഗമായിട്ടാണ് ഫിലിസ്ത്യർ കാനാനിൽ പ്രവേശിച്ചത്. സിറിയാക്കാരെ കീറിലേക്കു തിരിച്ചയയ്ക്കും എന്ന് 1,5 ൽ പ്രഖ്യാപിച്ചിരുന്നു. ടൈഗ്രീസ് നദിക്കു കിഴക്കുള്ള പ്രദേശമാണ് "കീർ" എന്നു കരുതപ്പെടുന്നു. സകല ജനതകളെയും നയിക്കുന്നതും അവരുടെ ഭാഗധേയം നിർണ്ണയിക്കുന്നതും കർത്താവു തന്നെയാണ്.

സമൂല നാശത്തെക്കുറിച്ചുള്ള വിവരണത്തിനിടയിൽ ഒരു ചെറിയ വിഭാഗം സംരക്ഷിക്കപ്പെടും എന്നും ജനത്തിനിടയിൽ നിന്ന് പാപികൾ മാത്രമേ വിഛേദിക്കപ്പെടുകയുള്ളു എന്നും പറയുന്നത് (9,8-10) ആമോസിന്റെ പൊതുവായ സന്ദേശത്തിനു നിരക്കുന്നതല്ലേ, അതിനാൽ പില്ക്കാലത്ത് കൂട്ടിച്ചേർത്തതാണ് എന്നു കരുതുന്ന വ്യാഖ്യാതാക്കളുമുണ്ട്. എന്നാൽ ജനം ഒന്നടങ്കം പാപികളായിത്തീർന്നിട്ടില്ല എന്നും പാപം ചെയ്യാത്തവരെ ശിക്ഷിക്കുന്നത് നീതിയുക്തമല്ല എന്നുമുള്ള അവബോധം ഈ വാക്യങ്ങളിലുണ്ട്. "യാക്കോബിന്റെ ഭവനത്തെ പൂർണ്ണമായി നശിപ്പിക്കുകയില്ല" എന്ന പ്രസ്ഥാവനയിൽ വടക്കൻ രാജ്യമായ ഇസ്രായേലിനെ ഒരു രാഷ്ട്രം എന്നതിലുപരി തിരഞ്ഞെടുക്കപ്പെട്ട ഒരു ജനസമൂഹമായിട്ടാണ് കാണുന്നത്. രാഷ്ട്രം നശിച്ചാലും നിരപരാധരായ വ്യക്തികൾ സംരക്ഷിക്കപ്പെടും എന്ന് ഇതിലൂടെ സൂചിപ്പിക്കുന്നു.

അരിപ്പയുടെ പ്രതീകം (9,9) എന്തിനെ സൂചിപ്പിക്കുന്നു എന്ന കാര്യത്തിൽ തർക്കമുണ്ട്. നിരപരാധികൾ രക്ഷിക്കപ്പെടും എന്നു സൂചിപ്പിക്കാനാണ് "ഒരു മണൽത്തരി പോലും നിലത്തു വീഴുകയില്ല'' എന്നു പറയുന്നതെന്ന് ചിലർ കരുതുന്നു. "മണൽത്തരി" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കിന് "ചരൾ" എന്നും അർത്ഥമുണ്ട്. കുറ്റവാളികളായ നേതാക്കന്മാരെയാണ് അതു സൂചിപ്പിക്കുന്നതെന്നു മറ്റു ചില വ്യാഖ്യാതാക്കൾ കരുതുന്നു. മെതിച്ചുകൂട്ടിയ ധാന്യത്തിൽ നിന്ന് വൈക്കോൽ കഷ്ണങ്ങളും കല്ലും മറ്റും വേർതിരിക്കുന്ന പ്രക്രിയയെയാണ് ഇവിടെ സൂചിപ്പിക്കുന്നത് എന്നതിൽ സംശയമില്ല. അതിനാൽ കുറ്റവാളികളിൽ ആരും രക്ഷപ്പെടുകയില്ല എന്ന പൊതു ആശയമാണ്

ഇതിലൂടെ അവതരിപ്പിക്കുന്നത് എന്ന് അനുമാനിക്കാം.

"തിന്മ ഞങ്ങളെ കീഴടക്കുകയോ എതിർക്കുക പോലുമോ ചെയ്യുകയില്ല എന്ന് അവർ പറഞ്ഞു" (9,10) എന്ന സമാപനവാക്യം വീണ്ടും ഒരു വിവാദത്തിന്റെ പ്രതീതി ജനിപ്പിക്കുന്നു. തങ്ങൾ പൂർണ്ണമായും സുരക്ഷിതരാണ് എന്ന വ്യർത്ഥബോധമാണിത് സൂചിപ്പിക്കുന്നത്. ഈ അവബോധത്തിന്റെ വെളിച്ചത്തിൽ ആമോസിനെ എതിർക്കുകയും അദ്ദേഹത്തിന്റെ താക്കീതുകളെ പുച്ഛിച്ചുതള്ളുകയും ചെയ്ത ജനത്തിന്റെമേലാണ് സമ്പൂർണ്ണ നാശത്തിന്റെ സംഭ്രമജനകമായ കർത്താവിന്റെ ശിക്ഷാവിധി ആമോസ് പ്രഖ്യാപിക്കുന്നത്.

## വിചിന്തനം

തങ്ങൾ ദൈവത്തിന്റെ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ജനമാണ്, അതിനാൽത്തന്നെ തങ്ങൾ എന്നേക്കും സുരക്ഷിതരായിരിക്കും, തീർത്ഥാടനങ്ങളും ഉത്സവാഘോഷങ്ങളും മറ്റ് മതാനുഷ്ഠാനങ്ങളും മുടങ്ങാതെ നടത്തിയാൽ കർത്താവ് തങ്ങളിൽ സംപ്രീതനായിരിക്കും എന്ന് ഇസ്രായേൽ ഉറച്ചു വിശ്വസിച്ചു. ഈ വിശ്വാസം തന്നെ അവരുടെ അഹന്തയുടെ അടയാളമായിത്തീർന്നു. വിശ്വാസവും മതാനുഷ്ഠാനങ്ങളും അവരെ ദൈവത്തിലേക്ക് അടുപ്പിക്കുകയും ദൈവത്തിനു വിധേയരാക്കുകയും ചെയ്യുന്നതിനു പകരം ദൈവത്തിൽ നിന്ന് അകറ്റുകയാണ് ചെയ്തത്. വിശ്വാസം അന്ധവിശ്വാസമായിത്തീർന്നു; അനുഷ്ഠാനങ്ങൾ അനീതിയുടെ ഉറവിടങ്ങളും. അന്ധവിശ്വാസത്തിൽ നിന്നും വ്യർത്ഥമായ അനുഷ്ഠാനങ്ങളിൽ നിന്നും ജനത്തെ മോചിപ്പിക്കാനാണ് കർത്താവ് ആമോസിനെ അയച്ചത്. ദേശത്തെ മുഴുവൻ പിടിച്ചു കുലുക്കുകയും ഇടിച്ചു തകർക്കുകയും ചെയ്ത ഭൂകമ്പത്തിന്റെ പ്രഭവസ്ഥാനം ദേവാലയമായിരുന്നു. ജനത്തെ നന്മയിലേക്കോ തിന്മയിലേക്കോ തിരിക്കാൻ മതത്തിനും മതനേതാക്കന്മാർക്കും കഴിയും. രക്ഷയും ശിക്ഷയും ദേവാലയത്തിൽത്തന്നെയാണ് ആരംഭിക്കുക.

ആമോസിലൂടെ കർത്താവ് അരുളിച്ചെയ്ത വചനങ്ങൾക്ക് പ്രസക്തി വർദ്ധിച്ചിട്ടേയുള്ളു. ദേവാലയം തല്ലിത്തകർക്കുകയും ദേവാലയത്തിലേയ്ക്കു വന്നവരെ ഓടിച്ചിട്ടു കൊല്ലുകയും ചെയ്യുന്ന കർത്താവിന്റെ ചിത്രം ഇന്നും അവഗണിക്കാനാവില്ല.



മനുഷ്യർ പട്ടിണി കിടക്കുകയും വീടില്ലാതെ വഴിവക്കിലും മരച്ചുവട്ടിലും അന്തിയുറങ്ങുകയും ചെയ്യുന്നത് പരിഗണിക്കാതെ കർത്താവിനുവേണ്ടി പഞ്ചനക്ഷത്ര ദേവാലയങ്ങൾ നിർമ്മിക്കുന്നവർ ഈ ചിത്രം മനസിൽ കാണണം. പാവപ്പെട്ടവരെ അവഗണിച്ചുകൊണ്ട് നിർമ്മിക്കുന്ന ആലയങ്ങൾ ദേവാലയങ്ങളായിരിക്കുകയില്ല; വിശക്കുന്നവർക്ക് ആഹാരവും നഗ്നർക്കു വസ്ത്രവും വീടില്ലാത്തവർക്കു പാർപ്പിടവും കൊടുക്കാതെ, തിരുനാളുകൾക്കും തീർത്ഥാടനങ്ങൾക്കുമായി ധനം ധൂർത്തടിച്ചാൽ ദൈവം പ്രസാദിക്കുകയുമില്ല എന്ന സന്ദേശം സൗകര്യപൂർവ്വം നാം മറക്കുകയാണോ? തകർന്നു വീഴുന്ന ദേവാലയഗോപുരങ്ങളിലൂടെ കർത്താവു നല്കുന്ന അടയാളങ്ങൾ ഇനിയും കണ്ടില്ലെന്ന് നമുക്കു നടിക്കാനാവുമോ?

# അനുബന്ധം

## ഇസ്രായേലിന്റെ പുനരുദ്ധാരണം 9,11-15

ആമോസിന്റെ പുസ്തകത്തിലെ അവസാനത്തെ അഞ്ചു വാക്യങ്ങൾ തികച്ചും വ്യത്യസ്തമായൊരു ചിത്രമാണ് വരച്ചുകാട്ടുന്നത്. കുറ്റാരോപണത്തിന്റെയോ ശിക്ഷാവിധിയുടെയോ ലാഞ്ഛന പോലും ഈ വാക്യങ്ങളില്ല. സമൂലനാശത്തിന്റെ സംഭ്രമജനകമായ അന്തരീക്ഷത്തിൽനിന്ന് ഭാസുരമായ ഭാവിയുടെ ശുഭസന്ദേശത്തിലേക്കുള്ള മാറ്റം വളരെപെട്ടന്നാണ് സംഭവിക്കുക. "ആ ദിവസം" എന്ന ആമുഖത്തോടെ ആരംഭിക്കുന്ന പ്രവചനങ്ങൾ ശോകമൂകമായ അന്തരീക്ഷത്തിലേക്ക് പ്രത്യാശയുടെ പ്രകാശകിരണങ്ങൾ ചൊരിയുന്നു. ഇതുവരെ അറിയിച്ച ശിക്ഷാവിധികൾ എല്ലാം നടപ്പിലാക്കിയതിനുശേഷം കർത്താവ് വീടും ഇസ്രായേൽ ജനത്തെ പടുത്തുയർത്തുകയും സമൃദ്ധമായി അനുഗ്രഹിക്കുകയും ചെയ്യും എന്ന് ഈ വാക്യങ്ങൾ ഉറപ്പു നല്കുന്നു.

ഇതുവരെ കണ്ട പ്രവചനങ്ങൾ മുഴുവൻ തന്നെ വടക്കൻ രാജ്യമായ ഇസ്രായേലിനെ സംബന്ധിക്കുന്നതായിരുന്നു. എന്നാൽ ഇവിടെ ദാവീദിന്റെ ഭവനത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. അവതരിപ്പിക്കുന്ന പ്രമേയവും ഉപയോഗിക്കുന്ന ഭാഷാശൈലിയും വിഭാവനം ചെയ്യുന്ന ചരിത്ര പശ്ചാത്തലവും പരിഗണിക്കുമ്പോൾ ഈ വാക്കുകൾ ആമോസിന്റേതായിരിക്കാൻ സാധ്യതയില്ല എന്ന് ഭൂരിഭാഗം വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നു. ഇസ്രായേലിന്റെ അതിക്രമങ്ങൾ എടുത്തുകാട്ടി ശിക്ഷാവിധി പ്രഖ്യാപിക്കുകയാണ് ഇതുവരെ ചെയ്തത്. എന്നാൽ ഇവിടെ പ്രത്യാശ നല്കുന്ന വാഗ്ദാനങ്ങൾ മാത്രമേയുള്ളു. തകർന്നുവീണ നഗരങ്ങളും പാഴായിക്കിടക്കുന്ന കൃഷിഭൂമിയും നാടുകടത്തപ്പെട്ട ജനവുമാണ് ഈ പ്രവചനങ്ങളുടെ ചരിത്രപശ്ചാത്തലമായി നില്ക്കുന്നത്. ഇതി ജെറൊബൊവാം രണ്ടാമന്റെ കാലത്തെയല്ല, ബാബിലോൺ പ്രവാസത്തെയാണ് സൂചിപ്പിക്കുന്നത് എന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. അതിനാൽ ജറുസലെമിന്റെ പതനത്തിനുശേഷം ആമോസിന്റെ പുസ്തകത്തോടു കൂട്ടിച്ചേർക്കപ്പെട്ട ഒരു അനുബന്ധമാണ് ഈ വാക്യങ്ങൾ എന്ന അഭിപ്രായം പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്നു.



വിദൂരമായ ഒരു ഭാവിയിൽ നടക്കാൻ പോകുന്ന രാഷ്ട്രീയവും സാമ്പത്തികവുമായ പുനരുദ്ധാരണമാണ് ഇവിടെ വിഭാവനം ചെയ്യുക. ഇതു മുഴുവൻ കർത്താവിന്റെ തന്നെ പ്രവൃത്തിയായിരിക്കും. ജനത്തിന്റെ പശ്ചാത്താപത്തെയോ വിശ്വാസാധിഷ്ഠിത ജീവിതത്തെയോ കുറിച്ച് യാതൊന്നും പറയുന്നില്ല. മാനസാന്തരത്തിനു മറുപടിയായി നല്കുന്ന സമ്മാനമായിട്ടല്ല, ദൈവം തന്റെ അനന്തമായ കൃപയാൽ സൗജന്യമായി നല്കുന്ന ദാനമായിട്ടാണ് ഈ പുനരുദ്ധാരണത്തെ ചിത്രീകരിക്കുന്നത്. കർത്താവിന്റെ പ്രവൃത്തിയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.

### a. രാജ്യത്തിന്റെ പുനരുദ്ധാരണം 9,11-12

അവിഭക്ത ഇസ്രായേൽ രാജ്യത്തിന്റെ പുനഃസ്ഥാപനമാണ് ആദ്യമേ വാഗ്ദാനം ചെയ്യുന്നത്. "ദാവീദിന്റെ കൂടാരം" എന്ന പദപ്രയോഗം ദാവീദു രാജവംശത്തെയും ആ രാജവംശത്തിന്റെ ആധിപത്യത്തിൽ കഴിയുന്ന ഇസ്രായേൽ ജനത്തെയും സൂചിപ്പിക്കുന്നതാണ്. "കൂടാരം" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രു വാക്ക് വിശ്രമത്തിനു വേണ്ടിയുണ്ടാക്കുന്ന ഒരു താൽക്കാലിക സംവിധാനത്തെയാണ് സൂചിപ്പിക്കുന്നത്. മുന്തിരിത്തോപ്പുകളിൽ ഉണ്ടാക്കുന്ന കാവൽമാടം പോലുള്ള ഒരു പന്തൽ (ഏശ 1,8). ഇതിനെ "കുടിൽ" എന്നു വിവർത്തനം ചെയ്യാം. വാഗ്ദത്ത ഭൂമിയെ ലക്ഷ്യം വച്ച് മരുഭൂമിയിലൂടെ യാത്ര ചെയ്ത ഇസ്രായേൽ ജനം ഇപ്രകാരമുള്ള കൂടാരങ്ങളിലാണ് അന്തിയുറങ്ങിയിരുന്നത്. കോട്ടകൾക്കും കൊട്ടാരങ്ങൾക്കും എതിരേ അഗ്നി അയയ്ക്കുന്ന ദൈവം തകർന്നു വീണ കുടിലുകൾ പുനരുദ്ധരിക്കും. കോട്ടകളിൽ വസിക്കുന്നവർ തങ്ങളുടെതന്നെ പ്രതിരോധ ശക്തിയിലാണ് ആശ്രയിക്കുക. ഇസ്രായേലിന്റെ അഹങ്കാരം ആയുധബലത്തിലും കോട്ടകളുടെ ഉറപ്പിലുമായിരുന്നു. അതെല്ലാം തല്ലിത്തകർത്തതിനുശേഷം കർത്താവ്, ആരംഭത്തിലെന്നതുപോലെ, തന്റെ ജനത്തെ കാത്തുസൂക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യും എന്ന് ഈ വാഗ്ദാനത്തിലൂടെ ഉറപ്പുനല്കുന്നു. അതേസമയം ദാവീദിന്റെ രാജവംശത്തെ പുനഃസ്ഥാപിക്കും എന്ന സൂചനയും ഈ പ്രവചനത്തിലുണ്ട് (2 സാമു 7,16). മിശിഹായുടെ വരവോടെ മാത്രം പൂർത്തിയായ ഒരു പ്രവചനമായിട്ടാണ് പുതിയ നിയമം ഇതിനെ കാണുന്നത് (അപ്പ 15,16).

ദാവീദിന്റെ കാലത്ത് ഇസ്രായേൽ ജനം കീഴടക്കിയ സകല ജനതകളും വീണ്ടും അവരുടെ ആധിപത്യത്തിലാകും എന്നാണ് 12-ാം വാക്യത്തിൽ പ്രത്യക്ഷമായി പറയുന്നത്. ഏദോമിനെ മാത്രം പേരെടുത്തു പറയുന്നു. "എന്റെ നാമത്തിൽ അറിയപ്പെട്ടിരുന്ന ജനതകൾ "ഇസ്രായേലിന്റെ ആധിപത്യത്തിൻ കീഴിലായിരുന്നവയാണ് (അപ്പ 15,17-19). കർത്താവിന്റെ ദിനത്തെക്കുറിച്ച് 5,18-20 -ൽ കണ്ടതിൽ നിന്നു തികച്ചും വ്യത്യസ്തമാണ് ഈ ചിത്രം. ശിക്ഷയിലൂടെ ശുദ്ധീകരിച്ച ജനത്തെ കർത്താവ് വീണ്ടും പുനരുദ്ധരിക്കും; സകല ജനതകളും അവിടുത്തെ രക്ഷയിൽ പങ്കുചേരുകയും ചെയ്യും എന്ന വാഗ്ദാനമാണ് ഇവിടെ നല്കുന്നത്.

## b. സമൃദ്ധിയും സമാധാനവും 9,13-15

കർത്താവു നല്കുന്ന രക്ഷയെ കർഷകന്റേതായ ഭാഷയിൽ അതിശയോക്തി കലർത്തി ഇവിടെ ചിത്രീകരിക്കുന്നു. സമ്പദ്സമൃദ്ധിയും സമാധാനവുമാണ് രക്ഷയുടെ അടയാളങ്ങളും പ്രതീകങ്ങളുമായി അവതരിപ്പിക്കുന്നത്. പലസ്തീനായിലെ കൃഷി മഴയെ ആശ്രയിച്ചിരുന്നു. വസന്തകാലത്തു പെയ്യുന്ന മഴയ്ക്കു ശേഷം ഏപ്രിൽ-മെയ് മാസങ്ങളിലാണ് ബാർളിയും ഗോതമ്പും വിളഞ്ഞ് കൊയ്ത്തിനു പാകമാകുന്നത്. ആഗസ്റ്റ് - സെപ്തംബർ മാസങ്ങളിൽ മുന്തിരിവിള ശേഖരിക്കുന്നു. തുടർന്നുണ്ടാകുന്ന മഴയ്ക്കുശേഷം ഒക്ടോബർ മാസത്തിലാണ് സാധാരണ നിലം ഉഴുക. നവംബർ മാസത്തിൽ ധാന്യങ്ങൾ വിതയ്ക്കുന്നു. ഇതാണ് സാധാരണ പതിവ്. എന്നാൽ കർത്താവ് ഭൂമിയ്ക്കു നല്കുന്ന സമ്പദ്സമൃദ്ധി ഈ പതിവിനെ തകിടം മറിക്കുന്നു. ഏപ്രിൽ മാസത്തിൽ തുടങ്ങുന്ന കൊയ്ത്ത് ഒക്ടോബറായാലും തീരില്ല; ആഗസ്റ്റിൽ തുടങ്ങുന്ന മുന്തിരിവിള ശേഖരിക്കൽ നവംബറിൽ വിത്തു വിതയ്ക്കാറായാലും പൂർത്തിയാവുകയില്ല. അത്ര വിപുലമായിരിക്കും വിളവുകൾ. മലകളിൽ പഴുത്തു നില്ക്കുന്ന മുന്തിരിക്കുലകൾ പറിച്ചുനീക്കാൻ കഴിയാത്തതിനാൽ പൊഴിഞ്ഞുവീഴും. അവയിൽ നിന്നൊഴുകുന്ന മുന്തിരിച്ചാറ് താഴ്വരകളിലേക്ക് ഒഴുകിയിറങ്ങുന്നു. ഭാവനയെ ഉല്ലംഘിക്കുന്ന സമൃദ്ധിയുടെ പ്രതീകമാണിത് (ജോയേൽ 3,18). ഇതും മിശിഹായുടെ വരവോടെ സംഭവിക്കാനിരിക്കുന്ന സമൃദ്ധിയിലേക്കു വിരൽ ചൂണ്ടുന്നു. ഭൗതികമായ സമ്പദ്സമൃദ്ധിയേക്കാൾ കർത്താവിന്റെ അപരിമേയമായ കൃപയെയാണ്



ഇതു സൂചിപ്പിക്കുക. കാനായിലെ കൽഭരണികളിൽ പുതുവീഞ്ഞു നിറഞ്ഞു കവിഞ്ഞത് (യോഹ 2,6-10) ഇതുപോലൊരു പ്രതീകമാണ്.

13-ാം വാക്യം സമ്പദ്സമൃദ്ധി വാഗ്ദാനം ചെയ്തപ്പോൾ 14 -15 വാക്യങ്ങൾ സമാധാനത്തിലേക്കു ശ്രദ്ധ തിരിക്കുന്നു. തകർന്നു വീണ നഗരങ്ങൾ പുതുക്കിപ്പണിയാനും സ്വന്തം മുന്തിരിത്തോപ്പുകൾ നട്ടുപിടിപ്പിച്ച് അവയുടെ ഫലം ആസ്വദിക്കാനും കഴിയുന്നത് ദേശത്തു നിലനില്ക്കുന്ന സമാധാനത്തിന്റെ അടയാളങ്ങളാണ് (ഏശ 65,22-23). പരാജിതരും ദരിദ്രരുമായ ഒരു ജനതയ്ക്കു നല്കുന്ന വാഗ്ദാനങ്ങളാണിവ. കൃഷിനാശം, യുദ്ധം, നാടുകടത്തൽ മുതലായവയായിരുന്നു ഇസ്രായേലിനെതിരേ പ്രഖ്യാപിച്ച മുഖ്യശിക്ഷകൾ. അവയ്ക്കു പകരം സമൃദ്ധിയും സമാധാനവും സ്വദേശത്തു സ്വസ്ഥമായ വാസവും ഇവിടെ വാഗ്ദാനം ചെയ്യുന്നു. ''അവർക്കു നല്കിയ ദേശത്ത് അവരെ ഞാൻ നട്ടു വളർത്തും" എന്ന വാഗ്ദാനം തിരഞ്ഞെടുപ്പും ഉടമ്പടിയും എല്ലാം അനുസ്മരിപ്പിക്കുന്നതാണ്. ഉടമ്പടിയുടെ നിബന്ധനകൾ അനുസരിക്കാത്തവരെ ശിക്ഷിച്ചതിനു ശേഷം ആ ഉടമ്പടിയുടെ തന്നെ വാഗ്ദാനപ്രകാരമുള്ള അനുഗ്രഹങ്ങൾ (ലേവ്യ 26; നിയ 28) കർത്താവ് സമൃദ്ധമായി ചൊരിയും എന്ന പ്രത്യാശ നല്കിക്കൊണ്ടാണ് ആമോസിന്റെ പുസ്തകം സമാപിക്കുന്നത്.

## വിചിന്തനം

തെക്കോവായിലെ ആട്ടിടയനിലൂടെ കർത്താവ് അരുളിച്ചെയ്തത് അധിക പങ്കും നിശിതമായ വിമർശനങ്ങളുടെയും വിട്ടുവീഴ്ചയില്ലാത്ത ശിക്ഷാവിധിയുടെയും വചനങ്ങളായിരുന്നു. അവയെല്ലാം അക്ഷരാർത്ഥത്തിൽത്തന്നെ സംഭവിക്കുകയും ചെയ്തു. ബി.സി. 721-ൽ അസീറിയായുടെ ആക്രമണത്തിൽ വടക്കൻ രാജ്യമായ ഇസ്രായേൽ തകർന്നു വീണ് ചരിത്രത്തിൽ നിന്നു അപ്രത്യക്ഷമായി. എന്നാൽ കർത്താവിന്റെ അവസാനത്തെ വാക്ക് ശിക്ഷയുടെതല്ല, രക്ഷയുടെതാണ്. വടക്കൻ ഗോത്രങ്ങളുടെ സ്വതന്ത്രമായ അസ്തിത്വം നഷ്ടപ്പെട്ടെങ്കിലും ദാവീദിന്റെ വംശം പുനഃസ്ഥാപിക്കപ്പെടും. ഇസ്രായേൽ ജനത്തെ ദൈവം പുനരുദ്ധരിക്കും. അത് ഒരു ജനതയുടെ മാത്രം പുനരുദ്ധാരണമായിരിക്കുകയില്ല, സകല ജനതകളും അതിൽ പങ്കുചേരും.

സംഭരിച്ചുവയ്ക്കുന്ന ആയുധങ്ങളുടെ സംഹാരശക്തിയിലും സ്വരുക്കൂട്ടിയ സമ്പത്തിന്റെ ബാഹുല്യത്തിലും ചെയ്തുകൂട്ടുന്ന മതാനുഷ്ഠാനങ്ങളുടെ കൃത്യതയിലും ആശ്രയിക്കുന്നവരുടെ അഹങ്കാരത്തെ തകർക്കുന്നതാണ് കർത്താവിന്റെ ശിക്ഷ. എന്നാൽ അതിനുമപ്പുറത്ത് അവിടുത്തെ കരുണയുടെ സമ്പന്നതയും ക്ഷമിക്കുന്ന സ്നേഹത്തിന്റെ ആർദ്രതയും സകല മനുഷ്യർക്കും രക്ഷ നല്കും. അത് മനുഷ്യർ തങ്ങളുടെ പ്രവർത്തനങ്ങൾകൊണ്ട് ആർജ്ജിക്കുന്ന അവകാശമില്ല. ദൈവം സൗജന്യമായി നല്കുന്ന ദാനമായിരിക്കും.

ആമോസിന്റെ പുസ്തകം പ്രവാസികൾക്കുവേണ്ടി വ്യാഖ്യാനിച്ച വി. ഗ്രന്ഥകാരൻ കൂട്ടിച്ചേർത്തതാവാം. 9,11-15 ലെ അനുബന്ധം. എന്നാൽ അതും ദൈവവചനം തന്നെയാണ്. അഹങ്കാരികളെ തകർക്കുന്നതുപോലെതന്നെ, തകർന്നവരെ സുഖപ്പെടുത്തുന്നതും പരിക്ഷീണർക്ക് ആശ്വാസം നല്കുന്നതും പ്രവാചകവചനമാണ്, അഥവാ പ്രവാചക ദൗത്യമാണ്. എന്നാൽ ആശ്വാസത്തിനുപകരം ശാസനയും ശാസനയ്ക്കു പകരം ആശ്വാസവും നല്കുന്നവർ കർത്താവിന്റെ വചനമായിരിക്കുകയില്ല, സ്വന്തം തോന്നലുകളായിരിക്കും പ്രസംഗിക്കുന്നത്; അവർ വ്യാജപ്രവാചകരായിരിക്കും. ശ്രോതാക്കളുടെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കിക്കൊണ്ട് പ്രസംഗിക്കുന്നതാണ് യഥാർത്ഥ പ്രവാചകവചനം. ആമോസിന്റെ വാക്കുകൾ ഇപ്രകാരമുള്ള പ്രവാചക വചനമാണ്. അത് ഇന്നും എന്നും പ്രസക്തമായ ദൈവവചനമാണ്.

p p p p p